ജനകീയ ആസൂത്രണം

# അങ്ങാടി ഗ്രാമ പഞ്ചായത്ത്



# സമഗ്ര വികസന രേഖ

Kerala State
Angadi P.O.

# എഡിറ്റോറിയൽ ബോർഡ്


ജോർജ്ജി ഇടട്ടിച്ചുവട്ടിൽ

(പ്രസിഡൻറ്, ചീഫ് എഡിറ്റർ)

സി. എസ്. മത്തായി

വി. എസ്. മാത്യു

സുഗതൻ പുള്ളോലിൽ

റ്റി. കെ. രാമകൃഷ്ണൻ

എം. എം. സുലൈമാൻ

ബൈജു മാത്യു

കെ. എം. സോമശേഖരൻ നായർ

സി. എൻ. ഭാസ്കരൻ നായർ

മാത്യു വാര്യത്ത്

ബാജി രാധാകൃഷ്ണൻ

ഫിലിപ്പ് പുതുവീട്ടിൽ

കെ. എ. വറുഗീസ്





ഡി.ടി.പി – ലേഔട്ട്

ഷിബു ജേക്കബ്, **H.I.C.T**, പത്തനംതിട്ട.

ഫോ: 322723.

ഡിസൈൻ

*വിനോദ് കുമാർ, തടത്തിൽ, വലിയകാവ്*

പ്രിൻറിംഗ്

ലേബേഴ്സ്, കോട്ടയം.

# റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്ത്
# സമഗ്ര വികസനരേഖ
## അധികാരം ജനങ്ങളിലേക്ക്

## വികസന സെമിനാർ
പി.ജെ.റ്റി ഹാൾ

അങ്ങാടി

റാന്നി

15 - 2- 1997 ശനി


RANNY - ANGADI PANCHAYAT
1 TO 9 PANCHYAT WARDS
PANCHYAT BOUNDARY
PWD ROADS
BOUNDARY OF PANCHYT WARDS
PANCHAYATROADS
RIVER
PANCHAYAT OFFICE
SERVICE CO-OP BANK
POLLING STATIONS
RESERVE FOREST
JUNCTION
N
S
PONTHEN PUZHA ROAD
RF
RF
KOTTANADU PANCHAYAT
MALLAPPALLY ROAD
VRINDAVANAM ROAD
PAZHAVANGADI PANCHAYAT
VENNIKULAM ROAD
RANNI MAMMUKKU JUNCTION
ANGADI SERVICE CO-OP BANK
AYROOR PANCHAYAT
RIVER PAMBA
RANNI PANCHAYAT
CHERUKOLPUZHA ROAD



മുൻ എം.എൽ.എ.
Late സണ്ണി പനവേലി
(അങ്ങാടി പഞ്ചായത്ത്)



റാന്നി എം.എൽ.എ.
ശ്രീ. രാജു എബ്രഹാം
(അങ്ങാടി പഞ്ചായത്ത്)



മുൻ എം.എൽ.എ.
ശ്രീമതി സണ്ണി പനവേലി
(അങ്ങാടി പഞ്ചായത്ത്)



ജില്ലാ പഞ്ചായത്ത് അംഗം
ശ്രീ. ജയിംസ് ജോർജ് മാവേലി



ജില്ലാ പഞ്ചായത്ത് അംഗം
ശ്രീ. ബിജിലി പനവേലി
(അങ്ങാടി പഞ്ചായത്ത്)



ജില്ലാ പഞ്ചായത്ത് അംഗം
ശ്രീമതി അമ്മുക്കുട്ടി ജോസഫ്
(അങ്ങാടി പഞ്ചായത്ത്)



എഡിറ്റോറിയൽ ബോർഡ്



മുൻ വില്ലേജ് യൂണിയൻ പ്രസിഡൻറ്
Late.റവ. എം.പി. തോമസ്
മലയിൽ ഈട്ടിച്ചുവട്ടിൽ

# മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



Late സി.വി. തോമസ്



Late പി.എ. ചാക്കോ



ശ്രീ. എ.എസ്. സൈമൺ



ശ്രീ. കെ.എസ്. മത്തായി



ശ്രീ. സി.എസ്. മത്തായി

## പഞ്ചായത്തിന് സ്ഥലം സംഭാവന നൽകിയ



Late എം.യു. എബ്രഹാം മണിമലേത്ത്

# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



പഞ്ചായത്ത് പ്രസിഡൻറ്
ശ്രീ. ജോർജ്ജി ഈട്ടിച്ചുവട്ടിൽ



വൈസ് പ്രസിഡൻറ്
ശ്രീമതി ഐഷാ തോമസ്



സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ
ശ്രീമതി ജോയിസി ജോൺ



മെമ്പർ വാർഡ് 7
ശ്രീ. സി.എസ്. മത്തായി



മെമ്പർ വാർഡ് 2
ശ്രീ. റ്റി.എസ്. ജോർജ്ജ്



മെമ്പർ വാർഡ് 3
ശ്രീ. കെ.കെ. ദാമോദരൻ



മെമ്പർ വാർഡ് 4
ശ്രീ. മാത്യു എബ്രഹാം



മെമ്പർ വാർഡ് 6
ശ്രീ. ജേക്കബ് മാത്യു



മെമ്പർ വാർഡ് 1
ശ്രീമതി ലീലാമ്മ ഈശോ

## സ്റ്റേറ്റ് കീ റിസോഴ്സ് പേഴ്സൺ

## പ്രൊഫ: വറുഗീസ് പടിയറ

## പഞ്ചായത്ത്തല കീ റിസോഴ്സ് പേഴ്സൺസ്

1. ജോർജ്ജി ഈട്ടിച്ചുവട്ടിൽ
2. ഐഷാ തോമസ്
3. ജോയ്സി ജോൺ
4. മാത്യു എബ്രഹാം
5. റ്റി. എസ്. ജോർജ്ജ്

## പഞ്ചായത്ത് ജീവനക്കാർ

| | | | |
|---|---|---|---|
| 1. | വി. എസ്. ശിവദാസൻ | ____________ | സെക്രട്ടറി |
| 2. | പി. എസ്. തുളസി | ____________ | ഹെഡ് ക്ലാർക്ക് |
| 3. | കെ. ഐ. ശ്രീധരൻ | ____________ | യു. ഡി. ക്ലാർക്ക് |
| 4. | കെ. കെ. ചന്ദ്രൻ | ____________ | യു. ഡി. ക്ലാർക്ക് |
| 5. | കെ. കാസീം | ____________ | യു. ഡി. ക്ലാർക്ക് |
| 6. | റ്റി. എസ്. അംബിക | ____________ | എൽ. ഡി. ക്ലാർക്ക് |
| 7. | എൻ. എ. നാണു | ____________ | എൽ. ഡി. ക്ലാർക്ക് |
| 8. | കെ. എൻ. ഗോപാല കൃഷ്ണൻ നായർ | ____________ | വർക്ക് സൂപ്രണ്ട് |
| 9. | കെ. സി. സുന്ദരേശൻ | ____________ | പ്യൂൺ |
| 10. | കെ. വി. അന്നമ്മ | ____________ | പ്യൂൺ |
| 11. | പൗലോസ് ചാക്കോ | ____________ | കൺസർവൻസി സ്വീപ്പർ |
| 12. | പി. എസ്. സാബു | ____________ | പി. റ്റി. എസ് |



സെക്രട്ടറി.



''ബ്രിട്ടിഷുകാരുടെ നുകത്തിൻകീഴിൽ നിന്ന് ഇന്ത്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എൻെറ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢ പ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്രനാവുക എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം സ്വരാജിൻെറ അർഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടുന്നതുകൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിതമാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാഥാർത്ഥ്യമാകുന്നത്, അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെ എതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസരത്തിൽ മാത്രമായിരിക്കും.''

ഗാന്ധിജി

# ഉള്ളടക്കം


1 ആമുഖം 11

2 പഞ്ചായത്ത് പൊതുവിവരണം 12

3 സാമുഹ്യ സാംസ്കാരീക ചരിത്രം 13 - 19

4 വികസനമേഖലകളുടെ അവലോകനം

4.1 കൃഷിയും ജലസേചനവും 20 - 25

4.2 മൃഗസംരക്ഷണവും മത്സ്യ ബന്ധനവും 26 - 27

4.3 വ്യവസായം 28 - 30

4.4 വിദ്യാഭ്യാസം 31 - 40

4.5 കുടിവെള്ളവും പൊതുജനാരോഗ്യവും 41- 48

4.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 49 - 57

4.7 പാർപ്പിടവും സാമൂഹ്യക്ഷേമവും 58 - 61

4.8 സംസ്കാരം 62 - 65

4.9 വനിത 66 - 67

4.10 സഹകരണം 68 - 71

4.11പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം 72 - 75

4.12 വിഭവ സമാഹരണം 76 - 79

5 ആസൂത്രണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ

6 ഉപസംഹാരം

# ആമുഖം

ഭാരതത്തിന്റെ ആത്മാവ്, ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്നു കണ്ടെത്തിയ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി മുന്നോട്ടുവെച്ച ആശയമാണ് "ഗ്രാമസ്വരാജ്" സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ ഉണ്ടായാൽ മാത്രമേ ഭാരതത്തിന് സാമൂഹ്യസാമ്പത്തീകപുരോഗതി കൈവരിക്കാൻ കഴിയൂ എന്ന് ദേശീയ നേതാക്കളും ഉൽബോധിപ്പിച്ചിരുന്നു. എന്നാൽ സ്വാതന്ത്ര്യം ലഭിച്ച് 40-ൽ പരം വർഷങ്ങൾ കഴിഞ്ഞിട്ടും ഈ രംഗത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഗ്രാമസ്വരാജ് ഒരു യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചത് ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന യശ:ശരീരനായ ശ്രീ. രാജീവ് ഗാന്ധിയായിരുന്നു. എന്നാൽ പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞില്ല. 1992 - ൽ അധികാരവികേന്ദ്രീകരണം ഒരു ഭരണഘടനാബാദ്ധ്യതയായി പ്രഖ്യാപിച്ചുകൊണ്ട് 73-ഉം 74-ഉം ഭരണഘടനഭേദഗതിനിയമങ്ങൾ പാർലമെന്റ് പാസ്സാക്കി. തുടർന്ന് സംസ്ഥാന നിയമസഭകളും, പഞ്ചായത്ത് രാജ്, നഗരപാലികനിയമങ്ങൾ പാസ്സാക്കുകയുണ്ടായി. ഗ്രാമങ്ങളുടേയും നഗരങ്ങളുടേയും സമഗ്രമായ വികസനമാണ് ഇവയുടെ ലക്ഷ്യം.

കേരളം ഇന്ന് ഗ്രാമ-നഗരവ്യത്യാസം തിരിച്ചറിയാനാവാത്തവണ്ണം വളർന്നു വരികയാണെന്നു തോന്നിപ്പോകും. ഇവിടെയുള്ള കെട്ടിട നിർമ്മാണ പണികൾ കണ്ടാൽ ഗൾഫ് പണത്തിന്റെ കൊഴുപ്പല്ലേ അത്? വിദ്യാഭ്യാസം, സാക്ഷരത, പൊതുജനാരോഗ്യം, ശുചിത്വം ജനനനിരക്കിലുള്ള കുറവ് എന്നീ കാര്യങ്ങളിൽ ലോകത്തിലെ വികസിത രാജ്യങ്ങളുടെ പട്ടികയിൽ കേരളം എത്തിയതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇവയെല്ലാം ശരിയായ പുരോഗതിയുടെ ലക്ഷണങ്ങളാണെന്ന് കണക്കാക്കുന്നതു ശരിയല്ല. ഉൽപാദനമേഖലയിൽ വളർച്ച പിന്നോട്ടായി കഴിഞ്ഞിരിക്കുന്നു. നിത്യോപയോഗസാധനങ്ങൾക്കായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. വ്യവസായികരംഗം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. അഭ്യസ്ഥവിദ്യരായ യുവാക്കൾ തൊഴിലിനായി അന്യ സംസ്ഥാനങ്ങളിലേക്കും, വിദേശത്തേക്കും പോകുന്നു. ഇങ്ങനെയുള്ള അപകടസന്ധിയിൽ നിന്നും കേരളത്തെ കരകയറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായി സർക്കാർ ആവിഷ്ക്കരിച്ചതാണ് ജനകീയ ആസൂത്രണപ്രസ്ഥാനം. ഇതിന്റെ ഉദ്ദേശം 9-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട വികസനപദ്ധതികൾ തയ്യാറാക്കുക. അതോടൊപ്പം വികസനപദ്ധതികളുടെ നടത്തിപ്പിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുക. കഴിഞ്ഞകാല ആസൂത്രണരീതിയും നടത്തിപ്പും, യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന അനുഭവങ്ങൾ തെളിയിച്ചിരുക്കുന്നു. കഴിഞ്ഞ 8 പദ്ധതികളിലും നമ്മുടെ ഗ്രാമത്തിൽ എന്തു നടപ്പാക്കണമെന്നു തീരുമാനിച്ചിരുന്നത് ഡൽഹിയോ, തിരുവനന്തപുരമോ ആയിരുന്നു.. ഇന്നിപ്പോൾ നമ്മുടെ പദ്ധതികൾ നാം തന്നെ തീരുമാനിച്ചു നടപ്പിലാക്കാനുള്ള സുവർണ്ണാവസരം കൈവന്നിരിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാനും, അഴിമതി നിറഞ്ഞ കറുത്ത കരങ്ങളെ പൂർണ്ണമായി ഒഴിവാക്കുവാനും ഈ പദ്ധതി മൂലം കഴിയുമെന്ന് നമുക്ക് വിശ്വസിക്കാം.

അങ്ങാടി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണം ഫലപ്രദമായി നടപ്പാക്കാൻ ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ട്.. ഈ പരിശ്രമം നമ്മുടെ ഗ്രാമത്തെ സമ്പൽസമൃദ്ധിയിലേക്കു നയിക്കുന്നതിനും ഒരു പുതിയ സംസ്ക്കാരം വളർത്തിയെടുക്കുന്നതിന് സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.

# പൊതുവിവരണം

| | |
|---|---|
| 1.പഞ്ചായത്തിൻെറ പേര് | :റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്. |
| 2.ഉൾപ്പെടുന്ന വില്ലേജ് | :അങ്ങാടി |
| 3.ബ്ളോക്ക്പഞ്ചായത്ത് | :റാന്നി |
| 4.താലൂക്ക് | :റാന്നി |
| 5.അസംബ്ളി മണ്ഡലം | :റാന്നി |
| 6.പാർലമെൻറ്മണ്ഡലം | :ഇടുക്കി |
| 7.വിസ്തീർണ്ണം | :30.72 ചതുരശ്ര കി. മീറ്റർ |
| 8.അതിരുകൾ | |
| വടക്ക് | :വലിയകാവ്വനം. കോട്ടയം ജില്ലയിലെ മണിമല പഞ്ചായത്ത് |
| കിഴക്ക് | :പഴവങ്ങാടി പഞ്ചായത്ത്അതിർത്തി |
| തെക്ക് | :പമ്പാനദി |
| പടിഞ്ഞാറ് | :അയിരൂർ പഞ്ചായത്ത്, കൊറ്റനാട്പഞ്ചായത്ത്അതിർത്തി |
| 9.ജനസംഖ്യ | :15481 |
| എ. പുരുഷൻമാർ | :7661 |
| ബി. സ്ത്രീകൾ | :7820 |
| 10.പട്ടികജാതി | :726 |
| എ. പുരുഷൻമാർ | :361 |
| ബി. സ്ത്രീകൾ | :365 |
| 11.പട്ടികവർഗ്ഗം | :3 |
| പുരുഷൻമാർ | :2 |
| സ്ത്രീ | :1 |
| 12. ജനസാന്ദ്രത | :504 |
| സാക്ഷരർ | |
| പുരുഷൻമാർ | :6505 |
| സ്ത്രീകൾ | :6646 |
| വാർഡുകൾ | :9 |
| പ്രസിഡൻറ് | :ജോർജ്ജി ഈട്ടിച്ചുവട്ടിൽ |
| വൈസ്പ്രസിഡൻറ് | :ഐഷാ തോമസ് |
| സ്റ്റാൻഡിംഗ്കമ്മറ്റി | |
| ചെയർപേഴ്സൺ | :ജോയിസി ജോൺ |

# സാമൂഹിക സാംസ്കാരീക ചരിത്രം

മദ്ധ്യതിരുവിതാംകൂറിൻെറ സാമൂഹ്യസാംസ്കാരിക ചരിത്രത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള ഒരു ചെറു ഗ്രാമമാണ് റാന്നി അങ്ങാടി. മലകൾ, കുന്നുകൾ, താഴ്‌വരകൾ, നെൽപ്പാടങ്ങൾ, നദി, തോടുകൾ, വനം, ഇവയെല്ലാം ഈ ചെറുഗ്രാമത്തിൻെറ മനോഹാരിതയെ വർദ്ധിപ്പിക്കുന്നു. പത്തനംതിട്ട ജില്ലയിലെ, റാന്നി താലൂക്കിലുള്ള ഗ്രാമങ്ങളിൽ ഏറ്റവും ചെറിയഗ്രാമങ്ങളിലൊന്നാണിത്. കിഴക്കുഭാഗത്തു വലിയതോടും, പഴവങ്ങാടി പഞ്ചായത്തും, തെക്കു ഭാഗത്തു പുണ്യനദിയായ പമ്പയും, പടിഞ്ഞാറു ഭാഗത്ത് അയിരൂർ പഞ്ചായത്തും മല്ലപ്പള്ളി താലൂക്കിലെ കൊറ്റനാട്ടു പഞ്ചായത്തും വടക്ക് വലിയകാവ് വനവും മണിമല പഞ്ചായത്തുമാണ് ഈ ഗ്രാമത്തിൻെറ അതിർത്തികൾ.

ഇവിടുത്തെ ജനങ്ങൾ വിദ്യാസമ്പന്നരും അദ്ധ്വാനശീലരുമാണ്. ബഹുഭൂരിപക്ഷവും കർഷകരാണ്. ഹിന്ദുക്കളും, മുസ്ളീങ്ങളും, ക്രിസ്താനികളും, നാമമാത്രമായി സിക്കുമതക്കാരും, പട്ടാണികളും, ഇവിടെയുണ്ട്. ഇവർ ഏകോദരസഹോദരങ്ങളെപ്പോലെ സ്നേഹിച്ചും, സഹകരിച്ചും കഴിയുന്നു.

ചേര രാജാക്കൻമാരുടെ സാമ്രാജ്യത്തിൽപ്പെട്ട പ്രദേശമായിരുന്നു റാന്നിയും എന്ന് രേഖകളുണ്ട്. നീണ്ടു നിന്ന ചേര-ചോളയുദ്ധത്തിൻെറ അവസാനം പാണ്ഡ്യരാജാക്കൻമാർ സഹ്യപർവ്വതത്തിനിപ്പുറത്തും രാജ്യ വിസ്തൃതി വർദ്ധിപ്പിച്ചപ്പോൾ, പാണ്ഡ്യരാജ്യകുടുംബക്കാരായ രണ്ടുപേർ പൂഞ്ഞാറിലും, പന്തളത്തും ചെറുരാജ്യങ്ങൾ സ്ഥാപിച്ചു. എ.ഡി. 1175 നും 1195 നുംഇടയ്ക്ക് വേണാടു ഭരിച്ചിരുന്ന ഉദയമാർത്താണ്ഡവർമ്മയുടെ കാലത്താണ് പന്തളം, പൂഞ്ഞാർ, രാജവംശങ്ങൾ സ്ഥാപിക്കപ്പെട്ടതെന്നു രേഖകളുണ്ട്. ചേര രാജാക്കൻമാരുടെ കാലത്ത് നാടു വാഴികളുടെ ഭരണത്തിനു മേൽനോട്ടം വഹിക്കാൻ കോവിലധികാരി എന്ന രാജകീയ പ്രതിനിധികളെ നിയമിക്കുക പതിവായിരുന്നു. ക്രമേണ ഈ കോവിലൻമാർ പന്തളത്തു രാജാവിനെ അംഗീകരിക്കാതെ വന്നപ്പോൾ അവരെ അമർച്ച ചെയ്യാൻ പാണ്ടിയിൽ നിന്നും കൊണ്ടു വന്ന വില്ലാളി വീരൻമാരും ബ്രാഹ്മണ കുലജാതരുമായ രണ്ടു യോദ്ധാക്കളായിരുന്നു റാന്നിയിലെ കർത്താക്കൻമാർ എന്നറിയപ്പെട്ടിരുന്ന ഇടപ്രഭുക്കൻമാർ.

ഇവർക്കു പന്തളത്തു രാജാക്കൻമാരുടെ തുല്യപദവിയും, അനിഴം തിരുനാൾ മഹാരാജാവിൻെറ കാലം മുതൽ തിരുവിതാംകൂർ രാജാക്കൻമാരുടെ സാമന്തപദവിയും ഉണ്ടായിരുന്നു. ശക്തിവിക്രമർ എന്ന സ്ഥാനപ്പേരോടുകൂടി റാന്നി പ്രദേശങ്ങളിൽ കൊല്ലും കൊലയും അടക്കി വാണിരുന്നു. റാന്നി കർത്താക്കൻമാർ അഥവാ കോട്ടയിൽ കർത്താക്കൻമാർ. അവരിൽ ഒരാൾ പമ്പാനദിയുടെ തെക്കേകരയിൽ അമ്പനാട്ട് ഇല്ലത്തും, മറ്റേയാൾ വടക്കേക്കരയിൽ കുളഞ്ഞി ഇല്ലത്തും താമസമുറപ്പിച്ചു. കുളഞ്ഞി ഇല്ലം അങ്ങാടി ഗ്രാമത്തിലെ ചുഴുകുന്നിൽ മലയിൽ, കണ്ടനാട്ടു ഭവനത്തിൻെറപടിഞ്ഞാറു ഭാഗത്ത് മലമുകളിലായിരുന്നു സ്ഥിതിചെയ്തിരുന്നത്. അവരുടെ കൊട്ടാരത്തിനു ചുറ്റും കോട്ട ഉണ്ടായിരുന്നതുകൊണ്ട് ആ സ്ഥലം കോട്ടപറമ്പ് എന്ന പേരിലാണറിയപ്പെടുന്നത്. പിൽക്കാലത്ത് രണ്ടു ഇല്ലങ്ങൾ തമ്മിൽ കുടിപ്പകഉണ്ടാകുകയും പരസ്പരം കലഹിച്ച് കുളഞ്ഞി ഇല്ലം നശിച്ചുപോകുകയും ചെയ്തു. കോട്ടപ്പറമ്പ് ഇപ്പോൾ ബ്രദറൺ സഭക്കാരുടെ കൈവശത്തിലാണ്. ഈ കർത്താക്കൻമാരുടെ ആഗമനം ക്രി.വ. 1500 - നോടടുത്തായിരിക്കാനാണിട. അന്ന് അങ്ങാടി മിക്കവാറും വനപ്രദേശമായിരുന്നു. ആനയും മറ്റ് ദുഷ്ടമൃഗങ്ങളുമുണ്ടായിരുന്നു. ജനസംഖ്യയും കുറവായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് 1739 -ാമാണ്ട്, അമ്പനാട്ടില്ലത്തെ ശക്തിവിക്രമർക്കു കൊടുത്ത നീട്ടിൻ പ്രകാരം അന്നത്തെ റാന്നി പ്രദേശങ്ങളിലെ ജനസംഖ്യ 1064 ആയിരുന്നു.

കർത്താക്കൻമാർ പലപ്രദേശങ്ങളിൽ നിന്നായി കൃഷിക്കാരെയും, കൈത്തൊഴിൽക്കാരെയും കൊണ്ടുവന്നു താമസിപ്പിച്ചു. കൃഷി വിഭവങ്ങളിൽ അടക്കായും, കുരുമുളകുമായിരുന്നു പ്രധാന നാണ്യവിളകൾ, അതിൻെറ കച്ചവടത്തിന് പാണ്ടിയിൽ നിന്നും സാർത്ഥവാഹക സംഘങ്ങൾ വന്നു. മലനാടിൻെറ റാണിയായ ഈ പ്രദേശത്തിന് റാന്നി

എന്ന പേരു കൊടുത്തത് അവരാണ്. റാണി ക്രമേണ റാന്നിയായി രൂപാന്തരപ്പെട്ടു. തുടർന്ന് നഞ്ചനാട്ടിൽനിന്നും വന്ന കച്ചവടക്കാർ ശ്രേഷ്ഠികൾ അവരുടെ പിൻമുറക്കാരാണ് റാന്നിയിലെ വെള്ളാളർ. റാന്നിയിൽ വന്ന ശ്രേഷ്ഠികൾ അധികവും വലിയതോടിന്റെ പടിഞ്ഞാറെക്കരയിലാണ് പാർപ്പുറപ്പിച്ചത്. അങ്ങാടിയിൽ അവർ താമസിച്ച കേന്ദ്രം ചെട്ടിമുക്കായി.

വലിയതോടിനു കിഴക്കേകരയിലായിരുന്നു ആദ്യത്തെ മലഞ്ചരക്കു വ്യാപാരം. വ്യാപാരകേന്ദ്രത്തിന് ''അങ്ങാടി'' എന്നാണ് പേര്. പിന്നീട് ആ കേന്ദ്രം പടിഞ്ഞാറെ കര കേന്ദ്രീകരിച്ചായി. അപ്പോൾ പഴേ അങ്ങാടി പഴയങ്ങാടിയും - പഴവങ്ങാടിയും ആയി. പത്തനംതിട്ട, എരുമേലി , കാഞ്ഞിരപ്പള്ളി, മാന്നാർ പ്രദേൾത്തുനിന്നും മുസ്ളിംങ്ങൾ വന്നു. അവർ കൂട്ടമായി താമസിക്കുന്ന പ്രദേശത്തിനാണ് പേട്ടഎന്നുപറയുന്നത്. അങ്ങനെ മുസ്ളീം പേട്ടയുടേയും ചെട്ടികളുടെ ചൗക്കകളുടേയും സാന്നിദ്ധ്യം കൊണ്ടാണ് വലിയതോടിന്റെ പടിഞ്ഞാറെകരയ്ക്ക്കച്ചവടപ്രാധാന്യംലഭിച്ചതുംഈപ്രദേശംഅങ്ങാടി ആയതും.ശ്രീമാൻ കല്ലൂർ നാരായണപ്പിള്ള (ശ്രീമൂലം പ്രജാസഭയിലെ റാന്നിയുടെ പ്രതിനിധി) എഴുതിയ തിരുചെങ്ങന്നൂർ - ക്ഷേത്രമാഹാത്മ്യം എന്ന ഗ്രന്ഥത്തിൽ നിന്നും, ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിൽ മേൽകോയ്മ വാണിരുന്ന നായനാൻമാർ 1695 - ൽ റാന്നിയിൽ വന്നു അങ്ങാടിയിലും, പുല്ലൂപ്പുറത്തുമായി അവർ നിലം പുരയിടങ്ങൾ സമ്പാദിച്ചു. ശാലീശ്വരത്ത് ശ്രേഷ്ഠികളുടെ വക പുരയിടം വിലയ്ക്കു വാങ്ങി ശാലീശ്വരത്ത്ക്ഷേത്രം പണിയിച്ച് കുടുംബഭരദേവതയായ മഹാദേവനെ പ്രതിഷ്ഠിച്ചു. ശാലീശ്വരം ക്ഷേത്രമാണ് അങ്ങാടിയിലെ ആദ്യത്തെ ക്ഷേത്രം.

17-ാം നൂറ്റാണ്ടിന്റെ അവസാനം മാടമ്പി ശ്രേഷ്ഠൻമാരായ റാന്നിയുടെ അധിപൻമാർ (കർത്താക്കൻമാർ) നസ്രാണി കുടുംബങ്ങളെ ക്ഷണിച്ചു വരുത്തി കോട്ടമണ്ഡപത്തിന്റെ പരിസരങ്ങളിലായി താമസിപ്പിച്ചു. പ്രധാനമായിപടിഞ്ഞാറൻപ്രദേശങ്ങളുമായി ഗതാഗതത്തിനും വാണിജ്യത്തിനുമായിരുന്നു അവരെ വരുത്തിയത്. ക്രമേണ, കോട്ടയം, കടുത്തുരുത്തി, കല്ലിശ്ശേരി ഉദയംപേരൂർ മുതലായ സ്ഥലങ്ങളിൽ നിന്നും കൂടുതൽ ആളുകൾ റാന്നിയിൽ കുടിയേറി. പമ്പയുടെ വടക്കുഭാഗത്തുനിന്നും മലഞ്ചരക്കുശേഖരിച്ച് പടിഞ്ഞാറൻ പ്രദേശങ്ങളിൽ എത്തിച്ചിരുന്നത് വള്ളങ്ങളിലായിരുന്നു. പേട്ട-പെരുമ്പുഴ കടവായിരുന്നു പ്രധാന കയറ്റുമതി കേന്ദ്രം. ഇവിടെ നിന്നും പുത്തൻകാവിലേക്ക്ജലമാർഗ്ഗഗതാഗതവുമുണ്ടായിരുന്നു. റാന്നിയിൽ നിന്നും രാത്രി 9 മണിക്കു പുറപ്പെടുന്ന കമ്പനി വള്ളത്തിന് ഇടയ്ക്കിടെ സ്റ്റോപ്പുകളുണ്ടായിരുന്നു. ക്രമേണ കോഴഞ്ചേരി, മാരാമൺ, ഇലന്തൂർ മുതലായ സ്ഥലങ്ങളിൽ നിന്നും കൂടുതൽ ആളുകൾ അങ്ങാടി ഗ്രാമത്തിലേക്ക് പ്രവേശിച്ചു.

ക്രി. വ. 1742 - ൽ റാന്നിയിലെ ക്നാനായക്കാർക്ക് ആരാധന നടത്തുന്നതിനായി അങ്ങാടിയിലുള്ള തേവർ കുന്നിൽ കരമൊഴിവായി ഭൂമി നൽകിയത് ഉദാരമതികളായ കർത്താക്കൻമാരാണ്. അവിടെയാണ് വലിയപള്ളി പണിതത്. റാന്നിയിലെ ആദ്യത്തെ ക്രൈസ്തവദേവാലയമാണിത്. സെൻറ് തോമസ് വലിയ പള്ളി. പുതിയ ദേവാലയങ്ങൾ ഉണ്ടാകുന്നതുവരെ ഏതാണ്ട് ഒരു നൂറ്റാണ്ടിലധികം റാന്നിയിലെ എല്ലാ വിഭാഗം ക്രിസ്ത്യാനികളും വലിയ പള്ളിയിലാണ് ആരാധന നടത്തിയിരുന്നത്. ക്രമേണ മറ്റു ക്രൈസ്തവ ആരാധനാലയങ്ങളും പണിതു.

റാന്നിയിലെ ആദ്യത്തെ മുസ്ളീം പള്ളി അങ്ങാടി ഗ്രാമത്തിലുള്ള പേട്ട മുസ്ളീം പള്ളിയാണ്. റാന്നിയിൽ ആദ്യമായി സിക്കുമതം പ്രചരിച്ചതും അങ്ങാടിയിലാണ്. ഏതാനും കുടുംബങ്ങൾ സിക്കുമതവിശ്വാസികളായി ഇന്നും അങ്ങാടിയിലുണ്ട്.

എല്ലാ വിഭാഗം ജനങ്ങളും ഇവിടെ ഏകോദരസഹോദരങ്ങളെപ്പോലെ കഴിയുന്നു എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ആളുകളുടെ മുഖ്യതൊഴിൽ കൃഷിയാണെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. ഭക്ഷ്യവിളകളും, നാണ്യവിളകളും ( നെല്ല്, കരിമ്പ്, മരച്ചീനി, മധുരക്കിഴങ്ങ്, വാഴ, പയർവർഗ്ഗങ്ങൾ, ചേന, ചേമ്പ് മുതലായവ കൃഷിചെയ്തിരുന്നു. തെങ്ങ്, കമുക്, കുരുമുളക് മുതലായ വൻ തോതിൽ കൃഷി ചെയ്തിരുന്നു.) മരച്ചീനി, ഉണ്ടശർക്കര കുരുമുളക് മുതലായവ കെട്ടുവള്ളങ്ങളിൽ ആലപ്പുഴക്കും, ഇതര സ്ഥലങ്ങളിലേക്കും പേട്ടയിലുള്ള പെരുമ്പുഴ കടവിൽ കൂടി കയറ്റി അയച്ചിരുന്നെങ്കിൽ കാലക്രമേണ കൊപ്രായും, മറ്റു പല കാർഷീക വിഭവങ്ങളും കാളവണ്ടിയിൽ ചങ്ങനാശ്ശേരിക്കും മറ്റും കയറ്റി അയയ്ക്കുന്നുണ്ടായിരന്നു. ആദ്യകാലങ്ങളിൽ തൊഴിലാളികൾക്ക് കൂലിയായി പല തോതിലാണെങ്കിലും നെല്ലായിരുന്നു നൽകിയിരുന്നത്. കാളയെകെട്ടി ചക്കിൽ കരിമ്പാട്ടിയും ശർക്കര ഉണ്ടയും ഉണ്ടാക്കുകയും മരച്ചക്കിൽ കൊപ്രാ എള്ള് മുതലായവ ആട്ടി എണ്ണ ഉൽപ്പാദിപ്പിക്കുന്ന രീതിയും വ്യാപകമായിരുന്നു. കാർഷീകമേഖല പൂർണ്ണമായും, കാലാവസ്ഥയെ ആശ്രയിച്ചിരുന്നു. കാർഷീകമേഖലയിൽ ക്രമേണ പൂർണ്ണമായ മാറ്റം വന്നിരിക്കുന്നു. റബ്ബർ കൃഷി വ്യാപകമായി. എഴുപതുകളിൽ കൊക്കോ കൃഷിപരക്കെയുണ്ടായെങ്കിലും വിലയിടിച്ചിൽ മൂലം അതു മന്ദീഭവിക്കയാണുണ്ടായത്. തേയിലയും കൃ

ഷി ചെയ്തിരുന്നു. ജനസംഖ്യ വർദ്ധിച്ചു, ഭൂമി തുണ്ടുതുണ്ടുകളായി തീർന്നു. കാർഷികമേഖലയ്ക്ക്സാരമായ മാറ്റം സംഭവിച്ചു. തന്നെയുമല്ല ജലസേചനസൗകര്യങ്ങൾ ഒട്ടും തന്നെ ഇല്ലാത്ത പ്രദേശമാണിത്. ജലദൗർലഭ്യം സാരമായി അനുഭവപ്പെടുന്നതിനാൽ പരമ്പരാഗതകാർഷികവിളകളുടെ ഉൽപാദനം ഗണ്യമായ തോതിൽ കുറഞ്ഞു. അങ്ങാടിയുടെ പടിഞ്ഞാറും വടക്കും ഭാഗങ്ങളിൽ കാട്ടുപന്നി ശല്യം വർദ്ധിച്ചതിനാൽ കൃഷികൾ ഒന്നും ചെയ്യുന്നില്ല. കർഷകർക്കും കാർഷിക മേഖലയ്ക്കും ഉണ്ടായിട്ടുള്ള മുരടിപ്പ് പൂർണ്ണമായും മാറ്റിയേ മതിയാകൂ.

ആദ്യകാലങ്ങളിൽ, വിദ്യാഭ്യാസ സൗകര്യങ്ങൾ തുലോം വിരളമായിരുന്നു. അങ്ങിങ്ങായി കളരികളിൽ ആശാൻമാർ അക്ഷരങ്ങളും അഭ്യസിപ്പിച്ചു വന്നു. ക്ഷേത്രങ്ങളിലും, പള്ളികളിലും ഉൽസവപെരുന്നാളിനോടനുബന്ധിച്ച് കലാപരിപാടികളും, കലാപരമായ അഭ്യാസവും ഉണ്ടായിരുന്നതായി തെളിവുകളുണ്ട്. ക്രമേണ വിദ്യാഭ്യാസ രംഗത്ത് സാരമായ വളർച്ചയുണ്ടായി ഇപ്പോൾ ഈ ചെറുഗ്രാമത്തിൽ രണ്ട് ഹൈസ്ക്കൂളുകൾ ഉൾപ്പെടെ 12 സ്ക്കൂളുകളും നിരവധി അൺ എയിഡഡ് ഇംഗ്ലീഷ് സ്കൂളുകളും ഉണ്ട്. മുൻസർവ്വേ അനുസരിച്ച് സാക്ഷരത ശതമാനം റാന്നി താലൂക്കിൽ ഏറ്റവും കൂടുതൽ ഉള്ളത് അങ്ങാടിയിലാണ്. എന്നാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളോ കോളേജുകളോ ഇവിടെയില്ല. തൊഴിൽപ്രശ്നപരിഹാരത്തിനായി തൊഴിലധിഷ്ഠിതവിദ്യാഭ്യാസസ്ഥാപനങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടിയിരിക്കുന്നു. റാന്നിയിലെ ആദ്യത്തെ **M.A** ബിരുദധാരി അങ്ങാടിയിലുള്ള **Rev. Fr. P. J. Thomas M.A** (പുരയ്ക്കൽ അച്ചൻ) യാണ്.

സുപ്രസിദ്ധ മിഷനറിയായിരുന്ന റവ: ഡോ. ബുക്കാനൻ എ.ഡി. 1806-ൽ വലിയ പള്ളി സന്ദർശിക്കുകയും അവിടെ സൂക്ഷിച്ചിരുന്ന ബൈബിളിന്റെ ഒരു പുരാതന കൈയെഴുത്തു പ്രതികൊണ്ടുപോയി. ഇംഗ്ലണ്ടിൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ക്രി. വ. 1824-മാണ്ട് അനുവദിച്ച പ്രൈവറ്റ് പേട്ടചന്ത വളരെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ 1945-ൽ ഇട്ടിയപ്പാറയിൽ പബ്ലിക്ക് മാർക്കറ്റ് ആരംഭിച്ചതോടെ പേട്ടചന്ത നിർത്തി വീണ്ടും 1950-ൽ പബ്ലിക്ക് മാർക്കറ്റായി രൂപാന്തരം പ്രാപിച്ചെങ്കിലും വളർച്ചയില്ലാതെ നിന്നു പോയി.

അങ്ങാടി ഗ്രാമത്തിലെ ആദ്യത്തെ ജനവാസകേന്ദ്രങ്ങൾ ഇപ്പോഴത്തെ ഒന്നാം വാർഡു മുതൽ 6-ാം വാർഡുവരെ ആയിരുന്നു. ഏറ്റവും ഒടുവിൽ ആൾപ്പാർപ്പ് തുടങ്ങിയത് വലിയകാവ് പ്രദേശങ്ങളിലാണ്. എ.ഡി. 1850-ാം മാണ്ടിനുശേഷം നടന്ന റവന്യൂ സെറ്റിൽ മെന്റു കാലത്താണ് വനഭൂമി പതിച്ചെടുത്ത് കൂടുതൽ ആളുകൾ ഇവിടെ കൂടിയേറിയത്. കരം കൊടുക്കുന്നതിലുള്ള വൈഷമ്യം, കരം കുടിശിഖ വരുത്തിയാലുണ്ടാകാവുന്ന ശിക്ഷയെക്കുറിച്ചുള്ള ഭയം എന്നീകാരണങ്ങളാൽ കൂടുതൽ ഭൂമിപതിപ്പിച്ചെടുക്കുന്നതിനു പലരും തയ്യാറായില്ല. വിരോധമുള്ളവരുടെ പേരിൽ കൂടുതൽ ശേഖരിക്കൽ പതിച്ചു കൊടുത്ത് കരം അടപ്പിച്ചും, കരം കുടിശിഖ വരുത്തിവെച്ചും ചിലരെ പാർവ്വതികാരൻമാർ ഉപദ്രവിച്ചിട്ടുള്ള സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

അങ്ങാടിയിൽ ഇപ്പോൾ വാട്ടർ അതോറിട്ടിയുടെ പമ്പ് ഹൗസ് ഇരിക്കുന്നതിനടുത്ത് ഫോറസ്റ്റു ഡിപ്പാർട്ടുമെന്റു വക കുറെ സ്ഥലം (40- സെന്റ്) പമ്പാ നദീതീരത്തുണ്ട്. അവിടം കാവൽ സ്ഥലം എന്ന പേരിലാണ് അറിയപ്പെടുന്നത്. അവിടെ ഒരു കാവൽ തട്ട് മാടവുമുണ്ടായിരുന്നു. കാട്ടുകള്ളൻമാർ നദിയിൽ കൂടി തടിയും, മറ്റു വന വിഭവങ്ങളും കടത്തി കൊണ്ടു പോകുമ്പോൾ പടികൂടാനുള്ള കാവൽ മാടമായിരുന്നു അത്. മത്സ്യസമ്പത്ത് ധാരാളമുള്ള ഒരു നദിയായിരുന്നു പമ്പ. നദിയുടെ തീരത്ത് താമസിച്ചിരുന്ന നമ്മുടെ മുൻഗാമികൾ പോഷക മൂല്യമുള്ള ഈ മത്സ്യങ്ങളെ പിടിച്ചിരുന്ന വീശുവലയും, മടവലയും, വിരിവലയും, ചൂണ്ടയും, മറ്റും മത്സ്യബന്ധത്തിന് ഉപയോഗിച്ചിരുന്നു. ചെറു മത്സ്യങ്ങളെ അവർ നശിപ്പിച്ചിരുന്നില്ല. ഭവിയെ കുറിച്ചു ദീർഘ വീക്ഷണമുണ്ടായിരുന്ന അവർ ശാസ്ത്രീയമായ രീതിയിലാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. മത്സ്യബന്ധനത്തിന് ലൈസെൻസ് വേണമായിരുന്നു.

അങ്ങാടി ഗ്രാമത്തിൽ പല മത സമ്മേളനങ്ങൾ നടന്നിരുന്നു. മുൻകാലത്ത് പമ്പാ മണൽപ്പുറത്തു നടത്തിയിരുന്ന ക്രൈസ്തവ മതസമ്മേളനം നിന്നു പോയി. ധർമ്മശാസ്താ നഗറിൽ 1946 മുതൽ നടന്നുവരുന്ന ഹിന്ദുമഹാ സമ്മേളനമാണ് പ്രധാനപ്പെട്ടത്. പമ്പാ സമ്മേളനം നടന്നു വരുന്നു.

അങ്ങാടി കേന്ദ്രമാക്കി ആണ്ടുതോറും പമ്പയാറ്റിൽ നടക്കുന്ന അവിട്ടം ജലോൽസവം നാനാജാതി മതസ്ഥരായിട്ടുള്ള വിഭാഗത്തെ ഒരുമിപ്പിക്കുന്ന ഒരു വലിയ മേളയാണ്. ദേശിയോൽസവമായ ഓണക്കാലത്ത് (കളികൾ) നാടൻപന്തുകളി, കോൽകളി, ഊഞ്ഞാലാട്ടം, തിരുവാതിരകളി, മുതലായവ പഞ്ചായത്തിലുണ്ട്. അങ്ങാടി ഗ്രാമത്തിന്റെ പല ഭാഗങ്ങളിലും നാട്ടു വൈദ്യൻമാർ താമസിച്ചിരുന്നു. നാട്ടു ചികിൽസാ സമ്പ്രദായം നിലവിലിരുന്നു. തിരുമ്മുവൈദ്യൻമാരും ഒരു പരിധിവരെ ജനങ്ങളെ സഹായിച്ചിരുന്നു വലിയ ഒടിവുകൾ പോലുംവെച്ചു കെട്ടി സുഖപ്പെടുത്താനുള്ള കഴിവ് ഇവർക്കുണ്ടായിരുന്നു. വർഷങ്ങൾക്കുശേഷമാണ് സർക്കാർ ആസ്പത്രികൾ സ്ഥാപിതമായിട്ടുള്ളത്. അന്നും ഗതാഗതസൗകര്യങ്ങളും ഇല്ലാതിരുന്നതിനാൽ രോഗികളെ എടുത്തു കൊണ്ട് അങ്ങാടിയിലുള്ള പെരുമ്പുഴ കടവിൽ എത്തിച്ച് അവിടെ നിന്നും വള്ളത്തിലും, കമ്പനി വ

ള്ളത്തിലും മറ്റുമായിരുന്ന അടുത്തുള്ള കോഴഞ്ചേരി ആസ്പത്രിയിൽകൊണ്ടുപോയിരുന്നത്. റാന്നിയിലെസർക്കാർആയുർവേദ ആശുപത്രി 1945 ൽഅങ്ങാടി കേന്ദ്രീകരിച്ച് ആരംഭിച്ചു പക്ഷെ ഇന്നും പ്രസ്തുതസ്ഥാപനംചെട്ടിമുക്കിന് വാടകകെട്ടിടത്തിലാണ്പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലംഉണ്ടായിട്ടുണ്ടെങ്കിലുംഇന്നും ആയുർവ്വേദാശുപത്രി കെട്ടിടംപണിആരംഭിച്ചിട്ടില്ല.

സ്വകാര്യമേഖലയിലുള്ള രണ്ട് മേജർ ആശുപത്രികൾ ഇന്ന് അങ്ങാടിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. മേനാംതോട്ടം ആശുപത്രിയും മാർത്തോമ്മാ മെഡിക്കൽമിഷൻ ആശുപത്രിയും.

അങ്ങാടിയിലെ ജനങ്ങൾ സ്നേഹിച്ചും സഹകരിച്ചും പ്രവർത്തിച്ചിരുന്നെങ്കിലും സഹകരണ പ്രസ്ഥാനം അഥവാ സഹകരണ മേഖലയ്ക്ക് ആരംഭം കുറിക്കുന്നത് 1940- കളിലാണ്. ആദ്യത്തേത് ദേശ സേവിനി സഹകരണ സംഘമാണ്. ഗുൽഘണ്ടാ സാരി നിർമ്മിക്കുന്നതിനുള്ള സഹകരണ സംഘമായിരുന്നു അത്. തുടർന്ന് ഒരു സോപ്പ് ഇൻഡസ്ട്രിയൽ സഹകരണ സംഘവും പ്രവർത്തിച്ചിരുന്നു. കൂടാതെ തൊണ്ടു സഹകരണ സംഘം പുല്ലൂപ്രത്തും പ്രവർത്തിച്ചിരുന്നു. 1948-ൽ ആരംഭിച്ച അങ്ങാടി സഹകരണ സംഘം ഇന്ന് വളർന്ന് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. റാന്നിയിലെ ഏറ്റവും പ്രധാനപ്പെട്ട സാംസ്ക്കാരിക നിലയം അങ്ങാടിയിലുള്ള പി.ജെ.റ്റി ഓഡിറ്റോറിയവും പബ്ലിക്ക്ലൈബ്രറിയുമാണ്. റാന്നിയിലെ എല്ലാമതങ്ങളിലും പെട്ട വ്യക്തികളുടെ ഉടമസ്ഥതയിലും ഭരണത്തിലും പ്രവർത്തിക്കുന്ന പി.ജെ.റ്റി. അങ്ങാടി ഗ്രാമത്തിൻെറ അഭിമാന സംതംഭവും, റാന്നിയിലെജനങ്ങളുടെ മതസാഹോദര്യ ബുദ്ധിയുടെ നിദർശനവുമാണ് പത്തനംതിട്ട ജില്ലയിലെ ഒന്നാം കിട ഗ്രന്ഥശാലകളിൽ ഒന്നാണ് ഈ പബ്ലിക്ക്ലൈബ്രറി.

വൈദികകാലം മുതൽ തന്നെ ഭാരതത്തിൽ ഗ്രാമസമിതികൾ നിലവിൽ വന്നിരുന്നെന്നും അന്നത്തെ ഗ്രാമങ്ങൾ സ്വയം പര്യാപ്തമായികഴിഞ്ഞിരുന്നെന്നും ചരിത്രരേഖകളുണ്ട്. എന്നാൽ വിദേശാധിപത്യത്തോടു കൂടി ഗ്രാമങ്ങളുടെ നിലമാറുകയും അധികാര വികേന്ദ്രീകരണത്തിൻെറ ഫലമായി ഗ്രാമ സ്വയം ഭരണസമിതികൾ നാമാവശേഷമാകുകയും ചെയ്ത്. സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻമ്പും ഗ്രാമ സ്വയം ഭരണ രീതിയും സ്ഥാപനങ്ങളും പുനർ ജീവിപ്പിക്കുന്നതിന് സ്വാതന്ത്ര്യ സമരനേതാക്കൾ അന്നത്തെ ഗവൺമെൻറിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തിയതിൻെറ ഫലമായി ചെറിയ തോതിലാണെങ്കിലും ഇൻഡ്യയുടെപല ഭാഗത്തും ഗ്രാമഭരണസ്ഥാപനങ്ങൾ പല രീതിയിലും നിലവിൽ വന്നിട്ടുണ്ട്.

1920-ൽ മഹാത്മജി ഗ്രാമ സ്വരാജിനുവേണ്ടി വാദിച്ചു. 1947-ൽ ഇൻഡ്യ സ്വതന്ത്ര്യമായി, 1957 മുതൽ പഞ്ചവൽസര പദ്ധതികൾ ആരംഭിച്ചു. വർഷങ്ങൾ പിന്നിട്ടിട്ടും കമ്മീഷനുകളേയും, കമ്മിറ്റികളേയും നിയമിച്ചിട്ടു ഇതല്ലാതെ അധികാരം വികേന്ദ്രീകരണം നടപ്പിലാക്കാൻ കഴിഞ്ഞില്ല. എട്ടു പഞ്ചവത്സര പദ്ധതികൾ നാം ഇപ്പോൾ പിന്നിട്ടു. ഇൻഡ്യാ മഹാരാജ്യം എല്ലാ നിലയിലും ഏതാണ്ട് മികച്ച നിലയിലെത്തിയെങ്കിലും യഥാർത്ഥലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. 1992-ൽ അധികാരവികേന്ദ്രീകരണം ഒരു ഭരണഘടനാ ബാദ്ധ്യതയായി പ്രാഖ്യാപിച്ചു കൊണ്ട് 73-ഉം 74-ഉം ഭരണഘടനാ ഭേദഗതി നിയമങ്ങൾ പാർലമെൻറ് പാസാക്കി, തുടർന്ന് സംസ്ഥാന നിയമസഭകളും പഞ്ചായത്തു രാജ് നഗര പാലിക നിയമങ്ങൾ പാസാക്കി. ഗ്രാമങ്ങളുടെയും, നഗരങ്ങളുടേയും സമഗ്രമായ വികസനമാണ് ഇവയുടെ ലക്ഷ്യം. 1995-ൽ പഞ്ചായത്തു രാജ് നിലവിൽ വന്നിരിക്കയാണ്. 2-10-1995 മുതൽ പഞ്ചായത്തു രാജ് അനുസരിച്ചുള്ള കമ്മിറ്റി ഭരണ ചുമതല ഏറ്റു. 9-ാം പഞ്ചവൽസര പദ്ധതിക്കു വേണ്ടിയുള്ള ആസൂത്രണത്തിൻെറ ഉത്തര വാദിത്തം ജനങ്ങളിൽ എത്തിയിരിക്കുന്നു.

1953-ൽ പഞ്ചായത്ത് ഭരണം നിലവിൽ വരുന്നതിനു മുമ്പ് വില്ലേജ് യൂണിയൻ എന്ന പേരിലാണ് ഭരണ സമിതി അറിയപ്പെട്ടിരുന്നത്. അന്ന് നോമിനേഷൻ സമ്പ്രദായമാണു നിലവിലിരുന്നത്.

അങ്ങാടിയെ സംബന്ധിച്ചിടത്തോളം വില്ലേജ് യൂണിയൻ ഭരണസമിതി 1948 - ൽ (1124 മീനം 23-ന്) നിലവിൽ വന്നു. ദിവംഗതനായ മലയിൽ (ഈട്ടിച്ചിവട്ടിൽ) എം.പി. തോമസ് കശ്ശീശ്ശാ പ്രസിഡൻറും, ഫാദർ സി,പി. കുറിയാക്കോസ് വൈസ്പ്രസിഡൻറും, മെമ്പേഴ്സ് പി.സി. ജോൺ (കെ. ഇൻസ്പെക്ടർ) പി. ഐ ചാക്കോ, കെ. എസ്. ഏബ്രഹാം, ഗോവിന്ദൻ നായർ, റ്റി. കെ. കൃഷ്ണൻ എന്നിവർ അംഗങ്ങളായ ഒരു ഏഴംഗകമ്മറ്റിയായിരുന്നു അത്.

വില്ലേജ് യൂണിയൻ കമ്മറ്റിയുടെ കാലാവധി 1953 ജൂലൈയ് മാസം അഞ്ചാം തീയതി അവസാനിക്കുകയും ആദ്യത്തെ പഞ്ചായത്തു കമ്മറ്റി 1953, ആഗസ്റ്റുമാസം 15-ാം തീയതി രൂപം കൊള്ളുകയും ചെയ്തു. പനവേലിൽ ശ്രീ. പി. ഏ ചാക്കോ പ്രസിഡൻറും, ശ്രീ. കെ. എ കുട്ടൻ നായർ വൈസ്പ്രസിഡൻറും മെസ്സേഴ്സ് മാത്തുക്കുട്ടി ഏബ്രഹാം, സി.കെ. ജോസഫ്, വറുഗീസ് ജോൺ, കെ. എം. തിരുവൻ, എം. എ ഏബ്രഹാം എന്നിവർ ആയിരുന്നു ഭരണസമിതി അംഗങ്ങൾ 1954 - ൽ ശ്രീ. മാത്തുക്കുട്ടി ഏബ്രഹാമിൻെറ മരണത്തെത്തുടർന്ന് ശ്രീ. റ്റി. ജെ. സൈമൺ കമ്മറ്റിയംഗമായി തീർന്നു. തുടർന്ന് ശ്രീ. എം. എ ഏബ്രഹാം ഉദ്യോഗാർത്ഥം എത്യോപ്യയിലേക്ക് പോയതിനാലും, ശ്രീ. പി. എ. ചാക്കോ 1957 - ൽ നിര്യാതനാവുകയും ചെയ്തതിൻെറ ഫലമായും ഉണ്ടായ ഒഴിവുകളിൽ യഥാക്രമം ശ്രീ. എം. എം. തമ്പിയും, ശ്രീ. സി. വി. തോമസും അംഗങ്ങളായി

ത്തീർന്നു. 13-1-1958 - ൽ ശ്രീ. സി.വി. തോമസ് (ഈട്ടിച്ചുവട്ടിൽ കുളങ്ങര) പ്രസിഡൻറായി. 1963 ജനുവരി മുതൽ ഒരു കൊല്ലത്തേക്ക്സ്പെഷ്യൽആഫീസർപഞ്ചായത്തുഭരണംനിർവ്വഹിക്കുകയുംതെരഞ്ഞെടുപ്പിനുശേഷം1964 ജനുവരിഒന്നിന്പുതിയയാരണസമിതിഭരണമേൽക്കുകയുംചെയ്തു.

ഭരണസമിതിയംഗങ്ങൾ.

ശ്രീ. സി.വി. തോമസ് (കുളങ്ങര) പ്രസിഡൻറ്

ശ്രീ. കുഞ്ഞി കൃഷ്ണൻ നായർ കാലായിൽ- വൈസ്പ്രസിഡൻറ്- 1975 വരെ

ശ്രീ. കെ.എ. ഏബ്രഹാം ആലുങ്കൽ വൈസ്പ്രസിഡൻറ് - 1976 മുതൽ

ശ്രീ. പി.എം. ചാക്കോ പുല്ലംമ്പള്ളിൽ

ശ്രീ. എം.കെ. പുന്നൂസ് ഐക്കാട്ടുമണ്ണിൽ

ശ്രീ. തോമസ് മാത്യു മുള്ളുംകാട്ടിൽ

ശ്രീ. വി.എസ്. തോമസ് വടക്കത്തറ

ശ്രീ. കുട്ടപ്പൻ മാധവൻ- വരിക്കപ്പള്ളിൽ

ശ്രീമതി ഭാനുമതി രാഘവൻ, തടിവീട്ടിൽ

ശ്രീ.എം.കെ. പുന്നൂസിൻെറ നിര്യാണം മൂലമുണ്ടായ ഒഴിവിൽ ശ്രീ എം.എ. ഏബ്രഹാം (മോനച്ചൻ) മണിമലേത്ത് കമ്മറ്റിയംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മറ്റിയുടെ ദീർഘകാല ഭരണത്തിനുശേഷം 1979-ൽ പുതിയ ഭരണസമിതി രൂപംകൊണ്ടു.

1979 ഒക്ടോബർ 2ന് രൂപം കൊണ്ട പഞ്ചായത്തു സമിതി അംഗങ്ങൾ.

അഡ്വ. എ.എസ്. സൈമൺ അരുവിക്കൻ പ്രസിഡൻറ്

ശ്രീ.സി.എസ്. മത്തായി, ചിറയ്ക്കൽ- വൈസ്പ്രസിഡൻറ്

പ്രൊഫ. കെ.സി. ചാക്കോ- കരുമ്പേൽ അലുങ്കൽ

ശ്രീ.പി.ഒ. അബ്രഹാം- പുറത്തെപറമ്പിൽ

ശ്രീ. കെ.എസ്. മത്തായി- പുല്ലമ്പള്ളിൽ, കടമാൻകുളത്ത്

ശ്രീ. സി.കെ. കുയറിയാക്കോസ് കാലായിൽ

ശ്രീ. കാവുമണ്ണിൽ പാപ്പച്ചൻ (എം.എസ്. മാമൻ)

ശ്രീ കിട്ടൻകുട്ടൻ മേലേതിൽ -വരൂർ

ശ്രീമതി ജമീലാ ബീവി ജലാലുദ്ദിൻ- മേപ്രത്ത്

അഡ്വ. എ.എസ്. സൈമൺ പ്രസിഡൻറു സ്ഥാനം രാജിവെച്ചതിനെ തുടർന്ന് 15-9-1983 മുതൽ ശ്രീ. കെ.എസ്. മത്തായി പ്രസിഡൻറായും, ശ്രീ.സി.എസ്. മത്തായി വൈസ് പ്രസിഡൻറ്സ്ഥാനം രാജിവെച്ചതിനെ തുടർന്ന് ശ്രീ. സി,.കെ. കുറിയാക്കോസ് വൈസ്പ്രസിഡൻറായും ഭരണം തുടർന്നു. അടുത്തപഞ്ചായത്തുഭരണസമിതി 1988 ഫെബ്രുവരിയിൽ രൂപമെടുത്തു.

ഭരണസമിതിഅംഗങ്ങൾ

ശ്രീ. സി.എസ്. മത്തായി ചിറയ്ക്കൽ, പ്രസിഡൻറ്

ശ്രീ. ജോർജ്ജ് വറുഗീസ് ഈട്ടിച്ചുവട്ടിൽ, വൈസ്പ്രസിഡൻറ്

ശ്രീ. ബാജി രാധാകൃഷ്ണൻ, ശാസ്ത്രാംകോവിൽ

ശ്രീ. കെ.എസ്. മത്തായി- പുല്ലംമ്പള്ളിൽ കടമാൻ കുളത്ത്

അഡ്വ. ജേക്കബ് സ്റ്റീഫൻ- കാവുങ്കൽ

ശ്രീ. ബിജിലി പനവേലി- പനവേലിൽ

ശ്രീ. കെ.കെ. ദാമോദരൻ- തെക്കെചെരുവിൽ

ശ്രീമതി സെലിൻ ജോർജ്ജ് തെങ്ങും തോട്ടത്തിൽ, തെക്കെവീട്ടിൽ

ശ്രീമതി കുഞ്ഞമ്മ ചെറിയാൻ- വടക്കത്തറ

രാഷ്ട്രപിതാവായ മഹാത്മാജി വിഭാവനം ചെയ്തും യശ്ശ: ശരീരനായ പ്രധാന മന്ത്രി രാജീവ് ഗാന്ധിയുടെ അഭിലാഷവുമായിരുന്ന പഞ്ചായത്ത് രാജ് സമ്പ്രദായം ത്രിതലത്തിൽ പ്രായോഗീകമാക്കിക്കൊണ്ട് 1995-ൽ ജനാധിപത്യരീതിയിൽ തെരഞ്ഞെടുപ്പു നടന്നു. മുന്നിൽ ഒന്ന് പ്രാതിനിധ്യം വനിതകൾക്കു സംവരണം ലഭിച്ചു എന്നുള്ളതാണ്. ഇതിൻെറ പ്രത്യേകതകളിലൊന്ന് ഇതിനനുസരിച്ച് ഗ്രാമപഞ്ചായത്ത്, ബ്ലോക്കു പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ മൂന്നു തലത്തിലുള്ള പഞ്ചായത്തു കളാണുള്ളത്. ജില്ലാ പഞ്ചായത്തു മെംബറായി ശ്രീ. ജെയിംസ് ജോർജ്ജുമാവേലിയും, ബ്ലോക്ക്പഞ്ചായത്തു മെംബറായി ശ്രീമതി അമ്മുക്കുട്ടി ജോസഫ് പുല്ലംമ്പള്ളിലും അങ്ങാടി പഞ്ചായത്തിനെ പ്രതിനിധികരിക്കുന്നു.

അങ്ങാടി ഗ്രാമപഞ്ചായത്തിന് വനിത മൂന്ന്, പട്ടികജാതി വിഭാഗത്തിന് ഒന്ന്, ജനറൽ അഞ്ച്- അങ്ങനെ 9 മെംബറൻമാരാണുള്ളത്. 2-10-1995 ൽ ഇപ്പോഴത്തെ കമ്മറ്റി ഭരണചുമതലയേറ്റു.

കമ്മറ്റി അംഗങ്ങൾ

ശ്രീ ജോർജ്ജി ഈട്ടിച്ചുവട്ടിൽ പ്രസിഡൻറ്

ശ്രീമതി ഐഷാതോമസ്- മണിമലേത്ത് വൈസ്പ്രസിഡൻറ്

ശ്രീമതി ലീലാമ്മ ഈശോ- ഇടത്തിനേത്ത്

ശ്രീ റ്റി. എസ്. ജോർജ്ജ്- തെങ്ങും തോട്ടത്തിൽ തെക്കെവീട്ടിൽ

ശ്രീ കെ. കെ. ദാമോദരൻ- തെക്കെചെരുവിൽ

ശ്രീ മാത്യു ഏബ്രഹാം - തെങ്ങും തോട്ടത്തിൽ

ശ്രീ ജേക്കബ് മാത്യു- കരിങ്കുറ്റിയിൽ

ശ്രീ സി.എസ്. മത്തായി- ചിറയ്ക്കൽ

ശ്രീമതി ജോയിസ് ജോൺ - ഓലിക്കൽ

സ്റ്റാൻറിംഗ് കമ്മറ്റിയംഗങ്ങൾ

ശ്രീമതി ജോയിസ് ജോൺ- ചെയർ പേഴ്സൺ

ശ്രീ. കെ. കെ. ദാമോദരൻ

ശ്രീ മാത്യു ഏബ്രഹാം

ശ്രീ ജേക്കബ് മാത്യു

ശ്രീ സി.എസ്. മത്തായി

1948- ൽ വില്ലേജ് യൂണിയൻ ആരംഭ പ്രവർത്തനം നടത്തിയിരുന്നത് പുല്ലമ്പള്ളിൽ ശ്രീ. പോത്തൻ മാത്തുള്ള അവർകളുടെ കെട്ടിടത്തിലായിരുന്നു. എന്നാൽ പിന്നീട് കരിങ്കുറ്റി വടക്കേതിൽ ശ്രീ. കെ.ജി. ഏബ്രഹാം, അഴകുനാം കുഴി. ശ്രീ തര്യൻ ലൂക്കോസ് മുതലായവരുടെ കെട്ടിടങ്ങളിലും, കരിങ്കുറ്റി ശ്രീ ഏബ്രഹാം വകചെട്ടിമുക്കിലുള്ള കെട്ടിടത്തിലും പഞ്ചായത്ത് ആഫീസ് മാറി മാറി പ്രവർത്തിച്ചു കൊണ്ടിരുന്നു. 1965 മുതൽ ഇപ്പോഴത്തെ കെട്ടിടത്തിൽ പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുന്നു.

1965-ൽ ഒരു പൊതുകാര്യ പ്രവർത്തകനും, അങ്ങാടിയുടെ നാനാമുഖമായ വളർച്ചയിൽ അതീവ താല്പര്യ മുള്ളവനുമായിരുന്ന മണിമലേത്ത് ശ്രീ .എം. യു. ഏബ്രഹാം 61/4 സെൻറു സ്ഥലം പഞ്ചായത്തിനു സൗജന്യമായി നൽകി. ആസ്ഥലത്താണ് ഇന്നത്തെ ആഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. തുടർന്ന് ആഫീസ് കെട്ടിടത്തൊടുചേർന്നുള്ള 44 1/2 സെൻറു സ്ഥലം കൂടി നാമ മാത്രമായ വിലയ്ക്കു അദ്ദേഹത്തിൽ നിന്നും പഞ്ചായത്തിനു ലഭിച്ചിട്ടുള്ളതാകുന്നു. അദ്ദേഹത്തെ നന്ദിയോട് ഈ സമയത്ത് ഓർക്കുന്നു.

അങ്ങാടിയുടെ നാനാമുഖമായ വളർച്ചയ്ക്ക് വില്ലേജ് യൂണിയൻ ഭരണസമിതിയുടെ കാലത്തു തന്നെ ആരംഭം കുറിച്ചിരുന്നു എന്നുള്ള വസ്തുത സന്തോഷത്തോടെ ഓർക്കുന്നു. തുടർന്നു വന്നിട്ടുള്ള പഞ്ചായത്തു കമ്മറ്റികൾ കലാകലാങ്ങളിലായി ഗ്രാമത്തിൻെറ വളർച്ചക്കുവേണ്ടി ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നിരവധിയാണ്. പാർപ്പിട സൗകര്യം ഉണ്ടാക്കുക, ഗതാഗതാസൗകര്യം വർദ്ധിപ്പിക്കുക, കുടിനീർക്ഷാമം പരിഹരിക്കുക. വൈദ്യുതി എത്തിക്കുക, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, സാസ്ക്കാരികം, മുതലായി എല്ലാ രംഗങ്ങളിലുമുള്ള അവരുടെ പ്രവർത്തനങ്ങളെ നന്ദിയോട് ഈ സമയത്ത് ഓർക്കുന്നു. മുൻഗാമികൾ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ പൂർത്തികരണത്തിനു വേണ്ടിയും, കാലോചിതമായ പുതിയ പദ്ധതികൾ ആരംഭിച്ചു നടപ്പിലാക്കുന്നതിനുവേണ്ടിയും നാം വളരെയധികം പരിശ്രമിക്കേണ്ടിരിക്കുന്നു. ഉദാ:അങ്ങാടി പഞ്ചായത്തിലെ കണക്കമൺ, ചെമ്പൻമുഖം, കരിങ്കുറ്റി, മണ്ണാറത്തറ, വരൂർ എന്നി സ്ഥലങ്ങളിലെ അഞ്ചു ലക്ഷം വീടുകോളനികളിലായി നൂറിൽ പരം കുടുംബങ്ങൾ താമസിക്കുന്നു. ഇവരുടെ നീറുന്ന പ്രശ്നങ്ങൾ ഇനിയും പരിഹരിക്കേണ്ടിയിരിക്കുന്നു. പുതിയ പാർപ്പിടസൗകര്യങ്ങൾ ഉണ്ടാക്കേണ്ടിയുമിരിക്കുന്നു. 1980 നു മുമ്പ് പണി ആരംഭിച്ച അങ്ങാടി ശുദ്ധജല വിതരണ പദ്ധതിയും, 1983 ൽ ഉണ്ടായ വരൾച്ചയെ തുടർന്ന് ആരംഭിച്ച ഏഴോലി ശുദ്ധജല വിതരണ പദ്ധതിയും കമ്മീഷൻ ചെയ്തെങ്കിലും കുടിനീർ ക്ഷാമം അനുഭവപ്പെടുന്ന നിരവധി സ്ഥലങ്ങളിൽ ശുദ്ധജലം എത്തിയിട്ടില്ല. ആയതിന് പൈപ്പുകൾ നീട്ടിയും, പുതിയ പദ്ധതിക്ക് രൂപം കൊടുത്തും അടിയന്തിര ശ്രദ്ധ പതിപ്പിക്കണം.

പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും വൈദ്യുതി എത്തിയുട്ടുണ്ടെങ്കിലും പൂർണ്ണമായിട്ടില്ല. വൈദ്യുതി എത്തിയിട്ടുള്ള സ്ഥലങ്ങളിലും പൂർണ്ണമായ വെളിച്ച് ലഭിക്കുന്നില്ല. വ്യവസായിക രംഗത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന ഗ്രാമപ്രദേശങ്ങളിലൊന്നാണ് അങ്ങാടി. തൊഴിലില്ലായ്മ പ്രശ്നം അല്പമായെങ്കിലും പരിഹരിക്കുന്നതിനുവേണ്ടി ഈ രംഗത്തേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചു വിടേണ്ടകാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുകയാണ്.

കൃഷിയിലും കച്ചവടത്തിലും ശ്രദ്ധിച്ചിരുന്ന നമ്മുടെ മുൻതലമുറക്കാരിൽ ചിലരെങ്കിലും സ്വാതന്ത്ര്യ സമര സേനാനികളായി സാമൂഹ്യ, രാഷ്ട്രീയ സാംസ്ക്കാരിക മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽ വാസം അനുഭവിച്ച അങ്ങാടിയിലെ മൂന്നു ധീരദേശാഭിമാനികളാണ് അഡ്വ. സി.വി. ജോർജ്ജ് , ഈട്ടിച്ചുവട്ടിലും (റവ. സി.വി. ജോർജ്ജ്) പരേതനായ ചാലുപറമ്പിൽ ശ്രീ . സി.കെ. ജോസഫും, ചെറിയ മൂഴിയിൽ ശ്രീ സി.സി. ജോണും, സി.വി. ജോർജ്ജ്. അച്ചന് താമ്രപത്രവും ലഭിച്ചിട്ടുള്ളതാകുന്നു.

റാന്നി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ. മാരിൽ പരേതനായ ശ്രീ . സണ്ണി പനവേലിൽ, ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ ഇപ്പോഴത്തെ എം.എൽ.എ. ശ്രീ രാജു ഏബ്രഹാം കണ്ടനാട്ടു- ഈ മൂന്നു പേരും അങ്ങാടി പഞ്ചായത്തിൻെറ സന്താനങ്ങളാണെന്നുള്ളതിൽ അഭിമാനം കൊള്ളുന്നു.

റിട്ട: ഗവർമെൻറു സെക്രട്ടറി, ഈട്ടിച്ചുവട്ടിൽ മലയിൽ ശ്രീ . പിലിപ്പോസ് തോമസ് ഐ.എ.എസ്, ദക്ഷിണ മേഖല, ഐ.ജി. കുരുമ്പേൽ ആലുങ്കൽ ശ്രീ . ജേക്കബ് പുന്നൂസ് ഐ.പി.എസ്, എഞ്ചിനിയറിംഗ് വിഭാഗത്തിൽ കേരളാ ഗവൺമെൻറിൻെറ യുവശാസ്ത്രജ്ഞൻ അവാർഡു ലഭിച്ച പുല്ലമ്പള്ളിൽ കടമാൻകുളത്ത് ഡോ. സാംസൺ മാത്യു, എന്നിവർ അങ്ങാടിക്കാരാണുള്ളതിൽ അഭിമാനിക്കാം

അതുപോലെ തന്നെ പൊതു ആവശ്യങ്ങൾക്ക് (മൃഗാശുപത്രി, സബ് സെൻറർ, വായനശാല, വാട്ടർ ടാങ്കുകൾ, കിണറുകൾ, ക്ലബുകൾ മുതലാവയ) സൗജന്യമായി സ്ഥലം നൽകിയിട്ടുള്ളവരെ നന്ദിയോട് സ്മരിക്കുന്നു.

പമ്പയാറിനു കുറുകെ ഉണ്ടായിരുന്നു റാന്നി വലിയ പാലത്തിൻെറ തകർച്ച അങ്ങാടിയെ പൂർണ്ണമായി ബാധിച്ചിട്ടുണ്ട് താൽക്കാലികമായി നിർമ്മിച്ച "ബെയിലി പാലം" അല്പം ആശ്വാസമായെങ്കിലും സ്ഥിരമായ പാലം എത്രയും വെഗം പൂർത്തീകരിക്കേണ്ടത് അടിയന്തിര ആവശ്യമാണ്.

പഞ്ചായത്തിലൂടെ നമ്മുടെ ഗ്രാമ ജീവിതത്തിൽ പലനേട്ടങ്ങളുമകൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഗ്രാമസ്വരാജ് കൈവരിക്കുന്നതിനുവേണ്ടി ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഒരു മാർക്കറ്റ്, പ്രൈമറി ഹെലത്ത്സെൻറർ, ഗതാഗതക്കുരുക്കിനു പരിഹാരമായി മാമുക്ക്, ചെറിയമൂഴി പാലങ്ങളുടെ പുതുക്കിപ്പണി മുതലായവ ഈ ഗ്രാമത്തിൻെറ ആവശ്യങ്ങളാണ്. കുടിവെള്ളക്ഷാമത്തിനു പൂർണ്ണ പരിഹാരം ഉണ്ടാകണം. വൈദ്യുതി എല്ലാ ഭാഗത്തും എത്തണം, ഭൂമിയും പാർപ്പിടവും ഇല്ലാത്തവർക്ക് ആശ്വാസം ലഭിക്കണം, റോഡുകളുടെ ശോച്യനാവസ്ഥ പരിഹരിക്കണം ഇതെല്ലാം നമ്മുടെ അടിയന്തിര ആവശ്യങ്ങളാണ്.

ഇന്നുള്ളതായ ഹിന്ദു, മുസ്ളിം, ക്രിസ്ത്യൻ, ഐക്യം ഈ ഗ്രാമത്തിൻെറ നാനാമുഖമായ വളർച്ചയ്ക്കും, ഉയർച്ചയ്ക്കും സഹായിക്കുമെന്ന് പൂർണ്ണമായി വിശ്വസിക്കുന്നു.





റാന്നി ജനതയ്ക്ക് താത്കാലിക ആശ്വാസം നൽകുന്ന ബെയ്‌ലി പാലം

# കൃഷിയും ജലസേചനവും

ഏതാണ്ട് 500 വർഷങ്ങൾക്കു മുൻമ്പ് പടിഞ്ഞാറു ഭാഗങ്ങളിൽ നിന്നും, കാടുവെട്ടി തെളിച്ച് കുടിയേറി താമസിച്ച ആളുകളുടെ പിൻഗാമികളാണ് ഇപ്പോൾ അങ്ങാടി പഞ്ചായത്തിൽ താമസിക്കുന്നത്.

അങ്ങാടി പഞ്ചായത്തിൽ 2073-94 ഹെക്ടർ ഭൂഭാഗം ഉണ്ട്. ഇതിൽ ഭൂരിഭാഗം സ്ഥലങ്ങളും കുന്നിൻ ചരിവുകളും, ബാക്കിയുള്ള ഭാഗം താഴ്വര പ്രദേശങ്ങളുമാണ്. ഈ പ്രദേശങ്ങളിൽ 4 തോടുകൾ പലതരം ചെറിയ തോടുകൾ 4 ആയി ചേർന്ന് പമ്പാനദിയിൽ പതിക്കുന്നു. 2073-94 ഹെക്ടർ ഭൂമിയുണ്ടെങ്കിലും 1830.42 ഹെക്ടർ സ്ഥലത്തു മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. ഇതിൽ നെൽകൃഷിയുള്ള 36 ഹെക്ടർ സ്ഥലത്തു മാത്രമാണ്.

അങ്ങാടി പഞ്ചായത്തിലെ 85% ആളുകളും കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ്. ബാക്കിയുള്ളവർ കച്ചവടം, സർക്കാർ ജീവനം, വിദേശത്ത് ജോലി എന്നിങ്ങനെ കഴിയുന്നു. 95% മണ്ണും ചെമ്മണ്ണുകലർന്നും ബാക്കിയുള്ള 5% എക്കൽ മണ്ണുമാണ്. ഈ പ്രദേശത്തുള്ള ആളുകൾ മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി ചെയ്യുന്നത്. വേനൽക്കാലത്ത് ജല ദൗർലഭ്യം കൂടുതലായതു കാരണം വേനൽക്കാല കാർഷിക വിളകൾ സാദ്ധ്യമല്ല. സമുദ്ര നിരപ്പിൽ നിന്നും ഏതാണ്ട 800 അടി ഉയരമുള്ള ഭൂപ്രദേശമാണ് ഇവിടെയുള്ളത്.



ഈ പ്രദേശത്തെ കൃഷിയെ മുഖ്യമായും ദീർഘകാല വിളയെന്നും ഹ്യസ്വകാലവിളയെന്നും രണ്ടായിതിരിക്കാം. ദീർഘകാലവിളകളായ റബ്ബർ, തെങ്ങ്, കുരുമുളക്, കമുക്, കൊക്കോ, എന്നിവയും, ഹ്യസ്വകാല വിളകളിൽ നെല്ല്, വാഴ, പച്ചക്കറി, ഇഞ്ചി, കപ്പ, കാച്ചിൽ, ചേമ്പ്, ചേന, എന്നിവയും ഉൾപ്പെടുന്നു. കൂടതൈ, ജാതി, ഗ്രാമ്പു എന്നീ വിളകളും കുറേശ്ശെയായി കൃഷി ചെയ്യുന്നുണ്ട്.

അങ്ങാടി പഞ്ചായത്തിൽ
കൃഷി ചെയ്യുന്ന ദീർഘകാലവിളകൾ.

**1. റബ്ബർ**

അങ്ങാടി പഞ്ചായത്തിൽ ഏതാണ്ട് 1500 ഹെക്ടർ സ്ഥലത്താണ് റബ്ബർ കൃഷി ചെയ്യുന്നത്. ആളുകൾ ഇത്രയധികം സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുവാൻ കാരണം മറ്റുള്ള കൃഷികളെ അപേക്ഷിച്ചു റബ്ബർ കൃഷിക്ക് കൂടുതൽ ആദായം കിട്ടുന്നു എന്നതാണ് കാരണം. മുൻ കാലങ്ങളിൽ റബ്ബർ കൃഷിക്കുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിവിധികൾ കണ്ടുപിടിക്കുകയും, പരിശോധന നടപടികൾ കൃഷിക്കാർ തന്നെനടത്തുകയും ചെയ്തിരുന്നു. കൂടുതൽ ആദായം കിട്ടുന്ന ഇനം റബ്ബർ കൃഷി ചെയ്യുന്നതുകൊണ്ടും, സംരക്ഷണ പ്രവർത്തനങ്ങൾ ശ്രദ്ധിച്ചു ചെയ്യുന്നതു കൊണ്ട് കൂടുതൽ പ്രയോജനം ഉണ്ട്. എങ്കിലും വളത്തിൻെറ വർദ്ധിച്ച വില കാരണം ശരിയായ അളവിൽ കൃഷിക്കാർക്ക് വളം ചെയ്യുവാൻ കഴിയുന്നില്ല. റബ്ബർ ആവർത്തന കൃഷിക്കും ആവശ്യമായ റബ്ബർ തൈകൾ റബ്ബർ ബോർഡ് അംഗീകൃത നേഴ്സറികളിൽ നിന്നും, റബ്ബർബോർഡിൽ നിന്നും കൃഷിക്കാർക്കു ലഭ്യമാകണം

ഹെക്ടർ ഒന്നിന് സുമാർ 450 മൂട് റബ്ബറാണ് കൃഷി ചെയ്യുന്നത്. അതനുസരിച്ച് 6.75 ലക്ഷത്തോളം റബ്ബറാണ് ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്നത്. ഒരു റബ്ബറിൽ 1.5 കപി. അളവിൽ 10 ലക്ഷത്തോളം കപി. അഥവാ 10125 വളം ആവശ്യമാണ്.

റബ്ബറിൻെറ ഇല കൊഴിച്ചിൽ, പട്ടചീയൽ മുതലായ രോഗത്തിനെതിരായി മരുന്നു തളിക്കുന്നതിനാവശ്യമായ തുരിശിൻെറ അമിതമായ വിലയും, കൂലി കൂടുതൽ കൊണ്ടും ചെറുകിട കൃഷിക്കാർ വളരെ കുറച്ചു മാത്രമേ പ്രതിവിധിയായുള്ള മരുന്നു തളിയ്ക്കുന്നുള്ളൂ. ആയതിനാൽ റബ്ബർ ടാപ്പു ചെയ്യുന്നതിന് ആവശ്യമായ തൊഴിലാളികളെ കിട്ടുന്നതിനു വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന കൃഷിക്കാർ ധാരാളം നമ്മുടെ പഞ്ചായത്തിലുണ്ട്.

**2. തെങ്ങ്**

അങ്ങാടി പഞ്ചായത്തിൽ റബ്ബർ കഴിഞ്ഞാൽ ഏറ്റവും അധികം കൃഷി ചെയ്യുന്നത് തെങ്ങാണ്. 157 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്യുന്നു. എന്നാൽ തെങ്ങിൽ നിന്നുമുള്ള ആദായം ദിവസേന കുറഞ്ഞു കൊണ്ടിരിക്കുന്നു. അതിനുള്ള പ്രധാന കാരണ

ങ്ങൾ വളത്തിൻെറ അമിതമായ വിലകയറ്റം, നനക്കുന്നതിനുള്ള അസൗകര്യം, തെങ്ങിനെ ബാധിക്കുന്ന വേരുചീയൽ രോഗം, കീടബാധയുടെ ഉപദ്രവം, നല്ലയിനം തൈകളുടെ അഭാവം, കാറ്റുവീഴ്ച മുതലായവയാണ്. വളത്തിൻെറ വിലക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ സാ ധാരണ കൃഷിക്കാർക്ക് വളം ഇടുന്നതിനു സാധിക്കുന്നില്ല.

വരുമാനത്തിൽ ഒരു പക്ഷേ റബ്ബർ മുൻപിലാണെങ്കിലും ആദ്യത്തെ നാലു വർഷം കഴിഞ്ഞാൽ റബ്ബറിനിടയിൽ മറ്റും കൃഷി ചെയുവാൻ കഴിയുന്നില്ല. എന്നാൽ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി മറ്റുകൃഷികളും ചെയ്യാം. അതോടൊപ്പം ഉല്പാദനവും വർദ്ധിപ്പിക്കുവാനും കഴിയും.

**കുരുമുളക്**

അങ്ങാടി പഞ്ചായത്തിൽ ഏതാണ്ട് 160 ഹെക്ടർ സ്ഥലത്താണ് കുരുമുളകു കൃഷി ചെയ്യുന്നത്. കുരുമുളകു കൃഷിക്ക് യോജിച്ച മണ്ണും, കാലാവസ്ഥയുമാണ് നമുക്കുള്ളത്. കരിമുണ്ട, നാരായക്കൊടി, പന്നിയൂർ-1, മുതലായ ഇനം കുരുമുളകാണ് കൃഷി ചെയ്യുന്നത്. കുരുമുളക് കൂടുതലായി കൃഷി ചെയ്യുന്നതെങ്കിലും ഉല്പാദനം കുറയുന്നു. കാലി വളർത്തൽ, വളത്തിൻെറ വില കൂടുതൽ, ധ്രുത വാട്ടം, പൊതു രോഗം മുതലായ കാരണത്താൽ കുരുമുളക് പെട്ടന്ന് നശിച്ചു പോകുന്നു, കീടനാശിനിയുടെ അമിതമായ വിലക്കയറ്റം എന്നിവ കൃഷിക്കാരുടെ പ്രധാന പ്രശ്നങ്ങളാണ്. നല്ലരീതിയിൽ കൃഷി ചെയ്യാൻ ഏറ്റവും ആദായകരമായ ഒന്നാണ് കുരുമുളകു കൃഷി ആയതിന് ആവശ്യമായ ബോധവൽക്കരണം ജനങ്ങൾക്ക് ഉണ്ടാക്കി കൊടുക്കുകയും, വളം കീടനാശിനി മരുന്നടിക്കാനുള്ള ഉപകരണങ്ങൾ എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും, ഉപാദന ശേഷി കൂടുതലുള്ള നല്ലയിനം മൂലകൾ കൃഷിക്കാർക്ക് യഥാസമയം എത്തിച്ചു കൊടുക്കുകയുമാണ് ചെയ്യേണ്ടത്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി തെങ്ങ് കൃഷിയെ ചെയ്യുന്ന സ്ഥലങ്ങളിൽ 20 അടി ഉയരത്തിൽ കൂടുതലുള്ള തെങ്ങുകളിലും കുരുമുളകു കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

**കൊക്കോ**

അങ്ങാടി പഞ്ചായത്തിൽ സുമാർ 15 ഹെക്ടർ സ്ഥലത്താണ് കൊക്കോ കൃഷി ചെയ്യുന്നത്. തെങ്ങിനും റബറിനും ഇടവിളയായിട്ടാണ് കൂടുതലും കൃഷി ചെയ്യുന്നത്. നല്ലയിനം കൊക്കോ തൈകൾ കൃഷിക്കാർക്കു വിതരണം ചെയ്താൽ കൊക്കോ കൃഷി വ്യാപിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും. കൊക്കോ കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ മാതൃകാ കൃഷി തോട്ടങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.

മുകളിൽ വിവരിച്ച ദീർഘ കാല വിളകളല്ലാതെ ജാതി, ഗ്രാമ്പു, എന്നിവയും പഞ്ചായത്തിൻെറ നീരുറവ ഉള്ള പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നു.

**ഹൃസ്വകാലവിളകൾ**

1. വാഴ

ഈ പഞ്ചായത്തിൽ 72 ഹെടർ സ്ഥലത്ത് വാഴ കൃഷി ചെയ്യുന്നുണ്ട്. ഏത്തവാഴ പാളയൻ കോടൻ, കണ്ണൻ, പൂവൻ, ഞാലിപ്പൂവൻ, മലമ്പൂവൻ, മുതലായവയാണ് പ്രധാനമായും കൃഷി ചെയ്യുന്നയിനങ്ങൾ. വാഴ കൃഷിക്കാർക്കാവശ്യമായ നല്ലയിനം വാഴ വിത്തുകൾ, കണ്ണാറ, പെരിങ്ങാല മുതലായ കൃഷി ഡിപ്പാർട്ടുമെൻറു ഫാമുകളിൽ നിന്നോ കൃഷി ഡിപ്പാർട്ടുമുഖേനെയോ പഞ്ചായത്ത് കൃഷിക്കാർക്ക് സൗജന്യ സബ്സിഡി നിരക്കിൽ വിതരണം ചെയ്യേണ്ടതാണ്. ഉല്പാദനം കുറയുന്നതിനുള്ള കാരണങ്ങൾ നല്ലയിനം വാഴ വിത്തുകളുടെ അഭാവം, വളത്തിൻെറ വില കൂടുതൽ, ജല സേചനത്തിനുള്ള അസൗകര്യം, എന്നിവയായതിനാൽ ഈ വക കാര്യങ്ങൾ കൂടുതലായി ചെയ്തു കൊടുത്താൽ വാഴകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

**നെല്ല്**

അങ്ങാടി പഞ്ചായത്തിൽ 36 ഹെക്ടർ സ്ഥലത്താണ് നെല്ല് കൃഷി ചെയ്യുന്നത്. നെൽകൃഷി ആദായകരമല്ലായെന്ന കാരണത്താൽ ഉള്ളനിലങ്ങളിലും മറ്റു കൃഷി ചെയ്യുന്നതിന് കാരണം പണിയെടുക്കുന്ന തൊഴിലാളികളുടെ അഭാവം, ജലദൗർലഭ്യം, വളത്തിൻേറയും, കീടനാശിനികളുടേയും അമിതമായ വിലക്കയറ്റം എന്നിവയാണ്. കൃഷിക്കാവശ്യമായ വളത്തിൻേറയും കീടനാശിനിയുടേയും വില സബ്സിഡി നിരക്കിൽ കൃഷിക്കാർ കൂടി വിതരണം ചെയ്യണം. ഈട്ടിച്ചുവട്, പുല്ലുപ്രം, എന്നീ പാടശേഖര സമിതി നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നു.

**പച്ചക്കറി**

അങ്ങാടി പഞ്ചായത്തിൽ പയർ പച്ചക്കറി എന്നിവ 19 ഹെക്ടറോളം സ്ഥലത്താണ് കൃഷി ചെയ്യുന്നത്. ജല സേചനത്തിൻെറ ആഭാവത്താൽ പച്ചക്കറി കൃഷി വേനൽക്കാലങ്ങളിൽ ആറ്റു തീരത്ത് കൃഷി ചെയ്യുവാൻ കഴിയുന്നില്ല. ആവശ്യമായ പച്ചക്കറിയുടെ വളരെ കുറച്ചു മാത്രമേ ഉത്പാദിപ്പിക്കുന്നുള്ളു. അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് നമ്മുടെ നാട്ടിൽ പച്ചക്കറി എത്തിക്കുന്നത്. അതിന് സ്ഥായിയായ പരിഹാരം കണ്ടെത്തിയേ പ്പറ്റുകയുള്ളൂ. നമ്മുടെ വീടുകളിൽ ആവശ്യമായ പച്ചക്കറികൾ നമുക്കു തന്നെ വിളയിക്കാം. ആയതിനാവശ്യമായ നല്ലയിനം പച്ചക്കറി വിത്തുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഒരു വീടിന് ഒരു പച്ചക്കറി തോട്ടം എന്ന ആശയം ജനങ്ങളിൽ പ്രചരിപ്പിക്കുക.

## നടപ്പിലാക്കേണ്ട പദ്ധതികൾ



1. ഭൂവികസന പദ്ധതി

അങ്ങാടി പഞ്ചായത്തിലെ ഭൂരി ഭാഗം സ്ഥലങ്ങളും കുന്നിൻ ചരിവുകളാണ്. മഴക്കാലത്ത്‌വെള്ളംഒലിച്ച്പോയിമണ്ണിന്റെഗുണ മേൻമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കൃഷിക്കുചെയ്യുന്ന വളങ്ങൾ ഒലിച്ചുപോകുന്നതുകാരണം കൃഷി മെച്ചപ്പെടുന്നില്ല. ആയതിനാൽ കയ്യാല കെട്ടി മണ്ണുസംരക്ഷിക്കണം. അതിനാവശ്യമായ 50% ധനസഹായം ബാങ്കുകളിൽ നിന്നും 25% സബ്സിഡിയായും ഗവൺമെന്റിൽനിന്നും കൊടുത്ത് അത്യാവശ്യമായി, മണ്ണുസംരക്ഷണ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2. നെൽകൃഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായി പൂവൻമല, വളകൊടിക്കാവ്, ഈട്ടിച്ചുവട്, വരവൂർ, ഞാഞ്ഞുമൺ എന്നീ സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുകയും, പൂവൻമല, പുല്ലമ്പള്ളി. ചിറക്കൽപടി കുറ്റപടി തൂളിമൺ, ഓലിക്കപ്പടി ഞാഞ്ഞുമൺ മുതിരക്കാല പാലോലിൽ മന്താനത്ത് എന്നീ സ്ഥലങ്ങളിൽ ക്രോസ്ബാറുകൾ നിർമ്മിക്കുകയും ചെയ്യുക. അതുപോലെതന്നെ ആറിന്റേയും, തോടിന്റേയും സൈഡുകളിൽ സംരക്ഷണ ഭിത്തി കെട്ടിക്കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

3. കേടുവന്ന തെങ്ങു വെട്ടിമാറ്റി പകരം തൈകൾ കൊടുക്കുന്ന പദ്ധതി അങ്ങാടി പഞ്ചായത്തിലും നടപ്പിലാക്കുക.

4. കാട്ടുപന്നിയുടെ ഉപദ്രവം ഇല്ലാത്തതാക്കുക.

അങ്ങാടി പഞ്ചായത്തിൽ 4 മുതൽ ഒൻമ്പതു വരെ വാർഡുകൾ വനത്തിൽ നിന്നുമുള്ള പന്നിയുടെ ഉപദ്രവം നിമിത്തം യാതൊരു കൃഷിയും ചെയ്യുവാൻ കഴിയുന്നില്ല. ആയതിനാൽ പന്നിയെ നശിപ്പിക്കുന്നതിനുള്ള അനുവാദം കർഷകർക്കു കൊടുക്കുകയോ അല്ലെങ്കിൽ വനാതിർത്തിയിൽ സംരക്ഷ ഭിത്തി കെട്ടി അടയ്ക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ബന്ധപ്പെട്ട വകുപ്പു മുഖേന പഞ്ചായത്ത് ഏറ്റെടുത്തു നടപ്പിലാക്കുക.

5. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ കുളങ്ങൾ കുഴിക്കുന്നതിനും, പമ്പുസെറ്റുകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക. ആയതിന് സബ്സിഡി അനുവദിക്കുക.

6. നെൽകൃഷിക്കാർക്ക് ഗ്രൂപ്പ് ഫാമിംഗ് വ്യാപകമാക്കുകയും, കൊയ്ത്ത് യന്ത്രം, മെതിയെന്ത്രം, എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

7. മണ്ണുപരിശോധന എല്ലാ വാർഡുകളിലും നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

8. എല്ലാ വാർഡിലും കർഷക വികസന സമിതി രൂപീകരിക്കുക.

9. വളപ്രയോഗം, കീടനാശിനിപ്രയോഗം, മണ്ണുപരിശോധന എന്നിവ കൃഷിക്കാരെ പഠിപ്പിക്കുന്നതിനാവശ്യമായ ക്യാമ്പുകൾ നടപ്പിലാക്കണം.

10. എലി നശീകരണത്തിനായി ആവശ്യമുള്ള എലി നശീകരണ ക്യാമ്പ് നടത്തുക.

11. കാർഷീക സെമിനാറുകളും, കാർഷികപ്രദർശനവും എല്ലാ വാർഡുകളിലും നടത്തുക.

12. ജില്ലാ കൃഷിഫാമിന്റെ യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

13. മരച്ചീനി, മറ്റുകിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ നല്ലയിനം വിത്തുകൾ വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

14. വാട്ടർ ഷെഡുപദ്ധതി അങ്ങാടി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നടപ്പിലാക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കണം.

15. പൊതുഞാറ്റടി ഉണ്ടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

### നിർദ്ദേശങ്ങൾ (റബ്ബർ കൃഷി)

1. വളത്തിന് ഇപ്പോൾ നൽകുന്ന സബ്സിഡി 50% മായി വർദ്ധിപ്പിക്കുക.

2. അത്യുല്പാദന ശേഷിയുള്ള തൈകളും, അവയുടെ വിലയിൽ 50 % സബ്സിഡിയും നൽകുക.

3. തുരിശിന്റെ വിലയുടെ 50 % സബ്സിഡി കർഷകന് അനുവദിക്കുക.

4. തൊഴിൽ രഹിതരായ യുവാക്കളെ തെരഞ്ഞെടുത്ത് റബ്ബർ ബോർഡ് ടാപ്പിംഗിന് പരിശീലനം നൽകുക.

5. നിത്യോപയോഗ സാധനങ്ങളുടെ വിലകയറ്റവും, കൂലി കൂടുന്നതിനുമനുസൃതമായി റബ്ബറിനു കിട്ടുന്ന വില തുലോം കുറവാണ്. ആയതിനാൽ റബ്ബറിന്റെ വില കിലോയ്ക്ക് 60 രൂപയെങ്കിലും കർഷകർക്കു കിട്ടേണ്ടതാണ്.

### നാളീകേരം

1. കേരകർഷകർക്ക് ആവശ്യമായ വളത്തിന് 50% സബ്സിഡി അനുവദിച്ച് ചെറുകിട നാമമാത്ര കർഷകർക്ക് ലഭ്യമാക്കുക.

2. ജലസേചന സൗകര്യമുള്ള കർഷകർക്ക് 50% സബ്സിഡിയോടുകൂടി പമ്പുസെറ്റുകൾ വിതരണം ചെയ്യുക.

3. കുളങ്ങൾ കുഴിച്ച് ജലസേചനം നടത്തുന്നതിന് ആവശ്യമായ ധനസഹായം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

4. കീടനാശിനിയും സ്പ്രേയറും കൃഷിക്കാർക്ക് പകുതി വിലയ്ക്ക് വിതരണം ചെയ്യുക.

5. കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും നല്ലയിനം തെങ്ങിൻ തൈകൾ സമയാസമയങ്ങളിൽ വിതരണം ചെയ്യുക.

6. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ വിതരണം ചെയ്യുന്ന പദ്ധതി അങ്ങാടി പഞ്ചായത്തിലും നടപ്പിലാക്കുക.

7. തെങ്ങിന് ഇടവിളയായി മറ്റു ഹ്രസ്വകാല വിളകൾ ആരംഭിക്കാൻ കർഷകരെ ബോധവൽക്കരിക്കുക.

8. തെങ്ങു കയറ്റത്തൊഴിലാളികളുടെ കുറവു നികത്താൻ പഞ്ചായത്തിൽ ധനസഹായത്തോടുകൂടി യുവാക്കളെ പരിശീലന കേന്ദ്രത്തിൽ വിട്ട് അതിനു പരിഹാരം കാണുക.

## ജലസേചനം

കാർഷീക വളർച്ചയുടെ അടിസ്ഥാന ഘടകം മണ്ണും ജലവും ആയതുകൊണ്ട് തന്നെയാണ് മണ്ണുസംരക്ഷണം, ജലസംരക്ഷണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നല്കുന്നത്. അങ്ങാടി പഞ്ചായത്തിൽ മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. പമ്പാനദിയോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളായതിനാൽ വർഷകാലങ്ങളിൽ ലഭിക്കുന്ന ജലം മുഴുവൻ ഒഴുകി പോകുകയാണ്. പഞ്ചായത്തിലെ കുളങ്ങളും തോടുകളും ജലസംഭരണ യോഗ്യമാക്കിത്തീർക്കേണ്ടതുണ്ട്.

ജനുവരി മാസം മുതൽ തന്നെ പഞ്ചായത്തിൽ വരൾച്ച അനുഭവപ്പെട്ടു തുടങ്ങുന്നു. പാഴായിപ്പോകുന്ന ജലം തോടുകളിലും മറ്റും സംഭരിക്കുവാനുള്ള സംവിധാനം ഇല്ലായ്മ, കുഴൽ കിണർ നിർമ്മാണം ഇവയൊക്കെ വരൾച്ച രൂക്ഷമാക്കുന്നതിനുള്ള കാരണങ്ങളാകുന്നു. ധാരാളം ജലം സംഭരിക്കുവാനും കൃഷിക്ക് ഉപകരിക്കുവാനും പഞ്ചായത്തിൽ തോടുകളും, കുളങ്ങളും, കിണറുകളും വേണ്ടവിധം സംരക്ഷിച്ചാൽ സാധിക്കുന്നതാണ്.

### നിർദ്ദേശങ്ങൾ

തോടുകളുടെ ബലക്ഷയം സംഭവിച്ചതും ഒഴുക്ക് കൂടുതൽ ഉള്ളതുമായ പ്രദേശങ്ങളിൽ സംരക്ഷണഭിത്തികൾ നിർമ്മിക്കേണ്ടതാണ്. ബാക്കിഭാഗങ്ങളിൽ സംരക്ഷണവൃക്ഷങ്ങളും ചെടികളും നട്ടുപിടിപ്പിക്കേണ്ടതാണ്.



## 3.3 രാസവള- കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | | 1995-96 | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | സഹകരണം SCB 2770 റാന്നി അങ്ങാടി | 408570 | - | - | 418828 | - | - | 430550 | - | - |
| | സ്വകാര്യം | - | - | - | - | - | - | - | - | - |



| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശത്തെ വിസ്തീർണ്ണം | പദ്ധതി പ്രദേത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണ ഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | DRDA Scheme | | | 10927/- | 10 | '89-'90 | '89-'90 | 5.65 | 10 | 10927/- Rs.3315/ | SUBSIDARY |
| 2 | Special Employment Programme '89-'90 | | | 3.13 Lakhs | 107 | '89-'90 | '89-'90 | 67.6 | 107 | 3.13 Lakhs | SUBSIDARY |
| 3 | DRDA Scheme (1988-89) | | | 6526/- | 10 | '89-89 | '88-'89 | 5.80 | 10 | 6526/- Rs.2000/ | SUBSIDARY |
| 4 | Special Employment Programme "1990-91 | | | 67045/- | 37 | "90-'91 | '90-"91 | 17.68 | 37 | 67045/ Rs. 16742/# | SUBSIDARY |
| 5 | Special Employment Programme "1991-'92 | | | 1,49,360 | 65 | '91-'92 | '91-92 | 92 | 65 | 1,49,360/ Rs. 36977 | SUBSIDARY |
| 6 | DRDA Scheme (1991 - '92) | | | 23029/- | 10 | "91-'92 | '91-'92 | 6.332 | 10 | 23029/- Rs.6045 | SUBSIDARY |

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## ഭൂപ്രകൃതി:-

മലകളും താഴ്‌വരകളും സമതലങ്ങളും വയലുകളും ചതുപ്പുനിലങ്ങളുംഉൾക്കൊണ്ട പ്രദേശമാണ് അങ്ങാടി പഞ്ചായത്ത്. സ്ഥലകാല പരിതസ്ഥിതികൾ അനുസരിച്ച് കാലി വളർത്തലിന് യോജിച്ച പശ്ചാത്തലമാണിവിടെ. കാലാവസ്ഥ സാഹചര്യം,ഭൂപ്രകൃതി എന്നിവ സമന്വയിപ്പിച്ചതുകൊണ്ട് പക്ഷി മൃഗാദി വളർത്തലിന് അനുയോജ്യമായ ഒരു സാഹചര്യം ഇവിടെ സൃഷ്ടിക്കാവുന്നതാണ്.

9 വാർഡുകളിലായി വിഭജിക്കപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്തിലെ മൊത്തത്തിലുള്ള കുടുംബങ്ങളിൽ ഏതാണ്ട് 35% -40% ആളുകൾ മൃഗസംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ ധാരാളമാളുകൾ കോഴി, താറാവ്, ആട് എന്നിവയെ വളർത്തുന്നതിലും വ്യാപൃതരാണ്. അത്യുല്പാദനശേഷിയുള്ള സങ്കര വർഗ കന്നുകാലികളെ വളർത്തുന്നതിനും ആളുകൾ കൂടുതൽ ശ്രദ്ധിക്കുന്നു. ഒരു കാലത്ത് പശുവും കാളയും പോത്തും നിറഞ്ഞു നിന്ന കർഷക തൊഴുത്തുകൾ ഇന്ന് പഴയഓർമകളായി മാറുവാൻ കാരണവും സമൂഹത്തിന്റെ ദീർഘവീക്ഷണമില്ലായ്മയാണ്. മേച്ചിൽ സ്ഥലങ്ങൾ റബർ തോട്ടങ്ങളായി മാറി സാമൂഹ്യവനവൽക്കരണം കാലികളെ തീറ്റുവാനും വളർത്തുവാനും സൗകര്യം ഇല്ലാതായി. ചപ്പും ചവറും ഉപയോഗിച്ചുള്ള ജൈവവളകൃഷിരീതി ഇന്ന് പാടെ ഇല്ലാതായിരിക്കുന്നു. സമൂഹന നമ്മക്ക് വേണ്ടിയുള്ള ഇത്തരം പ്രവർത്തനങ്ങളെപ്പറ്റി നാം ആലോചിക്കേണ്ടിയിരിക്കേണ്ടതുണ്ട്. മൃഗസംരക്ഷണത്തിലും മത്സ്യബന്ധനത്തിലും ഏർപ്പെട്ടിരിക്കുന്നവർ അനുഭവിക്കുന്ന പരാധീനതകളെപ്പറ്റി ഒന്ന് വിശകലനം ചെയ്യാം

## പ്രശ്നങ്ങൾ:-

1. കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ്.
2. പാലു വിപണന സാദ്ധ്യതക്കുറവ്.
3. കന്നുകാലികളെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന ധനകാര്യ സ്ഥാപനങ്ങളുടെ കുറവ്.
4. ശുചിത്വമുള്ള കന്നുകാലി തൊഴുത്തിന്റെ അഭാവം.
5 ലോൺ നൽകുന്നതിന് സാമ്പത്തിക സ്ഥാപനങ്ങൾ കാണിക്കുന്ന നിസ്സഹകരണം.
6. അത്യുല്പാദനശേഷിയുള്ള സങ്കര ഇനങ്ങളുടെ അപര്യാപ്തത.
7. കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് യഥാസമയം ചികിൽസയുടെ ലഭ്യതകുറവ്.
8. സാമ്പത്തിക പരാധീനതമൂലം അത്യുല്പാദനശേഷി കുറഞ്ഞ കന്നുകാലികളെ വളർത്തുന്നത്.
9. ശാസ്ത്രീയ രീതിയിൽ വളർത്തുന്നതിനുള്ള പരിചയക്കുറവ്.
10. പാലിന്റെ വിലക്കുറവ്.
11. കന്നുകാലികൾക്ക് ആവശ്യമായ കുടിവെള്ളം, കുളിപ്പിക്കുന്നതിനുള്ള വെള്ളം ഇവയുടെ ദൗർലഭ്യം.
12. മേച്ചിൽ സ്ഥലങ്ങളും തീറ്റപ്പുല്ല് നട്ടുവളർത്താനുള്ള സ്ഥലത്തിന്റെ അപര്യാപ്തത.

## പരിഹാരവും- നിർദ്ദേശങ്ങളും:-

1. കന്നുകാലികൾക്ക് ആവശ്യമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
2. പാലു വിറ്റഴിക്കുവാനുള്ള പാൽ സൊസൈറ്റികൾ പൂവൻമല, നെല്ലിക്കമൺ, വലിയകാവ്, ചിറക്കൽപടി എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുക.
3. IRDP ലോണിന്റെ വരുമാന പരിധി 11,000/- രൂപയിൽ നിന്നും 20,000/- രൂപയാക്കി ഉയർത്തുകയും ലോൺ ആവശ്യമുള്ള എല്ലാ ആളുകൾക്കും കിട്ടുന്നതിനുള്ള ഉദാരവൽക്കരണ നയം ഉണ്ടാക്കേണ്ടതും, അവയുടെ മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപിക്കേണ്ടതുമാണ്.
4. അത്യുല്പാദനശേഷിയുള്ള ബീജസങ്കലനം നടത്തുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കണം.
5. കാലാകാലങ്ങളിൽ കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധ ചികിൽസാ സൗകര്യം ഏർപ്പെടുത്തുക.
6. അത്യുല്പാദനശേഷി ഇല്ലാത്ത കന്നുകാലികളെ വളർത്തുന്നതും സംരക്ഷിക്കുന്നതും നിരുൽസാഹപ്പെടുത്തുക.
7. ശാസ്ത്രീയമായി കന്നുകാലികളെ വളർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.
8. കാലിത്തീറ്റയുടെ വില വർദ്ധനവിന്റെ ആനുപാതികമായി പാലിന്റെ വില നിശ്ചയിക്കുക.
9. പൂവൻമലയിൽ പ്രവർത്തിക്കുന്ന ഊർജിത കന്നുകാലി വികസന ഉപകേന്ദ്രം മൃഗാശുപത്രിയായി ഉയർത്തുകയും ആവശ്യമായ മരുന്നുകളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്യുക.

10. ഈട്ടിച്ചുവട്ടിൽ പ്രവർത്തിക്കുന്ന വെറ്റിനറി ഡിസ്പെൻസറി വെറ്റിനറി ഹോസ്പ്പിറ്റൽ ആയി അപ്ഗ്രേഡ് ചെയ്തുവെങ്കിലും നാളിതുവരെ ഹോസ്പിറ്റലിനുള്ള യാതൊരു വിധ സൗകര്യങ്ങളും ഇവിടെ ഇല്ല.

വൈദ്യുതി, ഫാൻ, സെറ്ററിലൈസർ, റഫ്രിജറേറ്റർ ടെലഫോൺ ശുദ്ധജല സൗകര്യങ്ങൾ മുതലായവ ആവശ്യമായ മരുന്നുകളും മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. കൂടാതെ താമസ സൗകര്യത്തിന് വേണ്ടി ആവശ്യമായ ക്രമീകരണങ്ങളോടു കൂടിയുള്ള ഒരു സ്റ്റാഫ് കോർട്ടറും അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്. അങ്ങനെയെങ്കിൽ 24 മണിക്കൂറും വെറ്റിനറി സർജന്റെ സേവനം പഞ്ചായത്തിൽ ലഭ്യമാകുന്നതാണ്.

## ആടുവളർത്തൽ:-

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ധാരാളം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവർ ആട് വളർത്തലിനോട് താല്പര്യമുള്ളവരുമാണ്. ഏതാണ്ട് 25% വീടുകളിലും ആടുവളർത്തലുണ്ട്. ആടുവളർത്തലിന് വേണ്ടി ആവശ്യമായ ധനസഹായങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടായാൽ ലാഭകരമായി നടത്താൻ പറ്റുന്ന ഒരു മേഖലയായി വളർത്തിക്കൊണ്ടുവരാൻ സാധിക്കും.

തേനീച്ചകൃഷി ഉപജീവനമാർഗമായി സ്വീകരിക്കുവാൻ പറ്റുന്ന സാഹചര്യം ഉള്ളതുകൊണ്ട് സർക്കാർ തലത്തിൽ നിന്നും ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

തെരുവ് നായ്ക്കളെ ഉൻമൂലനാശം ചെയ്യുന്ന തീവ്രയജ്ഞ പരിപാടി സമയബന്ധിതമായി നടപ്പിലാക്കുക. പേവിഷബാധക്കെതിരെയുള്ള പ്രതിരോധ കുത്തി വയ്പ് നടത്തുക.

തരിശ് ഭൂമിയിൽ തീറ്റപ്പുല്ല് കൃഷി നടത്തുകയും ജലസേചനസൗകര്യങ്ങൾ ഉണ്ടാവുകയും ചെയ്യുക. ഗുണനിലവാരമുള്ള മാംസം വിപണനം നടത്തുന്നതിന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ അറവുശാലകൾ ഉണ്ടാകണം.

## കോഴി- താറാവ് വളർത്തൽ.

കോഴി വളർത്തൽ ഇന്ന് വീട്ടമ്മമാർ മാത്രം ശ്രദ്ധിക്കുന്ന ഒരു തൊഴിലായിട്ടാണ് കണക്കാക്കുന്നത്. ചുരുങ്ങിയ ചെലവു കൊണ്ട് വലിയ വരുമാനം ഉണ്ടാക്കാവുന്ന ഒരു തൊഴിലാണിത്. മാംസ ഉല്പാദനം മുന്നിൽകണ്ടുകൊണ്ടുള്ള ഒരു തൊഴിലായി കോഴി-താറാവ് വളർത്തലിനെ രൂപാന്തരപ്പെടുത്താവുന്നതാണ്.

## മത്സ്യ ബന്ധനവും- വിപണനവും

മലയോര പ്രദേശത്തിന്റെ പാർശ്വഭാഗത്ത് സ്ഥിതിചെയ്യുന്ന അങ്ങാടി പഞ്ചായത്തിൽ മത്സ്യം വളർത്തലിനും, മത്സ്യബന്ധനത്തിനും ആവശ്യമായ സൗകര്യങ്ങളില്ല. ആയിരക്കണക്കിന് ജനങ്ങൾക്ക് ആശാകേന്ദ്രമായ പമ്പാനദിയിൽ അനധികൃതമായി സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തിയതിന്റെ പരിണിതഫലമാണോ റാന്നി വലിയപാലം തകർന്നതെന്ന അഭ്യൂഹം ഇന്നും നിലനിൽക്കുന്നു. താല്ക്കാലിക ബയ്ലിപാലം തൽക്കാല ആശ്വാസം ആകുന്നു എന്ന് മാത്രം.

എന്നാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ചില കുളങ്ങൾ, ചില വയലുകൾ ഇവ മത്സ്യ കൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. മത്സ്യ വളർത്തൽ സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്. മത്സ്യബന്ധനത്തിന് വളരെയേറെ സാദ്ധ്യതകൾ ഈ പഞ്ചായത്തി ലില്ല. മത്സ്യവിപണനം ഈ പഞ്ചായത്തിൽ ധാരാളം പേരുടെ ഉപജീവന മാർഗമാണ്.

“പുതിയ യുഗം - പുതിയ വികസനപ്രക്രിയ” എന്ന ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ആപ്തവാക്യം. പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് വികസനത്തിന്റെ പാതയിലൂടെ വളരെ ദൂരം സഞ്ചരിക്കുവാൻ അങ്ങാടി പഞ്ചായത്തിന് കഴിയണമെങ്കിൽ, മൃഗസംരക്ഷണരംഗത്തേയും മത്സ്യബന്ധനവും വിപണനവും വളർത്തുന്ന കർഷകരേയും തികച്ചും ബോധവൽക്കരിക്കേണ്ടതുണ്ട്. അങ്ങനെയുള്ള സെമിനാറുകളിലൂടെ യുള്ള ബോധവൽക്കരണം ഈ രംഗത്ത് ഒരു പുതുയുഗത്തിന് നാന്ദികുറിയ്ക്കട്ടെ, ഒപ്പം 9-ാം പഞ്ചവത്സര പദ്ധതി ജനങ്ങൾക്ക് അനുഗ്രഹകരമായിരിക്കട്ടെ എന്നാശിക്കാം.



# വ്യവസായം

ലോക മഹായുദ്ധത്തിൻെറ വിജയ ലഹരിയിൽ മതിമറന്ന നെപ്പോളിയൻ പറയുകയുണ്ടായി ''ഇസ്രയേലിവൈമാനികരും ഇൻഡ്യൻ സാങ്കേതിക വിദഗ്ദ്ധരും എന്നോടൊപ്പമുണ്ടായാൽ ഞാൻ ഈ ലോകംതന്നെ കീഴടക്കാം''-

ബുദ്ധിവൈഭവത്തിലും പ്രവർത്തന പാടവത്തിലും പേരുകേട്ട ഭാരതീയൻ ഇന്നീ തുറയിൽ വളരെയധികം പിൻ തള്ളപ്പെടുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ കുറവും ''വെള്ളക്കോളർ ജോലി''എന്ന മിഥ്യാധാരണയും നമ്മുടെ പുതിയ തലമുറയുടെതീരാശാപങ്ങളാണ്. മൂലധനത്തിൻെറ അപര്യാപ്തത, തൊഴിൽ തർക്കങ്ങൾ,രാഷ്ട്രീയാ തിപ്രസരം, മാറിമാറിവരുന്ന അസ്ഥിരങ്ങളായ സർക്കാരുകളുടെ നയസമീപനങ്ങൾ എന്നിവ നമ്മുടെ വ്യവസായ മേഖലയെ തളർത്തുന്നു.

അസംസ്കൃത വിഭവങ്ങൾ സുലഭമായ നമ്മുടെ പഞ്ചായത്തിൽ വ്യവസായങ്ങൾ സുലഭമായ നമ്മുടെ പഞ്ചായത്തിൽ വ്യവസായങ്ങൾ തുലോംപരിമിതമാണ്. പ്രവർത്തന മൂല ധനം. പരിചയ സമ്പന്നരായ തൊഴിലാളികൾ, മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ, രാഷ്ട്രീയസംഘടനകളുടെകടന്നാക്രമണമില്ലാത്തശാന്തമായഅന്തരീക്ഷംഎന്നിവവ്യവസായമേഖലയെപരിപോഷിപ്പിക്കുന്ന മു ഖ്യഘടകങ്ങളാണ്. നമ്മുടെ പല കൈതൊഴിലുകളുംഅന്യനാട്ടിൽ നിന്നും വന്ന തൊഴിലാളികളുടെ മുൻപിൽ നിഷ്പ്രഭമായി. വിദേശമലയാളികൾ ധാരാളമുള്ള നമ്മുടെനാട്ടിൽ അവരുടെ സഹായസഹകരണങ്ങളോടുകൂടി കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ എല്ലാ ഏജൻസികളും മുൻകൈ എടുക്കണം. ഗുണമേൻമയുള്ള നമ്മുടെ ഉൽപന്നങ്ങൾ അന്യനാടുകളിലെത്തിക്കാനും അവയുടെ വിപണനത്തിനും വിദേശമലയാളികളുടെ സഹായം തേടണം. റബർ, നാളീകേരം,''കറുത്തപൊന്ന്'' എന്നപേരിൽ അറിയപ്പെടുന്ന കുരുമുളക് എന്നിവ ഇവിടെ സുലഭമാണ്. എന്നാൽ അവ ശരിയായ രീതിയിൽ സംസ്കരിച്ച് വിപണനം നടത്താൻ കഴിഞ്ഞാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തികലാഭം വർദ്ധിക്കുകയും ചെയ്യും. വ്യാവസായിക വളർച്ചയാണ്ഒരു നാടിൻെറ പുരോഗതിയുടെ ചൂണ്ടുപലക. വ്യാവസായികവളർച്ചയിലൂടെയാണല്ലോ ജപ്പാൻ ലോക രാഷ്ട്രങ്ങളുടെ നെറുകയിലെ ശോഭിക്കുന്ന സിന്ദൂരപൊട്ടിൻെറ സ്ഥാനം നേടിയത്. ഭൂകമ്പങ്ങളുടെ നാടായ ജപ്പാൻ ഉൽപാദനക്ഷമതയും ഗുണമേൻമയുള്ള സ്ഥിരോൽസാഹവും മൂലമാണ് ലോക വിപണി തന്നെ കീഴടക്കിയത്. എന്നാൽ നമ്മുടെരാജ്യം പ്രത്യേകിച്ച് കേരളം തൻെറ മുഖ്യ കയറ്റിമതി വെറും ''മനുഷ്യപ്രയക്നം'' മാത്രമായി ചുരുക്കിയിരിക്കുന്നു. ഈ ദുരാവസ്ഥ മാറിയേ മതിയാവൂ. നമ്മെ വ്യാവസായികവളർച്ചയിലേക്ക് നയിക്കുന്നഘടക ങ്ങളെക്കുറിച്ച് ചിന്തിക്കാം.

## നിലവിലുള്ള വ്യവസായങ്ങൾ:-

1. പുതുവീട്ടിൽ ഹോളോ ബ്ലോക്സ്
2. കടയ്ക്കൽ ഇൻഡസ്ട്രീസ്
3. മോഡേൺ ബ്രിക്സ്
4. പുല്ലമ്പള്ളിൽ മിറർ ഇൻഡസ്ട്രീസ്
5. ഹുസൈൻ സോഫ വർക്സ്.
6. സെൻറ് മേരിസ് ഹോളോ ബ്ലോക്സ്
7. മുരിക്കോലിപ്പുഴ ഹോളോ ബ്ലോക്സ്
8. ധന്യാ ഗാർമെൻറ്സ്
9. ജെയിംസ് എൻജിനിയറിംഗ് വർക്ക്സ്
10. വളയനാട്ട് എൻജിനിയറിംഗ് വർക്ക്സ്
11. കപാളിറ്റി റബർ ഇൻഡസ്ട്രീസ്
12. മീ-മാക്ക് റബർ ഇൻഡസ്ട്രീസ്
13. വളയനാട്ട് സോ മില്ല്
14. കോയിക്കൽ സോ മില്ല്
15. കാവുങ്കൽ സോ മില്ല്

ഈ സ്ഥാപനങ്ങളിൽ ഭൂരിഭാഗം തൊഴിലാളികളും പുരുഷൻമാരാണ്. സുമാർ 125 തൊഴിലാളികളോളം പ്രവർത്തിക്കുന്ന ഈമേഖലയിൽ 75 മുതൽ 150 രൂപ വരെ വേതനമുണ്ട്

പരമ്പരാഗത വ്യവസായങ്ങൾ:-

പാരമ്പര്യ വ്യവസായം ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ഏതാനും കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന നാല് അഞ്ച് ''ആലകളുണ്ട്''. കറിക്കത്തി, വെട്ടുകത്തി, തൂമ്പ, മൺവെട്ടി, ടാപ്പിംഗ് കത്തികൾ, പൂട്ടുകൾ മുതലായവ ഇരുമ്പ് ഉരുക്ക് ഉപകരണങ്ങൾ ഇവിടെ നിർമ്മിക്കുന്നു.

കല്പക ആയൂർവേദ ഫാർമസി

പുളിമുക്ക് ആസ്ഥാനമയായി ഒരു ആയൂർവേദ ഫാർമസിയുണ്ട്. എണ്ണ, കുഴമ്പ്, അരിഷ്ടം, നെയ്യ്, കഷായം എന്നിവ ഇവി

ടെവില്പന പടക്കുന്നു. നാട്ടു ചികിൽസയുടെ പ്രസക്തികുറഞ്ഞു വരുന്നതിനാൽ കാലാക്രമത്തിൽ ഇത്തരം ആയുർവ്വേദ ഫാർമസികൾനിലച്ചു പോകും.

## വനിതായൂണിറ്റുകൾ

ചേലക്കാട്ടുതടം വരവൂർ DWCRA യുടെ രണ്ടു വനിതാ യൂണിറ്റുകൾ പേട്ടയിലും പുളിമുക്കിനുമായി പ്രവർത്തിക്കുന്നു. പറക്കുളം ദീപ്തി മഹിളാ സമാജത്തിന്റെ പ്രവർത്തകരാണ് ഇതിലെ അംഗങ്ങൾ കടമുറികളുടെ ലഭ്യതക്കുറവ് ഉയർന്ന വാടകനനിരക്ക്, ഡിപ്പോസിറ്റ്, കറൻറ് ചാർജ്, അസംസ്കൃതസസാധനങ്ങളുടെ വില വർദ്ധനവ് എന്നീ കാരണങ്ങളാൽ ഈ യൂണിറ്റുകൾ വളരെ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. പാൽ ഉൽപന്നങ്ങളായ ഐസ്ക്രീം, പേട മിഠായികൾ എന്നിവ നിർമ്മിച്ച് വിപണനം നടത്തുന്നു.

### പ്രശ്നങ്ങൾ: -

1. ഇലക്ട്രിസിറ്റി ക്ഷാമം മൂലം ഉൽപാദനം ഗണ്യമായി കുറയുകയും ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ബുദ്ധിമുട്ടനുഭവപ്പെടുന്നു.
2. പാൽ, പഞ്ചസാര, ക്രീം മുതലായവ അസംസ്കൃത സാധങ്ങളുടെ വിലവർദ്ധനവ് ഇവരുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.
3. വെള്ളം, സാക്രീൻ, കളർ മുതലായവ വിലകുറഞ്ഞ തും ആരോഗ്യത്തിന് ഹാനീകരവുമായ സാധനങ്ങൾ കൊണ്ടു നിർമ്മിക്കുന്ന വില കുറഞ്ഞ ഉല്പന്നങ്ങൾ ഇന്ന് വിപണിയിൽ സുലഭമായതിനാൽ വിലകൂടിയ നല്ല ഉല്പന്നങ്ങൾക്ക് പ്രീയം കുറവാണ്. വനിതാ സംരംഭങ്ങളെ ഇത് സാരമായി ബാധിക്കുന്നു.
4. Sale Tax , എന്നീകാരണങ്ങളാൽ നിലവിലുള്ള വ്യപാരം വിപുലീകരിക്കാൻ വ്യാപാരികൾ ആഗ്രഹിക്കുന്നില്ല.
5. തൊഴിൽ പ്രശ്നങ്ങൾ, വൈദ്യുതിയുടെ ഉയർന്ന ചാർജ്നിരക്ക്, സർക്കാർ സ്ഥാപങ്ങളുടെ നിസ്സഹകരണം ,ഉയർന്ന കൂലി, രാഷ്ട്രീയതി പ്രസരണം എന്നീ കാരണങ്ങളാൽ വൻകിട വ്യവസാങ്ങൾ പലതും അന്യ സംസ്ഥാനങ്ങളിലേക്ക് ചേക്കേറുന്നു.
6. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് ഒറ്റയ്ക്കും കൂട്ടമായും ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ നിലവിലുള്ള ബുദ്ധിമുട്ടുകളാണ്.

### നിർദ്ദേശങ്ങൾ

1. കുറഞ്ഞ നിരക്കിൽ, തുടർച്ചയായി വൈദ്യുതി ലഭ്യമാക്കി ചെറുകിട, വനിതാസംരംഭങ്ങളെ സഹായിക്കുക.
2. പാൽ, പഞ്ചസാര ,ക്രീം മുതലായവ അസംസ്കൃത സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക.
3. വിലകുറഞ്ഞതും, ആരോഗ്യത്തിന് ഹാനീകരവുമായ ഉല്പന്നങ്ങൾ കർശനമായും പൊതു വിപണിയിൽ വിൽക്കാൻ അനുവദിക്കാതിരിക്കുക. അവയുടെ നിർമ്മാതാക്കളെ മാതൃകാപരമായി ശിക്ഷിക്കുകയും വേണം.
4. ചെറുകിട സ്ഥാപനങ്ങളേയും വനിതായൂണിറ്റുകൾ സഹകരണ മേഖലയിലുള്ള വ്യവസായങ്ങൾ എന്നിവയെ Sale Tax ൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയാൽ, ഇന്നുള്ള പല വ്യവസായങ്ങളും വിപുലീകരിക്കപ്പെടും.
5. ഉയർന്ന കൂലി നിരക്ക്, സർക്കാരിന്റെ ഭാഗത്തു നിന്നും എല്ലാ ആനുകൂല്യങ്ങളും സഹകരണവും തൊഴിൽ സംഘടനകളുടെ നല്ല സമീപനം എന്നിവ നിലവിലുള്ള വ്യവസായ ങ്ങളെ പരിപോഷിപ്പിക്കുന്നതിനോടൊപ്പം പുതിയ തൊഴിൽ സംരംഭകർക്ക് പ്രേരണയുമാവും.
6. സർക്കാർ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശയ്ക്കും,ദീർഘകാലഅടിസ്ഥാനത്തിൽ വായ്പകൾ ലഭ്യമാക്കുക. വായ്പകൾക്കുള്ള ഉപാധികൾ ലളിതവും സാധാരണക്കാരന് ഉപകരിക്കപ്പെടും വിധവുമായിരിക്കണം.
7. തൊഴിൽ രഹിതരായ യുവതീയുവാക്കളെ സംഘടിപ്പിച്ച് സർക്കാർ, ബാങ്കുകൾ എന്നിവയുടെ സഹകരണത്തോട് വാർഡുകൾ തോറും പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. ഉൽപന്നങ്ങൾ വീടുകൾ തോറും വിറ്റഴിക്കാനുമുള്ള സംവിധാനമുണ്ടായാൽ കൂടുതൽ തൊഴിലവസരങ്ങളും സാമ്പത്തിക ഭദ്രതയും ഉണ്ടാകും.
8. തീപ്പെട്ടി, മെഴുകുതിരി, സോപ്പ്, കറി പൗഡർ, മധുരപലഹാരങ്ങൾ മുതലായവ നിർമ്മിക്കുന്ന ചെറിയ സഹകരണ വ്യവസായങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം ലഭിച്ചാൽ വളരെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.
9. താഴെപ്പറയുന്ന റബർ അധിഷ്ഠിത വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കാവുന്നതാണ്.
   1. റബർ ബാൻഡ്
   2. റബർ കൈയുറകൾ
   3. ഹവായ് ചപ്പലിന്റെ സോളും സ്ട്രാപ്പും
   4. ഹവായ് ചെരുപ്പുകൾ
   5. റബർ നാരുകൾ
   6. റബർ തടി സംസ്ക്കരണ യൂണിറ്റ്
   7. ഓട്ടോമൊബൈൽ ബുഷുകൾ, ഓയിൽ സീലുകൾ
   8. റബർ മെത്തകൾ, തലയിണകൾ, ചവിട്ടുമെത്തകൾ എന്നിവ.
10. വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പാറ, മെറ്റൽ എന്നിവയ്ക്കുവേണ്ടി ക്രഷർ യൂണിറ്റുകൾ ആരംഭിക്കുക.
11. കൊപ്രാ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.
12. വനിതകളുടെ വസ്ത്ര നിർമ്മാണ ശൃംഖലകൾക്ക് ഏറെ സാദ്ധ്യതയുണ്ട്. ഈ പഞ്ചായത്തിൽ നോട്ടുബുക്ക് നിർമ്മാണം

വിപണി സാദ്ധ്യതയുള്ള ഒന്നാണ്. ടെക്സൈറ്റൻ ഷോപ്പുകൾക്കും ബേക്കറികൾക്കും മെഡിക്കൽ ഷോപ്പുകൾക്കും മറ്റും ആവശ്യമുള്ള പേപ്പർ കവർ നിർമ്മാണയൂണിറ്റ് വനിതകളേയും സംഘടിപ്പിച്ച് ആരംഭിക്കാവുന്നതാണ്.

13. പ്ലാസ്റ്റിക് വ്യവസായം:-

പി.വി.സി. ഫേബ്രിക്കേറ്റഡ് ഐറ്റംസും പി.വി.സി. ബെൻസുകൾ, വാട്ടർടാപ്പ്, ഹോസ് കണക്ടർ, ഐസ്ക്രീം കപ്പുകൾ, പി.വി.സി. പൈപ്പുകൾ, ഡിസ്പ്പോസിബിൾ കപ്പുകൾ, റഗ്ഗുകൾ, പ്ലാസ്റ്റിക് ബ്രഷ് മുതലായവ.

14. പഴം-പച്ചക്കറി വ്യവസായങ്ങൾ

1. മാങ്ങ, നാരങ്ങാ, നെല്ലിക്കാ മുതലായവയുടെ അച്ചാറുകൾ.

2. ചാമ്പക്കാ, കപ്പങ്ങാ-ചക്ക, കൈതച്ചക്ക, മാങ്ങാ, വാഴപ്പഴം മുതലായവ ഉപയോഗിച്ച് ജൂസ്, സ്കാഷ്, ജാം, സിറപ്പ്, ജെല്ലി മുതലായവ നിർമ്മിക്കുക.

3. ഏത്തക്കാ, ചക്ക, കപ്പ, മുതലായവ ഉപയോഗിച്ച് ചിപ്സ് ഉണ്ടാക്കി വിപണനം നടത്തുക.

15. നോട്ടുബുക്ക് ആൻറ് പേപ്പർ കവർ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ നോട്ടുബുക്ക് നിർമ്മാണ വിപണി സാധ്യതയുള്ള ഒന്നാണ്. ടെക്സ്റ്റെയിൽ ഷോപ്പുകൾക്കും മറ്റും ആവശ്യമുള്ള പേപ്പർ കവർ നിർമാണ യൂണിറ്റ് വനിതകളേയും സംഘടിപ്പിച്ച് ആരംഭിക്കാവുന്നതാണ്.

16. ഹോളോബ്രിക്സ്, കോൺക്രീറ്റ് കട്ടിളകൾ, ജനലുകൾ, ക്രാസ്സികൾ, ഗ്രില്ലുകൾ, എന്നിവക്ക് ധാരാളം വിപണി സാധ്യതകളുണ്ട്.

17. സ്വയം തൊഴിൽ ചെയ്യുവാൻ തയ്യാറായി വരുന്നവരുടെ പേരുകൾ രജിസ്റ്റർ ചെയ്ത്. ഒരു സെൽഫ് എംപ്ലോയ്മെൻറ് സ്ഥാപനം രജിസ്റ്റർ ചെയ്യുക. രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ പരിശീലനം നൽകുക. പരിശീലനം സിദ്ധിച്ചവർക്ക് തൊഴിൽ ആരംഭിക്കുവാനും സാമ്പത്തിക സൗകര്യവും വിപണന സൗകര്യവും ഏർപ്പെടുത്തുക. ഇത്തരം പ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ടവും ത്രീതല പഞ്ചായത്തുകൾ ഏറ്റെടുക്കുക.

18. പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുക.

വ്യാവസായിക രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ, ഉപജീവന മാർഗ്ഗത്തിനായി ആരംഭിച്ച നാമമാത്രമായ വ്യവസായങ്ങൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നു വരുന്നു. സാമ്പത്തിക പരാധീനത, പരിചയ സമ്പന്നരുടെ അഭാവം, വിപണിയിലെ ഇന്നത്തെ കിടമത്സരം എന്നിവ തൊഴിൽ സംരംഭകർക്ക് ഭീഷണിയാണ്.

എന്നാൽ വിദേശ മലയാളികൾ ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ വളരെയധികം വ്യവസായങ്ങൾക്ക് സാദ്ധ്യതകളുണ്ട്. മൂലധനവും വിപണിയും കണ്ടെത്താൻ ഇവർ പ്രാപ്തരാണ്. ഇവരുടെ സഹായസഹകരണത്തോടു കൂടി ഒരു ചെറുകിട വ്യവസായ ശൃംഖല തന്നെ ആരംഭിക്കാൻ കഴിയും. ജലമലീനകരണം. വായു മലിനീകരണം എന്നിവ സാധാരണ ജനജീവിതത്തെ ബാധിക്കാതെ പ്രത്യേകം ശ്രദ്ധിക്കണം. "അധികാരം ജനങ്ങളിലേക്ക്" എന്ന നൂതന ആശയത്തിൻെറ ഈ പുതുയുഗപ്പിറവി, അതിൻെറ അർത്ഥവ്യാപ്തിയും ഉദ്ദേശ ശുദ്ധിയും പൂർണ്ണമായി ഉൾക്കൊണ്ട് ഒരു പുതിയ വ്യവസായ വിപ്ലവം തന്നെ ഉടലെടുക്കട്ടെ! അതിനുവേണ്ടി നമുക്ക് കൂട്ടായി പ്രയത്നിക്കാം





# വിദ്യാഭ്യാസം

വികസനത്തിന്റെ അടിത്തറ വിജ്ഞാനമാണ്. വിജ്ഞാന സമ്പാദനത്തിന്റെ മാർഗം വിദ്യാഭ്യാസവും. വിദ്യാഭ്യാസം സാമൂഹ്യ മാറ്റത്തിന്റെ നാന്ദി കുറിക്കുന്നു. ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാ പൗരനും എന്നതായിരിക്കട്ടെ ഒൻപതാം പഞ്ചവത്സരപദ്ധതിയിൽ നമ്മുടെ ലക്ഷ്യം.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രാരംഭം.

അങ്ങാടി പഞ്ചായത്ത് പ്രദേശം 9 വാർഡുകളായി വിഭജിച്ചിരിക്കുന്നു. ആദ്യ 5 വാർഡുകൾ പമ്പാനദി മുതൽ വടക്കോട്ടും 4 വാർഡുകൾ വലിയതോടു മുതൽ വടക്കോട്ടും വ്യാപിച്ചു കിടക്കുന്നു. മൊത്ത 4700 കുടുംബങ്ങൾ ഇവിടെ അധിവസിക്കുന്നു. രണ്ട് ഹൈസ്കുളുകളും, രണ്ട് യു.പി. സ്കൂളുകളും എട്ട് പ്രൈമറി വിദ്യാലയങ്ങളുമാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ ഒരു യു.പി.സ്കൂളും ഒരു എൽ. പി. സ്കൂളും ഗവൺമെൻറ് ഉടമയിലും ശേഷിച്ച 10 എണ്ണവും സ്വകാര്യ മാനേജ്മെൻറ് നടത്തുന്നവയുമാണ്

. വരവൂർ - പുല്ലൂപ്രം ഭാഗങ്ങളിലെ പ്രധാന ഹൈന്ദവ കുടുംബങ്ങളായ സ്രാമ്പിക്കൽ, പൊൻമേലിൽ, കോയ്പ്പള്ളിൽ, കാരിക്കലേത്ത്, വരാപ്പുഴ, മണ്ണേത്ത് എന്നീ കുടുംബങ്ങളിലെ നാഥൻമാർ മുൻകൈ എടുത്ത് എൻ. എസ്. എസ്. കരയോഗ മാനേജ്മെൻറിൽ വരവൂരിലും പുല്ലൂപ്രത്തും ഓരോ പ്രൈമറി സ്കൂളുകൾ ആരംഭിച്ചു. സർ.സി.പി. രാമസ്വാമി അയ്യർ, തിരുവിതാംകൂർ ദിവാനായിരുന്ന കാലത്ത് പ്രൈവറ്റ് വിദ്യാലയങ്ങൾ ഒരു ചക്രം പ്രതിഫലം കൊടുത്ത് ഏറ്റെടുക്കുമെന്ന ഗവൺമെൻറ് നിയമമനുസരിച്ച് ഇവ രണ്ടും ഗവൺമെൻറിലേക്ക് സറണ്ടർ ചെയ്ത് സർക്കാർ വിദ്യാലയങ്ങളാവുകയായിരുന്നു. ഇതിൽ വരവൂർ എൽ. പി. സ്കൂൾ പിന്നീട് യു.പി. സ്കൂളായി ഉയർത്തപ്പെട്ടു. പുവൻമല മാർത്തോമ്മാ ഇടവകയുടെ നേതൃത്വത്തിൽ പുവൻമല എം.റ്റി.എൽ.പി.സ്കൂളും ആരംഭിച്ചു. സ്വതന്ത്ര ഭാരതത്തിന്റെ ആരംഭത്തിൽ നാട്ടുഭാഷാവിദ്യാലയങ്ങളും സംയോജിപ്പിച്ച് നടപ്പിലാക്കിയ വിദ്യാഭ്യാസപരിഷ്കാരമനുസരിച്ച് റാന്നി തോട്ടമൺ വില്ലേജിൽ ശ്രീ. റ്റി. ഡി. നാരായണൻ നമ്പൂതിരി അവർകൾ മാനേജർ ആയി നടത്തിയിരുന്ന സംസ്കൃത സ്കൂൾ സെക്കണ്ടറി ഹൈസ്കൂളായി, അനുവദിപ്പിച്ച്, പുല്ലൂപ്രം വാർഡിൽ സ്ഥലം സമ്പാദിച്ച് മാറ്റി സ്ഥാപിച്ചതാണ് പ്രബോധചന്ദ്രോദയം (പി.സി.) ഹൈസ്കൂൾ.

നാലാം വാർഡിലെ പുല്ലമ്പള്ളി എം. റ്റി. എൽ. പി. സ്കൂൾ, പുല്ലമ്പള്ളിൽ താഴയിൽ കുടുംബക്കാരുടെ ഉത്സാഹഫലമായി 1918-ൽ എം റ്റി. മാനേജ്മെൻറിൽ ആരംഭിച്ചു. ഉന്നക്കാവ് എന്ന സ്ഥലത്ത് സി. എം. എസ്. മാനേജ്മെൻറിൽ രണ്ടു ക്ളാസുകളുള്ള പ്രൈമറി വിദ്യാലയം ആരംഭിച്ചത് പിൽക്കാലത്ത് നിന്നു പോയി. ബ്രദറൺ സഭാപ്രവർത്തകനായ നോയൽ സായ്പ് അധ:കൃതവർഗ്ഗത്തിന്റെ ഉദ്ധാരണത്തിന് ആരംഭിച്ച സ്ഥാപനമാണ് ഊട്ടുപാറ എൻ. എം.എൽ. പി. സ്കൂൾ. 5-ാം വാർഡിൽ 1950 - ൽ റാന്നി സെൻറ് തോമസ് വലിയ പള്ളി മാനേജ്മെൻറിൽ സെൻറ് തോമസ് യു. പി. സ്കൂൾ ആരംഭിച്ചു. ഈട്ടിച്ചുവട്, കടവുപുഴ, ഏഴോലി എന്നീ പ്രൈമറിസ്കൂളുകൾ, മാർത്തോമാ മാനേജ്മെൻറിലും മണ്ണാരത്തറ എൻ. എം. എൽ. പി. സ്കൂൾ നോയൽ സായിപ്പിന്റെ നേതൃത്വത്തിൽ ബ്രദറൺ മാനേജ്മെൻറിലും ആരംഭിച്ചു.

1931-ലെ സ്റ്റാത്താം കമ്മറ്റി റിപ്പോർട്ട് അനുസരിച്ച് രണ്ട് ക്ളാസ്സുകൾ മാത്രമായ അപൂർണ്ണ പ്രൈമറി സ്കൂളുകൾ, പൂർണ്ണ പ്രൈമറി സ്കൂളുകളായി ഉയർത്തുകയോ, നിർത്തലാക്കുകയോ ചെയ്തു. 1930- ന് ശേഷം എല്ലാ പ്രൈമറി വിദ്യാലയങ്ങളുടേയും കെട്ടിടങ്ങൾ പുതുക്കിപണിതും, ഓടുമേഞ്ഞു തറ വാർത്തും, വെള്ള പൂശിയും സാമാന്യം കാലോചിതമാക്കിയവയാണ്.

പമ്പാനദിയുടെ മറുകരയിലെ എം. എസ്. ഹൈസ്കൂളിനെ ആശ്രയിച്ച് കുട്ടികളുടെ ഹൈസ്കൂൾ വിദ്യാഭ്യാസ നിർവഹണം ദുഷ്കരമായി തീർന്നപ്പോൾ പ്രശ്നപരിഹാരത്തിന

ആലോചനയുണ്ടായി. റാന്നി എസ്.സി. മിഡിൽ സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിന് വേണ്ട സ്ഥലം ഇല്ലായ്കയാൽ, റാന്നി ക്രിസ്തോസ്, നസ്രേത്ത്, പഴവങ്ങാടിക്കര ഇമ്മാനുവേൽ, മന്ദമരുതി, എന്നീ മാർത്തോമാ ഇടവകകളുടെ സംയുക്ത മാനേജ്മെൻറിൽ ഹൈസ്കൂൾ നടത്തുന്നതിന് തീരുമാനിച്ച് ആവശ്യമായ 3 ഏക്കർ സ്ഥലം ഈട്ടിച്ചുവട് എം. റ്റി. എൽ. പി. എസ്സിനോട് ചേർന്ന് ഈട്ടിച്ചുവട്ടിൽ മലയിൽ ദിവ്യശ്രീ. എം. പി. തോമസ്സ് അച്ചൻ തൻെറ പുരയിടത്തിൽ നിന്നും സൗജന്യമായി വിട്ടുകൊടുക്കാമെന്ന് സമ്മതിക്കുകയും അതനുസരിച്ച് ഹൈസ്കൂളിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഹൈസ്കൂളിന് അനുവാദം ഉണ്ടായെങ്കിലും സ്ഥലത്തിൻെറ ചരിവു കൂടുതൽ എന്ന കാരണത്താൽ മറ്റ് സ്ഥലം പെരുവയൽ സ്ഥാനത്ത് നൽകുകയും സ്കൂൾ അനുവാദം അവിടേക്ക് എസ്സ്. സി. മാനേജ്മെൻറ് മാറ്റുകയും ചെയ്തു. ഈ സാഹചര്യത്തിൽ ദിവ്യശ്രീമാൻമാരായ ഈട്ടിച്ചുവട്ടിൽ മലയിൽ എം. പി. തോമസ്സ്, സി. വി. ജോർജ്ജ്, എന്നീ വൈദീകശ്രേഷ്ഠരും, ഈട്ടിച്ചുവട്ടിൽ ശ്രീ. സി.വി. തോമസ്സും ചേർന്ന് സ്വന്തസ്ഥലത്ത് കെട്ടിടവും മറ്റും സൗകര്യപ്പെടുത്തി അവരുടെ സംയുക്തമാനേജ്മെൻറിൽ 1953-ൽ യു.പി. ഹൈസ്കൂൾ വിഭാഗങ്ങൾ ഒരുമിച്ച് ആരംഭിച്ചതാണ്. റാന്നി എബനേസ്സർ ഹൈസ്കൂൾ. ഗവൺമെൻറ് മുൻകൈയ്യോടെ ഈ പഞ്ചായത്തിൽ ഒരു വിദ്യാഭ്യാസസ്ഥാപനവും ഉണ്ടായിട്ടില്ല.

## 1996-ൽ ലഭ്യമായ വിവരങ്ങൾ

## വച്ചുള്ള സ്കൂൾ സ്ഥിതി വിവര കണക്കുകൾ

ഈ പഞ്ചായത്തിൽപ്പെട്ടവരിൽ അനേകം വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ. ഈ പഞ്ചായത്തിന് വെളിയിലുള്ള ഹൈസ്കൂൾ, യു. പി. സ്കൂൾ, ലോവർ പ്രൈമറി, പ്രീപ്രൈമറി, നേഴ്സറിസ്കൂളുകളിൽ പഠിക്കുന്നുണ്ട്. റാന്നി അങ്ങാടി പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

---

1. പി.സി. ഹൈസ്കൂൾ (പ്രൈവറ്റ് മാനേജ്മെൻറ്) സ്റ്റാൻേറർഡ് 5 മുതൽ 10 വരെ
2. എബനേസ്സർ ഹൈസ്കൂൾ (പ്രൈവറ്റ് മാനേജ്മെൻറ്) സ്റ്റാൻേറർഡ് 5 മുതൽ 10 വരെ

പ്രസ്തുത രണ്ട് ഹൈസ്കൂളുകളിൽ 12 അദ്ധ്യാപകരും 35 അദ്ധ്യാപികമാരും ഉൾപ്പടെ 47 അദ്ധ്യാപകർ ഉണ്ട്.

| | |
|---|---|
| ആൺകുട്ടികൾ | 475 |
| പെൺകുട്ടികൾ | 467 |
| ആകെകുട്ടികൾ | 942 |

1. വരവൂർ ഗവ: യു. പി .സ്കൂൾ

വരവൂർ ഭാഗത്ത് പ്രധാന കുടുംബങ്ങളുടെ സഹകരണത്തിലും അകത്തേട് സക്കറിയാച്ചൻെറ മാനേജ്മെൻറിലും മണ്ണേത്ത് വല്യശാൻ സംഭാവന ചെയ്ത സ്ഥലത്ത് ആരംഭിച്ച പ്രൈമറി വിദ്യാലയം പിൽക്കാലത്ത് എൻ.എസ്സ്.എസ്സ്. കരയോഗമാനേജ്മെൻറിന് കൈമാറി. ഏതാനും വർഷങ്ങൾ കഴിഞ്ഞ് എൻ.എസ്സ്. എസ്സ് കരയോനം മാനേജ്മെൻറ് ഒരു ചക്രം പ്രതിഫലം വാങ്ങി തിരുവിതാംകൂർ സർക്കാറിന് സറണ്ടർ ചെയ്തു. പിന്നീട് പ്രസ്തുത എൽ.പി. സ്കൂൾ സർക്കാർ യു.പി. സ്കൂളായി ഉയർത്തുകയും ചെയ്തതാണ്. ഇപ്പോഴുള്ള സ്കൂൾ.

2. എട്ട് ലോവർ പ്രൈമറി വിദ്യാലയങ്ങളിലെ വിവരങ്ങൾ.

അദ്ധ്യാപകർ- എണ്ണം - 4

അദ്ധ്യാപികമാർ- 27 ആകെ 31

കുട്ടികൾ- ആൺ കുട്ടികൾ എണ്ണം - 412

പെൺകുട്ടികൾ എണ്ണം - 381 ആകെ 793

കൂടുതൽ വിവരങ്ങൾക്ക് പട്ടിക 1 - നോക്കുക.

2. ഗവ: .എൽ.പി എസ്. പുല്ലുപ്രം

| | | |
|---|---|---|
| സ്കൂളുകൾ | - | 2 |
| അദ്ധ്യാപകർ | - | 4 |
| അദ്ധ്യാപികമാർ | - | 12 |
| ആകെ | - | 16 |
| ആൺകുട്ടികൾ | - | 114 |
| പെൺകുട്ടികൾ | - | 128 |
| ആകെകുട്ടികൾ | - | 242 |

ഹൈസ്കൂളുകൾ പത്തനംതിട്ട ഡി. ഇ. ഒ യിടേയും, യു. പി. എൽ. പി. മൊത്തം 10 സ്കൂളുകൾ റാന്നി എ. ഇ. ഒ യുടേയും മേൽനോട്ടത്തിലും നടത്തപ്പെടുന്നു.
പുല്ലുമ്പള്ളി എം. റ്റി. എൽ. പി. എന്നീ സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം. നിലനിൽക്കുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പടെ 4 പേർ മാത്രമാണ് അദ്ധ്യാപകരായുള്ളത്. പലപ്പോഴും ഒന്നും രണ്ടും അദ്ധ്യാപകർ മാത്രമായിരിക്കും സ്കൂളുകളിൽ ഉണ്ടായിരിക്കുക.

അദ്ധ്യാപകരുടെ അഭാവം പലപ്പോഴും സ്കൂളുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കാറുണ്ട്. ഓഫീസിലും, ട്രഷ

## പട്ടിക 1

### സ്ക്കൂളുകളുടെ പൊതു വിവരങ്ങൾ

| നമ്പർ | സ്കൂളിൻെറ പേര് | വാർഡ് | വിഭാഗം | ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | പി.സി. ഹൈസ്ക്കൂൾ | 3 | ഹൈസ്ക്കൂൾ | എയ്ഡഡ് | 279 | 278 | 457 | 5 | 14 | 19 |
| 2 | എബനേസർ ഹൈസ്ക്കൂൾ | 7 | ഹൈസ്ക്കൂൾ | എയ്ഡഡ് | 196 | 189 | 385 | 5 | 14 | 19 |
| 3 | വരവൂർ യു.പി | 1 | യു.പി | ഗവ: | 76 | 88 | 164 | 2 | 5 | 7 |
| 4 | സെൻറ്തോമസ് യു.പി | 5 | യു.പി | എയ്ഡഡ് | 38 | 40 | 78 | 2 | 4 | 6 |
| 5 | ജി.എൽ.പി. പുല്ലൂപ്രം | 3 | എൽ.പി. | ഗവ: | 51 | 52 | 103 | - | 4 | 4 |
| 6 | എം.റ്റി.എൽ.പി. സ്കൂൾ പൂവൻമല | 3 | എൽ.പി | എയ്ഡഡ് | 63 | 80 | 143 | 1 | 3 | 4 |
| 7 | എം.റ്റി.എൽ.പി. സ്കൂൾ പുല്ലംമ്പള്ളി | 4 | എൽ.പി | എയ്ഡഡ് | 38 | 32 | 70 | 1 | 2 | 3 |
| 8 | എം.റ്റി.എൽ.പി. സ്കൂൾ വളകൊടികാവ് | 7 | എൽ.പി | എയ്ഡഡ് | 42 | 36 | 78 | - | 4 | 4 |
| 9 | ഇ.എം.എൽ.പി ഏഴോലി | 7 | എൽ.പി | എയ്ഡഡ് | 56 | 47 | 103 | 0 | 4 | 4 |
| 10 | എൽ.റ്റി.എൽ.പി. കടവുപുഴ | 8 | എൽ.പി | എയ്ഡഡ് | 37 | 36 | 73 | - | 4 | 4 |
| 11 | എൽ.എം.എൽ.പി. മണ്ണാറത്തറ | 8 | എൽ.പി. | എയ്ഡഡ് | 80 | 51 | 131 | 1 | 4 | 5 |
| 12 | എൽ.എം.എൽ.പി ഊട്ടുപാറ | 4 | എൽ.പി. | എയ്ഡഡ് | 45 | 47 | 92 | 1 | 3 | 4 |

റിയിലും സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണത്തിലും മറ്റ് കാര്യങ്ങളിലും അദ്ധ്യാപകർ ശ്രദ്ധിക്കുന്നതു മൂലം അദ്ധ്യാപനമാണ് മുടങ്ങുന്നത്..

**ഭൗതീക സൗകര്യങ്ങൾ - ആവശ്യങ്ങൾ:-**

1. ഭൗതീകസൗകര്യങ്ങൾ - ആവശ്യങ്ങൾ
2. അക്കാദമിക് സൗകര്യങ്ങൾ- ആവശ്യങ്ങൾ
3. അക്കാദമിക് നിലവാരം ഇവ സംബന്ധിച്ച് പഞ്ചായത്ത് - സ്കൂൾ വിദ്യാഭ്യാസ സമിതി മുഖേന കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ഉചിതനടപടികൾക്കായി ഗവ: ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, ഗവ:ൻറ് വേണ്ടത്രക്രമീകരണങ്ങൾ ചെയ്യുന്നതിനും പഞ്ചായത്ത് വിദ്യാഭ്യാസസമിതി ശ്രദ്ധിക്കേണ്ടതാണ്.

പട്ടിക 2

| സ്കൂളിന്റെ പേര് | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| പി.സി.ഹൈസ്കൂൾ | 44% | 74.1% | 49% | 58% | - |
| എബനേസർ ഹൈസ്കൂൾ | 51% | 21% | 32% | 32% | 41% |



മുൻ നാല് വർഷങ്ങളിൽ രണ്ട് ഹൈസ്കൂളുകൾ എസ്. എസ്. എൽ. സി. പരീക്ഷയിൽ കരസ്ഥമാക്കിയ വിജയശതമാനമാണ് മുകളിൽ ചേർത്തതിരിക്കുന്നത്.

അവാർഡ് ജേതാക്കളായി ആരും തീർന്നിട്ടില്ല.

കുട്ടികളേയും അദ്ധ്യാപകരേയും സംബന്ധിച്ചിടത്തോളം ദൂരവ്യാപക ദോഷഫലങ്ങൾ ഉളവാക്കുന്നു എന്നതിലുപരി പഞ്ചായത്തിലെ പ്രൈമറി, യു.പി, വിഭാഗങ്ങളിൽ പരിമിതസംഖ്യ വിദ്യാർത്ഥികൾ ഇല്ലാതെ നഷ്ട വിദ്യാലയങ്ങളായി അവ എണ്ണപ്പെട്ട് നിർത്തലാക്കലിനെ അഭിമുഖീകരിക്കുകയാണ്. കർക്കശ നിയമ നിർമ്മാണം ഈ വിദ്യാഭ്യാസ വ്യവസായ നിർമ്മാർജ്ജനത്തിനാവശ്യമാണ്. ലംപ്സം ഗ്രാൻറായി ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾ.

**പട്ടിക 3**

| സ്കൂളിൻെറ പേര് | കുട്ടികളുടെ എണ്ണം |
|---|---|
| പി.സി. ഹൈസ്കൂൾ | 161 |
| എബനേസർ ഹൈസ്ഹൂൾ | 130 |
| വരവൂർ യു.പി. സ്കൂൾ | 25 |
| സെൻതോമസ് യു.പി.എസ് | 18 |
| പുല്ലൂപ്രം ഗവ: എൽ.പി.എസ് | 15 |
| പൂവൻമല എം.റ്റി.എൽ.പി. എസ് | 58 |
| വളകൊടികാവ് എം.റ്റി.എൽ.പി.എസ് | 07 |
| മണ്ണാറത്തറ എൻ.എം.എൽ.പി.എസ് | 17 |
| ഊട്ടുപാറ എൻ.എം.എൽ.പി.എസ് | 15 |
| പുല്ലംമ്പള്ളി എൻ.എം.എൽ.പി.എസ് | 14 |
| ആകെ | 460 |

മുസ്ളീം സ്കോളർഷിപ്പ് ലഭിക്കുന്ന മുസ്ളിം കുട്ടികൾ - 21.

## സാങ്കേതിക വിദ്യാഭ്യാസം

1. മേനാം തോട്ടം ഹോസ്പിറ്റലിൽ (ക്നായ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ) മാനേജുമെൻറിൽ 1994 മുതൽ കേരളാ ഗവ: നേഴ്സിംഗ് കൗൺസിൽ, ഇൻഡ്യൻ നേഴ്സസ്സ് കൗൺസിൽ എന്നിവയുടെ അംഗീകാരമുള്ള ത്രിവൽസര ജനറൽ നേഴ്സിംഗ് വിദ്യാലയം പ്രവർത്തിച്ചു വരുന്നു.

കൂടാതെ മാർത്തോമ്മാ മെഡിക്കൽ മിഷൻ സെൻററിൽ ഒരു വർഷ ഹോം നേഴസിംഗ് കോഴ്സും, പി.ജെ.റ്റി.യിലും മറ്റുമായി നേഴ്സിംഗ്, ലാബോർട്ടറി കോഴ്സുകളും അനൗപചാരികമായി നടത്തുന്നുണ്ട്. ആശുപത്രികളിലും, ക്ലിനിക്കുകളിലും ഹെൽപേഴ്സായി ജോലി സമ്പാദിക്കുന്നതിന് അനേകം യുവതികൾക്ക് ഈ പരിശീലനം സഹായിക്കുന്നു.

ഗവ: അംഗീകാരമുള്ള കൂടുതൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ അടിയന്തിരമായി അനുവ

ദിക്കേണ്ടതാണ്.

2. മരപ്പണി, ഇരുമ്പുപണി, മോട്ടോർ വൈൻഡിംഗ് ആദിയായ പല വർക്ക്ഷോപ്പുകൾ പഞ്ചായത്തിലുണ്ട്. എങ്കിലും തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പഞ്ചായത്തിലില്ലാ എന്നുള്ളത് ഖേദകരം തന്നെ. നിലവിലുള്ള രണ്ട് ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി ക്ളാസ്സുകൾ ആരംഭിക്കുന്നതിനും, വ്യത്യസ്ഥങ്ങളായ മൂന്ന് വീതം കുറഞ്ഞത് ആറ് തൊഴിലധിഷ്ഠിത കോഴ്സ് ഏർപ്പെടുത്തുന്നതും ആവശ്യമാണ്. പഞ്ചായത്തിൻെറ കുറഞ്ഞത് 3 സ്ഥാനങ്ങളിൽ എങ്കിലും കുടിൽ വ്യവസായ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

## അംഗൻവാടി, ബാലവാടി, സ്ഥാപനങ്ങൾ

സ്ഥലസൗകര്യങ്ങളും സർക്കാർ സഹായങ്ങളും ലഭ്യമാകുന്നതിനനുസരിച്ച് പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഓരോ അംഗൻവാഡികൾ ആരംഭിക്കാവുന്നതാണ്

കേന്ദ്രവിദ്യാഭ്യാസ ബോർഡിൻെറ അംഗീകാരമുള്ള ഒരു പ്രൈവറ്റ് വിദ്യാലയം സിറ്റഡൽ (Citadel) എച്ച്. എസ്. എസ്. എന്ന പേരിൽ 1992 മുതൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 3 ഏക്കർ സ്ഥലവും ആവശ്യമായ കെട്ടിടങ്ങളും സ്വന്തമായ വാഹനവും ഈ സ്കൂളിനുണ്ട്.

### പട്ടിക 4

| സിറ്റഡൽ എച്ച് എസ്.എസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെകുട്ടികൾ |
|---|---|---|---|
| ഹൈസ്കൂൾ വിഭാഗം | 115 | 114 | |
| പ്രൈമറി വിഭാഗം | 80 | 72 | |
| പ്രീപ്രൈമറി വിഭാഗം | 41 | 39 | |
| ആകെകുട്ടികൾ | 236 | 225 | 461 |

രണ്ട് അദ്ധ്യാപകരും 12 അദ്ധ്യാപികമാരും ഈ സ്കൂളിൽ ജോലി ചെയ്യുന്നുണ്ട്.

ഗവൺമെൻറിൻെറ പ്രത്യേക അനുമതി മാത്രവും ധനസഹായം ഇല്ലാതെയും പി.റ്റി.എ യുടെ ആഭിമുഖ്യത്തിൽ വരവൂർ യു. പി. സ്കൂളിനോടു ചേർന്ന് നേഴ്സറി സ്ക്കൂൾ പ്രവർത്തിക്കുന്നു. സ്ക്കൂൾകെട്ടിടത്തിന് ആവശ്യമായ തുക സംഭാവന നല്കിയ സ്കറിയാ ഏബ്രഹിമിന് (അകത്തോട്ട്) ഈ അവസരത്തിൽ സ്മരിക്കുന്നു പുല്ലംപള്ളി എം. റ്റി,. എൽ. പി. സ്കൂൾ, പുല്ലൂപ്രം ഗവ: എൽ. പി. സ്കൂൾ മുതലായവയോട് ചേർത്തും പ്രീപ്രൈമറി ക്ളാസ്സുകൾ നടത്തുന്നുണ്ട്

### പട്ടിക 5

| സ്കൂളിൻെറ പേര് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | അദ്ധ്യാപിക |
|---|---|---|---|---|
| വരവൂർ | 9 | 6 | 15 | 5 |
| പുല്ലമ്പള്ളി | 3 | 2 | 5 | |
| പുല്ലൂപ്രം | 10 | 15 | 25 | 3 |

ഇവ കൂടാതെ 6 വിദ്യാലയങ്ങൾ അനൗപചാരികമായി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയ്ക്ക് സർക്കാരിന്റെയോ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ അംഗീകാരമോ, മേൽനോട്ടമോ, നിയന്ത്രണമോ ഇല്ല. ഈ സ്കൂളുകളിൽ മൊത്തമായി 23 അദ്ധ്യാപികമാരും 396 കുട്ടികളുമുണ്ട്

1. എബനേസ്സർ പ്രൈമറി & നേഴ്സറി കുട്ടികൾ 78 അദ്ധ്യാപകർ 7

2. ഹോളിക്രോസ് എൽ. പി. സ്കൂൾ കുട്ടികൾ 78 അദ്ധ്യാപകർ 7

3. സെന്റ് ത്രേസിയാസ് എൽ. പി. സ്കൂൾ (മലയാളം) എൽ.കെ. ജി., യു.കെ.ജി. പ്രൈമറി 1-4 കുട്ടികൾ 253 അദ്ധ്യാപകർ 7

4. ഗൾഫ് ഇൻഡ്യൻ സ്കൂൾ പൂവൻമല കുട്ടികൾ 37 അദ്ധ്യാപകർ 3

5. സെന്റ് തോമസ് എൽ. പി. സ്കൂൾ വലിയകാവ് കുട്ടികൾ 37 അദ്ധ്യാപകർ 3

6. ശാന്തിനികേതൻ നേഴ്സറി കരിങ്കുറ്റി കുട്ടികൾ 25 അദ്ധ്യാപകർ 1

## പരിഹാരബോധനക്രമീകരണം

## അദ്ധ്യാപനഗവേഷണപദ്ധതി

ഭാഷാവിഷയങ്ങളിൽ പ്രത്യേകിച്ച് മാതൃഭാഷയിൽ കുട്ടികൾക്ക് അക്ഷരബോധം, ലിപിപരിശീലനം, കുട്ടിവായന, രചനാചാതുര്യം, ഭാഷാവ്യാകരണം എന്നിത്യാദികളിൽ അടിസ്ഥാന അറിവ് കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്.

ഇംഗ്ലീഷ് ഭാഷ ലോകമുഖ്യഭാഷയായതോടെ പ്രസ്തുത ഭാഷാപഠനവും കാര്യക്ഷമമാക്കാതെ തരമില്ല. കൂടാതെ ഓരോ വിഷയത്തിലും ശാസ്ത്രീയജ്ഞാനവും പ്രൈമറിതലം മുതൽ ഉറപ്പിച്ച് കൊണ്ടുവരേണ്ടതും അത്യാവശ്യമാണ്. പല പശ്ചാത്തലത്തിൽ നിന്നും വിവിധ കഴിവുകളും അഭിരുചി വ്യത്യാസത്തിലും പെട്ട കുട്ടികളെ സാധാരണ ക്ലാസ്സ് ബോധനം കൊണ്ടു മാത്രം കുറവ് പരിഹരിച്ച് വളർത്തുന്നതും അസാദ്ധ്യമാകുന്നു. ഓരോ സ്റ്റാൻേർഡിലും ശരിയായ പരിശോധനയിലൂടെ പോരായ്മകൾ കണ്ടുപിടിച്ച് പരിഹാരബോധന ക്ലാസ്സുകൾ ഉണ്ടാകേണ്ടതാണ്. റിട്ടയാർഡ് അദ്ധ്യാപകരിൽ നിന്നും കൂടി യോഗ്യരായവരെ തിരഞ്ഞെടുത്ത് വേതനം നിർണ്ണയിച്ച് ട്യൂഷൻ ഏർപ്പെടുത്തുന്നതും നല്ലതാണ്. കംപ്യൂട്ടർ, കാൽകുലേറ്റർ ഉപയോഗവും ഗണിതശാസ്ത്ര ചതുഷ്ക്രിയാപഠനവും വളർത്താതെ തരമില്ല.

ആധുനികമായ ചാർട്ടുകൾ, ബോധനോപകരണങ്ങൾ പ്രൈമറി ക്ലാസ്സുകൾ മുതൽ ഉപയോഗത്തിന് നൽകേണ്ടതാണ്. ശാസ്ത്രവിജ്ഞാനവും ബോധനാരീതികളും അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അദ്ധ്യാപകരും കാലാനുസൃതം അറിവ് വർദ്ധിപ്പിച്ച് ബോധന നവീകരണം പ്രായോഗികമാക്കണം. ആയതിന് അദ്ധ്യാപകർക്ക് റിഫ്രഷൻ കോഴ്സുകൾ, കോൺഫ്രൻസുകൾ, വർക്ക്ഷോപ്പുകൾ ഇവയും ക്രമമായി നടത്തേണ്ടതാണ്

## മന്ദബുദ്ധികളായ വിദ്യാർത്ഥികൾ

മന്ദബുദ്ധികളായ കുട്ടികളെ സാധാരണ സ്കൂളിൽ നിന്നും വേർപെടുത്തി സാങ്കേതിക സൗകര്യങ്ങൾ ഉള്ള പ്രത്യേക സ്ഥാപനങ്ങളിലാക്കി പരിശീലിപ്പിക്കുകയാണ് കരണീയം. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പ്രസ്തുതവിഭാഗം കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതായിട്ടുണ്ട്.

## പട്ടികവർഗ്ഗം - പിന്നോക്കവിഭാഗങ്ങൾ - ദളിത് വിഭാഗം

സാമ്പത്തിക - സാംസ്കാരിക കാരണങ്ങളാൽ പട്ടികവർഗ്ഗത്തിലും പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവരുമായ അനേകം ബാലപ്രതിഭകൾ വാടികരിഞ്ഞ് കൊഴിഞ്ഞു പോകുന്നുണ്ട്. പഞ്ചായത്ത് നേതൃത്വത്തിൽ അപ്രകാരമുള്ള കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ക്രമീകരിച്ച്, താമസം, ഭക്ഷണം, പുറമെ പഠനസൗകര്യങ്ങളും പരിശീലനസൗകര്യങ്ങളും നൽകി പഠിപ്പിക്കേണ്ടതാണ്.

## സ്കൂളുകൾക്കുള്ള ഭൗതികസൗകര്യങ്ങൾ

1. ഫർണിച്ചർ, ബോധനോപകരണങ്ങൾ ഇവ കാലോചിതമായവ എല്ലാ പ്രൈമറി വിദ്യാലയങ്ങൾക്കും, പഞ്ചായത്തും, മാനേജ്മെന്റ്, ഗവൺമെന്റ് സഹകരണങ്ങളിൽ ലഭ്യമാക്കണം.

2. പരിമിതമായെങ്കിലും കളിസ്ഥലങ്ങളും ഉപകരണങ്ങളും പ്രൈമറിതലം മുതൽ ഏർപ്പെടുത്തുന്നതിൽ മേൽപ്പറഞ്ഞ എല്ലാ ഏജൻസികളും ശ്രദ്ധിക്കണം.

## 3. മൂത്രപ്പുര, ടോയ്‌ലറ്റ്, അടുക്കള, സ്റ്റോർ.

ഓരോ വിദ്യാലയത്തിനും അദ്ധ്യാപക-വിദ്യാർത്ഥി അംഗസംഖ്യയ്ക്ക് അനുസൃതമായി ഈ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതും. അവ പൊതുജന സഹകരണത്തോടെ നടപ്പാക്കേണ്ടതുമാണ്.

## വൈദ്യുതി - കുടിനീർ ലഭ്യത

എല്ലാ വിദ്യാലയങ്ങളിലും വൈദ്യുതിസൗകര്യം, കുടിനീർ ലഭ്യതയും അനിവാര്യമാണ്. പ്രൊജക്ടർ, ടേപ്പ് റെക്കോർഡർ,

ടെലിവിഷൻ, റേഡിയോ തുടങ്ങിയവ സ്കൂളിന് ഉണ്ടായിരിക്കണം.

**ഫസ്റ്റ്എയ്ഡ്ബോക്സ്**

വിദ്യാലയങ്ങളിൽ ഫസ്റ്റ്എയ്ഡ്ബോക്സും ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും സൂക്ഷിക്കേണ്ടതാണ്.

ഭൗതീക സൗകര്യങ്ങൾ നേടുന്നതിന് അതാത് കാര്യത്തിൽ വ്യക്തമായ പ്രോജക്ട് തയ്യാറാക്കി നടപടികൾ സ്വീകരിക്കണം.



**സ്കൂൾ കോംപ്ളക്സ്**

ഓരോ ഹൈസ്കൂളും ലീഡർസ്കൂളായും സമീപത്തുള്ള യു.പി.എൽ.പി. സ്കൂളുകൾ ഫീഡർസ്കൂളുകളായും സംഘടിപ്പിച്ച് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ സ്കൂൾ കോംപ്ളക്സ് എന്ന ഘടന സജീവമായി പ്രവർത്തിക്കേണ്ടത് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അനിവാര്യമാണ്. ഓരോ വിഷയത്തിനും ഹൈസ്കൂളിലെ ഓരോ അദ്ധ്യാപകനെ റിസോഴ്സ് പേഴ്സനായി പരിശീലിപ്പിച്ച് ഫീഡർ സ്കൂളുമായും അതിലെ അദ്ധ്യാപകരുമായും സജീവബന്ധത്തിൽ പ്രവർത്തിക്കേണ്ടതും അനിവാര്യമാണ

ലീഡർ സ്കൂൾ ലൈബ്രറി, ലബോറട്ടറി, കളിസ്ഥലം ഇവയുടെ ഉപയോഗവും ഫീഡർസ്കൂളുകൾക്കും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

**ഭൗതീക സാഹചര്യങ്ങൾ**

വാർഷീക പരിപാടികൾ, പ്രത്യേകദേശീയ ദിനാചരണങ്ങൾ, കോൺഫ്രൻസുകൾ, സെമിനാറുകൾ, സ്പോർട്ട്സ് , ഗെയിംസ് ആദിയായവ സ്കൂൾ കോംപ്ളക്സുകളുടെ ഏകോപനസംരംഭങ്ങളുടേയും ഐക്യപ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

**1. എബനേസ്സർ ഹൈസ്കൂൾ - ലീഡ് സ്കൂൾ**

1. കരിങ്കുറ്റി സെൻറ് തോമസ് യു.പി. സ്കൂൾ
2. ഊട്ടുപാറ എൻ. എം. എൽ. പി. സ്കൂൾ
3. ഏഴോലി എം. റ്റി. എൽ. പി. സ്കൂൾ
4.വളകൊടിക്കാവ് എം.റ്റി.എൽ.പി. സ്കൂൾ
.5. കടവുപുഴ എം.റ്റി. എൽ. പി. സ്കൂൾ
6.മണ്ണാറത്തറ എൻ.എം. എൽ.പി. സ്കൂൾ

**2. പി.സി. ഹൈസ്കൂൾ - ലീഡ്സ്കൂൾ**

1. വരവൂർ ഗവ: യു.പി. സ്കൂൾ
2. പുല്ലൂഗ്രം ഗവ: എൽ. പി. സ്കൂൾ
3. പൂവൻമല എം.റ്റി. എൽ. പി. സ്കൂൾ
4. പുല്ലമ്പള്ളി എം.റ്റി. എൽ. പി. സ്കൂൾ

പേരൻറ്- ടീച്ചേഴ്സ് അസ്സോസിയേഷൻ (P.T.A) സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും നിർബന്ധമാക്കിയിരിക്കുന്ന സംഘടനയാണ് പി.റ്റി. എ.രക്ഷകർത്താക്കളുടേയും അദ്ധ്യാപകരുടേയും സജീവസഹകരണമാണ് വിദ്യാഭ്യാസപ്രവർത്തനത്തിൻെറ ശക്തമായ അടിത്തറ. പാഠ്യവിഷയങ്ങൾക്കൊപ്പം പാഠ്യേതര വിഷയങ്ങളിലും പി.റ്റി. .എ .ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ആണ്ടാരംഭത്തിൽ രൂപീകരിക്കുന്ന പി.റ്റി. എ കമ്മിറ്റി, വിദ്യാഭ്യാസപരമായ സ്ഥലത്തെ ആവശ്യങ്ങളും പ്രശ്നങ്ങളും ഉന്നയിക്കുന്ന ഉത്തരവാദപ്പെട്ട അടിസ്ഥാനപഞ്ചായത്ത് ഘടകമായി ഓരോ സ്കൂളിൻേറയും പി.റ്റി.എ പ്രവർത്തിക്കേണ്ടതാണ്.

**പരിഹാരങ്ങൾ:-**

1. അപൂർവ്വം ചില വിദ്യാലയങ്ങളിൽ ഇപ്പോഴും നിലവിലിരിക്കുന്ന ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുക. ആവശ്യമായ അദ്ധ്യാപകനിയമനം നടത്തുക.

2. എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും സ്വീപ്പർ കംകുക്ക് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുക.

3. ലോവർ പ്രൈമറി സ്കൂളുകളോട് ചേർന്ന് പ്രീപ്രൈമറി നേഴ്സറി ക്ളാസ്സുകൾ അനുവദിച്ച് കാലാനുസൃതമായ നിലവാരത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നേടുക.

4. പ്രൈമറി വിഭാഗം മുതൽ കലാ-കായീക വിദ്യാഭ്യാസം ആവശ്യമായ സിലബസ്പരിഷ്കരണത്തോടെ നടപ്പാക്കുകയും, അതിനുള്ള അദ്ധ്യാപക നിയമനവും നടത്തുക.

5.സ്കൂൾ പരിശോധന സംവിധാനം മെച്ചപ്പെടുത്തി പരിശോധനയും വിലയിരുത്തലും കാര്യക്ഷമമാക്കുക.

**വിദ്യാഭ്യാസപ്രവർത്തനത്തിൻെറ**

## പട്ടിക - 6

| നമ്പർ | സ്കൂളിൻെറ പേര് | സ്ഥലത്തിൻെറ വിസ്തീർണ്ണം | കളിസ്ഥലം | മൂത്രപ്പുര | കക്കൂസ് | വൈദ്യുതി | കുടിവെള്ളം | ആവശ്യംവേണ്ടത് |
|---|---|---|---|---|---|---|---|---|
| 1 | പി.സി. ഹൈസ്ക്കൂൾ | 2/3 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ചുറ്റുമതിലും ഗേറ്റും കളിസ്ഥലം വികസിപ്പിക്കുക |
| 2 | എബനേസർ ഹൈസ്ക്കൂൾ | 3 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ചുറ്റുമതിലും ഗേറ്റും കളിസ്ഥലം വികസിപ്പിക്കുക |
| 3 | വരവൂർ യു.പി | 1.5 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ചുറ്റുമതിൽ, കക്കൂസ് |
| 4 | സെൻറ്തോമസ് യു.പി | 70 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | കക്കൂസ്, വൈദ്യുതികകുടിവെള്ളം, ചുറ്റുമതിൽ |
| 5 | ജി.എൽ.പി. പുല്ലൂപ്രം | 13.5 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ചുറ്റുമതിൽ, കുടിവെള്ളം, കളിസ്ഥലം |
| 6 | എം.റ്റി.എൽ.പി. സ്കൂൾ പൂവൻമല | 50 സെൻറ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ചുറ്റുമതി, കക്കൂസ്, |
| 7 | എം.റ്റി.എൽ.പി. സ്കൂൾ പുല്ലംപള്ളി | 15 സെൻറ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ചുറ്റുമതിൽ, കക്കൂസ്, വൈദ്യുതി |
| 8 | എം.റ്റി.എൽ.പി. സ്കൂൾ വളമടികാവ് | 50 സെൻറ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ചുറ്റുമതിൽ, കക്കൂസ്, വൈദ്യുതി, മൂത്രപ്പുര |
| 9 | ഇ.എം.എൽ.പി ഏഴോലി | 65 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ചുറ്റുമതിൽ, കക്കൂസ്, വൈദ്യുതി, കുടിവെള്ളം |
| 10 | എൽ.റ്റി.എൽ.പി. കടവുപുഴ | 50 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ചുറ്റുമതിൽ, കക്കൂസ്, വൈദ്യുതി, |
| 11 | എൽ.എം.എൽ.പി.മണ്ണാറത്തറ | 50 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | കളിസ്ഥലം വികസിപ്പിക്കണം |
| 12 | എൽ.എം.എൽ.പി ഊട്ടുപാറ | 25 സെൻറ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ചുറ്റുമതിൽ, കക്കൂസ്, വൈദ്യുതി, കുടിവെള്ളം, കളിസ്ഥലം |

## സാമ്പത്തികകാര്യങ്ങൾ

1.ഗവൺമെൻറ് മറ്റ് സ്ഥാപനങ്ങളും നൽകുന്ന പ്രത്യേക ഗ്രാൻറ്.
2. പഞ്ചായത്ത് ഫണ്ടിലെ വിദ്യാഭ്യാസ പ്രവർത്തന വിഹിതം.
3. സ്കൂൾ മാനേജ്മെൻറ് വിഹിതം. (പ്രൈവറ്റ് മാനേജ്മെൻറ്)
4. പി. റ്റി. എ സംഭാവന.
5. മറ്റ് സാമൂഹ്യവും മതപരവും പ്രാദേശീക സംഘടനകളുടേയും സംഭാവനകൾ
6. അനുവദനീയമായ മറ്റ് ധനശേഖരങ്ങൾ.

## ചെലവുകൾ

1. നിർദ്ദിഷ്ഠ ഗ്രാൻറ് വിതരണം.
2. സ്കൂൾ ഭൗതീക - അക്കാദമിക് ആവശ്യങ്ങൾക്ക്
3. സാങ്കേതീക പരിശീലന കേന്ദ്രങ്ങൾക്ക്
4. അംഗൻവാടികൾക്ക്
5. സ്പോർട്ട്സ് - ഗയിംസ് - കലാമത്സരം.
6. സ്കൂൾ - കോംപ്ളക്സ് - പഞ്ചായത്ത് ഗ്രാൻറ്
7. പഞ്ചായത്ത് വിദ്യാഭ്യാസസമിതിക്ക് ഗ്രാൻറ്
8. ഉച്ചഭക്ഷണ വിതരണം സംബന്ധിച്ച്
9. മറ്റ് അത്യാവശ്യകാര്യങ്ങൾക്ക്.

അദ്ധ്യാപകർ സ്വഭാവത്തിലും പെരുമാറ്റത്തിലും കർത്തവ്യനിവവ്വഹത്തിൽ സമൂഹത്തിന് പൊതുവെയും ശിഷ്യഗണങ്ങൾക്ക് പ്രത്യേകിച്ചും മാതൃകയായിരിക്കണം. ബോധന നിർവ്വഹണം വേതന ലഭ്യതയ്ക്ക് ആനുപാതികംകക്കരുത്. വിദ്യാലയമോ വിദ്യാർത്ഥികളോ കക്ഷി രാഷ്ട്രീയത്തിന് അതീതവും ദേശീയ ചിന്തകളുടെ തവാരണയുമായിരിക്കുകയല്ലാതെ പാർട്ടികളുടെ ചട്ടുകങ്ങളോ കക്ഷി രാഷ്ട്രീയപ്രസരണത്താൽ വലയം ചെയ്യപ്പെടുകയോ അരുത്. കാലചക്രത്തിൻെറ ആവർത്തിച്ചുള്ള കറക്കത്തിൽ കടമകളെ വിസ്മരിച്ചുകൊണ്ട് അവകാശങ്ങൾക്ക് വേണ്ടി വാദിക്കുന്ന ഈ കാലഘട്ടത്തിൻെറ കിരാതമായ ഒരു പ്രവർത്തനമേഖലയാണോ വിദ്യാഭ്യാസരംഗം എന്ന് നാം ചിന്തിച്ചുപോകുന്നത് കുറ്റമല്ലല്ലോ വെറുതേ ജോലി തീർക്കുന്നതിനുവേണ്ടി പഠിപ്പിക്കുന്നതും അവ വിജയത്തിനു നാന്ദികുറിക്കുന്ന ഉപാധിയായി വിദ്യാഭ്യാസമേഖലയെ അധ:പതനത്തിൻെറ വക്കിൽ നിന്നും കരകയറ്റാനുള്ള അങ്ങാടി പഞ്ചായത്തിൻെറ തീവ്രയത്നത്തിൽ അങ്ങാടി പഞ്ചായത്തിലെ, ജനങ്ങളോടൊപ്പം സർക്കാരിൻെറ ഭാഗത്തു നിന്നും വിഹിതമായ എല്ലാം..............................പ്രതീക്ഷിക്കുന്നു.





# കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യമുള്ള ഒരു ജനതയാണ് രാജ്യത്തിന്റെ സമ്പത്ത്. ആരോഗ്യസംരക്ഷണത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകങ്ങളിലൊന്നാണ് ശുദ്ധജലം.

കുന്നുകൾ, മലകൾ, താഴ്‌വരകൾ, തോടുകൾ, നദി,എന്നിവകളാൽ പ്രകൃതിസുന്ദരമായ റാന്നി- അങ്ങാടി ഗ്രാമത്തിൽ ഒരുകാലത്ത്ജനവാസം കുറവായിരുന്നു. അന്ന്ആളുകൾ അധികവും നദീതീരത്തോതോട്ടു തീരത്തോ,താഴ്‌വര പ്രദേശങ്ങളിലോ താമസിച്ചിരുന്നതിനാലായിരിക്കാം അന്ന്കുടി വെള്ളം ഒരുപ്രശ്നമായി അനുഭവപ്പെട്ടിരുന്നില്ല. അന്നുള്ള കിണറുകളിലും വെള്ളം ധാരാളമുണ്ടായിരുന്നു. എന്നാൽ ജനസംഖ്യ വർദ്ധിക്കുകയും, പല പ്രദേശങ്ങളിൽ നിന്നും ആളുകൾ അങ്ങാടിയിലേക്കു കുടിയേറി പാർക്കുകയും ചെയ്തതിന്റെ ഫലമായി ഗ്രാമത്തിന്റെ ഉൾഭാഗത്തുള്ള കുന്നുകളും, മലകളും എല്ലാം ജനവാസകേന്ദ്രമായി. അതോടൊപ്പം കന്നുകാലി സമ്പത്തും വർദ്ധിച്ചു ജലത്തിന്റെ ആവശ്യകത വർദ്ധിച്ചു എന്നാൽ ആവശ്യത്തിനുള്ള ജല ലഭ്യത ക്രമേണ കുറഞ്ഞുകൊണ്ടിരുന്ന കിണറുകളിലെ വെള്ളവും കുറഞ്ഞു കൊണ്ടിരുന്നു. അങ്ങാടിയെ സംബന്ധിച്ചിടത്തോളം ആറുമാസത്തിലധികം വെള്ളം കിട്ടുന്ന കിണറുകൾ വളരെ കുറവാണ്. വേനൽക്കാലത്ത് കുടിവെള്ളത്തിനായി കിലോമീറ്ററുകൾ താണ്ടേണ്ട സ്ഥിതിയായി. നദീതീരങ്ങളിലെ കിണറുകളിൽ പോലും വെള്ളമില്ലാത്ത നിലയായി. ശുദ്ധജല ദൗർലഭ്യം പലപ്പോഴും രോഗങ്ങൾക്കും, പകർച്ചവ്യാധികൾക്കും കാരണമായിത്തീർന്നിട്ടുമുണ്ട്.

1953 മുതലുള്ള പഞ്ചായത്തു സമിതികൾ അങ്ങാടി ഗ്രാമത്തിലെ കുടിനീർ ക്ഷാമം പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിച്ചതായി കുണുന്നുണ്ട്. ആകാലത്ത്ഗ്രാമത്തിന്റെപല ഭാഗങ്ങളിലും പൊതു കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്. 1976 നു ശേഷമാണ്അങ്ങാടി ശുദ്ധജല വിതരണ പദ്ധതിക്കു രൂപം കൊണ്ടത്. പഞ്ചായത്തിൽ നിന്നു നാലിൽ ഒന്നു ചെലവും, വാർഷിക മെയിൻറനൻസും നടത്തിക്കൊള്ളാമെന്നുമുള്ള ഉറപ്പിൻമേൽ പി.എച്ച്.ഇ.ഡി. പത്തുലക്ഷം രൂപയുടെ എസ്റ്റിമേറ്റു തയ്യാറാക്കി ടെണ്ടർ ചെയ്തു പണികൾ ആരംഭിച്ചു.

പദ്ധതി. ഃ പമ്പയാറിൽ തീരത്തുള്ള കാവൽ സ്ഥലത്തു കിണറു കുഴിക്കുക. അവിടെ നിന്നു വെള്ളം പമ്പു ചെയ്തു മേനാംതോട്ടം ആശുപത്രിക്ക്അടുത്ത്ലവൽടാങ്ക്കെട്ടി ശേഖരിക്കുക. അവിടെ നിന്നു കരിങ്കുറ്റിയിൽ ബൂസ്റ്റർ പമ്പു സ്റ്റേഷനിൽ കൊണ്ടുവരിക. അവിടെ നിന്നു പമ്പു ചെയ്ത് കരിങ്കുറ്റി മലയിൽ ഹൈലവൽ ടാങ്കിൽ ശേഖരിച്ച്‌വിതരണം നടത്തുകഃ. ഇതാണു നടപ്പാക്കേണ്ട പദ്ധതി പൈപ്പിന്റെ പണി അങ്ങിങ്ങായി ആരംഭിച്ചെങ്കിലും, കിണർ കുഴിക്കുന്നതിനും, ടാങ്കുകൾ കെട്ടുന്നിനും, പമ്പു സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥാനങ്ങളിൽ ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പണി പൂർണ്ണമായി തടസപ്പെട്ടു. 1979 ൽ രൂപം കൊണ്ടു പഞ്ചായത്തു സമിതി കുടിനീർ ക്ഷാമം പരിഹരിക്കുന്നതിനു മുൻഗണന നൽകി പ്രവർത്തിച്ചതിന്റെ ഫലമായി കാര്യമായ പുരോഗതി ഈ രംഗത്തു കൈവരിക്കാൻ സാധിച്ചു. അതിനും വർഷങ്ങൾ നൽളേണ്ടി വന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. കിണർ കുഴിക്കുന്നതിനും, പമ്പ്ഹൗസ്സ്ഥാപിക്കുന്നതിനുമിള്ളഃ കാവൽ സ്ഥലംഃ ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറിൽ നിന്നും പി.എച്ച്. ഇ.ഡിക്കു കൈമാറി. അന്ന് മേനാം തോട്ടം ആശുപത്രി ഭരണ ചുമതല നിർവ്വഹിച്ചിരുന്നത് പരേതനായ, പഴവങ്ങാടി മുണ്ടുകോട്ടയ്ക്കൽ ശ്രീ. എം. കെ. സ്റ്റീഫനായിരുന്നു (സ്നേഹാച്ചൻ) അദ്ദേഹത്തിന് അങ്ങാടി വാട്ടർ സപ്ലൈ സ്കീമിന് ടാങ്കു നിർമ്മിക്കാനുള്ള സ്ഥലം ആശുപത്രിക്കടുത്ത് സൗജന്യമായി നൽകിയത്. അദ്ദേഹത്തെ ഇത്തരുണത്തിൽ നന്ദിയോ ഓർക്കുന്നബാക്കി സ്ഥലങ്ങൾ പഞ്ചായത്തു വിലക്ക്‌വാങ്ങി പി.എച്ച. ഇ. ഡി. ക്കു നൽകി.

1983-ൽ ഉണ്ടായ വരൾച്ചയൊടനുബന്ധിച്ച്, അങ്ങാടി ഗ്രാമ പഞ്ചായത്തിലെ 7-ാം വാർഡിലുള്ള ഏഴോലി വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചു കൊണ്ട് ഏഴോലി വാട്ടർ സപ്ലൈസ്കീമിനു അനുമതി ലഭിച്ചു. പദ്ധതി. മേനാം തോട്ടം ആശുപത്രിക്കു സമീപമുള്ള ടാങ്കിൽ നിന്നും വെള്ളം, എബനേസർ സ്കൂളിനടുത്ത് ബൂസ്റ്റർ സ്റ്റേഷനിലെത്തിക്കുക, അവിടെ നിന്നും പമ്പുചെയ്ത് കൊളക്കുറ്റി ടാങ്കിലെത്തിച്ച വിതരണം നടത്തുക. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പഞ്ചായത്തു സഹായമില്ലാതെ ആവശ്യമായ സ്ഥാപങ്ങളിൽ സ്ഥലം വിലയ്ക്ക് വാങ്ങി പി.എച്ച്.ഇ.ഡി. നൽകുന്നതിൽ സഹായിച്ച ഏഴോലി നിവാസികളേയും പദ്ധതിയുടെ നടത്തിപ്പിന് പൂർണ്ണ നേതൃത്വം നൽകിയ ആർ.ടി.ഡി. ആർ.ഡി.ഒ. ശ്രീ. കെ. എ. ഇടിക്കുളയേയും, പഞ്ചായത്തു മെമ്പർ ശ്രീ. സി.എസ്. മത്തായിയേയും ഇത്തരുണത്തിൽ ന

ന്ദിയോട് ഓർക്കുന്നു. തുടർന്ന് എബനേസർ പമ്പ്ഹൗസിൽ നിന്നും പമ്പ് ചെയ്ത് തൃക്കോമലയുള്ള ടാങ്കുകളിൽ എത്തിച്ച് വിതരണം നടത്തുന്നു. തൃക്കോമല ഭാഗത്തു ടാങ്കുകൾക്ക് സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള ഏണ്ടിയേത്ത് ശ്രീ. പി.റ്റി. മാത്യൂവിനേയും നന്ദിയോട് ഓർക്കുന്നു. ഈ പദ്ധതി വികസിപ്പിച്ച് ഇപ്പോൾ വിലിയകാവിലും. വട്ടാർകയം വരെയും എത്തിയിട്ടുള്ളതാകുന്നു. അതിനു നേതൃത്വം നൽകിയ ശ്രീ. ജോർജ്ജി ഈട്ടിച്ചുവട്ടിലിനേയും നന്ദിയോട് ഓർക്കുന്നു.

ഈ പദ്ധതികളുടെ ഫലമായി അങ്ങാടി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഭാഗികമായി കുടിനീർ എത്തിയിട്ടുണ്ടെങ്കിലും, കുടിനീർ ക്ഷാമം രൂക്ഷമായി അനുഭവിക്കുന്ന നിരവധി ഭാഗങ്ങളിൽ ഇനിയും ശുദ്ധജലം എത്തേണ്ടിയിരുക്കുന്നു. ഇപ്പോളുള്ള പദ്ദതികളോടു ബന്ധപ്പെട്ടുകിടക്കുന്ന പലസ്ഥലങ്ങളിലും ഇന്നുവരെയും ശുദ്ധജലം എത്തിയിട്ടില്ലെന്നുള്ളത് ഖേദകരമാണ് ഉദാഹരണമായി, ഏഴോലി വാട്ടർ സപ്ലൈസ്കീമിനോട് തൊട്ടുകിടക്കുന്നതും അതിരൂക്ഷമായ കുടിനീർക്ഷരൂം ഉള്ളതുമായ പുതുവേൽ തടത്തിൽ ഇന്നുവരെയും പൈപ്പ്ലൈൻ ഇട്ടിട്ടില്ല. ഇങ്ങനെയുള്ള നിരവധി സ്ഥലങ്ങൾ ഉണ്ട്. അവിടെയെല്ലാം പൈപ്പ്ലൈൻ നീട്ടി പദ്ധതിയുടെ പൂർണ്ണ പ്രയോജനം കൈവരുത്തണം. അതുപോലെ വലിയകാവ് വട്ടാർ കയം മുതലായവ സ്ഥലങ്ങളിലേക്ക് പൈപ്പ് സ്ഥാപിച്ചിരിക്കുന്നതിലും അപാകതയുള്ളതായി പറയപ്പെട്ടുന്നു. ആയത് വേണ്ട രീതിയിൽ പുനസ്ഥാപിച്ചെങ്കിൽ മാത്രമേ ആ പ്രദേശത്തുള്ളവർക്ക് സുലഭമായി വെള്ളം ലഭിക്കുകയുള്ളു. ഇന്നു നടപ്പിലാക്കിയ പദ്ധതി മുഖേന വെള്ളം എത്താത്തതും അതേസമയത്ത് അതിരൂക്ഷമായ കുടിനീർക്ഷാമമുള്ളതുമായ നിരവധി സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ആ പ്രദേശത്തുള്ളവർ വേനൽക്കാലത്ത് ശുദ്ധജലത്തിനായി നെട്ടോട്ടമോടുകയാണ്. കിലോമീറ്ററുകൾ നടന്നാണ് അവർ വെള്ളം കൊണ്ടുവരുന്നത്. പഞ്ചായത്തിന്റെ ഒന്നും, രണ്ടും, മൂന്നും, വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഒരു ബൂസ്റ്റർ സ്റ്റേഷനും, ഏറ്റവും ഉയർന്ന പ്രദേശങ്ങളായ ചേലക്കാട്ടു തടം, പുറം പാറതടം, ഉന്നക്കാവു കോളനി ഇതിനെന്തെങ്കിലും പരിഹാരമുണ്ടാകുകയുള്ളു. ആയതിന് അടിയന്തിരശ്രദ്ധ പതിപ്പിക്കണം. അതുപോലെ അങ്ങാടി പഞ്ചായത്തിലെ, വരവൂർ കണയ്ക്കമൺ, ചെമ്പൻമുഖം, കരിങ്കുറ്റി, മണ്ണാറത്തറ എന്നീ ലക്ഷം വീട്ടു കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള സത്വര നടപടികൾ ആരംഭിക്കണം.

അങ്ങാടി വാട്ടർ സപ്ലൈസ്കീമിൽ നിന്നും ഇപ്പോൾ പഴവങ്ങാടി പഞ്ചായത്തിലേക്കും, കൊറ്റനാട്ടു പഞ്ചായത്തിലേക്കും വെള്ളം കൊണ്ടു പോകുന്നുണ്ട്. അതിൽ കൊറ്റനാട്ടു പഞ്ചായത്തിലേക്ക് കൊളക്കുറ്റി ടാങ്കിൽ നിന്നുമാണ് കൊണ്ടു പോകുന്നത്. കൊളക്കുറ്റി ടാങ്ക് കപ്പാസിറ്റി വളരെ കുറവുള്ളതായതിനാൽ ഏഴോലി പ്രദേശത്തുള്ളവർക്ക് ആവശ്യത്തിനു വെള്ളം ലഭിക്കുന്നില്ല. തന്നെയുമല്ല ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ മാത്രമേ കൊളക്കുറ്റി ടാങ്കിലേക്ക് വെള്ളം പമ്പുചെയ്യുന്നുള്ളൂ. എബനേസർ ബൂസ്റ്റർ സ്റ്റേഷനിൽ ഒരു പമ്പു കൂടി സ്ഥാപിച്ച് അവിടെ നിന്നും എല്ലാ ദിവസങ്ങളിലും, കൊളക്കുറ്റി ടാങ്കിലേക്കും, തൃക്കോമല ടാങ്കിലേക്കും വെള്ളം പമ്പു ചെയ്താൽ ഈ പ്രദേശങ്ങളിലെ നിവാസികൾക്ക് കുടിനീർക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

## ഗ്രാമസഭകളിൽ കൂടി ഉയർന്നു വന്നിട്ടുള്ള ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

### ഒന്നാം വാർഡ്

നിലവിലുള്ള പൈപ്പുലൈനിൽ നിന്നു മുളബള്ളി മാർത്തോമ്മാ പള്ളിപ്പടി റോഡിൽകൂടിയും കാലായിൽ പടി കൊച്ചൂ പറമ്പിൽ പടിറോഡിൽ കൂടിയും പൈപ്പ് ലൈൻ നീട്ടുക.

ചേലക്കാട്ടു തടത്തിൽ പുതുതായി ടാങ്ക നിർമ്മിച്ച് വെള്ളം ശേഖരിക്കുകയും അവിടെ നിന്നും മൊത്തം അഞ്ചു കിലോമീറ്റർ ദൂരത്തിൽ സപ്ലൈ ലൈൻ സ്ഥാപിക്കുകയും ചെയ്താൽ ഈ വാർഡിലെ കുടിനീർ ക്ഷാമം പരിഹരിക്കാൻ സാധിക്കും.

### രണ്ടാം വാർഡ്

ഈ വാർഡിലെ ഉയർന്ന പ്രദേശങ്ങളും അതിരൂക്ഷമായ ജലക്ഷമാമുള്ളതുമായ പ്രദേശമാണ്. വട്ടമലയുടെ കിക്കു ഭാഗം, ചിരട്ടോലി ഭാഗം, ഉന്നക്കാവു കോളനി ഭാഗം. ഈ ഭാഗങ്ങൾകൂടി വാട്ടർ സപ്ലൈസ്കീമിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടണം. രണ്ടാം വാർഡിന്റെ അയിരൂർ, കൊറ്റനാട്ട് എന്നീ പഞ്ചായത്തുകളുമായി അടുത്തുകിടക്കുന്ന സ്ഥലങ്ങളിൽ ആ പഞ്ചായത്തുകളുമായി യോജിച്ച് വാട്ടർ സപ്ലൈ പദ്ധതി രൂപീകരിക്കുന്നത് കൂടുതൽ പ്രയോജനമാണ്.

### മൂന്നാംവാർഡ്.

നിലവിലുള്ള പൈപ്പ്ലൈനിൽ നിന്നും പൈമാ.റോഡിൽ കുടിയും, താമരശേരിൽ പടി- ഐവേലിൽ പടിറോഡിൽ കൂടിയും പൈപ്പ് നീട്ടുന്നതിനു നടപടിയുണ്ടാകണം. ദേവാലയങ്ങൾ, സ്കൂളുകൾ, ലിങ്കുറോഡുകൾ, മുതലായവയോട് അനുബന്ധിച്ച് പൊതു ടാപ്പുകൾ സ്ഥാപിക്കണം. റാന്നി- വലിയ പള്ളിപ്പടിക്കൽ പൊതു ടാപ്പ് സ്ഥാപിക്കണം. പുല്ലൂപ്രം എൽ.പി.എസ്. കിണർ, വെങ്ങാലി വേലൂർ പുരയിടത്തിലെ കിണർ, പുല്ലൂപ്രം പോസ്റ്റാഫീസിനടുത്തുള്ള പൊതു കിണർ, മുതലായവയുടെ അറ്റകുറ്റപ്പണി നടത്തി വൃത്തിയാക്കുക.

## നാലാം വാർഡ്

നിലവിലുള്ള പൈപ്പ് ലൈൻ, ചെമ്പൻ മുഖം- വരാപ്പുഴ, മണ്ണിൽ പടി- ഊട്ടുപാറ, ശാസ്താം കോവിൽ പടി- മൂക്കൂട്ടുതറ, എന്നീ റോഡുകളിൽ കൂടി നീട്ടി ആപ്രദേശത്തുള്ളവരുടെ ശുദ്ധജലക്ഷാമം പരിഹരിക്കണം.

നെല്ലിക്കമൺ ഊട്ടുപാറ തടത്തിൽ താമസിക്കുന്ന പട്ടിക ജാതികാർക്ക്ശുദ്ധജലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## അഞ്ചാം വാർഡ്.

അതി രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന കരിങ്കുറ്റി തടം, കരിങ്കുറ്റി സ്കൂൾ എന്നീവടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

ശാസ്താം കോവിൽ പടി- വടക്കേക്കൂറ്റ്പടി- റോഡിൽ കൂടിയുംപൈപ്പ്ലൈൻ സ്ഥാപിക്കുക.

ഈ ഭാഗങ്ങളിലേക്കെല്ലാം നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും പൈപ്പ് ലൈൻ സ്ഥാപിച്ച് നീട്ടിയാൽ മതിയാകും.

കരിങ്കുറ്റിലക്ഷം വീട്ടു കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുക, കൂടുതെ അവിടെയുള്ള കിണർ അറ്റകുറ്റ പണി നടത്തി വൃത്തിയാക്കുക.

കരിങ്കുറ്റി വാട്ടർ ടാങ്കിനടുത്ത് കാവുങ്കൽ പടി മുതൽ- ബൂസ്റ്റിംഗ് സ്റ്റേഷനിലേക്കുള്ള ഇടവഴിയിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## ആറാംവാർഡ്

അറാംവാർഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായ സ്ഥലങ്ങളുടേയും, റോഡുകളുടേയും, ഇടവഴികളുടേയും ലിസ്റ്റ് ചുവടെ ചേർക്കുന്നു. പുതിയ പദ്ധതി ആവിഷ്കരിക്കാതെ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടിയാൽ ഈ പ്രദേശത്തെകൂടി വെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

നെല്ലിക്കമൺ- കണ്ടൻ പേരൂർ- മുളം ചുവട് ( റോഡ്)

പന്നിക്കാവ്- സ്നേഹപുരം- മേടയിൽ റോഡ്

നെല്ലിക്കമൺ- മാളിയേക്കൽ പടി റോഡ്

വളകൊടികാവ്- പുള്ളോലിവരെ റോഡ്

ചെട്ടിമുക്ക് - മാങ്കടവുമുതൽ ആയൂർവ്വേദാശുപത്രി സ്ഥലം വരെയുള്ള റോഡ്

കാച്ചാണത്തുപടി- നസ്രെത്ത്പള്ളിപ്പടി റോഡ്

വളകൊടികാവുകലുങ്കു മുതൽ മരോട്ടിപതാൽ തടം ഇടവഴി വഴി തോപ്പിൽ പടിവരെ (മലയോര പൈപ്പ്ലൈൻ).

നെല്ലിക്കമൺ- ഏഴോലി റോഡിൽ അരുവിക്കൽ പടിയിൽ നിന്നും മലയിലേക്ക്ഇടവഴി

വളകൊടികാവ്- അമ്പലത്തും കാവു റോഡിൽ ഇടവഴി

കൊച്ചു വേലുപടി മുതൽ മലയിലേക്ക്ഇടവഴി

പുള്ളോലി-വളകൊടികാവു റോഡിൽ ഇടവഴി

മാളിയേക്കൽ പടി കലുങ്കു മുതൽ മലയിലേക്ക് ഇടവഴി

കണ്ടൻ പേരൂർ മുതൽ - പുളിയോടിൽ പടിവരെ ഇടവഴി

കുമ്പനാട്ടു പടി മുതൽ- വെളിയത്തുപടി വരെ ഇടവഴി

കൂടാതെ മുള്ളം കുഴി തടത്തിലുള്ള കുഴൽ കിണർ നന്നാക്കേണ്ടിയിരിക്കുന്നു. തുരുമ്പ് ചേർന്ന വെള്ളമാണ് ഇപ്പോൾ കിട്ടുന്നത് ആയതിനാൽ പൈപ്പ് മ;റ്റി സ്ഥാപിക്കണം.

കൊളക്കുറ്റി ടാങ്ക്മാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിനു നടപടിയുണ്ടാകണം.

## ഏഴാം വാർഡ്

നിലവുലുള്ള പൈപ്പ് ലൈനിൽ നിന്നും താഴെ പറയുന്ന കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള സ്ഥലങ്ങളിൽ വെള്ളം ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. എബനേസർ സ്കൂൾ പടി- ഏഴോലി സ്കൂൾ പടി റോഡ്

എബനേസർ പടി- ചിറയിൽ പടി800 മീ.ദൂരം റോഡ്

അർന്നിയിൽ പടി - വടക്കെ മണ്ണിൽ പടി റോഡ്

പുള്ളോലി- കല്ലും കൂട്ടത്തിൽ പടി റോഡ്

കരിയംപ്ലാവ് - വടക്കത്തറ റോഡിൽ 500 മീ. റോഡ്

ഏഴോലിസ്കൂൾ പടി - വലിയകാലാ തടം - ഇടവഴി

കുടിലും പടി- ഏഴോലി - കൊളക്കുറ്റി റോഡിൽ നെടുവേലിൽ പടി മുതൽ വലിയ കാലാ പടിവരെ - ഇടവഴി

ഏഴോലി സ്കൂൾ പടി- മരോട്ടി പതാൽ- ഇടവഴി

## എട്ടാം വാർഡ്

കുടിവെള്ളക്ഷാമം ഈ വാർഡിൻെറ എല്ലാ ഭാഗത്തും അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശത്തുള്ള കിണറുകൾ എല്ലാം വേനൽക്കാലത്തു വറ്റിപ്പോകുന്ന വയാണ്. അങ്ങാടി ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായ എബനേസർ ബൂസ്റ്റർ സ്റ്റേഷനിൽ നിന്നുമാണ് തൃക്കോമല ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്തു കയറ്റുന്നത്. എന്നാൽ മണ്ണാറത്തറ പ്രദേശത്തു ലഭിക്കുന്നതുപോലെ വെള്ളം തൃക്കോമലയിൽ ലഭിക്കാൻ ബുദ്ധിമുട്ടാണ്. ഈ ജല വിതരണം കുറെകൂടി കാര്യക്ഷമമാക്കിയാൽ ഒരു പരിധിവരെ ജലദൗർലഭ്യം പരിഹരിക്കാൻ സാധിക്കും. തൃക്കോമല ടാങ്കിൽ നിന്നും പൈപ്പിൽ കൂടി പുറപ്പെടുന്ന വെള്ളം തൃക്കോമല കലുങ്കിൻെറ അടുത്തു വെച്ച് രണ്ടായി തിരിച്ച് ഒരു ഭാഗം താന്നുപോകുന്നതുപോലെ മണ്ണാറത്തറ ഭാഗത്തേക്കും, മറ്റെഭാഗം തൃക്കോമല ഭാഗത്തേക്കും വിട്ടാൽ രണ്ടു ഭാഗത്തും വെള്ളം കിട്ടുകയും ആ പ്രദേശങ്ങളിലും ജല ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നു

കരുതുന്നു. തൃക്കോമല കത്തോലിക്കാ പള്ളപ്പടി- മുസ്ളിംപള്ളിപ്പടി റോഡിൽ പകുതി ദൂരം വരെ ഇപ്പോൾ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ബാക്കി ഭാഗത്തുകൂടി പൈപ്പ് സ്ഥാപിച്ച് ആ പ്രദേശത്തുകൂടി കുടിനീർക്ഷാമം പരിഹരിക്കണം. മണ്ണാറത്തറ ലക്ഷം വീടുകോളനിയിലേക്ക് പൈപ്പ് ലൈൻ നിലവിലുള്ള ലൈനിൽ നിന്നും നിട്ടണം. എബനേസർ ബൂസ്റ്റർ സ്റ്റേഷനിൽ നിന്നും തൃക്കോമല ടാങ്കിലേക്ക് എല്ലാ ദിവസവും പമ്പു ചെയ്യാത്തക്കവണ്ണം ഒരു പമ്പുകൂടി ബൂസ്റ്റർ സ്റ്റേഷനിൽ സ്ഥാപിക്കണം. ചവറംപ്ലാവു പ്രദേശത്തുള്ളവർക്ക് ശുദ്ധജലം ലഭിക്കത്തവണ്ണം ആ പ്രദേശത്തേക്ക് പുതുതായി സപ്ലൈലൈൻ സ്ഥാപിക്കണം.

## വാർഡ് ഒൻപത്

കുടിനീർക്ഷാമം ഒരു പ്രശ്നമാണ് ഒൻപതാം വാർഡ്. വലിയകാവുരെയും അവിടെ നിന്നും വാട്ടാർകയം വരെയും പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും അനുഭവത്തിൽ പ്രതീക്ഷച്ചതുപോലെയുള്ള പ്രയോജനം ഉണ്ടായിട്ടില്ല. ചില ഭാഗങ്ങളിൽ വെള്ളം കിട്ടും, മറ്റു ചില ഭാഗങ്ങളിൽ കിട്ടാൻ പ്രയാസമാണ്. പൈപ്പ് സ്ഥാപിച്ചതിലുണ്ടായ അപാകതയാണിതിനു കാരണമെന്നു പറയപ്പെടുന്നു. ഇത് അടിയന്തിരമായി പരിഹരിക്കണം. കൂടാതെ കണക്ഷൻ എടുത്തിട്ടുള്ളവർ, അവരവരുടെ ഇഷ്ടപ്രകാരമുള്ള ടാങ്കുകളാണ് കെട്ടിയിട്ടുള്ളത്. ഒരു കൂട്ടർക്ക് ഇഷ്ടം പോലെ വെള്ളം ലഭിക്കുമ്പോൾ മറ്റുള്ളവർക്ക് ഒട്ടും ലഭിക്കാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ടാങ്കുകൾ നിരമ്മിക്കുന്ന അളവിൽ നിയന്ത്രണം ഉണ്ടാകണം. എല്ലാവർക്കും വെള്ളം ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം. നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി താഴെപറയുന്ന സ്ഥലങ്ങളിൽ കുടിനീർ കൊടുക്കുന്നതിനു നടപടികൾ സ്വീകരിക്കണം. കുരിശടി- വെണ്യപ്പാറ റോഡിൽ കുളത്തൂർ പടിമുതൽ കുരിശടി മുതിരക്കാലു പടി വരെ. ചന്ദനക്കുഴി- കുറ്റിയിൽ പടി റോഡിൽ - ചന്ദനക്കുഴിയിൽ നിന്നു പൈപ്പ് ലൈൻ നീട്ടണം. ചിറയ്ക്കൽപടി- തുളിമൺ- ചന്ദനക്കുഴി റോഡിൽ ചന്ദനക്കുഴിയിൽ നിന്നു പൈപ്പ് ലൈൻ നീട്ടണം.

മണ്ണാറത്തറ- വെണ്യപ്പാറ- വനം പട്ട റോഡിൽ വെണ്യപ്പാറ നിന്നും പൈപ്പ് ലൈൻ നീട്ടണം.

ചൂളകുന്ന്, തടത്തിമല, പട്ടയിൽപടി, വലിയകാവ് വടക്ക് വലിയകാവ് കിഴക്ക് എന്നീ ഉയർന്ന പ്രദേശങ്ങളിലുള്ളവരാണ്. ഏറ്റവുംകൂടുതൽ കുടിനീർക്ഷാമം അനുഭവിക്കുന്നത്. ഇവിടെയുള്ള കിണറുകളിൽ ആറുമാസതിൽ കൂടുതൽ വെള്ളം ലഭിക്കുന്നില്ല. ആയതിനാൽ മേൽപറഞ്ഞ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം. കുഴൽ കിണർ ഉണ്ടാകേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ വിപുലീകരിക്കുകയും കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന ഉറപ്പു വരുത്തുകയും വേണം.
2. 1,2,3, പഞ്ചായത്തു വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാൻ ആ ഭാഗത്തുള്ള ഏതെങ്കിലും സൗകര്യ പ്രദമായ സ്ഥാനത്ത് ബൂസ്റ്റർ സ്റ്റേഷൻ നിർമ്മിച്ചിട്ട്, മേനാംതോട്ടം ആശുപത്രിക്കടുത്തുള്ള ടാങ്കിൽ നിന്നും വെള്ളം അവിടെ എത്തിക്കുകു, ചേലക്കാട്ടുതടത്തിലൊ അതുപോലെ ഉയർന്ന സ്ഥലത്തൊ ടാങ്ക നിർമ്മിച്ച്, ആ ടാങ്കിലേക്ക വെള്ളം പമ്പു ചെയ്ത് വിതരണം നടത്തുക.
3. ഫലപ്രദമായയ സ്ഥങ്ങളിൽ പുതിയ കുഴൽ കിണറുകൾ സ്ഥാപിക്കുക.
4. വലിയകാവു പ്രദേശത്തുള്ള ഉയർന്ന ഭാഗങ്ങളിൽ വെള്ളം ലഭിക്കുന്നതിനായി ജല ലഭ്യതയുള്ള സ്ഥലത്ത് കുളം നിർമ്മിച്ച് അവിടെ നിന്നും പമ്പു ചെയ്ത് ഉയർന്ന ഭാഗങ്ങളിൽ ടാങ്ക് നിർമ്മിച്ച് അവിടെ എത്തിച്ച് വിതരണം നടത്തണം.
5. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ചും, വരമ്പുകളിട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കണം.



# ആരോഗ്യം

ആരോഗ്യ ദൃഢഗാത്രരായ ജന സമൂഹത്തെ വാർത്തെടുക്കുക യെന്നുള്ളത് ഒരു രാജ്യത്തിൻെറ പരമ പ്രാധ്യാന്യമായ ലക്ഷ്യങ്ങളിൽ ഒന്നാണ്. നമ്മുടെ രാജ്യത്തും, സംസ്ഥാനത്തും, പൊതുജനാരോഗ്യ സംരക്ഷണത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ശാസ്ത്ര പുരോഗതി അന്ധ: വിശ്വാസത്തെ തുടച്ചു മാറ്റികൊണ്ടിരിക്കുന്നു. ശുദ്ധജലം, പോഷകാഹാരം, ശുചിത്വം, മുതലായവ ആരോഗ്യ സംരക്ഷണത്തിന് അത്യാവശ്യം വേണ്ട ചില ഘടകങ്ങളാണ്. ക്ലാസ്സുകൾ, സെമിനാറുകൾ, മുതലായവ നടത്തി ആരോഗ്യസംരക്ഷണത്തെപ്പറ്റി ഇന്ന് ജനങ്ങളെ അറിവുള്ളവരാക്കികൊണ്ടിരിക്കുന്നു. സർക്കാരിൻെറ പല പദ്ധതികളും അതുപോലെ ആധുനീക കണ്ടു പിടുത്തങ്ങളും ആധുനീക ചികിൽസാ സമ്പ്രദായവും ഈ രംഗത്ത് ദൂരെ വ്യാപകമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. മുൻ കാലങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ മനുഷ്യായുസിൻെറ ദൈർഘ്യം വർദ്ധിച്ചു. ശിശു മരണ നിരക്കു കുറഞ്ഞു ഇതെല്ലാം ആരോഗ്യ സംരക്ഷണത്തിൻെറ ഫലങ്ങളാണ്. "Health is Wealth" ആരോഗ്യമാണ് ധനം എന്നുള്ളത് മനുഷ്യ ജീവിത ലക്ഷ്യങ്ങളിലൊന്നായി തീർന്നിരിക്കുന്നു. പഴയകാല അനുഭവങ്ങളിൽ നിന്നും വ്യത്യസ്ഥമായ രീതിയിലാണ് ഇന്ന് കാണുന്നത്. ഇന്ന് ഒരു കുഞ്ഞ് മാതാവിൻെറ ഉദരത്തിൽ ഉരു വാകുമ്പോൾ തന്നെ ആ കുഞ്ഞിൻെറ ആരോഗ്യ സംരക്ഷണം മാതാവിൻെറ പ്രധാന വിഷയങ്ങളിലൊന്നായി തീരുന്നു. കുഞ്ഞിൻെറയും മാതാവിൻേറയും സംരക്ഷണത്തിനും ആരോഗ്യകരമായ വളർച്ചയ്ക്കും ആവിശ്യമായ അറിവും മറ്റു ഘടകങ്ങളും നൽകുന്നതിന് ഇന്ന് സംവിധാനമുണ്ട്. "Prevention is better than Care" രോഗം വന്നു ചികിൽസിക്കുന്നതിൽ ഭേദം രോഗം വരാതെ സൂക്ഷിക്കുക. എന്നുള്ള തത്ത്വം ഇന്ന് വ്യാപകമായിട്ടുണ്ട്.

ഈ രംഗത്ത് റാന്നി - അങ്ങാടി ഗ്രാമ പഞ്ചായത്തിന് എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടെങ്കിലോ അഥവാ വളർച്ച ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കുന്നത് നല്ലതാണെന്ന് കരുതുന്നു. പഴയകാല ചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ, അന്ധ:വിശ്വാസം, അറിവില്ലായ്മ, പ്രതികൂല സാഹചര്യം എന്നീ കാരണങ്ങളാൽ നമ്മുടെ പൂർവ്വീകൻമാർ രോഗത്താലും പകർച്ചവ്യാധികളാലും മരണപ്പെട്ടിട്ടുള്ള നിരവധി സംഭവങ്ങൾ കാണാൻ കഴിയും എന്നാൽ ക്രമേണ ഈ സ്ഥിതിയ്ക്ക് മാറ്റം വന്നു കൊണ്ടിരിക്കുന്നു. നാട്ടു ചികിൽസാ സമ്പ്രദായം വ്യാപകമായി. നാട്ടു വൈദ്യൻമാർ നമ്മുടെ ഗ്രാമത്തിൻെറ പല ഭാഗത്തുമുണ്ടായിരുന്നു. ഒരു പരിധിവരെ അവർ രോഗികളെ സഹായിച്ചിരുന്നു. നമ്മുടെ ഗ്രാമത്തി ലെ ഏറ്റവും അടുത്ത ആശുപത്രി കോഴഞ്ചേരി ആയിരുന്നതിനാൽ ഒരു കാലത്ത് രോഗികളെ ബുദ്ധിമുട്ടനുഭവിച്ചായാലും അവിടെ കൊണ്ടു പോകുമായിരുന്നു. ജല ഗതാഗതം മാത്രമായിരുന്ന അന്നത്തെ ആശ്രയം ക്രമേണ ഗതാഗതസൗകര്യം വർദ്ധിച്ചപ്പോൾ രോഗികളെ കുടുതലായി ആശുപത്രിയുള്ള സ്ഥലത്തെക്കു കൊണ്ടുപോയിരുന്നു. അന്നു സ്വകാര്യ ആശുപത്രികൾ വിരളമായിരുന്നു. ഉള്ളതും വളരെ അകലെയായിരുന്നു. സർക്കാർ ആശുപത്രികളായിരുന്നു രോഗികൾക്ക് ആശ്രയം. പല സ്ഥലങ്ങളിലും, ഗ്രാമങ്ങളിലും സർക്കാർ ആശുപത്രി ഉണ്ടായെങ്കിലും അങ്ങാടി ഗ്രാമം അതിൽ നിന്നും അകലെയാണ്. ഇന്നും അങ്ങാടി ഗ്രാമത്തിൽ ഒരു പ്രൈമറി ഹെർത്ത് സെൻറർ ഇല്ലാ എന്നു പറഞ്ഞാൽ വിശ്വാസിക്കാൻ ബുദ്ധിമുട്ടാണ്. അതേസമയത്ത് സ്വകാര്യ മേഖലയിൽ രണ്ടു മേജർ ആശുപത്രികൾ ഇവിടെ പ്രവർത്തിക്കുന്നു. അതു നമ്മുടെ പ്രദേശത്തിന് ആശ്വാസം നൽകുന്നുണ്ടെങ്കിലും സാധാരണക്കാരൻെറ നില പരുങ്ങലിലാണ്. സൗജന്യ ചികിൽസാ ലഭിക്കണമെന്നുണ്ടെങ്കിൽ സർക്കാർ ആശുപത്രി ഉണ്ടായെമതിയാകൂ. 1948 ൽ അങ്ങാടിയിൽ ആരംഭിച്ച ആയൂർവ്വേദ ആശുപത്രി ഇന്നും ചെട്ടിമുക്കിലുള്ള വാടക കെട്ടിടത്തിലാണു പ്രവർത്തിക്കുന്നത്. അവിടെയും സാരാമയ പുരോഗതി ഉണ്ടായിട്ടില്ലെന്നു ചുരുക്കം. ആയൂർവ്വേദാശുപത്രിക്ക് ആവശ്യമായ സ്ഥലം വാങ്ങി ആയൂർവ്വെദ ഡിപ്പാർട്ടുമെൻറിനു നൽകിയിട്ടു വർഷങ്ങൾ കഴിഞ്ഞു. ഇനിയും പണി ആരംഭിച്ചിട്ടില്ല ഹോമിയോ ആശുപത്രിയും ഈ ഗ്രാമത്തിലില്ല. ആരോഗ്യ രംഗത്ത് വളരെയധികം പോരായ്മകളുള്ള ഒരു പഞ്ചായത്താണ് അങ്ങാടി. ആരോഗ്യത്തെപ്പറ്റി പറയുമ്പോൾ കൂടി വെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്നതാണ്. ശുചിത്വം. ഇതിൽ പ്രഥമമായി വേണ്ടതാണ് കക്കൂസ്. ലക്ഷം വീട്ടുകോളനികളിലും, അതുപോലെ ആളുകൾ തിങ്ങിപ്പാർക്കുന്ന മറ്റിടങ്ങളിലും കക്കൂസുകൾ ഇല്ലാ എന്നു പറഞ്ഞാൽ എന്താണ് സ്ഥിതി. യഥാർത്ഥത്തിൽ അറിവില്ലായ്മയും, സാമ്പത്തിക ബുദ്ധിമുട്ടുമാണ് പലപ്പോഴും സാധാരണക്കാരനെ കക്കൂസ് നിർമ്മാണ രംഗത്തു നിന്നും പിൻമാറുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾ ആരോഗ്യ സംരക്ഷണത്തിന് അടിയന്തിര പ്രാധാന്യം നൽകി ആവശ്യമുള്ള സ്ഥാനങ്ങളിൽ പൊതുകക്കൂസുകൾ നിർമ്മിക്കുകയും ലക്ഷംവീടു കോളനികാർക്ക് സൗജന്യമായും, സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ധനസഹായം നൽകിയും ഈ രംഗത്ത് ഒരു മാറ്റം വരുത്തുന്നതിന് അടിയന്തിര നടപടികളെടുക്കണം. പൊതുജനാരോഗ്യ സംരക്ഷണം സംബ ന്ധിച്ച് ഗ്രാമസഭകസിൽ ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

## ഒന്നാം വാർഡ്

ഈ വാർഡിൽ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ഒന്നും ഇല്ലെന്നുള്ളത് ഒരു യഥാർത്ഥ്യമാണ്. അതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കണം. നിർദ്ദനരായിട്ടുള്ള നിരവധി ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണിത്. ബോധവൽക്കരണ ക്ലാസുകൾ എടുത്ത് ആളുകളെ സഹായിക്കണം. കൊതുക് നിവാരണ നടപടികൾ അടിയന്തിരമായി നടത്തണം. വാർഡിൽ പൊതുവെ 300 കക്കൂസുകളെങ്കിലും വേണം

## രണ്ടാം വാർഡ്

പനംപ്ലാക്കൽ ലക്ഷം വീടുകോളനി, പട്ടിക ജാതി കോളനി, ഉന്നക്കാവു കോളനി, ഇങ്ങനെ ആളുകൾ തിങ്ങിപ്പാർക്കുന്നകോളനികൾ ധാരാളമുള്ള പ്രദേശമാണിത്. ഇവിടെ പി.എച്ച്.സി. യോ, സബ്സെൻററോ, മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളൊ ഒന്നും ഇല്ല. കോളനികളിൽ സാനിട്ടേഷൻ മോശമാണ്. പോഷകഹാരകുറവ് വളരെയധികം അനുഭവപ്പെടുന്നുണ്ട്. ഇതിനെല്ലാം പരിഹാരം കണ്ടെത്തണം. ആരോഗ്യപരിപാലനത്തിന് ആവശ്യമായ പ്രബോധനക്ലാസുകൾ സംഘടിപ്പിക്കണം.

## മൂന്നാം വാർഡ്

പുല്ലുപ്രത്തുള്ള കരയോഗ മന്ദിരം കെട്ടിടത്തിൽ, പഴവങ്ങാടി മക്കപ്പുഴ, പി.എച്ച് സെൻററിൻെറ കീഴിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം ആരംഭിച്ചിട്ടുണ്ട് എല്ലാ വെള്ളിയാഴ്ചയും ഇവിടെ പ്രവർത്തനമുണ്ട്. ഈ പ്രവർത്തനമ ആഴ്ചയിൽ ഒരു ദിവസമെന്നുള്ളത് മൂന്നു ദിവസമായി ഉയർത്തണം. ആഴ്ചയിൽ ഒരു ദിവസം ഡോക്ടുടെ സേവനം കുടി ലഭിക്കത്തവണ്ണം നടപടിയുണ്ടാവണം. ഈ ഉപകേന്ദ്രത്തിന് സ്വന്തമായി കെട്ടിടമുണ്ടാകുന്നതിന് നടപടികൾ സ്വീകരിക്കണം. 150 കക്കൂസുകൾ ഈ വാർഡിൽ ആവശ്യമുണ്ട്.

## നാലാം വാർഡ്

ആശുപത്രികളൊ, പ്രൈമറി ഹെൽത്ത് സെൻററൊ, കുടുംബ ക്ഷേമ കേന്ദ്രങ്ങളൊന്നും ഈ വാർഡിൽ ഇല്ല. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്തണം. ഒരു പ്രൈമറി ഹെൽത്ത് സെൻറർ ഈ വാർഡിൽ സ്ഥാപിക്കണം ആയതിനാവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുവാൻ നാട്ടുകാർ തയ്യാറാണ്. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരായ 150 പേർക്ക് കക്കൂസ് നിർമ്മിച്ച് നൽകുന്നതിനു നടപടി സ്വീകരിക്കണം.

## അഞ്ചാം വാർഡ്

അങ്ങാടി ഗ്രാമപഞ്ചായത്തിൻെറ കേന്ദ്രഭാഗം ഈ വാർഡിൽ ഉൾപ്പെടുന്നു. ഇവിടെ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകണം. ചപ്പുചവറുകൾ നിത്യേനമാറ്റി നശിപ്പിക്കുന്നതിനു നടപടിയുണ്ടാവണം. മത്സ്യ, മാംസ മാർക്കറ്റുകൾ ഈ ഭാഗത്താണ്. അവയുടെ അവശിഷ്ടങ്ങൾ വലിയ തോട്ടിലിടാതെ പൂർണ്ണമായി നശിപ്പിക്കുന്നതിനു നടപടിയുണ്ടാവേണം. ഹോട്ടലുകളിലെ അവശിഷ്ടങ്ങളും, മാലിന്യങ്ങളും, തോട്ടിലൊ, ആറ്റിലൊ പോകാതെ പൂർണ്ണമായി നശിപ്പിക്കണം. പഴക്കമേറിയ ആഹാര സാധനങ്ങൾ വില്പന നടത്താതിരിക്കാനും, വില്പന നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും അധികാരികൾ തയ്യാറാവണം. കേന്ദ്ര ഭാഗത്ത് പൊതു കക്കൂസും, മൂത്രപ്പുരയും അടിയന്തിരമായി നിർമ്മിക്കുന്നതിന് നടപടിയുണ്ടാവണം.. 58 കുടുംബങ്ങൾ താമസിക്കുന്ന രണ്ട് ലക്ഷം വീടുകോളനികൾ ഈ വാർഡിലുണ്ട്. കൂടാതെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശവുമാണിത്. ഈ വാർഡിൽ പ്രൈമറി ഹെൽത്ത് സെൻററൊ, സബ്സെൻററൊ, കുടുബക്ഷേമ കേന്ദ്രങ്ങളൊ ഒന്നും ഇല്ല. ആയുർവ്വേദാശുപത്രി ഈ വാർഡിലാണു സ്ഥിതി ചെയ്യുന്നത്. ഇന്നും വാടകകെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. അനുദിനം നിരവധിയാളുകൾ ഈ ആശുപത്രിയെ സമീപിക്കുന്നുണ്ട്. എന്നാൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സംവിധാനമില്ല. ആയതിനാൽ പൊതുജനസഹകരണത്തോടും ആയുർവ്വേദാശുപത്രിക്കുവേണ്ടി വാങ്ങിയിട്ടുള്ള സ്ഥലത്ത് 50 കിടക്കകളോടുകൂടിയ കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടികൾ ഉണ്ടാകണം. മാർത്തോമ്മാ മെഡിക്കൽ മിഷ്യൻ ആശുപത്രി ഈ വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. സാധാരണക്കാരും നിർദ്ധനരുമായ ധാരാളം ആളുകൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് ഒരു സബ്സെൻററും, ഒരു കുടുംബക്ഷേമ കേന്ദ്രവും ഉണ്ടാകത്തക്കവണ്ണം അടിയന്തിര നടപടികൾ സ്വീകരിക്കണം. കുടുംബാരോഗ്യ- ക്ലാസുകൾ നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

കൊതുകു നിവാരണ നടപടികൾ അടിയന്തിരമായി നടത്തണം. നിർദ്ധനരും, സാമ്പത്തിക ബുദ്ധിമുട്ടുള്ളതുമായ 125 കുടുംബങ്ങൾക്ക കക്കൂസുകൾ നിർമ്മിച്ചു നൽകുന്നതിനു നടപടി സ്വീകരിക്കണം.

## ആറാം വാർഡ്

ഈ വാർഡിൽ ഇപ്പോൾ ഒരു പൊതു ജനാരോഗ്യ കേന്ദ്രവും ഇല്ല. ഇപ്പോൾ അഞ്ചാം വാർഡിൽ ചെട്ടിമുക്കിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന താലൂക്ക് ആയുർവ്വേദാശുപത്രിക്ക് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം പൊതു ജനസഹകരണത്തോട് വാങ്ങിയിരിക്കുന്നത് ആറാം വാർഡിലാണ്. ഇപ്പോൾ ആശുപത്രി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥലത്തു നിന്നും ഉദ്ദേശം 500 മീറ്റർ ദൂരമെയുള്ളൂ. ആയുർവ്വേദ ചികിൽസാ രീതിയ്യോട് പ്രതിപത്തി കൂടി വരുന്ന ഈ കാലയളവിൽ ആശുപത്രികെട്ടിടം പണി ആരംഭിച്ച്

പൂർത്തികരിക്കുന്നതി അടിയന്തിര നടപടികൾ സ്വീകരിക്കണം. ഒരു പ്രൈമറി ഹെൽത്ത് സെൻററും ഒരു കുടുംബക്ഷേമ കേന്ദ്രവും വാർഡിൽ സ്ഥാപിക്കണം. വാർഡിൻെറ പല ഭാഗങ്ങളിലും വീടുകളുടെ പരിസരത്തും, പൊതു സ്ഥലത്തും ചപ്പും മലിന ജലവും കെട്ടിനിൽക്കുന്നുണ്ട്. ഇവിടെയെല്ലാം മരുന്നു തളിക്കുന്നതിനും, കൊതുകിനെ നിർമ്മാർജ്ജനം ചെയ്യുന്നതിനും നടപടികൾ ഉണ്ടാകണം. സാമ്പത്തിക ബുദ്ധിമുട്ടുവരും, ദാരിദ്ര്യരെഖയ്ക്ക് താഴെയുള്ള വരുമായ 125 കുടുബങ്ങൾക്ക് കക്കൂസ് വേണം.

## ഏഴാം വാർഡ്

പി.എച്ച്. സി. യോ, സബ് സെൻററൊ, കുടുംബക്ഷേമ കേന്ദ്രമൊ, ഒന്നും ഇല്ലാത്തവാർഡാണിത്. അടുത്ത ആശുപത്രിയിലെത്തുന്നതിന് 7 കി.മീ.ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഒരു സബ് സെൻററും ഒരു കുടുംബക്ഷേമ കേന്ദ്രവും ഈ പ്രദേശത്ത് ആരംഭിക്കണം. ആരോഗ്യ സംബന്ധമായ അറിവുനൽകുന്നതിന് ക്ലാസ്സുകളുംസെമിനാറുകളും സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. എബനേസർ ബൂസ്റ്റർ സ്റ്റേഷനും, കൊളക്കുറ്റി ടാങ്കും മൂന്നുമാസത്തിലൊരിക്കലെങ്കിലും വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന 100 കുടുംബങ്ങൾ കക്കൂസ് നിർമ്മിച്ചു നൽകുവാൻ നടപടിയെടുക്കണം.

എട്ടാം വാർഡ് മക്കപ്പുഴ പി.എച്ച്. സി. യുടെ കീഴിൽ പ്രവർത്തിക്കുന്നതും ഈ വാർഡിൻെറ അതിർത്തിയിൽ സ്ഥിതി ചെയ്യുന്നതുമായ ഒരു സബ്സെൻറർ മാത്രമാണ് ഇവിടെയുള്ള ഏക പൊതു ജനാരോഗ്യ കേന്ദ്രം. വിസ്തൃതമായ ഈ പ്രദേശത്ത് ഇത് ഒട്ടും മതിയാകുന്നില്ല. മണ്ണാറത്തറ കേന്ദ്രമാക്കി ഒരു കുടുംബക്ഷേമ കേന്ദ്രത്തിന് ആവശ്യമായ ക്ലാസ്സുകളും, സെമിനാറുകളും തുടർച്ചായി നടത്തി ആളുകളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

അങ്ങാടി പഞ്ചായത്തിൽ ഒരു പി.എച്ച്. സി. അനുവദിക്കുന്ന പക്ഷം ഏറ്റവും വിസ്ത്രിയുള്ളതും കൂടുതൽ ജനസംഖ്യയുമുള്ളതുമായ ഈ വാർഡിൽ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കണം. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരായ 250 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതി നടപടി സ്വീകരിക്കണം.

## ഒൻപതാം വാർഡ്

പൊതു ജനാരോഗ്യ കേന്ദ്രങ്ങൾ ഒന്നും ഇല്ലാത്ത വാർഡാണിത്. ഒരു പി.എച്ച്.സി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഒരു "Children welfare centre" ഈ പ്രദേശത്ത് ആരംഭിക്കണം. ആരോഗ്യപരമായ വിഷയങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം കൊടുക്കുന്നതിന് "Pilot Health Project" ആവശ്യമാണ്. യാത്രക്കാരുടെ സൗകര്യം പ്രമാണിച്ച് വലിയകാവ് ബസ്സ്റ്റോപ്പിനോടുനുബന്ധിച്ച് മൂത്രപ്പുരകൾ സ്ഥാപിക്കാൻ നടപടിയുണ്ടാകണം. സാമ്പത്തിക ബുദ്ധിമുട്ടുനുഭവിക്കുന്ന 150 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കണം.

## പ്രത്യേക നിർദ്ദേശങ്ങൾ

1. സാമ്പത്തിക പരാധീനത കാരണം പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്തവരുടെ എണ്ണം വളരെ കൂടുതലാണ്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടിയിരിക്കുന്നു. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. ചെലവിൻെറ ഒരു ഭാഗം ഉപഭോക്തവിൽ നിന്നും ഈടാക്കാവുന്നതാണ്. ചെലവു കുറഞ്ഞ സാങ്കേതിക വിദ്യയോടെ നിർമ്മിക്കുന്ന കക്കൂസുകൾ വ്യാപിപ്പിക്കുക.
2. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ല എന്നുള്ളത് ഖേദകരമാണ്. ഒരു പൊതു ശ്മശാനം സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തണം, ആയതിന് എല്ലാ ഭാഗത്തുനിന്നും ആത്മാർത്ഥമായ സഹായ സഹകരണം ഉണ്ടാകണം.
3. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യണം. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം.
4. അടുത്ത കാലങ്ങളിലായി വിവിധതലത്തിലുള്ള പണികൾക്കായി ധാരാളം ആളുകൾ ഈ പ്രദേശത്തു വന്നിട്ടുണ്ട്. അവർക്കെല്ലാം വാടകയ്ക്ക് താമസിക്കുന്നതിനുള്ള സൗകര്യവും ഇവിടെയുണ്ട് എന്നാൽ മലമൂത്രവിസർജ്ജനമ നടത്തുന്നതിനുള്ള സൗകര്യങ്ങൾ പലകെട്ടിട ഉടമകളും ഉണ്ടാക്കിക്കൊടുത്തിട്ടില്ല. ആയതിനാൽ അങ്ങനെയുള്ള കെട്ടിടഉടമകളെ കണ്ടുപിടിച്ച് ആവശ്യമായ നടപടികൾസ്വീകരണം. യാതൊരു കാരണവശാലും, ആറ്റുതീരവും, തോട്ടുതീരവും, റോഡുസൈഡും മലിനപ്പെടുത്തുവാൻ അനുവദിക്കരുത്.
5. ആണ്ടിൽ രണ്ടുപ്രാവശ്യം വീതം വിദ്യാലയങ്ങളിൽ സൗജന്യമെഡിക്കൽ പരിശോധന നടത്തി രോഗബാധിതരായകുട്ടികളേയും പോഷകാഹാരകുറവുള്ള കുട്ടികളേയും കണ്ടുപിടിക്കികയും, അവർക്ക് ആവശ്യമുള്ള മരുന്നുകളും പോഷകാഹാരം, വിറ്റാമിൻ ഗുളികൾ മുതലായവ സൗജന്യമായി ലഭിക്കത്തവണ്ണം വേണ്ട നടപടികളുണ്ടാകണം.
6. ലക്ഷംവീടുകൊളനികളിൽ താമസിക്കുന്ന എല്ലാ കടുംബ

ങ്ങൾക്കും കക്കൂസ് ഉണ്ടെന്നുറപ്പു വരുത്തേണ്ടതാണ്. ഇല്ലാത്ത കുടുംബങ്ങളുണ്ടെങ്കിൽ അടിയന്തിരമായി കക്കൂസുണ്ടാക്കികൊടുക്കുവാൻ നടപടിയുണ്ടാകണം. കൂടാതെ ലക്ഷം വീടുകോളനികളിലും, മറ്റ് അംഗീകൃത കോളനികളിലും കുറഞ്ഞത് വൈദ്യപരിശോധന നടത്തി മരുന്നുകളും ആവശ്യമായ മറ്റു സഹായങ്ങളും ചെയ്യുന്നതിന് നടപടികളുണ്ടാകണം.

ലക്ഷം വീടുകോളനികളിലുള്ള പൊതു സ്ഥലം പൂർണ്ണമായി ഉപയോഗപ്രദമാക്കണം. കളിസ്ഥലം ഉണ്ടാക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. മാനസീകാരോഗ്യ വളർച്ചയ്ക്ക് റേഡിയോ, ടി.വി. മുതലായവ സൗജന്യമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

7 ആരോഗ്യകരമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു നല്ല പൊതുകളി സ്ഥലം അങ്ങാടിയിലില്ല. ഈ കുറവു പരിഹരിക്കണം. അങ്ങാടി ഗ്രാമത്തിന്റെ കേന്ദ്ര സ്ഥാനത്തിനോടടുത്ത് കളിസ്ഥലത്തിനാവശ്യമായ സ്ഥലം വാങ്ങി ഉപയോഗപ്രദമാക്കുന്നതിനു നടപടി സ്വീകരിക്കണം. സ്ഥലം വാങ്ങുന്നതിനു താമസം നേരിടുന്ന പക്ഷം ഒരു താൽക്കാലിക സംവിധാനമായി എബനേസർ സ്കൂൾ മാനേജരുമായി ബന്ധപ്പെട്ട് സ്കൂൾ കളിസ്ഥലം നന്നാക്കി ഒരു പരിധിവരെ ഉപയോഗപ്പെടുത്തുന്നതിന് അനുമതി നേടുന്നതിനു പരിശ്രമിക്കണം.

8. അങ്ങാടി ഗ്രാമപഞ്ചായത്തിൽ ഒരു ഃപ്രൈമറി ഹെൽത്ത് സെൻററഃ ആരംഭിച്ചിട്ടുല്ലെന്നുള്ള യാഥാർത്ഥ്യം മനസിലാക്കി, അടിയന്തിരമായി ഒരു പി.എച്ച്. സി. സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

9. ശബ്ദമലിനീകരണം പൂർണ്ണമായി തടയത്തക്കവണ്ണം, മൈക്കുകളും, മറ്റും ഉപയോഗിക്കുന്നതിനുള്ള സ്ഥലവും, സമയവും, നിർണ്ണയിക്കുന്നതിന്, പഞ്ചായത്തിന്റെ അനുമതികൂടി ഉണ്ടായിരിക്കുന്നതിന്, നടപടികൾ സ്വീകരിക്കണം.

9-ാം വാർഡ് കുടിവെള്ളം

പൈപ്പ് ലൈൻ പുതുതായി ചേർക്കണം

1. കുരിശടിവെട്ടിയപ്പാറ റോഡിൽ കളത്തൂർ പടിമുതൽ കുരിശടി മുതിരക്കാലപടി വരെ പൈപ്പ് ലൈൻ നീട്ടുക.

2. ചന്ദനക്കുഴി-അരികെട്ടുകല്ല് പേഴും കുളത്തുപടി റോഡിൽ ചന്ദക്കുഴിമുതൽ പൈപ്പ് ലൈൻ നീട്ടുക.

3. കെ.പി. റോഡിൽ ഓലിയ്ക്കൽ പടി മുതൽ തടത്തിമല വരെ പൈപ്പ് ലൈൻ നീട്ടുക.

4. തുളിമൺ-ചന്ദനക്കുഴി റോഡിൽ തുളിമൺ മുതൽ പൈപ്പ് ലൈൻ നീട്ടുക.

5. S.N.D.P. ചുളകുന്ന് റോഡിൽ S.N.D.P. ജംഗ്ഷൻ മുതൽ പൈപ്പ് ലൈൻ നീട്ടുക.

6. തേവർ തുണ്ടി-പട്ടേൽ മല റോഡിൽ തേവർതുണ്ടി പടിമുതൽ പൈപ്പ് ലൈൻ നീട്ടുക.

7. വലിയകാവ്-പെന്നൻ പുഴ റോഡിൽ വലിയകാവു മുതൽ കാവുംമണ്ണിൽ പട്ടവരെ പൈപ്പ് ലൈൻ നീട്ടുക.

8. വെണ്ണിയപ്പാറ പുന്നവേലിപട്ടറോഡിൽ വെണ്ണിയപ്പാറ മുതൽ പൈപ്പ് ലൈൻ നീട്ടുക.

8. കടവുപുഴ ഇവാൻ ജലിക്കൽ പള്ളിപടിമുതൽ വലിയകാവ് വട്ടാർകയം വരെ നിലവിലുള്ള പൈപ്പ് മാറ്റി നിലവാരമുള്ള പൈപ്പ് ഇട്ട് ജലക്ഷാമം പരിഹരിക്കുക.

9. വലിയകാവിൽ താഴ്ന്ന പ്രദേശത്ത് കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് അവിടെനിന്നു തടത്തി മലയിൽ ടാങ്ക് കെട്ടി ജലം സംഭരിച്ച് ജലക്ഷാമം പരിഹരിക്കണം.





# ഗതാഗതം

ഒരു രാജ്യത്തിന്െറ വളർച്ചയെ സാരമായി ബാധിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ഗതാഗതം. ഒരു കാർഷിക മേഖലയായ അങ്ങാടി ഗ്രാമത്തിന്െറ വളർച്ചയേയും ഗതാഗതം സാരമായി ബാധിച്ചിട്ടുണ്ട്.

ഭക്ഷ്യ ഉല്പന്നങ്ങളുടേയും, നാണ്യവിളകളുടേയും തോതു വർദ്ധിച്ച തോടെ അടുത്തുള്ള വ്യാപാര കേന്ദ്രങ്ങളുമായി ബന്ധം പുലർത്തേണ്ടി വന്നു. ആദ്യകാലത്ത് അങ്ങാടിക്കാർക്ക് ചെന്നെത്താമായിരുന്ന പ്രധാന വ്യാപാര കേന്ദ്രം കോഴഞ്ചേരിയായിരുന്നു ഊടുവഴികളിൽ കൂടിയും ഒറ്റയടിപ്പാതകളിൽ കൂടിയും തലച്ചുമടായി സാധനങ്ങൾ കോഴഞ്ചേരിയിൽ എത്തിക്കുക പതിവായി തീർന്നു. തലച്ചുമട്ടുകാർ ക്ഷീണിക്കുമ്പോൾ തനിയെ ഭാരം താണു വെയ്ക്കുന്നതിനും വിശ്രമിക്കുന്നതിനും, സൗകര്യങ്ങൾ ഉണ്ടായിരുന്നു. ചുമട് താത്തുവെയ്ക്കുന്നതിന് കരിങ്കല്ല് പാകപ്പെടുത്തി അങ്ങിങ്ങായി സ്ഥാപിച്ചിരുന്നു. ''ഈ ചുമടുതാങ്ങി കല്ലുകൾ'' അടുത്തസമയം വരെ കാണാനുണ്ടായിരുന്നു.

അധികം താമസിയാതെ കോഴഞ്ചേരിയിൽ നിന്നും ആലപ്പുഴയിൽ നിന്നും കച്ചവടക്കാർ റാന്നിയിൽ എത്തി വള്ളങ്ങളിൽ സാധനങ്ങൾ കൊണ്ടുപോകുവാനും, കൊണ്ടു വരുവാനും തുടങ്ങി അങ്ങാടി പെരുമ്പുഴ കടവിനോടു ചേർന്നുകിടക്കുന്ന പേട്ട ഒരു വലിയ വ്യാപാര കേന്ദ്രമായി മാറി. റോഡുകളോ വാഹന സൗകര്യങ്ങളൊ ഇല്ലാതിരുന്ന ആ കാലത്ത് ഊടുവഴികളിൽ കൂടിയും, ഒറ്റയടിപ്പാതകളിൽ കൂടിയും കാർഷികോല്പന്നങ്ങൾ തലച്ചുമടായി നാട്ടുകാർ പേട്ടയിൽഎത്തിച്ചിരുന്നു. കാർഷികോല്പന്നങ്ങളുടെ വർദ്ധനവും, തലച്ചുമട് കൂടുതൽ ബുദ്ധിമുട്ടായിതീർന്നതിനാലും പേട്ടയുമായി ബന്ധപ്പെടുത്തി റോഡുകൾ ഉണ്ടാകണമെന്നുള്ള ആവശ്യം ക്രമേണ ഗ്രാമീണരിൽ അങ്കുരിച്ചു. ആ കാലഘട്ടത്തിൽ തന്നെ പെരുമ്പുഴ കടവിൽ നിന്നും, പുത്തൻകാവ്-ചെങ്ങന്നൂരിലേക്ക് സർവ്വീസ് ആരംഭിച്ചു. ഈ ജലമാർഗ്ഗ ഗതാഗതം ആയിരുന്നു. അങ്ങാടിയെ സംബന്ധിച്ചിടത്തോളം ആദ്യത്തെ ഗതാഗത കാൽവെയ്പ്. ''കമ്പനി വള്ളം'' എന്നറിയപ്പെടുന്ന ഈ സർവ്വീസ്, രാത്രി ഒൻപത് മണിക്ക് പെരുമ്പുഴ കടവിൽ നിന്നും പുറപ്പെടും. ഇടയ്ക്കിടെ സ്റ്റോപ്പുകളുമുണ്ടായിരുന്നു.

ക്രമേണ റോഡുകൾ വെട്ടുകയും, റോഡു-ഗതാഗതം ഇന്ന് ഏറ്റവും പ്രധാന ഗതാഗത മാർഗ്ഗമായിരുത്തീർന്നിരിക്കുകയുമാണ്. അങ്ങാടി ഗ്രാമം സാധനങ്ങൾ, കയറ്റി അയക്കുന്നതിനും, ഇറക്കുന്നതിനും, യാത്രചെയ്യുന്നതിനും, ഇന്നു പൂർണ്ണമായും റോഡു ഗതാഗതത്തെ ആശ്രയിച്ചിരിക്കുന്നു.

## ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ആമുഖം

മുൻകാലങ്ങളിൽ അങ്ങാടി പഞ്ചായത്തിൽ ജലമാർഗ്ഗം ഗതാഗതം നടന്നിരുന്നു. പമ്പാനദിയിൽ കൂടി പേട്ടയിൽ നിന്നും കാർഷികോല്പന്നങ്ങൾ കുരുമുളക് കൊപ്രാ മുതലായ സാധനങ്ങൾ ആലപ്പുഴയ്ക്കു കൊണ്ടുപോവുകയും അരി, എണ്ണ, ജൗളി, നീറ്റുകക്ക, കച്ചി, മുതലായവ കൊണ്ടുവരികയും ചെയ്തിരുന്നു. ഇപ്പോൾ പൂർണ്ണമായും കരമാർഗ്ഗമുള്ള ഗതാഗതത്തെയാണ് ആശ്രയിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ 20 കി.മീ.ഓളം പി ഡബ്ല്യൂ ഡി റോഡുകളും 70 കി.മീ. ഓളം പഞ്ചായത്തു റോഡുകളുമുണ്ട്. കൂടാതെ അനേകം നടപ്പാതകളും ഇടവഴികളുമുണ്ട്. എന്നാൽ ഒട്ടുമിക്ക റോഡുകളും സഞ്ചാരയോഗ്യമല്ല. ആവശ്യത്തിനു വീതിയില്ലായ്മ, കലുങ്കുകളുടെ അഭാവം, ഓടകളുടെ കുറവ് എന്നിവ റോഡുകളുടെ ഇന്നത്തെ ശോച്യാവസ്ഥയ്ക്കുള്ള മുഖ്യകാരണങ്ങളാണ്. റോഡുകളുടെഅറ്റകുറ്റപ്പണികൾക്ക് പര്യാപ്തമായ ഫണ്ടിന്െറ അഭാവവും, ഭൂമിയുടെ കിടപ്പും പഞ്ചായത്തിലെ റോഡുകളുടെ ഇന്നത്തെ അവസ്ഥയുടെ മുഖ്യ കാരണങ്ങളാണ്. എന്നാൽ ഈ പഞ്ചായത്തിലെ വരുമാനത്തിന്െറ ഏറിയപങ്കും

റോഡുകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി ഓരോ വർഷവും വിനിയോഗിക്കുന്നുണ്ടെങ്കിലും മിക്ക റോഡുകളുടേയും അവസ്ഥ പരിതാപകരമാണ്.

## പ്രശ്നങ്ങൾ

1. ഫണ്ടിൻെറ അഭാവം
2. റോഡുകളുടെ വീതികുറവ്
3. ഓടകളുടെ അഭാവം കാരണം മഴക്കാലത്ത് വെള്ളം ശക്തിയായി റോഡുകളിൽ കൂടി ഒഴുകുന്നു.
4. വീടുകളിലെ മലിനജലം റോഡിലേക്ക് ഒഴുക്കി വിടുകയും ഓട നികത്തി വീടുകളിലേക്ക കൈവഴികൾ നിർമ്മിക്കയും ചെയ്യുന്നു.
5. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നതു മൂലം റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നു.
6. റോഡുകൾക്ക് വീതി വർദ്ധിക്കുന്നതനുസരിച്ച് ഇലട്രിക്കൽ പോസ്റ്റ്, ടെലഫോൺ പോസ്റ്റ് എന്നിവ യഥാസമയങ്ങളിൽ മാറ്റി സ്ഥാപിക്കുന്നില്ല.
7. പി.ഡബ്ല്യൂ. ഡി, വാട്ടർ അതൊറിട്ടി, പി ആൻറ്റി എന്നി ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള ധാരണക്കുറവുമൂലം റോഡുകൾക്കു കേടുപാടുകൾ സംഭവിക്കുന്നു.

## നിർദ്ദേശങ്ങൾ

1. റോഡിൻെറ അറ്റകുറ്റപ്പണികൾക്ക് പര്യാപ്തമായ ഫണ്ട് യഥാസമയം ലഭ്യമാക്കുക.
2. പൊതുജന സഹകരണത്തോടുകൂടി റോഡുകൾക്ക് ആവശ്യമായ വീതികൂട്ടുക.
3. ഓടകൾ നിർമ്മിക്കുകയും റോഡുകൾക്ക് സംരക്ഷിണ ഭിത്തികൾ കെട്ടുകയും ചെയയ്യുക.
4. വീടുകളിലെ മലിനജലം പൊതു നിരത്തിലേക്ക് ഒഴുക്കി വിടുന്നതും ഓടകൾ നികത്തി കൈവഴികൾ നിർമ്മിക്കുന്നതും കർശനമായി നിയന്ത്രിയ്ക്കുകയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
5. താഴ്ന്ന പ്രദേശങ്ങളിലെ റോഡുകൾ ഉയർത്തി വീതി കൂട്ടി, ഓടകളും കലുങ്കുകളും നിർമ്മിച്ച് ടാർ ചെയ്യുക.
6. കാലോചിതമായി റോഡുകൾക്കു വീതികൂടുമ്പോൾ റോഡിൽ നിൽക്കുന്ന ഇലക്ട്രിസിറ്റിയുടേയും ടെലഫോണിൻസിൻേറയും പോസ്റ്റുകൾ യഥാസയം മാറ്റി സ്ഥാപിക്കുക.
7. പി.ഡബ്ല്യൂ. ഡി. വാട്ടർ അതോറിട്ടി, പി. ആൻറ്ടി. എന്നീ ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ ആലോചിച്ച് ആസൂത്രണം ചെയ്ത് പണികൾ നടത്തുക.
8. റാന്നി മല്ലപ്പള്ളി റോഡിൽ പി.ജെ.റ്റി. ജംഗ്ഷൻ മുതൽ ചെട്ടിമുക്കുവരെയുള്ള താഴ്ന്ന പ്രദേശം റോഡു ഉയർത്തിയും വീതികൂട്ടുകയും സംരക്ഷണ ഭിത്തികൾ കെട്ടിയും ഓടകൾ നിർമ്മിച്ചും സംരക്ഷിക്കുക.
9. റാന്നി വെണ്ണിക്കുളം റോഡിൽ പി.ജെ.റ്റി.ജംഗ്ഷൻ മുതൽ വലിയ പള്ളിവരെയുള്ള ദൂരം കോൺക്രീറ്റ് ഓടകൾ നിർമ്മിക്കുകയും അവയ്ക്ക് മീതെ സ്ലാബു നിരത്തി കാൽനടയാത്രയ്ക്കായി ഉപയോഗപ്പെടുത്തുക. റോഡുവക്കിൽ വാഹനങ്ങൾ പാർക്കുചെയ്യുന്നത് കർശനമായി നിരോധിക്കുക.
10. മാമുക്ക് പാലം, പുളിമുക്ക് പാലം എന്നിവ എത്രയും വേഗം വീതികൂട്ടി ഇപ്പോഴത്തെ ഗതാഗതക്കുരുക്കിന് അറുതിവരുത്തുകയും, ശബരിമല സീസൺ പോലുള്ള അവസരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കണ്ടനാട്ടുപടിക്കൽ പാലം നിർമ്മിച്ച് ''വൺവെ'' ഏർപ്പെടുത്തുക.
11. പേട്ട ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.

### അങ്ങാടി പഞ്ചായത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുിനെ സംബന്ധിച്ച വിവരങ്ങൾ:-

1. റാന്നി വെണ്ണിക്കുളം റോഡ്- മാമ്മുക്കു മുതൽ പൂവൻമല വലിയ കലുങ്കുവരെ- 3.400 കി. മീ വീതി 5 മുതൽ 8 മി. വരെ
2. റാന്നി ചെറുകോൽപ്പുഴ ( മേനാംതോട്ടം ജംഗ് ഷൻ മുതൽ വരവൂർ- 2.8 കി. മീ. വീതി 5 മീ.മുതൽ 8 മീ.
3. റാന്നി- കുമ്പളന്താനം റോഡ്- (മേനാം തോട്ടം ജംഗ് ഷൻ മുതൽ അരുവിക്കൽ വരെ) - 2.8 കി. മീ. വീതി 5 മീ.മുതൽ 8 മീ.
4. റാന്നി- മല്ലപ്പള്ളി റോഡ് റാന്നി ബ്രാഞ്ച് റോഡ് (പിജെ.റ്റി ജംഗ്ഷൻ മുതൽ കണ്ടമ്പേരൂർ വരെ) 5.000മീ. വീതി 5മീ.മുതൽ 8മീ.
5. റാന്നി-വലിയകാവ് റോഡ് (ചെട്ടിമുക്ക് മുതൽ വലിയകാവ് വരെ) 6. കി.മി. വീതി 5മീ.മുതൽ 8 മീ.

മൊത്തം 20.000 കീ.മീ

## പഞ്ചായത്ത് ടാർ റോഡുകൾ

| നമ്പർ | വാർഡ് | റോഡിൻെറ പേര് | ആകെ നീളം | ടാർ ചെയ്ത നീളം | വീതി |
|---|---|---|---|---|---|
| 1 | 1 | കിണററ്റുങ്കൽപടി - കൊച്ചുപറമ്പിൽ പടി | 1450 മീ. | 180 മീ. | 4 മീ. |
| 2 | 2 | പൂവൻമല - കൊച്ചുപറമ്പിൽപടി (ആരംഭഭാഗം) | 920മീ. | 200 മീ. | 6.5 മീ. |
| 3 | 2 | പൂവൻമല-ഉന്നക്കാവ് (ആരംഭഭാഗം) | 1650 മീ | 500 മീ. | 5 മീ. |
| 4 | 2 | പൂവൻമല ചിരട്ടോലി | 1350 മീ. | 150 മീ. | 4.5 മീ |
| 5 | 3 | പി.സി.എച്ച.എസ്- മഠത്തുംകടവ് | 780 മീ. | 300 മീ. | 4മീ |
| 6 | 3 | പുളിമുക്ക് -വരാപ്പുഴ | 150 മീ. | 150 മീ. | 3.5മീ. |
| 7 | 3 | കണ്ണങ്കരറോഡ് | 300 മീ. | 300 മീ | 3.5 മീ |
| 8 | 4 | ചെമ്പൻമുഖം-വരാപ്പുഴ | 20 70 മീ. | 1000മീ. | 5മീ. |
| 9 | 4 | നെല്ലിക്കമൺ- അരുവിക്കൽ | 1260 മീ. | 1260 മീ. | 5 മീ. |
| 10 | 4 | പേട്ട-വെട്ടിമല-മുക്കൂട്ടുത്തറ | 3900 മീ. | 1750 മീ. | 8 മീ. |
| 11 | 5 | ശാലീശ്വരംറോഡ് | 300 മീ. | 300 മീ. | 3 മീ |
| 12 | 5 | ബാങ്ക് ജംഗ്ഷൻ,ആറ്റുകടവ് | 150 മീ. | 150 മീ. | 8മീ. |
| 13 | 5 | ചെട്ടിമുക്കു- മാളിയേക്കൽപ്പടി | 1450 മീ. | 1000 മീ. | 4 മീ. |
| 14 | 6 | നെല്ലിക്കമൺ-വളകൊടികാവ് | 690 മീ. | 690 മീ. | 4 മീ. |
| 15 | 6 | വളകൊടികാവ്-അമ്പലത്തും കാവ് | 2230 മീ. | 1000 മീ. | 8 മീ. |
| 16 | 6 | പുള്ളോലി-വളകൊടികാവ് | 1680 മീ. | 780 മീ. | 8 മീ. |
| 17 | 6 | നെല്ലിക്കമൺ-ഏഴോലി | 1650 മീ. | 300 മീ. | 8 മീ. |
| 18 | 7 | ചരുവിൽപ്പടി-നസ്രേത്ത് പള്ളിപ്പടി | 1050 മീ | 650 മീ. | 4.5മീ. |
| 19 | 7 | കുടിലുംപടി-ഏഴോലി കുളക്കുറ്റി | 2880 മീ. | 2880 മീ. | 8 മീ. |
| 20 | 7 | എബനേസർ സ്കൂൾപടി -ഏഴോലിസ്കൂൾപടി | 1000 മീ. | 100 മീ. | 3 മീ. |
| 21 | 8 | എബനേസർ-തൊണ്ടട- കുളക്കുറ്റി | 2400 മീ. | 450 മീ. | 8 മീ. |
| 22 | 8 | കളത്തൂർപ്പടി- തൃക്കോമല | 2100 മീ. | 650 മീ. | 8 മീ |
| 23 | 8 | കടവുപുഴ-മണ്ണാറത്തറ കുളക്കുറ്റി | 3900 മീ. | 2650 മീ. | 8 മീ. |
| 24 | 9 | ചിറയ്ക്കൽപടി- തുളുമൺ-ചന്ദനക്കുഴിപ്പടി | 1400 മീ. | 1000 മീ. | 5മീ. |
| 25 | 9 | വലിയകാവ്-വട്ടാർക്കയം | 1360 മീ. | 1360 മീ. | 8മീ. |

പട്ടിക 2

| നമ്പർ | വാർഡ് | മെറ്റൽ റോഡ് | ആകെ നീളം | വീതി |
|---|---|---|---|---|
| 1. | 1 | കാലായിൽപടി- കൊച്ചുപറമ്പിൽപടി | 500 മീ. | 8 മീ. |
| 2 | 6 | പുള്ളോലി-വളകൊടികാവ് | 500 മീ. | 8 മീ. |
| 3 | 6 | വളകൊടികാവ്- അമ്പലത്തുംകാവ് | 500 മീ. | 8 മീ. |
| | | ആകെ | 1500 മീ. | |

| നമ്പർ | മൺറോഡുകൾ | നീളം | വീതി |
|---|---|---|---|
| 1 | പൂവൻമല-തെക്കേമുറിക്കടവ് | 1500 മീ. | 4 മീ. |
| 2 | പുതുപറമ്പിൽ പടി- ആറ്റുകടവ് | 140.മീ | 3 മീ. |
| 3 | തെക്കേകാലാപ്പടി-മാർത്തോമ്മാപള്ളിപ്പടി | 849മീ. | 4 മീ. |
| 4 | തോട്ടപ്പുറത്തുപടി-വട്ടക്കാവുപടി | 480 മീ. | 4.5 മീ. |
| 5 | കിണറ്റിങ്കൽപടി- കൊച്ചുപറമ്പിൽപടി | 1270 | 4 |
| 6 | മാരാംതോട്ടത്തിൽ കടവ് | 80 | 4.5 |
| 7 | കാലായിൽപടി -കൊച്ചുപറമ്പിൽപടി | 910 | 6.5 |
| 8 | മുളംപള്ളിപ്പടി-അരയ്ക്കനാക്കുഴിപടി | 640 | 3.5 |
| 9 | മേപ്പുറത്ത്-പൂവൻമല | 1175 | 6 |
| | ആകെ | 7.044 കി.മി. | |

പുതുതായി ഉൾപ്പെടുത്തേണ്ടവ

| | | | |
|---|---|---|---|
| 1 | വരവൂർപള്ളിപ്പടി-കല്ലേലിമണ്ണിൽപടി റോഡ് | 750 | 4 |
| 2 | തെക്കേച്ചരിവിൽപടി- ഓറേത്ത്പടി നടപ്പാത | 250 | 1.5 |
| 3 | ചാരുങ്കൽപടി-തടത്തിൽപടി നടപ്പാത | 250 | 1.5 |
| 4 | ഓറേത്തുപടി-മാർത്തോമ്മാപള്ളിപ്പടി നടപ്പാത | 150 | 1.5 |
| | ആകെ | 1.400 കി.മീ | |

വാർഡ് 2

| നമ്പർ | മൺറോഡുകൾ | നീളം | വീതി |
|---|---|---|---|
| 1 | പൂവൻമല-ഉന്നക്കാവ് | 1150 മീ. | 6 മീ. |
| 2 | പൂവൻമല - ചിരട്ടോലി | 1200 | 4.5മീ |
| 3 | പോത്തൻമല - കളമ്പാല | 1600 | 3.5 |
| 4 | പൂവൻമല-വാര്യേത്തുപടി-പറക്കുളം | 1490 | 4 |
| 5 | പൂവൻമല-പേഴാത്രമണ്ണ് | 90 | 3 |
| 6 | ആലുങ്കൽപടി-കോട്ടേൽപടി | 1000 | 3.6 |
| 7 | പള്ളിപടി-മടത്തകം | 660 | 4 |
| 8 | പുറമ്പാറ-ഊറ്റക്കുഴി | 700 | 4 |
| 9 | പറക്കുളം-വള്ളിക്കാലാ പുല്ലാനിമണ്ണ് | 1060 | 3.5 |
| 10 | പൂവൻമല-കൊച്ചുപറമ്പിൽപടി | 720 | 6.5 |
| 11 | കുരുമ്പേലിപ്പടി-പറക്കുളം | 500 | 3 |
| 12 | പൂവൻമല-കണയ്ക്കമൺ | 1800 | 3.5 |
| 13 | കുറ്റിയിലവുങ്കൽ പടി-ചിരട്ടോലിതടം | 900 | 5 |
| | ആകെ | 12.870 | കി.മീ |

പുതുതായി ഉൾപ്പെടുത്തേണ്ടവ

| | | | |
|---|---|---|---|
| 1 | കുളിത്തമ്പുഴ-മൈലാടുമ്പാറ | 600മീ | 3 മീ. |

| | | | |
|---|---|---|---|
| 2 | മഴവഞ്ചേരി- പൂവൻമല സ്കൂൾപടി | 100 | 3.5 |
| 3 | പുല്ലാനിമൺ-വള്ളിക്കാലാപടി | 800 | 3 |
| 4 | പള്ളിക്കൽപടി-പുല്ലമ്പള്ളിപടി | 500 | 3.5 |

വാർഡ്-3

| | | | |
|---|---|---|---|
| 1 | പൈമ റോഡ് | 1520 | 3 |
| 2 | മടത്തുകടവ്-പി.സി.ഹൈസ്ക്കൂൾ റോഡ് | 480 | 4 |
| 3 | പറക്കുളം-ചരിവുപറമ്പിൽപടി | 675 | 3.5 |
| 4 | താമരശ്ശേരിപടി-ഐവേലിപ്പടി | 220 | 4 |
| | ആകെ | 2.895 കി.മീ. | |

പുതുതായി ഉൾപ്പെടുത്തേണ്ടവ

| | | | |
|---|---|---|---|
| 1 | ഈട്ടിക്കാലപ്പടി-ഉറ്റപ്പനായ്ക്കൽപടി | 800 | 3.5 |
| 2 | നള്ളേത്ത് പടി-ഊറ്റക്കുഴിപ്പടി | 300 | 4 |
| 3 | മണ്ണേത്തുപടി-ചെറിയമൂഴിപ്പടി | 250 | 4 |
| 4 | ലത്തീൻപള്ളിപ്പടി-ചാരുവേലിപ്പടി | 85 | 4 |
| 5 | ചാരുവേലിപടി-മോടിയിൽപടി നടപ്പാത | 150 | 2 |
| 6 | ചെറിയമൂഴി-അയന്തി-ചരിവുപറമ്പിൽപടി | 600 | 4.5 |
| 7 | വലിയപള്ളി-മേലേതിൽപടി നടപ്പാത | 150 | 1.5 |

വാർഡ് - 4

| | | | |
|---|---|---|---|
| 1 | പേട്ട-വെട്ടിമല-മുക്കൂട്ടുതറ | 2150 | 8 |
| 2 | കടമാങ്കുളം- നമ്പൂര്യത്തുപടി | 1000 | 3.5 |
| 3 | ഐക്കാട്ടുമണ്ണിൽപടി-മണ്ണിൽപടി | 1125 | 4 |
| 4 | നെല്ലിക്കമൺ പോസ്റ്റോഫീസ് പടി-മുക്കൂട്ടുത്തറ | 896 | 3.5 |
| 5 | നെല്ലിക്കമൺ -വെട്ടിമല | 750 | 6 |
| 6 | ചെമ്പൻമുഖം- വാരാപ്പുഴ | 1070 | 5 |
| | ആകെ | 6.991 കി.മീ. | |

പുതുതായി ഉൾപ്പെടുത്തേണ്ടവ

| | | | |
|---|---|---|---|
| 1 | മുള്ളുംകാട്ടിൽപ്പടി-മുട്ടിതോട്ടത്തിൽപടി | 600 | 3 |
| 2 | നമ്പൂര്യേത്തുപടി- ചെമ്പൻമുഖം നടപ്പാത | 1000 | 1 |
| 3 | നമ്പൂര്യേത്തുപടി- രണ്ടാം കാലായിൽപടി ഊട്ടുപാറ-പിആർഎസ് മന്ദിരം നടപ്പാത | 400 | 1 |
| 4 | പറക്കുളം- ചരിവുപറമ്പിൽ പടി | 1000 | 4 |
| 5 | പുല്ലമ്പള്ളിൽ സ്ക്കൂൾ- മുള്ളുകാട്ടിൽപടി നടപ്പാത | 500 | 2 |
| 6 | ഈട്ടിക്കൽ പടി-കാവുങ്കൽ പടി നടപ്പാത | 500 | 2 |
| 7 | ഉന്നക്കാവ്- മുള്ളംകാട്ടിൽപടി നടപ്പാത | 150 | 1 |
| 8 | കാവുങ്കൽപടി ഊട്ടുപാറത്തടം നടപ്പാത | 400 | 1 |
| 9 | മാലത്രപ്പടി-ഊട്ടുപാറ ഐപി.സി ശ്മശാനം പടി നടപ്പാത | 400 | 1 |
| 10 | മേപ്പുറത്തുപ്പടി-പാറേപ്പുരയിടം | 500 | 1 |
| | ആകെ | 5.450 കി.മീ. | |

വാർഡ്-5

| | | | |
|---|---|---|---|
| 1 | ശാസ്താംകോവിൽപടി-കരിങ്കുറ്റിപ്പടി | 665 | 3.5 |
| 2 | ചെട്ടിമുക്ക്-മാളിയേക്കൽപ്പടി | 450 | 4 |
| 3 | ചുഴുകുന്നിൽപടി-കാവുങ്കൽപടി | 175 | 8 |
| 4 | കാമുണ്ടകത്തിൽപടി-മഞ്ഞുമാങ്കൽപടി വടക്കേമണ്ണിൽപടി | 1840 | 4 |
| 5 | ഐകാട്ടുമണ്ണിൽപടി-മണിമലേത്തുപടി | 510 | 3 |
| 6 | മഞ്ഞുമാക്കൽപടി-കാമുണ്ടകത്തിൽപടി | 1100 | 4 |
| 7 | വടക്കേകുറ്റുപ്പടി-വടക്കേമണ്ണിൽപ്പടി | 1000 | 3 |
| | ആകെ | 5.740 കി.മീ. | |

പുതുതായി ഉൾപ്പെടുത്തേണ്ടവ

| | | | |
|---|---|---|---|
| 1 | വളയനാട്ടുപ്പടി-മണിമലേത്തുപടി | 350 | 2.5 |
| 2 | പുത്തൻപുരയിൽപടി-വടക്കേമണ്ണിൽപടി | 400 | 2.5 |
| 3 | മണിമലേത്തുപടി-സെൻതോമസ് സ്കൂൾപടി | 200 | 4 |
| | ആകെ | 0.950 കി.മീ | |

വാർഡ്- 7

| | | | |
|---|---|---|---|
| 1 | ചരുവിൽപടി- നസ്രേത്ത് പള്ളി പടി | 400 | 6 |
| 2 | കുടിലുംപടി- എബനേസ്സർ റോഡിൽ ഇടപ്പറമ്പിൽ ഇടവഴി | 200 | 6 |
| 3 | എബനേസ്സർ- മുക്കരണത്ത് പടി ചിറയിൽപടി | 1890 | 4 |
| 4 | താന്നിമൂട്-ഈട്ടിച്ചുവട് | 110 | 4.5 |
| 5 | പാറച്ചിറ- പൂഴിക്കുന്ന് | 110 | 5 |
| 6 | പുള്ളോലി- പഴവാടി | 120 | 5 |
| 7 | എബനേസ്സർസ്ക്കൂൾ പടി- ഏഴോലിസ്ക്കൂൾ പടി | 900 | 3.5 |
| | ആകെ | 3.730കി.മി | |

പുതുതായി ഉൾപ്പെടുത്തേണ്ടവ

| | | | |
|---|---|---|---|
| 1 | ആറൊന്നിൽ പടി- വടക്കേമണ്ണിൽ പടി | 650 | 3.5 |
| 2 | ആഞ്ഞിലിമൂട്ടിൽ പടി- പീടികയിൽ പടി | 450 | 3.5 |
| 3 | കറുത്തേരിൽ പടി- പീടികയിൽ പടിനടപ്പാത | 200 | 1.5 |
| 4 | മുക്കരണത്ത് പടി-ഏഴോലിസ്ക്കൂൾ പടിനടപ്പാത | 200 | 1.5 |
| 5 | കളത്രയിൽപടി- കൗങ്കോട്ടത്തുപടി നടപ്പാത | 200 | 1.5 |
| 6. | പുത്തൻപുരയ്ക്കൽപടി-മരുതിക്കാട്ടിൽ പടി-നടപ്പാത | 200 | 1.5 |
| 7. | കോമ്പൻകുഴി-ആശാരിപ്പടി-നെടുവേലിൽ-പടി-നടപ്പാത | 200 | 1.5 |
| 8. | കാച്ചാണത്തുപടി- നസ്രേത്തുപള്ളിപടി റോഡ് | 850 | 5 |
| 9. | ഏഴോലിസ്ക്കൂൾ പടി- മരുതിമൂട്ടിൽപടി-ഇടവഴി | 150 | 2 |
| 10. | വയറക്കുന്നിൽ പടി-കല്ലൊഴത്തിൽപടി-നടപ്പാത | 150 | 1.5 |
| | ആകെ | 3.300 കി.മീ | |

വാർഡ്- 8

| | | | |
|---|---|---|---|
| 1. | എബനേസർ-തൊണ്ടട-കുളക്കുറ്റി | 1950 | 8 |
| 2. | കളത്തൂർപടി-തൃക്കോമല | 1450 | 8 |
| 3. | കടവുപുഴ-മണ്ണാറത്തറ-കുളക്കുറ്റി | 1250 | 8 |
| 4. | കുടിലുംപടി-തൃക്കോമല | 1160 | 4.5 |
| 5. | കണ്ണാത്തുപടി-പുന്നിട്ടേത്തുപടി | 800 | 4 |

| | | | |
|---|---|---|---|
| 6. പാ ലത്തുംപടി-മണ്ണാറത്തറ | | 700 | 4 |
| 7. തേനാലുംപടി-മണ്ണ ാറത്തറ | | 890 | 4 |
| 8. തൃക്കോമല മുസ്ളിം പള്ളിപടി, കത്തോലിക്കപള്ളിപടി | | 500 | 4 |
| 9. മണ്ണാറത്തറ-കോമളാംകുഴി | | 1738 | 4.5 |
| ആകെ | | 100438 | |

പുതുതായി ഉൾടുത്തേണ്ടവ

| | | |
|---|---|---|
| 1. തൃക്കോമല കത്തോലിക്കാപള്ളിപ്പടി-പട്ടേൽപടി | 350 | 3.5 |
| 2. തൃക്കോമല വാഴയിൽ പടി-പുതുവേലിൽ പടി- | 2500 | 5 |
| 3. വെണ്ണ്യപ്പാറ-മരുതിക്കാട്ടിൽ പടി | 200 | 2 |
| 4. തൃക്കോമല പാലത്തുങ്കൽ പടി- പറക്കുളത്തുപടി- | 1000 | 2.5 |
| 5. മണ്ണാറത്തറ വാഴയിൽ പടി- കാനാത്രയിൽപടി | 300 | 2 |
| 6. കുരവിക്കാട്ടിൽ പടി- തോട്ടുപടി നടപ്പാത | 150 | 2 |
| ആകെ: | 4.500 കി.മീ. | |

## ഗതാഗതം

<u>കലുങ്കുകൾ ചപ്പാത്തുകൾ</u>
<u>സംരക്ഷണഭിത്തികൾ</u>

വാർഡ്:1

1.കാലായിൽപടി-കൊച്ചുപറമ്പിൽ പടി റോഡിൽ 200 മീ. നീളത്തിൽ സൈഡ് കെട്ടി റോഡിൽ കൊച്ചുപറമ്പിൽ ഭാഗത്തു കലുങ്കിന് ആവശ്യമായ സംരക്ഷണ വേലകൾ ചെയ്യുക.

അയിരൂർ പഞ്ചായത്തിനേയും അങ്ങാടി പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ചിറ തകർന്ന അവസ്ഥയിലാണ്. അടിയന്തിരമായി ബലപ്പെടുത്തേണ്ടതാണ്.

2. മുളംപ്പള്ളിപ്പടി- റോഡിൽ രണ്ട് ചപ്പാത്ത്ഒരു കലിങ്കും അടിയന്തിരമായി പണിയുക.

3.കല്ലേലി മണ്ണിൻപ്പടി-പള്ളിപ്പടി റോഡിൽ 150 മീറ്റർനീളത്തിൽ സംരക്ഷണഭിത്തികെട്ടുക.

4. മരാംതോട്ടത്തിൽ കടവിലെ സ്റ്റെപ്പുകൾപുനരുദ്ധരിക്കണം.

5. തെക്കെക്കാലാപ്പടി-പള്ളിപ്പടിറോഡിൽ രണ്ട് ചപ്പാത്തുകൾ നിർമ്മിച്ച് സംരക്ഷണ ഭി ത്തികെട്ടുക.

6. പമ്പാനദിയുടെ വരവൂർ ഭാഗത്തുള്ള തിട്ട ഇടിഞ്ഞ് വസ്തു നശിക്കുന്നു. സംരക്ഷണഭി ത്തി നദിയുടെ ഭാഗത്ത് കെട്ടി സംരക്ഷിക്കുക.

7. മുളംപള്ളിപ്പടി കുളിക്കടവിൽ സംരക്ഷണ ഭിത്തികെട്ടുക.

വാർഡ് :2

1.പൂവൻമല- ചിരട്ടോലിൽ റോഡിൽ അയിരൂർ പഞ്ചായത്തുമായി ചേരുന്ന ഭാഗത്ത് കലുങ്ക് നിർമ്മിക്കുക. സംരക്ഷണഭിത്തി കെട്ടുക.

2. പൂവൻമല-കണക്കമൺ റോഡിൽ കണക്കമണ്ണിൽ കലിങ്ക് നിർമ്മിക്കുകയും, പുള്ളിയോടിൽപ്പടി-പാക്കാനിക്കൺ പടി എന്നിവിടങ്ങളിൽ ചപ്പാത്തും നിർമ്മിക്കുക.

3. പറക്കുളം-കുറുമ്പേലിപടി റോഡിൽ,കുഴിക്കാലാപടിക്കൽ കലുങ്ക് നിർമ്മിക്കുകയും,സംരക്ഷണഭിത്തി കെട്ടുകയയുംചെയ്യുക. ഏകദേശം 100 മീ. ബണ്ട്കെട്ടി റോഡ് പൂർത്തീകരിക്കുക.

4. പൂവൻമല-പറക്കുളം റോഡിൽ മേപ്രത്ത് പടിക്കൽ ചപ്പാത്ത് നിർമ്മിക്കുക.

5. പൂവൻമല ഉണക്കാവ് റോഡിൽ ഐക്കാട്ട്വസ്തുവിന് സമീപം ചപ്പാത്ത് നിഃർമ്മിക്കുകയും, കുരുബേലിപടിക്കൽ സംരക്ഷണഭിത്തികെട്ടുകയും ചെയ്യുക.

6. പൂവൻമല-കൊച്ചുപറമ്പിൽ പടി റോഡിൽ കപ്പമാംമൂട്ടിൽ പടിക്കൽ ചപ്പാത്ത് നിർമ്മിക്കുക.

7. പൂവൻമല-മത്തകം റോഡിൽ ചണ്ണപ്ലാക്കൽ (പോത്തമല)പടിക്കൽ ചപ്പാത്ത് നിർമ്മിക്കുക.

8. മുഴുവഞ്ചേരി പടി എം.ടി.എൽ.പി സ്കൂൾ ബണ്ട് കെട്ടി സഞ്ചാര യോഗ്യമാക്കുക.

വാർഡ്-3

1. പൈമാ റോഡിൽ ആലപ്പാട്ടുപടിക്കൽ കലുങ്ക് നിർമ്മിക്കുക.

വാർഡ്- 4

1. സിവി റോഡിൽ കാവുങ്കൽ പടി, ചരിവുപറമ്പിൽ പടി. പുല്ലമ്പള്ളി സ്കൂൾ പടി, ചരുങ്കതൽ പടി, മുള്ളുംകാട്ടിൽപ്പടി എന്നിവിടങ്ങളിൽ കലുങ്ക് നിർമ്മിക്കുക.

2. അരുവിക്കൽ- നെല്ലിക്കമൺ റോഡിൽ നമ്പൂരിയത്ത്പടി, പുല്ലമ്പള്ളിപ്പടി എന്നിവിടങ്ങളിൽ കലുങ്ക് നിർമ്മിക്കുക.

3.നെല്ലിക്കമൺ-വെട്ടിമലറോഡിൽ പുല്ലമ്പള്ളിപടി-വെട്ടിമലപ്പടി എന്നിവിടങ്ങളിൽ കലുങ്ക് നിർമ്മിക്കുക.

## പട്ടിക 3

വാർഡ്- 1

വാർഡ്-6

1. പുള്ളോലി-വളകൊടികാവ് റോഡിൽ മാളിയേക്കൽ പടിക്കൽ കലുങ്ക് നിർമ്മിക്കുകയും വടക്കേമണ്ണിൽ പടിക്കലും, പുറത്തേൽ പടിക്കലും ചപ്പാത്തുകൾ നിർമ്മിക്കുക.
2. വളകൊടികാവ്-അമ്പലത്തും കാവ് റോഡിൽ മുക്കറണത്ത് പടിക്കൽ കലുങ്ക് നിർമ്മിക്കുക.
3. നെല്ലിക്കമൺ-ഏഴോലി റോഡിൽ അരുവിക്കൽ പടിക്കലും, ചിറത്തോൻ പടിക്കലും കലിങ്കുകൾ നിർമ്മിക്കുക.
4. സ്നേഹപുരം-മേടക്കുന്ന് റോഡിൽ അപ്പിലിപുരയിടം പടിക്കൽ കലുങ്ക് നിർമ്മിക്കുക.

വാർഡ്-7 തോടുകൾ

1. കൊളക്കുറ്റി-ചവറംപ്ലാവ്-എബനേസർ പടി തോട്.
2. വളകൊടികാവ്-എബനേസർ പടി-തോട്
3. തൃക്കോമല-ചെറയ്ക്കൽ പടി തോട്.
4. എബനേസർപടി- ചെറയ്ക്കൽപടി- ചരുവിൽ പടി തോട്.
5. ചരവിൽ പടി- പുള്ളോലി-വലിയ തോട്.

നിർദ്ദേശങ്ങൾ

1. കൊളക്കുറ്റി-ചവറംപ്ലാവ്-എബനേസർ പടിതോട്ടിൽ പുതുവയൽ പടിക്കൽ ചീപ്പു നിർമ്മിച്ച്-പുതുവയൽ പടി മുതൽ എബനേസർപടി വരെയുള്ളനിലങ്ങൾ-നെൽകൃഷി ചെയ്യുന്നതിനു നടപടിയുണ്ടാകണം.
2. എ ബനേസർ പടി- ചെറയ്ക്കൽപടി-ചരുവിൽ പടി തോട്ടിൽ പോസ്റ്റാഫീസ് പടിക്കൽ ചീപ്പ് നീർമ്മിച്ച് തേവർ വേലിൽ പാടശേഖരത്തിൽ ആണ്ടിൽ മൂന്നു തവണ നെൽകൃഷി നടത്തുന്നതിനു നടപടിയുണ്ടാകണം.
3. തൊണ്ടട, വലികകാലാ ഭാഗത്ത് കുളം വെട്ടി പ്രസ്ഥാപിച്ച്, വലിയകലാ, ചാലുങ്കൽ-നിലങ്ങൾ നെൽകൃഷി ചെയ്യുന്നതിനു നടപടി ഉണ്ടാകണം.

വാർഡ്-7.

കുടിലും പടി-ഏഴോലി- കുളങ്കുറ്റി റോഡിൽ കുടിലും പടി കലുങ്കിന്റെ വീതി വർദ്ധിപ്പിക്കുക. എ ബനേസർ ജംഗ്ഷൻ- മേത്രാതൽ പ്പടിഎന്നീ കലുങ്കുകളുടെഅറ്റകുറ്റപ്പണികൾനടത്തുക.

2. ചരിവിൽ പ്പടി-പള്ളിപ്പടി റോഡിൽ നസ്രേത്ത് പള്ളിപ്പടി കലിങ്കിന്റെ അറ്റകുറ്റപ്പണികൾ നടത്തിയും (അടിഭാഗം പൂർണമായും തകർത്തിരിക്കുന്നു) സംരക്ഷണഭിത്തി കെട്ടുക.
3. കച്ചാണത്ത്പടി-പള്ളിപ്പടിറോഡിൽ പള്ളിപ്പടിക്കൽ പുതിയ കലുങ്ക് നിർമ്മിക്കുകയും എഴിക്കകത്ത് പടി, കുന്നം പുറത്ത് പടി എന്നിവിടങ്ങളിൽ ചപ്പാത്തു നിർമ്മിക്കുകയും,കാചച്ചാണത്ത് ടടിമുതൽ വയറക്കുന്നിൽ പടി വരെ ഉള്ള ചിറക്ക് സംരക്ഷണഭിത്തിയും കലുങ്കുകളുടെ അറ്റകുറ്റപ്പണിയും നടത്തുക.
4. എബനേസർ-മുത്രണത്ത്പടി-ചിറയിൽപ്പടി റോഡിൽ എബനേസർ പടിക്കൽ ഓടകെട്ടി സ്ലാബുകൾ നിരത്തുക. ഇലഞ്ഞാന്തറ മണ്ണിൽ പടിക്കൽ പുതിയ കലുങ്ക് നണിയുക. കുളത്തുംമട്ടക്കൽ പടിക്കൽ ചപ്പാത്ത് നിർമ്മിക്കുക.

വാർഡ് -8

1. കുടിലുംപടി-മുസ്ളിം പള്ളിപ്പടി റോഡിൽ കുടിലും പടിക്കൽ കലുങ്ക് നിർമ്മിക്കുക.
2. കുളത്തൂർ പടി-തൃക്കോമല റോഡിൽ മുസ്ളിം പള്ളിപടിക്കലും, കുരുവിക്കാട്ടിൽ പടിക്കലും, കുരുവിക്കാട്ടിൽ പടിക്കലും കലിങ്കുകൾ നിർമ്മിക്കുക.
3. പുന്നിട്ടേത്ത്പടി-കണ്ണാത്ത്പടി റോഡിന്റെ ആരംഭ ഭാഗത്ത്കലിങ്ക് നിർമ്മിച്ച് സംരക്ഷണഭിത്തി കെട്ടുക.

വാർഡ്-9

| | | |
|---|---|---|
| 1. ചിറയ്ക്കൽ പടി- തുളിമൺ-ചന്ദനക്കുഴി | 400 | 4 |
| 2. ചന്ദനകുഴി- അരിങ്കെട്ടുകല്ല്- പേഴുംകുളത്തുപടി | 1350 | 3.5 |
| 3. കണ്ണാടിയ്ക്കൽ പടി- തുളിമൺ നടപ്പാത | 250 | 2 |
| 4. കുരിശ്ശടി-വെണ്യപ്പാറ | 1168 | 5 |
| 5. ഓലിയ്ക്കൽ പടി- തടത്തിൽ പടി | 950 | 3.5 |
| 6. SNDP - ചുളകുന്ന് | 600 | 4 |
| 7. തേവർതുണ്ടിയിൽ പടി- പട്ടേൽപടി | 550 | 4 |
| ആകെ: | 5.266 കി.മീ. | |

ഗതാഗതം. പേജ് 55, വാർഡ് 4 കഴിഞ്ഞ്

## വാർഡ് 5

1. പേട്ട – ചെമ്പൻ മുഖം റോഡിൽ കരിങ്കുറ്റിപ്പടി – ഊളക്കാവിൽപടിയിൽ ചപ്പാത്ത് നിർമ്മിക്കുക.
2. ശാസ്താംകോവിൽപടി മഞ്ഞുമാങ്കൽപടി റോഡിൽ ആലപ്പാട്ട് പടിക്കൽ ഒരു കലുങ്ക് നിർമ്മിക്കുക.
3. വടക്കേമണ്ണിൽ പടിക്കൽ ഒരു കലുങ്ക് നിർമ്മിക്കുക.
4. പുല്ലമ്പള്ളി പടിക്കൽ ഒരു ചപ്പാത്ത് നിർമ്മിക്കുക.
5. ശാസ്താംകോവിൽപടി (ശ്രീകൃഷ്ണ ബേക്കറി ) കരിങ്കുറ്റി റോഡ് ബൈപ്പാസ് റോഡാക്കുക.

## വാർഡ് 6

പുതുതായി ഉൾപ്പെടുത്തേണ്ടവ

| | | |
|---|---|---|
| 1. മാളിയേക്കൽപടി – വെളിയത്ത്പടി നടപ്പാത | 500 | 1.50 |
| 2. ചരുവുകാലായിൽപടി – ചെള്ളേത്ത്പടി നടപ്പാത | 500 | 1.50 |
| 3. അരുവിക്കൽപടി – ചെള്ളേത്ത്പടി നടപ്പാത | 100 | 1.50 |
| 4. തെക്കുംകോവിൽപടി – കവുങ്കോട്ടേത്ത്പടി നടപ്പാത | 300 | 1.50 |
| 5. തൊണ്ടുപുറത്ത്പടി – വെളുത്തോത്ത്പടി | 750 | 4.00 |
| 6. കുന്നുംപുറത്തുപടി – അരുവിക്കൽകാലായിൽപടി | 300 | 1.50 |
| ആകെ | 2,450 കി.മി. | |

പേജ് 54, വാർഡ് 7ന് മുകളിൽ

## വാർഡ് 6

| | | |
|---|---|---|
| 1. വളകൊടികാവ് – അമ്പലത്തുംകാവ് റോഡ് | 730 | 8 |
| 2. പുള്ളോലി വളകൊടികാവ് | 400 | 8 |
| 3. പന്നിക്കാവ് മേടക്കുന്ന് | 1350 | 6 |
| 4. നെല്ലിക്കമണ് – അഴകനാകുഴിതടം | 1000 | 4 |
| 5. നെല്ലിക്കമണ് – മാളിയേക്കൽപടി | 850 | 4 |
| 6. നെല്ലിക്കമണ് – എഴോലി | 1350 | 8 |
| 7. മടത്തിങ്കൽപടി – വളകൊടികാവ് | 1575 | 3.5 |
| 8. ആയുർവേദാശുപത്രി റോഡ് | 180 | 3.5 |
| 9. സ്നേഹപുരം അമ്പലത്തുംകാവ് | 1350 | 5 |
| 10. അമ്പലത്തുംകാവ് മുളച്ചുവട് | 730 | 6 |
| ആകെ | 9275 കി. മി. | |

പേജ് 50, ഗതാഗതം, നിർദേശങ്ങൾ

12. വ്യക്തികളും, സ്ഥാപനങ്ങളും കെട്ടിടം പണിക്കും മറ്റും സാധനങ്ങൾ റോഡിൽ ദീർഘകാലത്തേയ്ക്ക് ഇടുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം.

13. പഞ്ചായത്തു റോഡുകൾക്ക് ഇപ്പോഴുള്ള വീതി പൂർണ്ണമായി മെയിന്റനൻസ് ചെയ്യുകയും റോഡു വക സ്ഥലം കൈയേറി സ്വന്തമാക്കാതിരിക്കാൻ അതിർത്തി കല്ലുകൾ ഇട്ടു സംരക്ഷിക്കുക.

14. റാന്നി താലൂക്കിലെ ഗവണ്മെന്റ് ആഫീസുകൾ ഏറിയ പങ്കും റാന്നി പഞ്ചായത്തിലാണ്. രണ്ട്, മൂന്ന് എന്നീ വാർഡുകളിലെ ആളുകൾക്ക് റാന്നിയുമായി ബന്ധപ്പെടുന്നതിന് തെക്കേമുറികടവിൽ കടത്തു വള്ളം ഏർപ്പെടുത്തുക.

വികസനരേഖയിൽ 53–ാം പേജിൽ 4–ാം വാർഡിൽ പുതുതായി ഉൾപ്പെടുത്തേണ്ടവയിൽ മൂന്നാമതായി കാണിച്ചിരിക്കുന്ന നമ്പൂരേത്തുപടി – രണ്ടാംകാലായിൽ പടി എന്ന റോഡ് വികസനരേഖയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

# മാർക്കറ്റ്

അതിപുരാതന കാലം മുതല്ക്കേ അങ്ങാടിയിലെ പേട്ടച്ചന്ത പ്രശസ്താമയിരുന്നു. ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചതോടെ ഈ ചന്തയുടെ പ്രസക്തി ക്ഷയിച്ചു. ഇന്നിപ്പോൾ നടന്നുവരുന്ന അന്തിച്ചന്ത മാത്രമാണ് പഞ്ചായത്തിലെ ജനങ്ങളുടെ ഏക ആശ്രയം. ആയതിനാൽ ജനങ്ങളുടെ സൗകര്യാർത്ഥം ഈ ചന്ത വിപുലീകരിക്കുവാനുള്ള നടപടി സത്വരമായി ആരംഭിക്കേണ്ടിയിരിക്കുന്നു. മത്സ്യം, പച്ചക്കറി എന്നിവ നിത്യേന ഇവിടെ ക്രയ വിക്രയം ചെയ്യപ്പെടുന്നു. ഇതിനോടു ചേർന്ന് ഒരു മാംസ വ്യാപാരശാലയുമുണ്ട്. ആധുനീക രീതിയിലുള്ള ഒരു അറവുശാല നിർമ്മിക്കുകയും ചന്തയിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള ആധുനീക സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുകയും വേണം.

| പുതുതായി ഉൾപ്പെടുത്തേണ്ടവ | | | | |
|---|---|---|---|---|
| 1. ഞണ്ടുതോട്ടിൽപടി- ഫേയ്ത്ത് ഹോം പടി നടപ്പാത | | 120 | | 1.5 |
| 2. കെ.പി. റോഡിൽ റേഷൻകടപടി-മണ്ണാറത്തറ ലക്ഷം വീട്- നടപ്പാത | 250 | | 1.5 | |
| 3. ഓലിയ്ക്കൽ പടി- ആലപ്പടി-മണ്ണാറത്തറ | | 350 | | 1.5 |
| 4. പേഴംകുളത്തുപടി-തുളിമണ്ണിൽ പടി-വയറക്കുന്നിൽ പടി-നടപ്പാത | 250 | | 1.5 | |
| 5. അരിങ്കട്ടുകല്ല്-പ്ലാന്തോട്ടത്തിൽ പടി- നടപ്പാത | | 150 | | 1.5 |
| 6. ലക്ഷംവീട്- കാനാത്രപ്പടി- പാറേത്തോട്- നടപ്പാത വായനശാലപടി-മലമ്പുറത്തു പടി ( K.P.road) | 150 | | 2 | |
| 7. ഞണ്ടുതോട്ടിൽ പാലത്തിനു സമീപം വലിയ തോട്ടിലോട്ടുള്ള നടപ്പാത | 40 | | 1.310 | |
| ആകെ | | | 1.270 കിമീ. | |

വാർഡ്-9

1. ചന്ദനകുഴി- അരികെട്ട് കല്ലുങ്കൽ പേഴകുന്ന് റോഡിൽ കുറ്റിയിൽപടിക്കൽ പാലം പണിയുക. ടി റോഡിൽ ഓലിക്കൽ പടിക്കൽ നടപ്പാലം പണിയുക.
2. കെ.പി. റോഡിൽ റേഷൻകടയ്ക്കു സമീപത്തായി കലുങ്കും പാറേത്തോട്ടിൽ ചപ്പാത്തും, മേമുറി മുതൽ തടത്തിൽ പടി വരെ സംരക്ഷണ ഭിത്തി 400 മീ.
3. തേവർ തുണ്ടിപടി പട്ടേൽ മല റോഡിൽ 2 ചപ്പാത്തും പട്ടേൽ മലയിൽ സംരക്ഷണ ഭിത്തി 250 കി.മീ.
4. ചന്ദനകുഴി- അരികെട്ടുകല്ല് പേഴുംകുളത്തുപടി റോഡിൽ 2 ചപ്പാത്തും പണിയുക.
5. ചിറയ്ക്കതൽ പടി -തുളിമണ്ണ് ചന്ദനകുഴിയിൽ സംരക്ഷണഭിത്തി 200 മീ.
6. കുരിശടി-വെണ്ണിയപ്പാറ റോഡിൽ 250 മീ. സംരക്ഷണഭിത്തി കെട്ടുക
7. വട്ടാർകയം-വലിയകാവ് റോഡിൽ 100 മീ. സംരക്ഷണഭിത്തി.
8. വലിയകാവ് മുതൽ തുളിമൺ വരെ തോടിന് സംരക്ഷണഭിത്തി- 2500 മീ.

കോൺക്രീറ്റ് ഓട

1. കുരിശടി-വെണ്ണിയപ്പാറ റോഡിൽ 200 മീ.

## പോലീസ് സ്റ്റേഷൻ

ക്രമസമാധാന ഗതാഗത രംഗത്ത് കാര്യമാത്ര പ്രസക്തമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന റാന്നിയിലെ ഒരു സ്ഥാപനമാണ് റാന്നി പോലീസ്സ്റ്റേഷൻ. 1930 ൽ ഹോസ്റ്റിൻ സായിപ്പ് റാന്നിയിൽ വന്നപ്പോൾ കൊടുത്ത നിവേദനത്തിന്റെ ഫലമായി അനുവദിച്ചതാണ് ഇത്.

പ്രശ്നങ്ങൾ

1. 1930 ൽ പണിത ഒരു പഴയ കെട്ടിടമാണ് ഇന്നും പോലീ—സ്റ്റേഷനായി ഉപയോഗിക്കുന്നത്.

2. പ്രതികളെ സുരക്ഷിതമായി സൂക്ഷിയ്ക്കുവാനുള്ള സംവിധാനം വളരെ കുറ—വാണ്. വനിതാ പോലീസ് യൂണിറ്റും ട്രാഫിക് യൂണിറ്റിന്റെ പ്രവർത്തനവും ഇല്ലാത്തതും വലിയ കുറവായി തന്നെ അവശേഷിക്കുന്നു.

അങ്ങാടി, പഴവങ്ങാടി, റാന്നി എന്നീ പഞ്ചായത്തുകളിൽ ട്രാഫിക് തടസ്സം എന്നത് ഒരു സ്ഥിരം സംവിധാനമായി മാറിയിരിയ്ക്കുകയാണ്. ശബരിമല മണ്ഡലപൂജ കാലത്ത് ഇത് വളരെ കൂടുത—ലായിഅനുഭവപ്പെടുന്നു. ഗതാഗത നിയന്ത്രണത്തിന് റാന്നി പോലീസ് സ്റ്റേഷനിൽ മതിയായ സംവിധാനങ്ങൾ ഒന്നും തന്നെയില്ല.

നിർദ്ദേശങ്ങൾ

1. ഒരു DYSP Office അനുവദിക്കുക.

ആധുനിക സംവിധാന—ങ്ങളോടു കൂടിയ ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുക.

2. ഒരു വനിത പോലീസ് യൂണിറ്റ് അനുവദി—ക്കുക, ട്രാഫിക് പോലീസ് യൂണിറ്റ് അനുവദിക്കുക.

3. വൺവേ ട്രാഫിക് സിസ്റ്റം നടപ്പിലാക്കുക. (പേട്ട ജംഗ്ഷൻ, മാമുക്ക്, പുളിമുക്ക്) എന്നീ പാലങ്ങൾ വീതി—കൂട്ടുകയും കണ്ടനാ—ട്ട് പടിയ്ക്കൽ പാലം നിർമ്മിയ്ക്കുകയും ചെയ്യുക)

4. അങ്ങാടി പഞ്ചായത്തിൽ ഒരു എസ്.ഐയു—ടെ ചുമതലയിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് അനുവദിക്കുക.

5. അങ്ങാടി പഞ്ചായത്തി—നെ കൂടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിന്റെ പരിധിയിൽ ഉൾപ്പെടുത്തു—ക. 1996 ജൂലൈ മാസം 29-ാം തീയതി റാന്നി വലിയ പാലം തകർ—ന്നു വീണ തോടുകൂടി റാന്നിയുടെ വികസനം 20 വർഷം പുറകോട്ട് പോയിരിക്കുകയാണ്. ആയതിന്റെ പ്രത്യാ—ഘാതം ക്രമസമാധാന രംഗത്തും ഗതാഗത കുരുക്കിലും റാന്നി ജനത അനുഭവിക്കുകയാണ്. ആയതിന് എത്രയും വേഗം പരിഹാരം ഉണ്ടാകുമെന്ന് പ്രത്യാശിക്കു—ന്നു.



തിരക്കേറിയ മാമുക്ക് പാലം



പുളിമുക്ക് പാലം

# ഊർജ്ജം

അങ്ങാടി പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി, മണ്ണെണ്ണ, വിറക്, വാതകങ്ങൾ തുടങ്ങിയവയാണ്. ആധുനിക യുഗത്തിന്റെ പുരോഗതിക്ക് ഒഴിവാക്കാനാവാത്ത അടിസ്ഥാന ഊർജ്ജ സ്രോതസ്സായ വൈദ്യുതി നമ്മുടെ പഞ്ചായത്തിൽ വിതരണം തുടങ്ങിയിട്ട് അനേക വർഷങ്ങളായി. എന്നാൽ ഇതുവരെയും സ്വയം പര്യാപ്തതയിലെത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. പത്തനംതിട്ട, കോഴഞ്ചേരി, റാന്നിവൈക്കം എന്നീ സബ് സ്റ്റേഷനുകളിൽ നിന്നുമാണ് വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ പഞ്ചായത്തിൽ 315 വഴിവിളക്കുകളുണ്ട്. വഴിവിളക്കുകൾക്കായി സുമാർ 3841 രൂപയോളം പ്രതിമാസം ബോർഡിനു നല്കി വരുന്നു. വഴിവിളക്കുകളിൽ ഭൂരിഭാഗവും പ്രവർത്തന രഹിതമാണ്. എല്ലാ ലൈറ്റുകളും പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അങ്ങാടി പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്നതിന് മേൽനോട്ടം വഹിക്കുന്നത് റാന്നി ഇലക്ട്രിസിറ്റി ആഫീസ് നോർത്ത്, റാന്നി ഇലക്ട്രിസിറ്റി ആഫീസ് സൗത്ത് എന്നീ രണ്ട് ആഫീസുകളാണ്.

## I. സൗത്ത്

അങ്ങാടി പഞ്ചായത്തിലെ ഒന്നാം വാർഡാണ് വരവൂർ. അവിടെ സ്ഥാപിച്ചിരിക്കുന്ന 100 KVA ട്രാൻസ്ഫോർമറിൽ കൂടിയാണ്, വരവൂരിൽ വൈദ്യുതി പ്രസരണം നടത്തുന്നത്. റാന്നിയിലുള്ള മറ്റ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും ഈ ട്രാൻസ്ഫോർമറിൽ നിന്നുംവൈദ്യുതി പ്രസരണം നടത്തുന്നുണ്ട്. അതു കൊണ്ട്തന്നെ ആ ഭാഗത്ത് വോൾട്ടേജ് ക്ഷാമമം അനുഭവപ്പെടുന്നു. ഏകദേശം 23000 യൂണിറ്റ് വൈദ്യുതി ഒരു മാസം ഇവിടെ ഉപയോഗിക്കുന്നു.

പട്ടിക 1

| ക്രമനമ്പർ | ഇനവിവരം | കണക്ഷൻ |
|---|---|---|
| 1 | കൊമേർഷ്യൽ | 35 |
| 2 | ഡൊമസ്റ്റിക് | 200 |
| 3 | അഗ്രിക്കൾച്ചറൽ | 1 |
| 4 | ഇൻഡസ്ട്രിയൽ | 20 |
| | ആകെ | 256 |

പുതിയതായി അങ്ങാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.

## II. നോർത്ത്

അങ്ങാടി പഞ്ചായത്തിലെ വരവൂർ ഒഴികെയുള്ള എട്ട് വാർഡുകളിലും വൈദ്യുതി പ്രസരണം നടത്തുന്നതിനുള്ള ഉത്തരവാദിത്വം ഇലക്ട്രിസിറ്റി നോർത്ത് ആഫീസിനാണ്. 10 ട്രാൻസ്ഫോർമറിൽ കൂടിയാണ് ഇവിടെ വൈദ്യുതി വിതരണം നടത്തുന്നത്. കഠിനമായ വോൾട്ടേജ് ക്ഷാമം ഈ 8 വാർഡുകളിലും അനുഭവപ്പെടുന്നുണ്ട്. ഇലക്ട്രിസിറ്റി നോർത്ത് ആഫീസിന്റെ പരിധിയിൽ നിന്നും ഒരു മാസം അങ്ങാടി പഞ്ചായത്തിൽ എത്ര യൂണിറ്റ് ഉപയോഗിക്കുന്നു എന്നുള്ളതിന് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല എന്നുള്ളത് ഇലക്ട്രിസിറ്റി ആഫീസിനെ സംബന്ധിച്ചിടത്തോളം ഒരു കറുത്ത പാടായി അവശേഷിക്കുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഇലക്ട്രിസിറ്റി ആഫീസിന്റെ അഭാവം വ്യക്തമാണ്.

പട്ടിക 2

അങ്ങാടി പഞ്ചായത്തിലുള്ള
ട്രാൻസ്ഫോർമറുകളുടെ വിശദവിവരം

| ക്രമ നമ്പർ | സ്ഥാപിച്ചിരിക്കുന്ന സ്ഥലം | എണ്ണം | കപ്പാസിറ്റി (KVA) |
|---|---|---|---|
| 1 | കുരിശുംപടി (വലിയ പള്ളിപ്പടി) | 1 | 160 |
| 2 | മേനാന്തോട്ടം | 1 | 160 |
| 3 | പുളിമുക്ക് | 1 | 100 |
| 4 | അങ്ങാടി | 1 | 160 |
| 5 | പേട്ട | 1 | 250 |
| 6 | വുള്ളോലി | 1 | 100 |
| 7 | ചിറയ്ക്കൽപ്പടി | 1 | 160 |
| 8 | എബനേസ്സർ | 1 | 100 |
| *9 | മണ്ണാരത്തറ | 1 | 100 |
| 10 | കടവുപുഴ | 1 | 100 |
| 11 | പൂവന്മല | 1 | 100 |
| 12 | വരവൂർ മണൽകടവ് | 1 | 100 |

* 1990–ൽ മുതൽ പ്രവർത്തനം ആരംഭിച്ച് 1996ൽ മണ്ണാരത്തറ (8–ാം വാർഡ്) യിൽ 100 KVA യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചു. സർക്കാർ ഖജനാവിൽ നിന്ന് ലക്ഷക്കണക്കിന് രൂപാ മുതൽ മുടക്കി മുഴുവൻ പണികളും തീർത്ത് ലൈൻ ചാർജ്ജ് ചെയ്യുന്നുവെന്നുള്ള കെ. എസ്. എ. ബി. യുടെ നോട്ടീസും, മണ്ണാരത്തറ ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്തു എന്നുള്ള പത്രപ്പരസ്യവും, അങ്ങാടി പഞ്ചായത്തിലെ മണ്ണാരത്തറ, തൃക്കോമല, ചമറംപ്ലാവ് തുടങ്ങിയ പ്രദേശങ്ങളിലെ ബഹുഭൂരി പക്ഷം ആളുകൾ ആഹ്ലാദത്തോടെ വീക്ഷിച്ചു. എന്നാൽ നാളിതുവരെ മണ്ണാരത്തറ ട്രാൻസ് ഫോർമർ ചാർജ്ജ് ചെയ്തിട്ടില്ല. കെ. എസ്. ഇ. ബി. യുടെ അനാസ്ഥയായി പൊതുജനങ്ങൾ ഇതിനെ ചിത്രീകരിക്കുന്നതിൽ കുറ്റം പറയാനാവി ല്ലല്ലോ. പ്രസ്തുത ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്താൽ ഇന്നനുഭവിക്കുന്ന വോൾട്ടേജ് ക്ഷാമത്തിന് ഒരു പരിധിവരെ ആശ്വാസമാകും എന്നുള്ളതിന് തർക്കമില്ല.

പട്ടിക 3

പഞ്ചായത്തിലെ ആകെയുള്ള കണക്ഷന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇന വിവരം | കണക്ഷൻ |
|---|---|---|
| 1 | കൊമേർഷ്യൽ | 300 |
| 2 | ഡൊമസ്റ്റിക് | 2500 |
| 3 | അഗ്രിക്കൾച്ചർ | 1 |
| 4 | ഇൻഡസ്ട്രിയൽ | 35 |
| | ആകെ | 2836 |

## നിർദ്ദേശങ്ങൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഏഴോലി, പുള്ളോലിത്തടം, വലിയകാവ് എന്നിവടങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും പൂവന്മല, പുല്ലൂത്രം, ശാസ്താകോവിൽ ജംഗ്ഷൻ , കരിങ്കുറ്റി ലക്ഷംവീട് കോളനി എന്നിവടങ്ങളിൽ എൽ. ടി. ലൈൻ വലിക്കുകയും ചെയ്യുക.

2. ചെട്ടിമുക്ക്, മണ്ണാത്തറ, വലിയകാവ്, കണ്ടംപേരൂർ, തൃക്കോമല എന്നിവടങ്ങളിൽ പുതിയ ട്രാൻസ് ഫോർമർ സ്ഥാപിക്കുകയും പുല്ലൂപ്രം, പൂവന്മല എന്നീ സ്ഥലങ്ങളിൽ എൽ .ടി. ലൈൻ വലിക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുക.

3. പുല്ലൂപ്രം, കുരിശുംപടി, പൂവന്മല, മേനാന്തോട്ടം, തേനാലിപ്പടി, മണ്ണാരത്തറ എന്നീ സ്ഥലങ്ങളി ലേയ്ക്ക് എൽ. ടി ലൈൻ വലിക്കുക.

4. കരിങ്കുറ്റി മുതൽ മേനാന്തോട്ടം ആശുപത്രിപടി വരെയും, പുല്ലൂപ്രം ഗവ. എൽ. പി. സകൂൾപടി, തെക്കേമുറിക്കടവ് എന്നീ ഭാഗത്തും സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

5. അങ്ങാടി പഞ്ചായത്ത് പ്രദേശത്ത് ഒരു സബ് എൻജിനിയർ ഓഫീസോ, ഓവർസീയർ ഓഫീസോ പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ എത്രയും വേഗം ഉണ്ടാകണം.

6. പുതിയതായി അങ്ങാടി പഞ്ചായത്തിന്റെ ചേലക്കാട്ടുതടം, പുല്ലൂപ്രം, ഉന്നക്കാവ്, ഏഴോലി, തൃക്കേമല, വലിയകാവ് എന്നിവടങ്ങളിൽ പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

7. നിലവിലുള്ള വലിയപള്ളിപ്പടി, മേനാന്തോട്ടം, പൂവന്മല, പേട്ട, എബനേസർ, കടവുപുഴ എന്നിവട ങ്ങളിലെ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

8. ആവശ്യമായ സ്ഥലങ്ങളിൽ എൽ. ടി. ലൈൻ വലിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുക.

9. പുതിയതായി പഞ്ചായത്ത് ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

10. പ്രസരണ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ലൈനുകളിൽ മുട്ടിക്കിടക്കുന്ന വൃക്ഷക്കമ്പുകൾ സന്നദ്ധ പ്രവർത്തനത്തിലൂടെയും, വൈദ്യുതി ജീവനക്കാരുടെ സഹകരണത്തോടെയും മുറിച്ചു മാറ്റുക.

11. ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ കൂടുതലായി പ്രചരിപ്പിക്കുക.

12. അനെർട്ടിന്റെ ഒരു ഓഫീസ് അങ്ങാടി പഞ്ചായ ത്തിൽ ആരംഭിക്കുകയും, സോളാർ എനർജിയുടെ ഉപയോഗം കൂടുതലായി പ്രചരിപ്പിക്കുകയും ചെയ്യുക.

13. ബയോ–ഗ്യാസ് ഉപയോഗം കൂടുതൽ പ്രചരിപ്പിക്കുക.

14. മണ്ണാരത്തറയിൽ സ്ഥാപിച്ചിരിക്കുന്ന 11 കെ. വി. എ. ലൈൻ ചാർജ്ജ് ചെയ്യുക.

### വാർഡ് 1

1. സ്കൂൾപടി – പൂവന്മല റോഡിൽ ചേലക്കാട്ട് തടത്തിൽ വൈദ്യുതി എത്തിയിട്ടില്ല. ലൈനുകൾ തമ്മിൽ ബന്ധിപ്പിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. 50 വീട്ടുകാർക്ക് പ്രയോജനം ഉണ്ടാകും.

2. കാലായിൽപടി – കൊച്ചുപറമ്പിൽപടി റോഡിൽ ലൈനുകൾ ബന്ധിപ്പിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. 25 വീട്ടുകാർക്ക് പ്രയോജനം ഉണ്ടാകും.

3. വരവൂർ നാലു സെന്റ് കോളനിയിലെ 30 വീട്ടുകാർക്ക് വൈദ്യുതി ഇല്ല. സത്വര നടപടികൾ സ്വീകരിക്കുക.

4. മാരാൻ തോട്ടത്തിൽ സർക്കാർ കടത്തുകടവിൽ ഒരു സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. സ്റ്റെപ്പുകൾ ബലപ്പെടുത്തുക.

5. തെക്കേക്കാലാ – പള്ളിപ്പടി റോഡിൽ ലൈനുകൾ ബന്ധിപ്പിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. 30 വീട്ടുകാർക്ക് പ്രയോജനം ഉണ്ടാകും.

### വാർഡ് 2

#### വൈദ്യുതി ലൈൻ വലിക്കേണ്ട സ്ഥലം

1. ഉന്നക്കാവ് പടിഞ്ഞാറെ കോളനി.
2. ചിരട്ടോലി പട്ടികജാതി കോളനി.
3. മൈലാടുംപാറ പട്ടികജാതി കോളനി.
4. കണക്കമൺ.
5. പുറമ്പാറതടം

#### തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം

1. മേനാന്തോട്ടം – പൂവന്മല – മനപ്പുറത്ത്പടി
2. മേനാന്തോട്ടം – പറക്കുളം
3. പൂവന്മല – ഉന്നക്കാവ്
4. മുണ്ടപ്ലാക്കൽപടി – മഠത്തകം.
5. പൂവന്മല – കൊച്ചുപറമ്പിൽപടി
6. പൂവന്മല – പറക്കുളംറോഡിൽ മേപ്രത്ത് പടി വരെ
7. പൂവന്മല – ചിരട്ടോലി
8. ഉന്നക്കാവ് – മഠത്തകം റോഡ്
9. പൂവന്മല – കണക്കമൺ
10. പറക്കുളം – മൈലാടുംപാറ

### വാർഡ് 3

1. പൈമ റോഡിൽ വൈദ്യുതി ലൈൻ വലിക്കുക.

2. ഈട്ടിക്കാലാപ്പടി – ചെറിയമൂഴിപടി വരെ ആറ് (6) പോസ്റ്റ് ദൂരത്തിൽ വൈദ്യുതി ലൈൻ വലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.

3. തടത്തിൽപടി – ഊറ്റക്കുഴിപടി റോഡിൽ 4 തെരുവു വിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് 4

1. വെട്ടിമല – നെല്ലിക്കമൺ റോഡിൽ ചെമ്പൻമുഖം കോളനിയിൽ വൈദ്യുതി എത്തിക്കണം.

2. മുള്ളുംകാട്ടിൽപടി – നമ്പൂരിയത്ത്പടി റോഡിൽ വൈദ്യുത ലൈൻ സ്ഥാപിച്ച് വൈദ്യുതി എത്തിക്കണം.

3. ഉന്നക്കാവ് കോളനിയിൽ വൈദ്യുതി എത്തിക്കണം.

4. ഐക്കാട്ടുമണ്ണിൽപടി – മണ്ണിൽപടി റോഡിൽ വൈദ്യുതി എത്തിക്കണം.

5. അരുവിക്കൽ ഉള്ള അരുവിയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്നതാണോ എന്നു പരിശോധിച്ച് അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

6. പേട്ട ബേക്കറിപടി മുതൽ മുക്കൂട്ടുതറ റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

### വാർഡ് 5

#### പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ

1. വെട്ടിമല – മേപ്രത്ത്കാലായിൽപടി
2. പുറത്തേപറമ്പിൽപടി – ചാലുമാട്ടുപടി
3. പുതുവീട്ടിൽപടി – മണിമലേത്ത്കാലായിൽപടി
4. ഐക്കാട്ടുമണ്ണിൽപടി – കാവുങ്കൽപടി
5. കരിങ്കുറ്റി സെന്റ് തോമസ് യു. പി. സ്കൂൾപടി
6. നിരണംപടി – ഫെയിത്ത് ഹോം.

#### തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം

1. ചെട്ടിമുക്ക് മണ്ണിൽപടി
2. ചെട്ടിമുക്ക് അഴകനാംകുഴിതടം
3. കാമുണ്ടകത്തിൽപടി – ശാസ്താംകോവിൽപടി
4. മഞ്ഞുമാങ്കൽപടി
5. വടക്കേക്കൂറ്റ്പടി – വടക്കേമണ്ണിൽപടി
6. മണിമലേത്ത്പടി – ഐക്കാട്ടുമണ്ണിൽപടി
7. കരിങ്കുറ്റി ലക്ഷംവീട് കോളനി, ചെമ്പൻമുഖം ലക്ഷംവീട് കോളനി എന്നിവടങ്ങളിലെ വൈദ്യുതി ഇല്ലാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക.
8. മാമുക്ക് പാലം മുതൽ ചെട്ടിമുക്ക്, ഊട്ടുപാറ വരെ സ്ട്രീറ്റ് ലൈറ്റ് ഇടണം.

## വാർഡ് 6

വൈദ്യുതി എത്താത്ത സ്ഥലങ്ങൾ

1. വളകൊടികാവ് – അമ്പലത്തിൻപടി റോഡിൽ തൈപ്പറമ്പിൽ പടി മുതൽ പുളിക്കക്കുഴിപ്പടി വരെ.
2. നെല്ലിക്കമൺ – മാളിയേക്കപ്പടി റോഡിൽ വാട്ടർ ടാങ്ക് മുതൽ വെളിയത്ത് പടി വരെ.
3. അഴകനാംകുഴിപ്പടി – അരുവിക്കൽപ്പടി റോഡിൽ അഴകനാംകുഴിപടി മുതൽ കവുങ്കോട്ട്പറമ്പിൽപടി വരെ.
4. ചെട്ടിമുക്ക് മാളിയേക്കൽപടി റോഡിൽ കാട്ടുപുരയിടത്തിൽപടി മുതൽ പുള്ളോലിത്തടത്തിൽ പടി വരെ.
5. വളകൊടിക്കാവ് – അമ്പലത്തുംകാവ് റോഡിൽ ചരിവുകാലാപടി മുതൽ മുകളിലേക്കുള്ള നടപ്പാത.

## വാർഡ് 7

താഴെ പറയുന്ന റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം

1. കുടിലുംപടി – ഏഴോലികൊളക്കുറ്റി റോഡിൽ 22 എണ്ണം.
2. എബനേസർ സ്കൂൾപടി – മുക്രണത്തുപടി – ചെറയിൽപടി റോഡിൽ 16 എണ്ണം.
3. ആറൊൽ വഴി – വടക്കേമണ്ണിൽപടി റോഡിൽ 4 എണ്ണം.
4. ആഞ്ഞിലിമൂട്ടിൽപടി – കല്ലുംകൂട്ടത്തിൽപടി റോഡിൽ 4 എണ്ണം.
5. എബനേസർ സ്കൂൾപടി – ഏഴോലിസ്കൂൾപടി റോഡിൽ 8 എണ്ണം.

പട്ടികജാതി വിഭാഗത്തിൽ പെട്ട 7 കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## വാർഡ് 8

1. ചവറംപ്ലാവ് കോളനി വൈദ്യുതീകരിക്കുക.
2. തൊണ്ടട കോളനി വൈദ്യുതീകരിക്കുക.
3. വാഴയിൽപ്പടി – പതാലിൽപടി – പുതുവയലിൽപ്പടി റോഡ് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
4. ചെറുകത്തറപ്പടി – പതാലിൽപടി റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
5. എബനേസർ – തൊണ്ടട – കുളക്കുറ്റി റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
6. കുടിലുംപടി – തൃക്കോമല മുസ്ലീം പള്ളിപ്പടി റോഡിൽ ചെറുകത്തറ പടി മുതൽ പതാലുപുരയിടത്തിൽപ്പടി വരെ ലൈൻ വലിച്ച് ടി റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
7. തൃക്കോമല മുസ്ലീം പള്ളിപ്പടി – കത്തോലിക്ക പള്ളിപ്പടി – പട്ടയിൽപടി റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
8. തൃക്കോമല പാലത്തുംപടി – മണ്ണാരത്തറ റോഡിൽ പി. എച്ച്. ആർ പടി മുതൽ മരോട്ടിപ്പതാൽപ്പടി വരെ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
9. തേനാലിൽപ്പടി – മണ്ണാരത്തറ റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
10. കളത്തൂർപടി – തൃക്കോമല കുരിശുവഴി റോഡിൽ പാലത്തുങ്കൽ പടി മുതൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
11. കടവുപുഴ – മണ്ണാരത്തറ – കുളങ്കുറ്റി റോഡിൽ കടവുപുഴ മുതൽ ഇടമണ്ണിൽപടി വരെയുള്ള ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
12. പൊന്നിട്ടേത്ത്പടി – കണ്ണാത്തുപടി റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
13. വെണ്ണിയപ്പാറ – കോമളാംകുഴി റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

## വാർഡ് 9

1. തേവർതുണ്ടിൽപ്പടി – പട്ടയിൽപ്പടി റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
2. മാന്നാത്ത്പടി – ചർച്ച് ഓഫ് ഗോഡ് ഇടവഴിയിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
3. വലിയകാവ് – വട്ടാർകയം റോഡിൽ ഞണ്ടുതോട്ടിൽപ്പടി മുതൽ വട്ടാർകയം കോളനിവരെയുള്ള ഭാഗത്ത് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
4. കെ. പി. റോഡിൽ റേഷൻകട മുതൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
5. കളത്തൂർപടി – ലക്ഷംവീട് കോളനിയിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
6. വലിയകാവ് ജംഗ്ഷൻ മുതൽ വട്ടാർകയം റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
7. ചന്ദനക്കുഴി – അരികെടുകല്ല് – തൂളിമൺ റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
8. കുരിശടി – വെണ്ണിയാപാറ റോഡിൽ മണ്ണാരത്തറ തടത്തിൽ ഇടവഴി ലൈൻ വലിക്കുക.
9. വലിയകാവ് – ഓലിയ്ക്കൽപടി മുതൽ വലിയകാവ് ജംഗ്ഷൻ വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
10. ചിറയ്ക്കൽപടി – ചന്ദനക്കുഴി റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

9–ാം വാർഡിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക



ചെറു ജലവൈദ്യുത പദ്ധതിയ്ക്ക് അനുയോജ്യമായ അരുവിക്കൽ അരുവി

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

ആകാശമേലാപ്പിനു കിഴിൽ പകലിരവുകളും തിഥികളും സംവത്സരങ്ങളും കഴിച്ചുകൂട്ടിയ ആദിമ മനുഷ്യന് മരപ്പൊത്തുകളും പാറയിടുക്കുകളും ഗുഹകളും ആദ്യത്തെ സുരക്ഷിത ആവാസഗേഹങ്ങളായി. കാലാന്തരത്തിൽ പൂർവ്വീകരുടെ പിൻതലമുറക്കാർക്കെല്ലാം രാപാർക്കാൻ പ്രകൃതിദത്തമായ ഇത്തരം സുരക്ഷിത കേന്ദ്രങ്ങളിൽ ഇടമില്ലാതെ വന്നു.

മഴത്തുള്ളികളും മഞ്ഞിൻകണങ്ങളും അരിച്ചിറങ്ങാത്ത ആവരണം തേടിയുള്ള പ്രയാണങ്ങളുടേയും, പ്രയാണങ്ങളുടേയും, പ്രയാണങ്ങളുടേയും, അന്ത്യത്തിലൊരിക്കൽ അവൻ ആദ്യത്തെ കൂരയൊന്ന് ചമച്ചു. ഇലകളും തണ്ടുകളും ചില്ലകളും പെറുക്കിയെടുത്ത് ചേർത്ത്വെച്ച് പുരയുടെ പ്രാകൃതരൂപം ചമച്ചപ്പോൾ, മാനവന്റെ സവിശേഷബുദ്ധി കണ്ട് വനദേവതമാർ തൂമന്ദഹാസം പൊഴിച്ചു. പുല്ലും കാട്ടിലകളും മരച്ചില്ലകളും കൊണ്ടുതീർത്ത വള്ളിക്കുടിലുകളിൽ നിന്നും പർണ്ണശാലകളിൽ നിന്നും കൊച്ചോലപ്പുരകളും കൂടാരങ്ങളും മൺവീടുകളും ചെറിയ ഭവനങ്ങളും നാലുകെട്ടുകളും എട്ടുകെട്ടുകളും ആധുനീകഗൃഹങ്ങളും ഹർമ്മ്യങ്ങളും മണിമന്ദിരങ്ങളും ചില്ലുമേടകളും പൊൻമാളികകളും രാജകൊട്ടാരങ്ങളും പണിതുയർത്തിയ തച്ചൻമാർ വാസ്തുവിദ്യകലയുടെ അപാരസാദ്ധ്യതകളും അത്ഭുത സങ്കേതങ്ങളും അനന്ത വിസ്മയങ്ങളും ലോകത്തിനു കാഴ്ചവെച്ചു

തല ചായ്ക്കാനൊരിടം ' എന്ന സങ്കൽപ്പത്തിൽ നിന്നും ദന്തഗോപുരങ്ങളും സ്വർണ്ണ-രത്നഖചിതമായ സ്വർഗ്ഗലോകതുല്യമഹാസൗധങ്ങളുമായി വീടുകൾ പരിണമിച്ചു.

ഈശ്വരൻ കറുത്തചായം മുക്കി മണ്ണിൽ വരച്ചിട്ട വികൃത മനുഷ്യക്കോലങ്ങൾ, അന്തിക്കു തല ചായ്ക്കൊനൊരിടമില്ലാതെ വെളിമ്പറമ്പുകളും മൈതാനങ്ങളിലും തെരുവോരങ്ങളിലും കടത്തിണ്ണകളിലും. കലുങ്കുകളുടേയും പാലങ്ങളുടേയും തണലിലും വൻകുഴലുകൾക്കുള്ളിലും ആലസ്യത്തിലും പാതിരാവിലും 'സുഖസുഷുപ്തി' പൂകുമ്പോൾ - വാടക വീടുകളിൽ ചേക്കേറിയ ദരിദ്രവിഭാഗങ്ങളും താഴ്ന്ന ഇടത്തരം വരുമാനക്കാരും ബാല്യഭാവനകൾ കടൽക്കരയിൽ കക്കയും കടൽമണ്ണും കൊണ്ട് കളിവീടു നിർമ്മിക്കുന്നതും നോക്കിനോക്കി. മനസ്സിന്റെ മണിമുറ്റങ്ങളിൽ സ്വപ്നസൗധങ്ങൾ മെനഞ്ഞ് തൃപ്തിയടയുമ്പോൾ - ഒരു വിഭാഗം വീടെന്നപേരിൽ ചമയ്ക്കുന്ന മഹാസൗധസമുച്ചായങ്ങളും ആകാശകൊട്ടാരങ്ങളും അത്ഭുതമണിമന്ദിരങ്ങളും പാർക്കാനാളില്ലാത നിതാന്തമൂകമായി എങ്ങും നിലകൊള്ളുന്നു.

നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി നാമാവിശേഷമായതോടുകൂടി വീടുകളുടെ ആവശ്യം ക്രമേണ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് വിട്. രണ്ടായിരം ആണ്ടോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം നേടുന്നതിനാണ് കേന്ദ്രസംസ്ഥാനസർക്കാറുകൾ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നത്. വർദ്ധിച്ചു വരുന്ന ആവശ്യത്തിനനുസരിച്ച് ഈ പദ്ധതിയുടെ പ്രയൊജനം വേണ്ടത്ര ലഭിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്.

അങ്ങാടി പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന 25% ആളുകൾ ഉണ്ട്. ഇവർക്ക് പാർപ്പിട സൗകര്യം തുലോം വിരളമാണ്. 2372 വീടുകൾ ഭിത്തികളോടുകൂടി ഓടിട്ട വീടുകളും 742 വീടുകൾ ഭേദപ്പെട്ട രീതിയിലുള്ള ടെറസ്സും,(വാർപ്പ്) കെട്ടിടങ്ങളുമാണ്.. വെദ്യുതീകരിച്ച വീടുകൾ 2638.

പഞ്ചായത്തിൽ നമ്പറിട്ട വീടുകൾ 45666 ഇവക്ക് പുറമേ നമ്പറിടാത്ത വീടുകളും, കച്ചവടസ്ഥാപനങ്ങളും ചില പബ്ളിക്സ്ഥാപനങ്ങളുമുണ്ട്. കൂടാതെ നമ്പറിടാത്ത പുറമ്പോക്ക് നിവാസികൾ, ചെറ്റകുടിലിലെ താമസക്കാർ ഉൾപ്പെടെ 23 വീട്ടുകാരുമുണ്ട്.

പഞ്ചായത്തിൽ 4 ലക്ഷം വീട് കോളനികളും, ഒരു നാല് സെൻറ് കോളനിയും, രണ്ട് പട്ടികജാതി കോളനികളുമുണ്ട്. പ്രസ്തുത പട്ടികജാതി കോളനികൾക്ക് ഉള്ള അംഗീകാരം ലഭിക്കേണ്ടതുമുണ്ട്. ഇവയിലെല്ലാം കൂടി 173 വീടുകളുണ്ട്. ഈ കോളനിയിലെ 75% വീടുകളും വിവിധ ക്ഷേമപദ്ധതികളിൽ കൂടി പണികഴിപ്പിച്ചിട്ടുള്ളതാണ്. വീട് നിർമ്മാണത്തിന് വരുന്ന വർദ്ധിച്ച ചെലവിനനുസരിച്ച് സഹായം ലഭിക്കാത്തതും ഗുണഭോക്താക്കളുടെ പങ്കാളിത്തം ഇല്ലാത്തതുമൂലം നിർമ്മാണഘട്ടത്തിൽ വീടുകൾ ശരിയാംവണ്ണം പൂർത്തിയാക്കാത്തത് കോണ്ട് ഇത്തരം വീടുകൾ മിക്കതും അറ്റകുറ്റപ്പണികൾ നടത്തേണ്ട അവസ്ഥയിലുമാണ്. മിക്ക വീടുകളിലും ശുചിത്വമുള്ള കക്കൂസു

കളില്ല. വാസയോഗ്യമല്ലാത്ത കൂരകളിൽ താമസിക്കുന്നവരുടെ സ്ഥിതിയും വളരെ ദയനീയമാണ്.

9-ാം പഞ്ചവത്സരപദ്ധതിയിൽ ഇത്തരം സാധാരണക്കാരുടെ പാർപ്പിടപ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടായേമതിയാവൂ. മാത്രമല്ല പഞ്ചവത്സരപദ്ധതികൾ അർത്ഥപൂർണമാകുന്നതും ഇത്തരം പ്രവർത്തനങ്ങളിൽ കൂടിയാണ്. അടിയന്തിരമായി പുനർനിർമാണം നടത്തേണ്ട വീടുകൾ 327 ഉം, അറ്റകുറ്റപ്പണികൾ അനിവാര്യമായ വീടുകൾ 339 അങ്ങാടി പഞ്ചായത്തിലുണ്ട്. JRY, മില്ല്യൻവെൽ പ്രത്യേക ഘടകപദ്ധതി തുടങ്ങിയ സ്കീമുകൾ വഴി സൗജന്യഭവനനിർമ്മാണ സഹായം വർഷത്തിൽ 10-15 പേർക്കാണ് പഞ്ചായത്തിൽ ലഭിക്കുന്നത് ഇത് നിലവിലുള്ള വീടിന്റെ ആവശ്യം വച്ചു നോക്കിയാൽ വളരെ അപര്യാപ്തമാണ്. താമസയോഗ്യമായ വീടില്ലാത്തവരിൽ ഭൂരിഭാഗവും ദുർബലവിഭാഗങ്ങളിൽപെട്ട സാദാരണക്കാരാണ്. ഇവർക്ക് ഫലപ്രദമായ സൗജന്യഭവനനിർമമാണപദ്ധതികൾ ഒന്നും തന്നെയില്ല. സർക്കാരിന്റെ പുനരധിവാസ ഭവനനിർമ്മാണ പ ദ്ധതി വഴിയും, പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതിവഴിയും ഭവന നിർമ്മാണ ബോർഡിന്റെ രാജീവ്ഗുംദശലക്ഷ ഭവന നിർമ്മാണ പദ്ധതി വഴിയും കുറെ വീടുകൾക്ക് ഇതിനകം വായ്പകൾ നൽകിയിട്ടുണ്ട്. വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും കാലാതാമസവും ഇത്തരക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വിഘാതമായി നിൽക്കുന്നു. ചെലവുകുറഞ്ഞ ഭവനനിർമ്മാണ രീതികള പഞ്ചായത്തിൽ വേണ്ടത്ര പ്രചാരത്തിലായിട്ടില്ല. വർദ്ധിച്ച്വരുന്ന കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയും കൂലികൂടുതലും ചെലവ് കുറഞ്ഞ വീടുകളുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു. വൈദഗ്ദ്യം നേടിയവരുടെ സേവനം പഞ്ചായത്തിൽ ലഭ്യമാകേണ്ടതാണ്.



1989 മുതൽ 1996 വരെ ഈ പഞ്ചായത്തിൽ 81 ഐ.ആർ.ഡി.പി. വീടുകൾ അനുവദിച്ചിട്ടുണ്ട്,. ഐ.ആർ.ഡി.പി.ലോണുകൾ ആവശ്യമായ വീടുകൾ 666 ആണ്. പുനർനിർമ്മാണം നടത്തേണ്ട 100 ലക്ഷംവീട്കൾ ഈ പഞ്ചായത്തിലുണ്ട്. നാല് സെൻറ് കോളനിയിൽ 27 വീടുകൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്

തമിഴ്നാട് സംസ്ഥാനത്തുനിന്നും കച്ചവടത്തിനും, നിർമ്മാണജോലികൾക്കും മറ്റുമായി വന്ന് താമസിക്കുന്നവരുടെ എണ്ണം ഈ പഞ്ചായത്തിൽ വളരെ കൂടുതലാണ്. പാർപ്പിടസൗകര്യങ്ങളോ സാനിട്ടേഷൻ ക്രമീകരണങ്ങളോ കാര്യമായി ഇവർക്കില്ല. കെട്ടിടനിർമ്മാണപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കൂലിനിരക്ക്.

സ്ത്രീ തൊഴിലാളി 80 രൂപ

പുരുഷൻ 100 രൂപാ എന്നിങ്ങനെയാണ്.

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണത്തിനാവശ്യമുള്ള അസംസ്കൃതസാധനങ്ങളുടെ നിയന്ത്രണമില്ലാത്ത വിലകയറ്റം.
2. നിർമ്മാണത്തൊഴിലാളികളുടെ കൂലിയിലുണ്ടായിട്ടുള്ള വർദ്ധനവ്.
3. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദഗ്ദ്ധരുടെ ഉപദേശം ലഭിക്കാത്തത്.
4. ഭവനനിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും കാലാതാമസവും.
5. പട്ടിക ജാതി പട്ടികവർഗ വിഭാഗങ്ങൾക്കും, ദുർബല ജനവിഭാഗങ്ങൾക്കും നൽകി വരുന്ന ഭവനനിർമ്മാണ ധന സഹായത്തിന്റെ അപര്യാപ്തത.
6. ഭവനനിർമ്മാണ പദ്ധതികൾ വഴി നിർമ്മിച്ച വീടുകളിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിലുള്ള അസൗകര്യങ്ങൾ

## നിർദ്ദേശങ്ങൾ

1. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കുക. സന്നദ്ധ സംഘടനകളുടെ ചുമതലയിൽ പുതുക്കിപ്പണി, അറ്റകുറ്റപ്പണി എന്നിവ നടത്തുക.
2. ഹൗസിംഗ് സൊസൈറ്റികള രൂപീകരിക്കുകയും നിർമ്മാണ പ്രവർത്തനത്തിനുള്ള സാധനങ്ങൾ ന്യായമായ വിലക്ക് ലഭ്യമാക്കുകയും ചെയ്യുക.
3. സർക്കാർ സഹായത്തോടെയോ വായ്പ എടുത്തോ വീട്പണിയുന്നവർക്ക് കെട്ടിടനിർമ്മാണ സാമഗ്രികൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
4. ഭവന നിർമ്മാണ വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങള ലഘൂകരിക്കുക.
5. വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഭവന നിർമ്മാണ ലോണുകളുടെ പലിശ നിരക്ക് കുറയ്ക്കുക.
6. പട്ടികജാതി പട്ടിക വർഗ ദുർബല വി ഭാഗങ്ങൾക്ക് നൽകിവരുന്ന ഭവന നിർമ്മാണ ഗ്രാൻറുകൾ കൂടുതൽ പേർക്ക് ലഭ്യമാക്കുകയും ധനസഹായപരിധി വർദ്ധിപ്പിക്കയും ചെയ്യുക.

7. ഗ്രാമ വികസന വകുപ്പു വഴി കക്കൂസ് നിർമ്മിക്കുന്നതിന് നൽകിവരുന്ന ധനസഹായത്തിൻെറ പരിധി വർദ്ധിപ്പിക്കുകയും കൂടുതൽ പേർക്ക് ലഭ്യമാക്കുകയും ചെയ്യുക.

8. പൈതൃകമായി ലഭിച്ച ഭൂമിയിൽ വിടില്ലാതെ താമസിക്കുന്നവർക്ക കൈവശ രേഖയുടെ ഈടിമേൻ ഭവനനിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. ദാരിദ്ര്യ രേഖക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും വീട് വക്കുന്നതിനുള്ള ധനസഹായം നൽകുക.

10. ലക്ഷം വീട്, 4 സെൻറ് കോളനി എന്നിവിടങ്ങളിലെ താമസയോഗ്യമല്ലാത്ത മുഴുവൻ വീടുകളും പുതുക്കിപ്പണിയുക.

11. ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ വരുമാനപരിധി 11,000-ക.യിൽ നിന്നും 20,000-ക. അടികകി ഉയർത്തുക.

12. മുഴുവൻ കോളനികളും വൈദ്യുതീകരിക്കുക.

13. ഭവന നിർമ്മാണ പദ്ധതി അനുസരിച്ചുള്ള വീടുകൾക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം പഞ്ചായത്തിനെ ഏൽപിക്കുക.

14. റോഡിൽ നിന്നും 3 മീറ്റർ അകലത്തിൽ നിർമ്മാണപ്രവർത്തനം നടത്താവൂ എന്ന പഞ്ചായത്ത്‌രാജ് നിയമം കർക്കശമാക്കുക.

15. അറ്റകുറ്റപണികൾക്കുള്ള പരിശോധനക്കായി കോളനികളുമായി ബന്ധപ്പെട്ട് ജനകീയ കമ്മിറ്റി രൂപീകരിക്കുക.

16. പഞ്ചായത്തിൽ നിന്ന് പിരിക്കുന്ന തൊഴിലാളി ക്ഷേമ നിധി പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ പഞ്ചായത്തിൽ തന്നെ വിതരണം നടത്തേണ്ടതാണ്.

അടിസ്ഥാനസൗകര്യങ്ങൾ കുറ്റമറ്റതാക്കാൻ 9-ാം പഞ്ചവത്സരപദ്ധതിയിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരുടെ അടിസ്ഥാനാവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റുന്നതിന് കഴിഞ്ഞ പഞ്ചവത്സരപദ്ധതികളൊന്നും കാര്യമായി പ്രയോജനപ്പെട്ടിട്ടില്ല. എന്നതും ഒരു വസ്തുതയാണ്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇൻഡ്യയിൽ സാമൂഹ്യക്ഷേമപാതയിൽ കൂടി നാം വളരെയേറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. കൂട്ടായ പരിശ്രമത്തിലൂടെ അങ്ങാടി പഞ്ചായത്തിൽ പാർപ്പിട ക്ഷേമപ്രവർത്തനങ്ങൾ വളർന്ന് വലുതായി പടർന്ന് പന്തലിക്കട്ടെ എന്നാശിക്കാം.

## സാമൂഹ്യക്ഷേമം

ദാരിദ്ര നിർമ്മാർജനം ലക്ഷ്യമിട്ടാണ് സാമൂഹ്യക്ഷേമം പരിപാടികൾ ആവിഷ്കരിച്ചതു തന്നെ. ദാരിദ്ര ജനവിഭാഗങ്ങളുടെ കൂടി നിരവധി സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ദാരിദ്രനിർമാർജ്ജനം ആയിരുന്നു കഴിഞ്ഞ 3 പഞ്ചവത്സര പദ്ധതിയുടേയും ലക്ഷ്യം. പക്ഷേ അവ പൂർണ്ണമായി ഫലപ്രാപ്തിയിലെത്തിയില്ല. ഇക്കാരണത്താൽ 4-ാം പഞ്ചവത്സരപദ്ധതി മുതൽ ഇക്കാര്യത്തിന് പ്രത്യേക പരിഗണന നൽകിത്തുടങ്ങി. തൊഴിൽ സംരംഭം വർദ്ധിക്കാഞ്ഞത് ദാരിദ്രം നിലനിൽക്കുന്നതിനും കാരണമായി. 'ഗരീബി ഗാഠാവോ' എന്ന മുദ്രവാക്യം മുഴക്കിക്കൊണ്ട് അന്ന് പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച പദ്ധതികളാണ് ഫുഡ്ഫോർവർക്ക്, ക്രാഷ് പ്രോഗ്രാം, S.F.D. തുടങ്ങിയവ. അമ്മമാരുടെയും കുട്ടികളുടേയും ക്ഷേമം മുൻനിർത്തി ഈ കാലഘട്ടത്തിൽ തന്നെ തുടങ്ങിവച്ച ഒരു ക്ഷേമ പദ്ധതിയാണ് ഇൻറഗ്രേറ്റഡ് ചിൽഡ്രൻസ് ഡവലെപ്മെൻറ് സ്ക്രീം (ICDS). നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ഇതിൻെറ ഘടകങ്ങളാണ്.

ഈ പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടും ലക്ഷ്യം നേടാനാകാത്ത സാഹചര്യത്തിലാണ് അവരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി 1980-ൽ സംയോജിത ഗ്രാമവികസന പരിപാടി നടപ്പിലാക്കിയത്. ഓരോ ബ്ലോക്കിലും 3000 കുടുംബങ്ങളെ വീതം സഹായിക്കുക എന്നതായിരുന്നു ലക്ഷ്യം. കൂടാതെ ഗ്രാമീണർക്ക് തൊഴിൽ നൽകി വരുമാനം വർദ്ധിപ്പിക്കുന്നവിനു വേണ്ടി ദേശീയ തൊഴിൽ ദാനപദ്ധതി നടപ്പിലാക്കി. 1983 മുതൽ വർഷത്തിൽ 100 ദിവസമെങ്കിലും ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് തൊഴിൽ എന്ന ലക്ഷ്യത്തോടെ ഗ്രാമീണ ഭൂരഹിത ഭദ്രത പദ്ധതി ആരംഭിച്ചു. (RLEGP) 1988-ൽ ഈ രണ്ട് പദ്ധതികളും സംയോജിപ്പിച്ച് ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും, പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കുന്ന സ്ഥിരമായ സാമൂഹ്യ ആസ്ഥികൾ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചാണ് 'ജവഹർ റോസ്ഗാർ യോജന (JRY) ആരംഭിച്ചിട്ടുള്ളത്. ഗ്രാമവികസന വകുപ്പ് മുഖേന വികസന ബ്ലോക്കുകൾ നടപ്പിലാക്കുന്നതിൽ പ്രധാനപ്പെട്ട രണ്ട് പദ്ധതികളാണ് JRY, IRDP എന്നിവ. ഇന്ദിരാ ആവാസ് യോജന, മില്ല്യൻവെൽ എന്നീ രണ്ട് പദ്ധതികളും JRY പദ്ധതിയുടെ ഉപ പദ്ധതികളാണ്. കൂടാതെ റൂറൽ ആർട്ടിസാൻഡ് പ്രോഗ്രാം (RA), ഗ്രാമീണ വനിത ശിശു വികസന പരിപാടി (DWCRA) ട്രൈസം, സെട്രൽ റൂറൽ സാനിട്ടേഷൻ പ്രോഗ്രാം (CRS) തുടങ്ങിയ നിരവധി പദ്ധതികൾ വേറെയുമുണ്ട്. കേരളമാണ് ഇൻഡ്യയിൽ വച്ച് ഏറ്റവും കൂടുതൽ സാമൂഹ്യ ക്ഷേമ പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളത്.

ആകെ അങ്ങാടി പഞ്ചായത്തിലെ ജനസംഖ്യ 15482 ആണ് അതിൽ 7820 പേർ സ്ത്രീകളും 726 പേർ പട്ടികജാതിയിൽ പെട്ടവരും 3 പേർ പട്ടിക വർഗത്തിൽ പെട്ടവരുമാണ് സ്ത്രീകൾ ഭൂരിഭാഗവും തൊഴിലില്ലാത്തവരും തൻമൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമാണ്. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടവരുമാണ് കർഷക ത്തൊഴിലാളി പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, വിധവാ

പെൻഷൻ വികലാംഗപെൻഷൻ എന്നിവ ലഭിക്കാത്ത അർഹതപ്പെട്ട നിരവധി പേർ ഈ പഞ്ചായത്തിലുണ്ട് തൊഴിലാളി ക്ഷേമനിധികളുടെ ആനുകൂല്യം ലഭിക്കാത്ത ഒട്ടനവധി പേർ ഈ പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ

1. വിധവകളുടെ പെൺമക്കൾക്കും പട്ടികജാതി പട്ടിക വർഗ വിഭാഗത്തിലെ പെൺകുട്ടികൾക്കും നൽകിവരുന്ന വിവാഹ സഹായധനം ആവശ്യത്തിന് ലഭിക്കുന്നില്ല.
2. പെൻഷൻ അപര്യാപ്തതവും യഥാസമയം കിട്ടുകയും ചെയ്യുന്നില്ല.
3. അർഹതപെട്ട കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നില്ല.
4. അംഗൻവാടികളുടെ പ്രവർത്തനം യഥാസമയം ലഭിക്കുന്നില്ല.
5. അംഗൻവാടികളിലെ കളിസ്ഥലം, കളിക്കോപ്പുകൾ, കുടിവെള്ളം എന്നിവയുടെ ദൗർലഭ്യം
6. ദുർബലജനവിഭാഗ ങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
7. ക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങളുടെ അജ്ഞത.

## നിർദ്ദേശങ്ങൾ:-

1. അർഹതപ്പെട്ടവരുടെ വിവാഹ സഹായധനം വർദ്ധിപ്പിക്കുകയും യഥാസമയം കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. വിവിധ പെൻഷൻ തുകകൾ വർദ്ധിപ്പിക്കുകയും ആയത് മാസാമാസം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. എല്ലാ കർഷകത്തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുക.
4. പഞ്ചായത്തിൽ ഒരു പെൻഷൻ- ക്ഷേമ കൗണ്ടർ ആരംഭിക്കുക.
5. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുക. മാതൃസംരക്ഷണ രൂപീകരിക്കുക. മഹിളാസമാജ പ്രവർത്തനം സജ്ഞമാക്കുക. ലോക്കൽ കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കുക.
6. അംഗൻവാടികളിൽ കളിക്കോപ്പുകൾ, ശുദ്ധജലം എന്നിവ എത്തിക്കുക.
7. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക. ഉള്ളവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുക.
8. അംഗൻവാടികളുടെ പരിപൂർണ്ണനിയന്ത്രണം ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കുക.
9. പഞ്ചായത്തിന്റെ പൊതു സ്ഥലത്ത് സാമൂഹ്യവികസന വകുപ്പിന്റെ സഹായത്തോടെ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കുക.

പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് സാമൂഹ്യ ക്ഷേമപ്രവർത്തനം, ഗ്രാമപഞ്ചായത്തിനെ ഏല്പിച്ചിട്ടുള്ളതാണല്ലോ. മുൻകാലങ്ങളിൽ വന്നിട്ടുള്ള പിഴവുകൾ പരിഹരിച്ച് പദ്ധതികളുടെ ഗുണഫലം ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനുള്ള തീവ്രയത്നത്തിൽ നമുക്കൊന്നായി ശ്രമിക്കാം.



# സംസ്കാരം

പച്ചപട്ടു പുതച്ചു നിൽക്കുന്ന പ്രകൃതി സുന്ദരമായ മലനാടിൻെറ റാണിയായ റാന്നിക്ക് ഒരു വെള്ളിയരഞ്ഞാണമായി ഒഴുകുന്ന പമ്പാനദി. നഷ്ട സ്വപ്നങ്ങളുടെ ഗതകാല സ്മരണകൾ അയവിറക്കിക്കഴിയുന്ന റാന്നിപ്പാലം. 'വല്ലഭന് പുല്ലും ആയുധം' എന്ന ചൊല്ല് അനർത്ഥമാക്കുന്ന റാന്നിയിലെ സേനാ നിർമ്മിതമായ 'ബയ്‌ലിപ്പാലം'.

ക്ഷേത്ര മണിനാദത്താലും, ശ്രുതിമധുരവും ഭക്തി നിർഭരവുമായ ദേവാലയ സ്തുതി ഗീതങ്ങളായും ബാങ്ക് വിളികളാലും പവിത്രമായ റാന്നിയ്ക്ക് ' മതസൗഹാർദ്ദത്തിലും സാസ്ക്കാരിക പാരമ്പര്യത്തിലുമുള്ള പ്രാധാന്യം ഈയവസരത്തിൽ സ്മരിക്കുന്നത് കരണീയമത്രേ.

പമ്പാനദിയ്ക്ക് തെക്ക് വടക്കായി വരവൂർ മുതൽ വലിയകാവു വരെ നീണ്ടു കിടക്കുന്ന ഈ പഞ്ചായത്തിന്, റാന്നിയുടെ സാംസ്ക്കാരിക വളർച്ചയിൽ നൽകാൻ കഴിഞ്ഞ സംഭാവനകളെക്കുറിച്ച് ഒന്നു കണ്ണോടിക്കാം. ' പുരോഗതിയുടെ അളവുകോൽ ആ നാടിൻെറ വിദ്യാഭ്യാസ സാംസ്ക്കാരിക വളർച്ചയാണല്ലോ? '. വികസനത്തിൻെറ അടിത്തറ വിജ്ഞാനമാണ്. മനുഷ്യൻ ആർജിക്കുന്ന ശീലങ്ങൾ, ചിന്തകൾ, കലകൾ, വൈദഗ്ധ്യങ്ങൾ എന്നിവയുടെ ആകെത്തുകയാണ് സംസ്ക്കാരം. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിലധിഷ്ഠിതമായ ഒരു സമൂഹത്തിൻെറ രൂപീകരണത്തിനുതകുന്ന താവണം സാംസ്ക്കാരിക പ്രവർത്തനം. സാംസ്ക്കാരിക പുരോഗതി സാമൂഹ്യ മാറ്റത്തിനുള്ള ശക്തവും യുക്തവുമായ മാധ്യമമാണ്. 'ആർജ്ജിക്കുന്ന ജ്ഞാനത്തിലൂടെ, ആചാര അനുഷ്ഠാനങ്ങളുടെ ആത്മ നിഷ്ഠയിലൂടെ പിറന്ന മണ്ണിൻെറ പാരമ്പര്യത്തിലൂടെ രൂപപ്പെടുന്ന സർഗ്ഗസിദ്ധിയാണ് സംസ്കാരം.ഃ

റാന്നിയുടെ വിദ്യാഭ്യാസ സാംസ്ക്കാരിക വളർച്ചയുടെ ചരിത്രത്തിൽ അപ്രധാനമല്ലാത്ത പങ്കുവഹിച്ച യശ: ശരീരനായ റവ: ഫാ. പി.ജെ. തോമസിന് നിത്യസ്മാരകമായി നിലകൊള്ളുന്ന പി.ജെ.റ്റി. മെമ്മോറിയൽ ലൈബ്രറി ആൻറ് ഫൈൻ ആർട്സ് സൊസൈറ്റി അങ്ങാടി പഞ്ചായത്തിൻെറ സാംസ്ക്കാരിക വളർച്ചയിൽ പ്രഥമവും പ്രധാനവുമായ പങ്കുവഹിക്കുന്നു. മറ്റു കലാസാംസ്ക്കാരിക സംഘടനകളേക്കുറിച്ച് വഴിയേ ചിന്തിക്കാം.

## സാംസ്ക്കാരിക നിലയങ്ങൾ:-

### 1. പി.ജെ.റ്റി. ലൈബ്രറി ആൻറ് റീഡിങ്ങ് റൂം (Grade A)

1972-ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിൽ യാത്രാ വിവരണം, നിരൂപണം, നോവൽ, ചെറുകഥ, ഇംഗ്ലീഷ് നോവൽ, ബാലമാസികകൾ എന്നീയിനത്തിൽ പെട്ട 18687 ൽപ്പരം പുസ്തകശേഖരം ഇവിടെയുണ്ട്. ആരംഭകാലം മുതൽ Reg. ചെയ്ത ശ്രേഷ്ഠമായ ഒരു ഫൈൻ ആർട്ട്സ് സൊസൈറ്റിയുമുണ്ട്. സ്വന്തമായ ടി.വി. സെറ്റും അഞ്ചിൽപ്പരം ദിനപ്പത്രങ്ങളും ഉണ്ട്.

### 2. ഗ്രാമസേവിനി വായനശാല- നെല്ലിക്കമൺ

നെല്ലിക്കമൺ നിവാസികളിൽ വായനാശീലം വളർത്താൻ ഉതകുന്ന ഈ വായനശാലയിൽ വിവിധ തരത്തിലുള്ള ധാരാളം പ്രസിദ്ധീകരണങ്ങളുണ്ട്. ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും മുടങ്ങാതെ വരുത്തുന്നു.

### യംഗ്മെൻസ് ആർട്ട്സ് & സ്പോർട്സ് ക്ലബ് നെല്ലിക്കമൺ

നെല്ലിക്കമൺ കേന്ദ്രമാക്കി യംഗ്മെൻസ് ക്ലബ് പ്രവർത്തിക്കുന്നു എല്ലാ വർഷവും വിപുലമായ രീതിയിൽ ഓണാഘോഷ പരിപാടിയും നാടൻ പന്തുകളിയും മത്സരവും നടത്തുന്നു. കേരളോൽസവത്തിൽ ഫുട്ബോൾ, അത്‌ലറ്റ് എന്നിവയിൽ പങ്കെടുത്ത് അവർ കൂടുതൽ വിജയികളായി.

### 3. വിദ്യോദയം വായനശാല. വലിയകാവ്

സർക്കാർ ഗ്രാൻേറാടുകൂടി പ്രവർത്തിക്കുന്ന ഈ വായനശാല നാട്ടുകാരുടെ ഒരു വിജ്ഞാന സമ്പാദന കേന്ദ്രമാണ്. വിവിധ തരത്തിലുള്ള ധാരാളം പുസ്തകങ്ങളും, ദിനപ്പത്രം ആനുകാലീക പ്രസിദ്ധീകരണങ്ങൾ എന്നിവയും ഇവിടെയുണ്ട്.

## 4. പുഷ്പാ ലൈബ്രറി ആൻറ് ആർട്ട്സ് ക്ലബ്

### തൃക്കോമല

തൃക്കോമല നിവാസികളുടെ വായനാശീലം വളർത്തുന്നതിനായി ചെറിയ തോതിൽ ആരംഭിച്ച ഈ ലൈബ്രറിയിൽ നാട്ടുകാരുടെ സഹായ സഹകരണങ്ങളാൽ ഇന്ന് ഒരുവൻ പുസ്തക ശേഖരം തന്നെയുണ്ട്. മന്ദീഭവിച്ചിരിക്കുന്ന ഇതിൻെറ പ്രവർത്തനം പുനരുദ്ധരിക്കേണ്ടതാണ്.

### സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്

അറിയപ്പെടുന്നതും റജിസ്റ്റർചെയ്തുമായ 22-ൽപ്പരം ക്ലബുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായ കെട്ടിടവും വസ്തുവുമുള്ളവ വിരളം.

ഏഴോലി ഏർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, അൽ ഗുൽത്ത് ക്ലബ് ഈട്ടിച്ചുവട്, യംഗ് സ്റ്റാർ ക്ലബ്- മേനാതോട്ടം മുതലായ ക്ലബുകൾ വർഷം തോറും മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വോളിബോൾ പ്രസ്തരരായ മണ്ണിൽ കുഞ്ഞച്ചൻ, ചെറിയ മൂഴിയിൽ സി.സി. ജോണും നടന്ന 63-64 വർഷങ്ങളിൽ നടന്ന നാഷണൽ വോളിബോളിൽ കേരളത്തെ പ്രതിനിധീകരിച്ച മാത്യു വാര്യേത്തും ഈ പഞ്ചായത്തിൻെറ സംഭാവനകളാണ്.

### 1. യംഗ് സ്റ്റാർ ക്ലബ് മേനാംതോട്ടം

മേനാതോട്ടം ആശുപത്രിയ്ക്കു സമീപം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ ക്ലബ് കഴിഞ്ഞ നാലുവർഷമായി ഓണത്തിന് നാടൻ പന്തുകളി മത്സരം, X'mas ന് കരോൾ പരിപാടികൾ മദ്ധ്യവേനൽ അവധിയ്ക്ക് ഫുട്ബോൾ മത്സരവും നടത്തുന്നു. കഴിഞ്ഞ നാലു വർഷങ്ങളിൽ ജില്ലയിലെ പ്രമുഖ ടീമുകൾ പങ്കെടുത്തിരുന്നു.

### 2. വിൻസ് ക്ലബ് - പറക്കുളം . വാർഡ് -II

പറക്കുളം വിൻസ് ക്ലബ് ലെ ചുണക്കുട്ടൻമാരുടെ പേര് ജില്ലയിലെ പല മത്സരവേദികളിലും കേൾക്കുന്നതുതന്നെ ആ ക്ലബിൻെറ നല്ല പ്രവർത്തനങ്ങൾക്കൊരുദാഹരണമാണ്. ഓണത്തിനും X'mas നും കലാപരിപാടികളും നടത്താറുണ്ട്.

### 3. സോക്കർ ക്ലബ്. ചെമ്പൻമുഖം. വാർഡ് IV

പഞ്ചായത്തിൽ അറിയപ്പെടുന്ന ഒരു ഫുഡ്ബോൾ ടീം ഈ ക്ലബ്നുണ്ട്. ഇവർ ക്രിക്കറ്റിലും നല്ല പേര് സമ്പാദിച്ചു കഴിഞ്ഞു.

### 4. ഹോട്ട് ഷോട്ട് ക്ലബ് ചെട്ടിമുക്ക് വാർഡ് V

ഈ ചെറുപ്പക്കാർ ഫുഡ്ബാൾ, ക്രിക്കറ്റ്, ഷട്ടിൽ എന്നിവയിൽ പ്രശസ്തർ. ഷട്ടിൽ താരമായ ഈ ചെറുപ്പക്കാരിൽ അരുൺകുമാറിൻെറ പേര് എടുത്തു പറയാതിരിക്കാൻ പറ്റില്ല. നല്ല ഒരു സ്പോർട്ട്സ്മാൻ കൂടിയായ വിനോദ് കുമാറും ഈ ക്ലബിലെ അംഗമാണ്.

### 5. ഭാരത് കിംഗ്സ് കരിങ്കുറ്റി വാർഡ് VI

താലൂക്കിലെ പല മത്സര വേദികളിൽ ഇവർക്ക് നല്ല സ്ഥാനമുണ്ട്.

### 6. യംഗ് മെൻസ് ക്ലബ് നെല്ലിക്കമൺ

പഞ്ചായത്തിൻെറ 6-ാം വാർഡിൽ പ്രവർത്തിക്കുന്ന ഈ ക്ലബ് ഉന്നത നിലവാരം പുലർത്തുന്നു. കലാ കായിക മത്സരങ്ങളിൽ എല്ലാ വേദികളിലും ഇവർ പങ്കെടുക്കുന്നു.

### 7. ഏഴോലി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്

പഞ്ചായത്തിലെ ചുണക്കുട്ടൻമാർ വോളീബോളിലും വ്യക്തിഗത ഇനങ്ങളിലും ഇവരോടു മാറ്റുരയ്ക്കാൻ ഇനിയും മറ്റു ക്ലബുകൾ ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. കഴിഞ്ഞ 21- വർഷമായി പ്രവർത്തിച്ചു വരുന്ന ഈ ക്ലബ് എല്ലാ വർഷവും വോളീബോൾ മത്സരം സംഘടിപ്പിക്കുന്നു.

### 8. അൽ ഗുൽത് ക്ലബ്, ഈട്ടിച്ചുവട്

അഖില കേരള, അഖിലേന്ത്യ തലത്തിലുള്ള വോളീബോൾ മേളകൾ സംഘടിപ്പിച്ച് ഈ ക്ലബിൻെറ സംഭാവനകളായ മണ്ണിൽ കുഞ്ഞച്ചൻ, ചെറിയ മൂഴിയിൽ ജോൺ എന്നിവർ കായിക വേദിയ്ക്ക് ഈട്ടിച്ചുവടിൻെറ സംഭാവനകളാണ്. വോളീബോളിൽ മാത്രമല്ല ഫുട്ബോളിലും ഇവർ തന്നെ പഞ്ചായത്തിലെ പ്രമുഖർ. തൊടുന്നതെല്ലാം പൊന്നാക്കുന്ന ആപ്പിൾ സാം ഫിലിപ്പ്, ഷിജി മേരി ഗബ്രിയേൽ എന്നിവർ ഭാവിയുടെ വാഗ്ദാനങ്ങളാണ്.

### 9. ഡിംബ്ൾ ക്ലബ് പുള്ളോലി

നാടൻ പന്തുകളി, ഫുട്ബോൾ, ക്രിക്കറ്റ് എന്നിവയിൽ നല്ല പ്രകടനം കാഴ്ച വയ്ക്കുന്നു.

10. സൗപർണ്ണിക ക്ലബ് വളകൊടികാവ്
11. ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ് മണ്ണാറത്തറ
12. പ്രണവം ക്ലബ് മണ്ണാറത്തറ
13. സരിഗ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് വലിയകാവ്
14. വിജയ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് വലിയകാവ്
15. ദീപ്തി മഹിളാ സമാജം മേനാതോട്ടം.

മേനാതോട്ടം ആസ്ഥാനമായി നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ മഹിളാസമാജം പൊതുജന നൻമയെ ലാക്കാക്കി പല നല്ല കാര്യങ്ങളിലും പങ്കെടുക്കുന്നു. ഡി. യൂണിറ്റ്

2 സ്റ്റാളുകൾ റാന്നിയിൽ ലാഭകരമായി പ്രവർത്തിക്കുന്നു.

16 നവചേതന സാംസ്ക്കാരിക വേദി- പുല്ലൂപ്രം

പുല്ലൂപ്രം എൻ.എൻ.എസ്. കരയോഗ മന്ദിരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സാംസ്ക്കാരിക വേദി പൊതു താല്പര്യമുള്ള പല നല്ല പ്രവർത്തനങ്ങളിലും മുൻ കൈഎടുത്ത് പ്രവർത്തിക്കുന്നു.

17. ജ്യോതി മഹിളാ സമാജം കരിങ്കുറ്റി

18. ഗ്രാമസേവിനി വായനശാല നെല്ലിക്കമൺ

19. ഗ്രാമസേവിനി വായനശാല കുളക്കുറ്റി

20. പുഷ്പാ അംഗൻവാടി- തൃക്കോമല

21. ജനവിദ്യാകേന്ദ്രം,നവോദയാ മഹിളാ സമാജം ചവറംപ്ലാവ്

22. ജ്വാല മഹിളാ സമാജം വലിയകാവ്

23. പുഷ്പ മഹിളാ സമാജം തൃക്കോമല

ഇളം തലമുറയുടെ ക്രിക്കറ്റ് പ്രേമം നാടൻ കലാകായിക മത്സരവേദിയ്ക്ക് ഭീഷണിയാവുന്നു. നാടൻ കലകായിക ഇനങ്ങൾ അറുപഴഞ്ചനും സമൂഹത്തിൽ മാന്യതയില്ലാത്തതാണന്നുമുള്ള തെറ്റിദ്ധാരണയാവാം ഈ മാറ്റത്തിനു കാരണം. അഥവാ ഇലക്ട്രോണിക് വാർത്താദൃശ്യമാദ്ധ്യമങ്ങളുടെ അതിപ്രസരം യുവാക്കളിൽ ചെലുത്തിയ സ്വാധീനമാകാം ഇന്നത്തെ ക്രിക്കറ്റ്പ്രേമം. നിരാശയും നല്ല ഭാഗം യുവാക്കളിൽ പ്രകടമാണ്. ഗൾഫ് പണത്തിന്റെ അതിപ്രസരവും, രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവ് (വിദേശങ്ങളിൽ ജോലി) എന്നിവ യുവതലമുറയുടെ കലാകായിക വേദിയോടുള്ള അഭിരുചിയ്ക്ക് വിലങ്ങുതടിയായി നിൽക്കുന്നു.

പല കാരണങ്ങളാലും സ്ക്കൂൾ തലത്തിലും കലാകായിക രംഗം പിൻതള്ളപ്പെടുന്നു. സർക്കാർ തലത്തിലുള്ള മത്സരങ്ങളിൽ നാട്ടിൽ പുറത്തു നിന്നുള്ള കുട്ടികൾക്ക് പങ്കെടുക്കൽ, അറിവും മാർഗ്ഗനിർദ്ദേശക്കുറവും കാരണം അവസരം കിട്ടാറില്ല. എന്നാൽ പഞ്ചായത്തു തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് യുവ പ്രതിഭകളെ വളർത്തിയെടുത്താൽ, അവർക്കും നാടിനും അഭിമാനകരമായ പല നേട്ടങ്ങളും ഉണ്ടാവും. ശരിയായ മാർഗ്ഗനിർദ്ദേശം കായിക രംഗത്തെ വളർച്ചയിലേക്കു നയിക്കട്ടെ!.

## പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും കലാ സാംസ്ക്കാരിക സമിതികർ, വായനശാലകൾ എന്നിവയില്ലാത്തത് സാംസ്ക്കാരിക പിന്നോക്കത്തിനും കാരണമാവുന്നു.

2. സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിൻേറയും ജനവിദ്യാകേന്ദ്രങ്ങളുടേയുംഅപര്യാപ്ത.

3. പഞ്ചായത്തു തലത്തിൽ, ബഹുജന പങ്കാളിത്തത്തോടെ എല്ലാ വർഷവും മുടങ്ങാതെ കലാ സാംസ്ക്കാരിക മത്സരങ്ങൾ നടത്തുക.

4. കലാകായിക രംഗത്ത് ശോഭിക്കുന്ന പ്രതിഭകളിൽ ഭൂരിഭാഗവും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്.

5. വായനശാലകർ, അംഗൻവാടി, മഹിളാസമാജം, ക്ലബുകൾ ഇവ നേരിടുന്ന സാമ്പത്തിക ബുദ്ധമുട്ടുകൾ സംഘടനകളുടെ പ്രവർത്തനത്തെസാരമായി ബാധിക്കുന്നു.

6. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനമാന്ദ്യം, കളിസ്ഥലങ്ങളുടെ പരിമിതി, പരിശീലകരുടെ അഭാവം, സാമ്പത്തിക പരാധീനത എന്നിവ.

7. പല സംഘടനകൾക്കും സ്വന്തമായി ഓഫീസോ സ്ഥലമോ ഇല്ല.

8. ഇടതടവില്ലാത്ത വാടക വർദ്ധനവ് പല ക്ലബുകളുടേയും ഓഫിസ് ഒഴിഞ്ഞു കൊടുക്കാൻ അവരെ നിർബന്ധിതരാക്കുന്നു.

9. ഗ്രാൻറ് കിട്ടുന്ന സംഘടനകൾക്ക്, പുരോഗമനപരമായ പ്രവർത്തനങ്ങൾക്ക് ആ തുക അപര്യാപ്തമാണ്. ഓഫീസ്സ് ഉപകരണങ്ങൾ, ദിനപത്രം, ആനുകാലീക പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്ക് ഈ തുക തുലോം പരിമിതമാണ്.

10. സ്പോർട്സ് ക്ലബുകൾക്കു നൽകിവരുന്ന പന്ത്,നെറ്റ്,ബാറ്റ് തുടങ്ങിയ ഉപകരണങ്ങൾ റജി. ഉള്ള എല്ലാ ക്ലബുകൾക്കും സരക്കാരിൽ നിന്നു കിട്ടാറില്ല. പല ക്ലബുകളും ഈ സർക്കാർ സഹായത്തെക്കുറിച്ച് അജ്ഞാതരാണ്.

## നിർദ്ദേശങ്ങൾ സാധ്യതകൾ

1. നിലവിലുള്ള വായനശാല കളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കുക. വാർഡുതോറും ഓരോ വായന ശാല തുറക്കുക. അതാതു വാർഡ് മെമ്പർ വായനശാലകളുടെ മേൽനോട്ടം വഹിക്കുക.

2. വായനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതി പഞ്ചായത്തിന് പ്രസിഡൻറ് ചെയർമാനായുള്ള പഞ്ചായത്ത്നിരീക്ഷണ സമതിരൂപീകരിക്കുക.

3. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമസഭകളുടെ സഹായ സഹകരണത്തോട് കലാ സാംസ്ക്കാരിക സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

4. ലക്ഷം വീട് കോളനി, പട്ടികജാതി, പട്ടിക മറ്റ്മേഖലകളിൽ പഞ്ചായത്തു മേൽനോട്ടത്തോടുകൂടി കലാസാംസ്ക്കാരിക സമിതികൾ ആരംഭിക്കുക. ടി.വി. സെറ്റ്, ദിനപ്പത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ എത്തിച്ചു കൊടുക്കുക.

5. അങ്ങാടി പഞ്ചായത്തങ്കണത്തിൽ ഒരു സ്ഥിരം കളിസ്ഥലവും

ഓപ്പൺ എയർ തീയേറ്ററും ആരംഭിക്കുക. ഫ്ളഡ്ലിറ്റ് സ്റ്റേഡിയം. എല്ലാ ദിവസവും 5 PM മുതൽ 7 PM വരെ വോളിബോളും 7 മുതൽ 9 വരെ ഷട്ടിലും കളിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

6. പഞ്ചായത്തങ്കണത്തിൽ പൊതു ജനങ്ങൾക്കായി ഒരു ടി.വി. സെറ്റ് കളർ സ്ഥാപിക്കുക.

7. പഞ്ചായത്തിലെ വളർന്നു വരുന്ന കാലപ്രതിഭകൾക്ക് പ്രോത്സാഹനത്തിന് ഒരു പി.ജെ.ടി. മോഡൽ സ്ഥിരം സ്റ്റേജ് നിർമ്മിച്ച്, അരങ്ങേറ്റം, കലാവിരുന്ന് എന്നിവയ്ക്കുള്ള സഹായ സഹകരണം പഞ്ചായത്തു ചിലവിൽ നടത്തുക. അവർക്ക് പ്രോത്സാഹന സമ്മാനങ്ങളും മറ്റും നൽകുക.

8. പഞ്ചായത്തിലെ എല്ലാ ക്ലബുകളും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത് അവയ്ക്ക് സാമ്പത്തിക സഹായം, സ്പോർട്ട്സ് ടിം, ടി.വി.സെറ്റ്സ് എന്നിവ വിതരണം ചെയ്യുക.

9. പഞ്ചായത്തു തലത്തിൽ ഒരു നാടക ഗ്രൂപ്പ് സംഘടിപ്പിക്കുക.

10. മഹിളാസമാജം, അഗൻവാടി എന്നിവയുടെ പുരോഗതിയ്ക്ക് പഞ്ചായത്ത് ഗ്രാൻറ് നൽകുക. അവയുടെ പ്രവർത്തനം മഹിളാ മെമ്പറുടെ മേൽനോട്ടത്തിലായിരിക്കണം. നല്ല പ്രവർത്തനം കാഴ്ച വയ്ക്കാൻ ഒരു എവർ റോളിംഗ് ട്രോഫി ഏർപ്പെടുത്തുക.

11. ഓണാഘോഷത്തിൻെറ ഭാഗമായി പഞ്ചായത്തങ്കണത്തിൽ കായിക മത്സരങ്ങൾ നടത്തുക. വിജയികൾക്ക് സമ്മാനവും സാക്ഷിപത്രവും നൽകുക.

12. X.mas ന് പഞ്ചായത്തിൽ X.mas കരോൾ മത്സരം നടത്തി വിജയികളെ അനുമോദിക്കുക.

13. മദ്ധ്യവേനൽ അവധിക്കാലം കുട്ടികളിൽ കായിക പ്രേമം വളർത്താൻ 'കോച്ചിംഗ് ക്യാമ്പുകൾ' നടത്തുക.

14. പാശ്ചാത്യ സാംസ്ക്കാരത്തിൻെറ ബീജാപാപങ്ങളായ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമയാകാതിരിക്കാൻ നമ്മുടെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കുന്നതോടൊപ്പം അവരെ പ്രഭാഷണങ്ങൾ, ഫിലിംഷോ മുതലായ മാദ്ധ്യമങ്ങളിലൂടെ പ്രബുദ്ധരാക്കുക.

15. പഞ്ചായത്തു തലത്തിൽ 'ഒരു പഞ്ചായത്തു മാസിക' ആരംഭിച്ച് പഞ്ചായത്ത് വാർത്തകളും പഞ്ചായത്തിലെ വളർന്നുവരുന്ന് എഴുത്തുകാരുടെ സാഹിത്യസൃഷ്ടികളും പ്രസിദ്ധീകരിച്ച് ക്ലബുകൾ, വായനശാലകൾ അംഗൻ വാടികള, മഹിളാസമാജങ്ങൾ എന്നിവയ്ക്ക് വിതരണം ചെയ്യുക.

16. പഞ്ചായത്തിലെ മുഴുവൻ കായിക - കലാ സംഘടനകൾക്കുമായി പഞ്ചായത്തു തല കമ്മറ്റികൾ രൂപീകരിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ബുക്ക് എക്സ്ചെയ്ഞ്ച് സ്കീം നടപ്പിലാക്കുയും ചെയ്യുക.

17. പഞ്ചായത്തിലെ സ്ഥലസൗകര്യമുള്ള ഏക മൈതാനമായ എബനേസ്സർ ഹൈസ്കൂൾ ഗ്രൗണ്ട് സ്റ്റേഡിയമാക്കി രൂപപ്പെടുത്തുക.

നാടിൻെറ നാനാവിധ വളർച്ചയ്ക്ക് സാംസ്ക്കാരിക സമിതികളുടെ പങ്ക് പ്രഥമവും പ്രധാനവുമാണ് 1960 മുതൽ പറക്കുളത്തു പ്രവർത്തിച്ചിരുന്ന 'സന്തോഷ്' ഗ്രാമോദ്ധാരണ സമിതി ദീർഘകാലം ഒരു പൊതു ജന പ്രസ്ഥാനമായി പ്രവർത്തിച്ചിരുന്നു. റാന്നി രാമപുരം ക്ഷേത്രത്തിനും സമീപം പ്രവർത്തിച്ചിരുന്ന സംസ്കൃത വിദ്യാലയമാണല്ലോ ഇന്ന് പ്രബോധ ചന്ദ്രോദയം ഹൈസ്ക്കൂളായി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നത്. 1953 മുതൽ ഈട്ടിച്ചുവട്ടിൽ പ്രവർത്തിച്ചു വരുന്ന എബനേസർ ഹൈസ്ക്കൂൾ ഉൾപ്പെടെ ഈ പഞ്ചായത്തിൽ എല്ലാ സരസ്വതീ ക്ഷേത്രങ്ങൾ നല്ല നിലവാരം പുലർത്തുന്നു.

നാടിൻെറ ഉന്നതിയും സാംസ്ക്കാരിക വളർച്ചയും പരസ്പര പൂരകങ്ങളായതിനാൽ ഈ പഞ്ചായത്തിലെ എല്ലാ കലാ സാംസ്ക്കാരിക സംഘടനകളേയും പരിപോഷിപ്പിക്കുന്നതിൽ നാം പ്രതിജ്ഞാബദ്ധരാവണം.

വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. അതാതു പ്രദേശത്തെ ജനങ്ങൾ കുട്ടായിരുന്നലോചിച്ച് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ തീരുമാനിക്കാനുള്ള അവകാശം ലഭിച്ച പശ്ചാത്തലത്തിൽ, നാടിൻെറ നാനാമുഖ പുരോഗതിയുടേയും അടിത്തറയായ സാംസ്ക്കാരിക രംഗം അരക്കിട്ടുറപ്പിക്കാൻ ഈ നാട്ടിലെ പ്രബുദ്ധരായ ജനത അരയും തലയും മുറുക്കി മുമ്പോട്ടു വരുമെന്നു പ്രത്യാശിക്കാം.

# വനിത

തലമുറകളിലൂടെ ലോകമെങ്ങും വ്യാപിച്ചു നിൽക്കുന്നവളാണ് സ്ത്രീ. സൃഷ്ടിയുടെ പ്രത്യക്ഷമായ പ്രതീകമാണ് സ്ത്രീ. സ്ത്രീയില്ലായെങ്കിൽ തലമുറകളില്ല, സംസ്ക്കാരവും, വിദ്യയും ജീവിതവുമില്ല. അങ്ങനെ എല്ലാവിധത്തിലും മാന്യതയും, മഹത്വവും, വിജയവും അർഹിക്കുന്ന സ്ത്രീക്ക് ഇന്നത്തെ സമൂഹം നൽകുന്ന സ്ഥാനം എന്താണ്.?

വനിതാവിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലത്ത് സ്ത്രീകൾ ഇതൊന്നും അറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. സ്ത്രീപീഡനങ്ങൾ ഇന്ന് വർദ്ധിച്ചു വരുന്നു. സ്ത്രീകളുടെ ധാർമ്മീകമായ പ്രശ്നങ്ങൾ ഉന്നയിച്ച് പരിഹാരം കണ്ടെത്തുവാൻ സ്ത്രീ സംഘടനകൾ മുന്നോട്ടുവരണം. സ്ത്രീകൾ സാമൂഹ്യ രാഷ്ട്രീയരംഗങ്ങളിൽ പ്രവർത്തിച്ചാൽ വ്യത്യസ്ത കാഴ്ചപ്പാടോടെ വീക്ഷിക്കുന്നു. സ്ത്രീയേ അബലയായി കണക്കാക്കുന്നു. ഈ രീതി മാറ്റിയെയുക്കേണ്ടതു സ്ത്രീകളുടെ കടമയാണ്. പുരുഷമേധാവിത്വം മൂലം സ്ത്രീക്ക് സ്വന്തമായി തൊഴിലും, സ്വാതന്ത്ര്യവും വരുമാനഭദ്രതയുമൊന്നും ആവശ്യമില്ലായെന്നായി. ഈ രീതി മാറ്റിയെങ്കിലേ നമ്മുടെ ഗ്രാമങ്ങളിൽ വികസനം സാദ്ധ്യമാവുകയുള്ളൂ.

വനിതകളുടെ അന്തസ്സു കാത്തു സൂക്ഷിക്കുവാൻ സ്ത്രീകൾ മുന്നോട്ടു വരണം. അവളുടെ പ്രശ്നങ്ങൾ, വേദനകൾ, കഷ്ടപ്പാടുകൾ, അപമാനം അതിൻെറ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കുവാനും, സമൂഹത്തെ മനസ്സിലാക്കിക്കൊടുക്കുവാനും സ്ത്രീകൾക്കു മാത്രമേ കഴിയൂ. നമ്മുടെ സ്ത്രീകൾക്ക് അഭിപ്രായസ്വാതന്ത്ര്യം ഉണ്ടാവണം. സ്ത്രീക്കു ന്യായമായി കൊടുക്കേണ്ടതു കൊടുക്കണമെന്ന ചിന്ത സമൂഹത്തിന് ഉണ്ടാകണം.

വേദകാലത്ത് സമൂഹത്തിൽ സ്ത്രീ സംപൂജ്യയായിരുന്നു. രാഷ്ട്രീയ സാമൂഹ്യരംഗം മലിനമാണെന്നുള്ള തോന്നൽ മൂലം സങ്കോചിച്ചു നിൽക്കുന്ന സ്ത്രീകൾ അവ വലിച്ചെറിഞ്ഞ് കർമ്മരംഗത്ത് ഇറങ്ങണം. നിത്യജീവിതത്തിലെ വിഷമതകൾ പങ്കുവയ്ക്കുവാൻ ആരും ഇല്ലാത്തവണ്ണം അവ ഉള്ളിലൊതുക്കി ഭാരം താങ്ങാനാവാതെ ജീവിനൊടുക്കുവാൻ തീരുമാനിക്കുന്നവരാണ് ഇന്നത്തെ സമൂഹത്തിലെ സ്ത്രീകൾ. അവരെ രക്ഷിക്കാൻ സ്ത്രീ സംഘടനകൾക്കേ കഴിയൂ. സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടിയും നീതിക്കു വേണ്ടിയും പോരാടുവാൻ സ്ത്രീകൾ തയ്യാറാവണം.

സ്ത്രീക്ക് സ്വന്തമായി തൊഴിലും, വരുമാനവും, സ്വാതന്ത്ര്യവും, ഭദ്രതയും ആവശ്യമാണ്. നമ്മുടെ ഭരണഘടന പുരുഷൻമാരെപ്പോലെ സ്ത്രീയ്ക്കും ഇവ ഉറപ്പു നൽകുന്നു. ഇതു നേടിയെടുക്കാൻ സ്ത്രീകൾ ഒറ്റക്കെട്ടായി പ്രവർത്തനരംഗത്തു മുന്നേറണം.

സ്ത്രീയേ എല്ലാരീതിയിലും ശക്തിപ്പെടുത്താതെ, അവൾക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യപ്രതിലോമശക്തികളെ തടുക്കാനാവില്ല. ചെറുകിടവ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള അടിയന്തരശ്രമം അനിവാര്യമാണ്.

സാമൂഹ്യശാസ്ത്രരംഗത്ത് വളരെകാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതുജീവിതത്തിലും, തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കുവാൻ കഴിയുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്കു കഴിയുമെങ്കിലും, പൊതുവേ ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും, ഉത്തരവാദിത്വം ഏൽപ്പിക്കാനുള്ള താൽപര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. പുരുഷൻമാർക്കുള്ള അധികാരഅവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിൻെറ എല്ലാ തുറകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ

ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികളും നേതൃത്വനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കണം. പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾ മറ്റുള്ളവരെ തങ്ങളുടെ പ്രവർത്തന ശൈലി പറഞ്ഞു മനസ്സിലാക്കണം. ഇത് അവരിൽ ആത്മവിശ്വാസവും പ്രവർത്തിക്കാനുള്ള ധൈര്യവും ഉണ്ടാക്കും.

അങ്ങാടി പഞ്ചായത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകളാണ്. വിദ്യാഭ്യാസപരമായി സ്ത്രീകൾ പുരുഷന്മാരെക്കാൾ പുറകിലാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസമുള്ള സ്ത്രീകളും ധാരാളമുണ്ട്. അദ്ധ്യാപന രംഗത്ത് കൂടുതലും സ്ത്രീകളാണ് ജോലി ചെയ്യുന്നത്. വീട്ടുജോലികളുമായി ബന്ധപ്പെട്ട് കഴിയുന്നവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും. ഇതിനൊരു മാറ്റം കൂടിയെ തീരു. സ്വന്തമായി തൊഴിലും വരുമാനവുമുള്ള സ്ത്രീകൾ വളരെ കുറവാണ്. കാർഷിക മേഖലയിലാണ് സ്ത്രീകൾ കൂടുതൽ ജോലി ചെയ്യുന്നത്. എന്നാൽ കെട്ടിട നിർമ്മാണം, റോഡുപണി തുടങ്ങിയ രംഗങ്ങളിൽ അടുത്തകാലത്തായി സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത ഉണ്ടായിട്ടുണ്ട്. സ്ത്രീകൾക്ക് അവരുടേതായ തൊഴിൽ സംരംഭങ്ങളും വ്യവസായ യൂണിറ്റുകളും ഇല്ലെന്നു തന്നെ പറയാം. ഈ പഞ്ചായത്തിൽ രണ്ട് DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ ഇതിന്റെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.

സ്ത്രീകളിൽ തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിനും സാമൂഹ്യ രംഗങ്ങളിൽ അവരെ കർമ്മനിരതരാക്കുന്നതിനും ഇത്തരം കൂട്ടായ സംരംഭങ്ങൾ കൊണ്ടേ കഴിയൂ. ടി. വി., സിനിമ തുടങ്ങിയ മാദ്ധ്യമങ്ങളും, മറ്റ് ചില ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും ഉണ്ടാകുന്ന അനുകരണഭ്രമം സ്ത്രീകളിലും കുട്ടികളിലും ഒരു പുതിയ ആഡംബര സംസ്കാരം വളരുന്നതിന് കാരണമായിട്ടുണ്ട്. ഇത് സമൂഹത്തിന്റെ സാംസ്കാരിക അധഃപതനത്തിനും കുടുംബ ഭദ്രത നഷ്ടപ്പെടുന്നതിനും കാരണമാണ്.

കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകി സ്ത്രീകളുടെ സാമ്പത്തീക പദവി ഉയർത്തിയാൽ, സാമൂഹ്യ സമത്വം ഉറപ്പു വരുത്തുവാൻ സാധിക്കും. തൊഴിൽ മേഖലയിൽ സ്ത്രീ പുരുഷ വ്യത്യാസം കൂടാതെ തുല്യ ജോലിക്ക് തുല്യവേതനം ലഭിക്കുമെന്ന് ഉറപ്പുവരുത്താനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. വായനശാല, മറ്റ് സാംസ്കാരിക പ്രസ്ഥാനങ്ങൾ എന്നിവയിലൂടെയും സ്ത്രീകൾക്ക് മുന്നേറാവുന്നതാണ്.

## പ്രശ്നങ്ങൾ

1. സ്ത്രീകൾക്ക് സ്വന്ത ശക്തിയെക്കുറിച്ചും കഴിവുകളെക്കുറിച്ചും ബോധമില്ലായ്മ.

2. സ്ത്രീകൾക്കായുള്ള ആനുകൂല്യങ്ങൾ, പദ്ധതികൾ എന്തെല്ലാമാണെന്നുള്ള അജ്ഞത.

3. തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് കുടുംബജോലി കൂടിയാകുമ്പോൾ അത് അവർക്ക് താങ്ങാവുന്നതിലധികമാകുന്നു.

4. അഭ്യസ്തവിദ്യരായ അനേകം സ്ത്രീകൾ 'വീട്ടമ്മ' മാരായി ഒതുങ്ങിക്കഴിയുന്നു. അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുവാൻ അവസരം ലഭിക്കുന്നില്ല.

5. ഉത്തരവാദിത്വം ഏറ്റെടുക്കുവാനുള്ള ആത്മധൈര്യമില്ലായ്മ.

6. കലാ – കായിക രംഗത്ത് കഴിവുള്ള പെൺകുട്ടികൾക്ക് ഉയർന്നു വരാനുള്ള പരിശീലനക്കുറവ്.

7. ആരോഗ്യം, പരിസരശുചീകരണം, ശിശു സംരക്ഷണം, സാമ്പത്തീക വിനിയോഗം എന്നിവയിലുള്ള അജ്ഞത.

8. നീതിന്യായത്തിനു വേണ്ടി നിലകൊള്ളുവാനും സാമൂഹ്യതിന്മകളെ എതിർക്കുവാനുമുള്ള അശക്തി.

9. പുരുഷന്മാരുടെ അമിത മദ്യാസക്തി.

## നിർദ്ദേശങ്ങൾ

1. ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, മുതലായവ നടത്തി സ്ത്രീകളുടെ അജ്ഞതയെ മാറ്റി കഴിവുകളെക്കുറിച്ച് ബോധവതികളാക്കുക.

2. സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെയും വ്യവസായ വകുപ്പിന്റെയും ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെയും മറ്റും നിലവിലുള്ള

സ്കീമുകൾ പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

3. വീട്ടിലിരുന്നും, അടുത്ത പ്രദേശത്തുള്ളവരും സഹകരിച്ചും ചെയ്യാവുന്ന തൊഴിലുകൾ (അവരവരുടെ അഭിരുചിക്കനുസരിച്ച്) ക്ക് പരിശീലനം നൽകുക.

4.വനിതകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ, വനിതാ വ്യവസായ യൂണിറ്റുകൾ എന്നിവ ആരംഭിക്കേണ്ടതാണ്.

5. ഓരോ വാർഡിലും ഗ്രാമ വികസന വകുപ്പിന്റെ സഹായത്തോടെ DWCRA യുടെ രണ്ടു യൂണിറ്റുകൾ വീതമെങ്കിലും ആരംഭിക്കുക. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്ന വനിതകൾക്ക് ആവശ്യമായ തൊഴിൽ പരിശീലനം ട്രൈസം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

6. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ അടിസ്ഥാനത്തിൽ മഹിളാ സമ്മേളനങ്ങൾ, കലാ–സാംസ്കാരിക–കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക.

7. DWCRA യൂണിറ്റുകളിൽ കൂടിയും, കുടുംബക്ഷേമ കേന്ദ്രങ്ങൾ വഴിയും, ഗൈനക്കോളജിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തുക. മഹിളാസമാജങ്ങൾ മുൻകൈ എടുത്ത് ആരോഗ്യം, ശുചിത്വം, എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

8. പുരുഷന്മാരുടെ മദ്യാസക്തി മൂലം പ്രയാസങ്ങൾ അനുഭവിക്കുന്നത് സ്ത്രീകളാണ്. ചാരായ നിരോധനം മൂലം ഇക്കാര്യത്തിൽ അല്പം ആശ്വാസം ഉണ്ടായിട്ടുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

9. കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഓരോ വാർഡിലും സാനിട്ടേഷൻ കോംപ്ലക്സുകൾ സ്ഥാപിക്കുകയും അതിന്റെ സംരക്ഷണ ചുമതല ഗുണഭോക്താക്കളുടെ കമ്മറ്റിയെ ഏല്പിക്കേണ്ടതുമാണ്.

10. അങ്ങാടി പഞ്ചായത്തിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ അടിയന്തിരമായി സ്ഥാപിക്കുക.

11. സ്ത്രീകളെ ആഭാസകരമായി ചിത്രീകരിക്കുന്ന ദൃശ്യമാദ്ധ്യമങ്ങളെ നിയന്ത്രിക്കുകയും അശ്ലീല പോസ്റ്ററുകൾ പരസ്യപ്പെടുത്തുന്നത് കർശനമായി തടയുകയും വേണം.

12. സ്ത്രീകളുടെ സ്വത്തവകാശ നിയമങ്ങൾ, സുരക്ഷിതത്വ നിയമങ്ങൾ എന്നിവയെപ്പറ്റി ബോധവതികളാക്കുക.

13. മഹിളാസമാജങ്ങളുടെ ഒരു കേന്ദ്രീകൃത സംഘടന പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്കായി കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അതർഹിക്കുന്ന പശ്ചാത്തലത്തിൽ പ്രയോഗികമാക്കിയാൽ 9–ാം പഞ്ചവത്സര പദ്ധതിയുടെ അവസാനം ആകുമ്പോഴേയ്ക്കും വിദൂരതയിൽ എന്ന് വനിതകൾ കണ്ട സ്വപ്നം യഥാർത്ഥമായി, സഫലമായിത്തീരുമെന്ന് പ്രത്യാശിക്കാം.



ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികളും നേതൃത്വനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സംസ്ക്കാരിക സംഘടനകൾ ശ്രമിക്കണം. പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾ മറ്റുള്ളവരെ തങ്ങളുടെ പ്രവർത്തനശൈലി പറഞ്ഞു മനസ്സിലാക്കണം. ഇത് അവരിൽ ആത്മവിശ്വാസവും പ്രവർത്തിക്കുവാനുള്ള ധൈര്യം ഉണ്ടാകും.

അങ്ങാടി പഞ്ചായത്തിൽ പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകളാണ്. വിദ്യാഭ്യാസപരമായി സ്ത്രീകൾ പുരുഷൻമാരെക്കാൾ പുറകിലാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസമുള്ള സ്ത്രീകളും ധാരാളമുണ്ട്. അദ്ധ്യാപനരംഗത്ത് കൂടുതലും സ്ത്രീകളാണ് ജോലി ചെയ്യുന്നത്. വീട്ടുജോലികളുമായി ബന്ധപ്പെട്ട് കഴിയുന്നവരാണ് സ്ത്രീകളിൽ ഭൂരിഭാഗവും. ഇതിനൊരുമാറ്റം കൂടിയേ തീരു. സ്വന്തമായി തൊഴിലും വരുമാനവുമുള്ള സ്ത്രീകൾ വളരെ കുറവാണ്. കാർഷീകമേഖലയിലാണ് സ്ത്രീകൾ കൂടുതൽ ജോലി ചെയ്യുന്നത്. എന്നാൽ കെട്ടിട നിർമ്മാണം റോഡുപണി തുടങ്ങിയ രംഗങ്ങളിൽ അടുത്തകാലത്തായി സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത ഉണ്ടായിട്ടുണ്ട്. സ്ത്രീകൾക്ക് അവരുടേതായ തൊഴിൽ സംരംഭങ്ങളും വ്യവസായ യൂണിറ്റുകളും ഇല്ലന്നുതന്നെ പറയാം. ഈ പഞ്ചായത്തിൽ രണ്ട് DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ ഇതിന്റെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.



# സഹകരണം

ജനാധിപത്യ ലോകത്തിലെ ഏറ്റവും മഹത്തായ സന്ദേശമാണ് സഹകരണപ്രസ്ഥാനം. പരസ്പരസഹായത്തോടുകൂടി സ്വാശ്രയത്വം എന്നതാണ് സഹകരണ പ്രസ്ഥാനങ്ങളുടെ അന്തസത്ത.

1944 ൽ 28 അംഗങ്ങളെ സംഘടിപ്പിച്ച് റോബർട്ട് ഓവൽ ആരംഭിച്ച സഹകരണ പ്രസ്ഥാനമാണ് ലോക ചരിത്രത്തിലെ ആദ്യത്തെ സഹകരണ സംഘം. എന്നാൽ 60 വർഷങ്ങൾക്കുശേഷം 1904-ൽ രൂപീകൃതമായ' കാർഷിക വായ്പാസംഘങ്ങളാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത്. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതികളിലൂടെ വളർന്ന സഹകരണ പ്രസ്ഥാനം ഇനിയും ബഹുദൂരം താണ്ടിയേ മതിയാവൂ.

ഗുജറാത്തിലെ "ആനന്ദ്" മാതൃകയിലുള്ള ക്ഷീരസഹകരണസംഘം, "സഹകരണമേഖലയിൽ ഗുജറാത്തിനെ ഇൻഡ്യയിലെ മാതൃകാ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു." ദിനേശ്ബീഡി, കൈത്തറി, കയർ എന്നീ സഹകരണസംഘങ്ങൾക്ക് "കേരളത്തിന്റെ വളർച്ചയുടെ ഭൂപടത്തിൽ" ഗണ്യമായ സ്ഥാനമുണ്ട്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണപ്രസ്ഥാനങ്ങൾ ജനങ്ങളുടെ സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കാൻ എത്രമാത്രം സഹായകമായിയെന്നു ചിന്തിക്കാം.

1. അങ്ങാടി സർവ്വീസ് സഹകരണ സംഘം നമ്പർ: 2770

19.1.1948 ൽ റജിസ്റ്റർ ചെയ്ത് 23.3.48 ൽ പ്രവർത്തനമാരംഭിച്ച അങ്ങാടി സർവ്വീസ് സഹകരണ ബാങ്കിൽ ഇപ്പോൾ സുമാർ 9000 അംഗങ്ങളുണ്ട്. 18 ലക്ഷം രൂപ ഓഹരി മൂലധനമുള്ള ഈ ബാങ്കിൽ 6 1/2 കോടിയുടെ നിക്ഷേപവും വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 4 1/2 കോടിയുടെ വായ്പയും നൽകിയിട്ടുണ്ട്. 17 ചിട്ടികൾ ഇപ്പോൾ നടക്കുന്നു.

റേഷൻ വിതരണം, വളം വിതരണം, കൺസ്യൂമർ സ്റ്റോർ, ജൗളി-ഗൃഹഉപകരണങ്ങൾ എന്നിയുടെ വിതരണം ഈ സംഘത്തിന്റെ മേൽനോട്ടത്തിലാണ്. കുറെ വർഷങ്ങളായി ഈ സംരംഭം ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു.

2. അങ്ങാടി ക്ഷീര വ്യവസായ സഹകരണ സംഘം 29 / D)

27.9.1976 ൽ ആരംഭിച്ച ഈ സംഘത്തിന്റെ അംഗസംഖ്യ 310 ആണ്. ദിനംപ്രതി ശേഖരിക്കുന്ന 160 ലിറ്റർ പാലിൽ 100 ലിറ്റർ പ്രാദേശിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. ശേഷിച്ച പാൽ മിൽമയ്ക്ക് കൈമാറുന്നു.

3. സ്കൂൾ കോ-ഓപ്പർഎറ്റീവ് സൊസൈറ്റി

പഞ്ചായത്തിലെ പി.സി. ഹൈസ്കൂൾ എബനേസർ ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ, കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. ഇവയുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

**പ്രശ്നങ്ങൾ**

കോ-ഓപ്പറേറ്റീവ് ബാങ്ക്

1. പട്ടിണിപ്പാവങ്ങളുടെ അത്താണിയാവാൻ പലപ്പോഴും സഹകരണ സംഘങ്ങൾക്കു കഴിയുന്നില്ല. കാരണം ഈട്ട് (ജാമ്യം) വായ്പയ്ക്കുള്ള പലിശ നിരക്ക് വായ്പയ്നടപടിക്രമങ്ങൾ എന്നിവ സാധാരണക്കാർക്കും തൊഴിൽരഹിതരായ യുവാക്കൾക്കും ദുസഹമാണ്.

2. ബാങ്കിന്റെ ലാഭവിഹിതത്തിൽ ഒരു ഭാഗം, പൊതുനൻമയെ ലക്ഷ്യമാക്കി ക്രിയാത്മകമായ ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കാറില്ല.

3. ഇന്നു വിപണിയിൽ കാണുന്ന നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നര്യാപ്തമായ ഒരു കൺസ്യൂമർ സ്റ്റൊർ പ്രവർത്തിക്കുന്നില്ല.

4. ജനങ്ങൾക്കും ബാങ്കിനും പ്രയോജനകരമാംവിധം "സഞ്ചരിക്കുന്ന സഹകരണ സ്റ്റൊർ" ഉണ്ടായിരുന്നുവെങ്കിൽ ഇന്നു വിപണിയിൽ കാണുന്ന കരിഞ്ചന്ത പുഴ്ത്തിവയ്പ് എന്നിവയ്ക്ക് കടിഞ്ഞാണിടാമായിരുന്നു.

5. സംഘത്തിലെ ജീവനക്കാരുടെ കുറവ് പ്രവർത്തനക്ഷമതയെ കാര്യമായി ബാധിക്കുന്നു.

**പരിഹാരമാർഗ്ഗങ്ങൾ:-**

1. ദാരിദ്രരേഖയ്ക്കു താഴെ കഴിയുന്നവരുടെ ലോൺ ലളിതവും പലിശ കുറഞ്ഞതുമായിരിക്കണം. അവർക്ക് ജാമ്യം

നിൽക്കാൻ ആളില്ലാതെ വന്നാൽ അതിനുതകുന്ന'' ബദൽസം വിധാനമുണ്ടാവണം.

2. തൊഴിൽ സംരംഭകർക്കായുള്ള വായ്പയുടെ പലിശനിരക്ക് കുറയ്ക്കുകയയും, തുടങ്ങുന്ന'' സംരംഭം ജാമമാക്കി'' താമസം വിനാ വായ്പ അനുവദിക്കുകയും വേണം. ബാങ്കിൻെറ ലാഭ വിഹിതത്തിൽ ഒരു ഭാഗം ഇതിനായി കരുതൽ മൂലധനമായി ഉപ യോഗിക്കണം.



3. നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടി ച്ചു നിർത്തുവനനും പൂഴ്ത്തി വയ്പിലൂടെ കൃതിമ വില ക്കയറ്റം സൃഷ്ടിക്കാനുമുള്ള പ്രവണതയെ തടയാൻ, ബാ ങ്കിൻെറ ചുമതലയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോർ വിപുലമാക്കുക. ഗുണ നിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ, നാ മമാത്രമായ ലാഭത്തിന് ബാങ്ക് വിതരണം ചെയ്താൽ കുത്തകമു തലാളിമാരുടെ ദുഷ്പ്രവർത്തകർക്ക് അറുതി വരും.

4. സർക്കാർ സഹായത്തിലോ, ബാങ്ക് മുതൽ മുടക്കിയോ പ ഞ്ചായത്തിൽ ''സഞ്ചരിക്കുന്ന ഒരു കൺസ്യൂമർ സ്റ്റോർ'' ആരം ഭിക്കുക. പ്രവർത്തിദിവസങ്ങളിൽ പഞ്ചായത്തിലെ പ്രധാനക വലകളിൽ ഇവ വിറ്റഴിച്ചാൽ നാടിനും നാട്ടുകാർക്കും ഇതു ഗു ണമായിരിക്കും.

5. ''ഓണത്തിനു മാവേലിയോടൊപ്പം വരുന്ന'' ബാങ്കു വക പ ച്ചക്കറി ചന്ത ഒരു സ്ഥിരം സംവിധാനമാക്കിയാൽ ജനങ്ങൾ ഇന്നുനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് അറുതി വരും.

6. ബാങ്കിന് സ്വന്തമായി വാഹനമുണ്ടാവാൻ'' സഞ്ചരിക്കുന്ന പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ'' എന്ന സ്വപ്നം സഫലീകരി ക്കാൻ വേണ്ട മൂലധനവും ജീവനക്കാരേയും ബാങ്കു തന്നെ ന ൽകണം. ആ വിധത്തിൽ കുറെ തൊഴിലവസരങ്ങളും സൃഷ്ടി ക്കാം.

**മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി**

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ഭവനങ്ങളിലും ക ന്നുകാലിവളർത്തൽ ഒരു ഉപജീവന മാർഗ്ഗമാണ്. എന്നിട്ടും സൊസൈറ്റിയുടെ പ്രവർത്തനക്ഷമതയെ ചോദ്യം ചെയ്യപ്പെടു ന്നു. ആയതിനാൽ ഇവിടെയുള്ള എല്ലാ ക്ഷീരകർഷകരേയും നി ർബന്ധമായും ഇതിൽ അംഗങ്ങളാക്കുക.

2. സൊസൈറ്റി നാമമാത്രമായ ലാഭമെടുത്ത് ഉൽപ്പാദക കൂടുത ൽ പ്രതിഫലം നൽകിയാൽ ക്ഷീര കർഷകരെ ഇതിലേക്ക് ആക ർഷിക്കുക. തൽഫലമായി വ്യവസായം പുരോഗമിക്കും.

3. ബാക്കി വരുന്ന പാൽ സംസ്ക്കരിച്ച് തൈര്, വെണ്ണ, മിഠായി കൾ, എന്നിവ ഉൽപ്പാദിപ്പിച്ച് ഇവിടെ തന്നെ വിറ്റഴിച്ചാൽ സം ഘത്തിനും നാട്ടുകാർക്കും പ്രയോജനമാവും.

4. ദൂരെ സ്ഥലങ്ങളിൽ നിന്നും കൃത്യസമയത്തിനു പാൽ എത്തിക്കാൻ ബുദ്ധിമുട്ടുനുഭവിക്കുന്നവരുടെ സൗകര്യാ ർത്ഥം വാർഡുകൾ തോറും കളക്ഷൻ സെൻറർ ആരംഭിക്കുക. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാം.

5. അങ്ങാടി ടൗണിൽ ക്ഷീരോല്പന്നങ്ങൾ വിൽക്കുന്ന ഒരു മി ൽക്ക് ബാർ തുടങ്ങുക. ചൂടുപാൽ, തൈര്, വെണ്ണ, മിഠായികള എന്നിവ ലഭ്യമാക്കുക.

6. കാലി വളർത്തൽ തൊഴിലാക്കിയവർക്ക് സർക്കാരിൽ നി ന്നുമകിട്ടാവുന്ന എല്ലാ അനുകൂല്യങ്ങളും സബ്സിഡി നി രക്കിൽ കാലിത്തീറ്റ, പുൽവിത്ത് എന്നിവ ലഭ്യമാക്കാൻ ഓഫീ സ്സ് തുറക്കുക.

7. കന്നുകാലികളുടെ ചികിൽസാ സൗകര്യത്തിനായി 24 മ ണിക്കൂറും പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയും മൃഗ ഡോക്ടറും പഞ്ചായത്താഫീസു സമീപം പ്രവർത്തിക്കണം.

8. ഗുണമേൻമയുള്ള പശുക്കൾ, എരുമകൾ, ആടുകൾ ,എന്നിവയെ കാലി വളർത്തൽ തൊഴിലാക്കിയവർക്ക് ലഭ്യ മാക്കുക്കുയും ശാസ്ത്രീയ രീതിയിൽ ഉൽപ്പാദിന ക്ഷമതയു ള്ള സങ്കരയിനങ്ങളുടെ ബീജസങ്കലനം മാത്രമേ നടത്താവൂ എന്നും സംഘത്തിലുള്ള വരെ ബോധവൽക്കരിക്കയും അതിൻെറ മേൽനോട്ടം സംഘം ഏറ്റെടുക്കുകയും വേണം.

**മറ്റു മേഖലകൾ സാദ്ധ്യതകൾ**

റബർ പ്രധാന കാർഷീകോല്പന്നമായ ഈ പഞ്ചായത്തിൽ, റാന്നി റബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ശാഖകൾ പ ഞ്ചായത്തിൻെറ നാനാഭാഗങ്ങളിലും ആരംഭിച്ചാൽ പഞ്ചായ ത്തിനും കർഷകനും ഗുണകരമായിരിക്കും.

അങ്ങാടിയിൽ ഭവന നിർമ്മാണ സഹകരണ സംഘം പ്രവർത്തനമാരംഭിക്കുക. അതുവഴി ജനങ്ങൾക്ക് ഭവനനി ർമ്മാണം, അറ്റകുറ്റപ്പണി എന്നിവയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ ലഘുവായ വ്യവസ്ഥകളോടുകൂടി വായ്പ ലഭ്യ മാക്കുക.

ഇവിടത്തെ റബർ കർഷകരെ സംഘടിപ്പിച്ച് കറ, ഷീറ്റ്, ത ടി,. കുരു എന്നീ അസംസ്കൃത വസ്തുകൾ ഉപയോഗിച്ച് സഹ കരണാടിസ്ഥാനത്തിൽ വ്യവസായ തുടങ്ങാം. ഗവ: ൽ നിന്നും കിട്ടുന്ന സാങ്കേതിക സാമ്പത്തിക സഹായങ്ങൾക്ക് പഞ്ചായത്ത് മുൻകൈ എടുക്കണം.

## കേറ്ററിംഗ് സഹകരണ സംഘം

സദ്യകൾ, പാർട്ടികൾ എന്നിവ നടത്തിക്കൊടുക്കാൻ അഭിരുചിയുള്ളവരുടെ ഒരു സംഘം രൂപീകരിച്ചാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം സാധാരാണ ക്കാരൻെറ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും അറുതി വരു ത്താം.

ഈ തൊഴിലാളികളുടെ സഹായത്താൽ സംഘത്തിന് സ്ഥിര മായി ഹോട്ടൽ, ബേക്കറി, എന്നിവയും നടത്താം. മൂലധനം ഈ സൊസൈറ്റിയ്ക്ക് ലോണായി നൽകിയാലും മതിയാവും.

## വനിതാ സഹകരണ സംഘങ്ങൾ

ഈ സംഘങ്ങൾ വഴി വനിതകൾക്ക് തൊഴിലും സാമ്പത്തിക നേട്ടവും കൈവരിക്കാം കറിപൗഡർ നിർമ്മാണം, തയ്യൽ ക്ലാസ്സും റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, ലഘു ഭക്ഷണശാല, നേഴ്സറി സ്കൂൾ, അംഗൻവാടി എന്നിവയുടെ പ്രവർത്തനമാരംഭിക്കാം.

വർക്കിംങ്ങ്വിമൻസ്ഹോസ്റ്റൽ

വളരെയേറെ ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്ന ഒരു വിഭാഗം വനിതാ ജീവനക്കാർ റാന്നിയിലും പരിസര പ്രദേശങ്ങളിലുമുണ്ട്. ദൂരെ ദിക്കുകളിൽ നിന്നും വരുന്ന ഇവർക്ക്താമസസൗകര്യം ഒരു കീറാമുട്ടിയാണ്. മാന്യമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു വർക്കിംങ്ങ്വിമൻസ്ഹോസ്റ്റലിനുള്ള സാദ്ധ്യതകൾ ഏറെയാണ്. വനിതാ സംഘടനകളോ വനിതാ പഞ്ചായത്ത്മെമ്പർൻമാരോ ഇതിന്റെ ചുമതല ഏറ്റെടുത്താൽ മതിയാവും.

## കുടിൽ വ്യവസായം

സഹകരണാടിസ്ഥാനത്തിൽ കോഴി, മുയൽ, പന്നി, തേനീച്ച, പട്ടുനൂൽപ്പുഴു, മത്സ്യം, എന്നിവയെ വളർത്തുന്ന യൂണിറ്റുകൾ ആരംഭിക്കാം. പ്രവർത്തന മൂലധനവും സാങ്കേതികസഹായങ്ങളും കണ്ടെത്താൻ രൂപീകരിക്കപ്പെടുന്ന സംഘം മുൻകൈ എടുക്കണം.

## പച്ചക്കറിത്തോട്ടം:-

ഒരുവീടിന് ഒരു പച്ചക്കറിത്തോട്ടം എന്ന ആശയം സഫലമായാൽ , വീട്ടാവശ്യങ്ങൾ കഴിഞ്ഞുള്ളവ ശേഖരിച്ച് വിപണനം നടത്താനുള്ള ഒരു പച്ചക്കറി സംഘം ആരംഭിക്കാം. അതിന്റെ ചുമതലക്കാരും കൃഷിവകുപ്പും തമ്മിൽ നല്ല ബന്ധമുണ്ടായിരിക്കണം.

## ഓട്ടോ തൊഴിലാളി സംഘടന:-

ഓട്ടോ തൊഴിലാളികളെ സംഘടിപ്പിച്ച് കുറഞ്ഞ പലിശനിരക്കിൽ സബ്സിഡിയോടുകൂടിയ വായ്പകൾ സർക്കാരിൽ നിന്നും ലഭ്യമാക്കത്തക്കവിധം സംഘം രൂപീകരിച്ച്. പ്രവർത്തിച്ചാൽ, തൊഴിൽ രഹിതരായ യുവാക്കൾക്ക് ഉപജീവനത്തിനുള്ള ഉപാധിയാവും.

## റബർ ഉല്പാദക സംഘങ്ങൾ:-

ഈ പഞ്ചായത്തിൽ നാല് റബർ ഉൽപാദക സംഘങ്ങൾ രജിസ്റ്റർ ചെയ്ത്. ഇവയുടെ പ്രവർത്തന ക്ഷമത നിരീക്ഷിക്കുന്നതോടൊപ്പം സർക്കാരിൽ നിന്നും റബർ ബോർഡിൽ നിന്നും പരമാവധി ആനുകൂല്യങ്ങൾ നേടിയെടുക്കാനും സംഘങ്ങൾക്കും കഴിയണം.

സ്വാർത്ഥ മോഹമോ, സാമ്പത്തിക ലാഭമോ ഇച്ഛിക്കാത്തവരും വിശ്വസ്തരും അഴിമതിക്കതീതമായി ത്യാഗമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു നേതൃത്വവും സഹകാരിവൃന്ദവും ഉണ്ടായാൽ ഇന്നു സഹകരണ മേഖല അഭിമുഖീകരിക്കുന്ന രാഷ്ട്രീയാതിപ്രസരം, സ്വാർത്ഥമോഹം, വിഭാഗീയ ചിന്താഗതി എന്നീ ദുഷ്പ്രവണതകളെ സഹകരണ മേഖലയിൽ നിന്നും തുടച്ചുമാറ്റുകയും, നാടിനും നാട്ടുകാർക്കും പ്രയോജനകരമാം വിധം ജനപങ്കാളിത്തത്തോടുകൂടി സർക്കാരിന്റെ 9-ാം പഞ്ചവത്സര പദ്ധതിയിലെ "അധികാരം ജനങ്ങളിലേക്ക്" എന്ന സ്വപ്നം സഫലീകരിക്കപ്പെടുകയും ചെയ്യട്ടെ എന്ന് നമുക്ക് ആശിക്കാം.



Proposed Tarjet for five years in the IX five year plan is attached her with. " Amounts in lakhs".

Financal Tarjet for five years in the IX th plan

| | ലോൺ | (തുകലക്ഷത്തിൽ) | സബ്സിഡി |
|---|---|---|---|
| 1 | അങ്ങാടിസർവ്വീസ്സഹകരണബാങ്കിന്റെ കൺസ്യൂമർസ്റ്റോർ | | |
| | പ്രവർത്തനത്തിന്മാനേജിറിയൽസബ്സിഡി.(2400X2X5) | | 2.4 |
| 2. | സഞ്ചരിക്കുന്നമാവേലിസ്റ്റോറിന്വാഹനംവാങ്ങുന്നതിന് | | |
| | അങ്ങാടി സർവ്വീസ് സഹകരണ ബാങ്കിന് | 4 | 1.- |
| 3. | അങ്ങാടി ക്ഷീരവ്യവസായ സഹകരണ സംഘത്തിന് പ്രവർത്തനമൂലധനവായ്പ | 5 | |
| 4. | ടി മാനേജീരിയൽ സബ്സിഡറി | | 1.2 |
| 5 | ടി ജീപ്പുവാങ്ങുന്നതിന് | 3 | 1 |
| 6 | ഭവന നിർമ്മാണ സഹകരണ സംഘം | | |
| | പ്രവർത്തന മൂലധന വായ്പ | 10 | |
| 7 | മാനേജിറിയൽ സബ്സിഡി | | 2.4 |
| 8 | റബർ അധിഷ്ഠിത വ്യവസായ സഹകരണ സംഘം | | |
| | പ്രവർത്തന മൂലധന വായ്പ | 20 | |
| 9 | ടി മാനേജിറിയൽ സബ്സിഡി | | 2.4 |
| 10 | കേറ്ററിംഗ് സഹകരണ സംഘം | | |
| | പവർത്തന മൂലധന വായ്പ | 2 | |
| 11 | ടി മാനേജിറിയൽ സബ്സിഡി | | 1.2 |
| 12 | വനിതാ സഹകരണസംഘം:- | | |
| | പ്രവർത്തന മൂലധന വായ്പ | 4 | |
| 13 | ടി മാനേജിറിയൽ സബ്സിഡി | | 2.4 |
| 14 | ടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 40 | 30 |
| 15 | ടി മാനേജിറിയൽ സബ്സിഡി | | 2.4 |
| 16 | കുടിൽ വ്യവസായ സഹകരണ സംഘം | 2 | |
| | പ്രവർത്തന മൂലധന വായ്പ | | 1.2 |
| 17 | ടി മാനേജിറിയൽ സബ്സിഡി | | |
| 18 | പച്ചക്കറി സഹകരണ സംഘം | | |
| | പ്രവർത്തന മൂലധന വായ്പ | 1 | 1.2 |
| 19 | ടി മാനേജിറിയൽ സബ്സിഡി | | |
| 20 | ഓട്ടോറിക്ഷാ തൊഴിലാളി സഹകരണ സംഘം | | |
| | പ്രവർത്തന മൂലധന വായ്പ | 10 | 3 |
| 21 | ടിമാനേജിറിയൽസബ്സിഡി | | 1.2 |
| | TOTAL | 104 LAKHS | 53 LAKHS |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

''തൊട്ടു കൂടാത്തവർ
തീണ്ടിക്കൂടാത്തവർ,
ദൃഷ്ടിയിൽപ്പെട്ടാലും
ദോഷമുള്ളോർ''

എന്നധിക്ഷേപിച്ച്സമൂഹത്തിൻെറപിന്നാമ്പുറങ്ങളിൽ ഉപേക്ഷിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജീവിതത്തിൽ മോചനത്തിൻെറ മന്ത്രധ്വനികൾ ഉയരാൻ തുടങ്ങിയത് ചരിത്രത്തിൻെറ ഏത് സന്ധിയിലാണെന്ന അറിവ് കാലം ഒരു മുത്ത് പോലെ ഹൃദയത്തിൽ സൂക്ഷിക്കുന്നുണ്ടാവും. ജനനം മുതൽ മരണം വരെയുള്ള സമസ്ത ജീവിതഘട്ടങ്ങളിലും പുച്ഛം നിറഞ്ഞ അവഗണനയും അവഹേളനവും മാത്രമല്ല എണ്ണമില്ലാത്ത പീഢനങ്ങളുടെ നീണ്ട നീണ്ട പരമ്പര തന്നെ അനുഭവിച്ച ഹതഭാഗ്യരാണ് ഈ വിഭാഗം. സമൂഹത്തിൻെറ സമസ്ത ക്രൂരതകളും ഒന്നായി ചേർന്ന് ഭീകര ചൂഷണങ്ങൾക്കും മർദ്ദനങ്ങൾക്കും വിധേയരാക്കിയ ശേഷം തീരാദു:ഖങ്ങളുടെ നിലയില്ലാക്കയങ്ങളിലേക്ക് നിർദ്ദയം വലിച്ചെറിയപ്പെട്ട ഇവരുടെ പൂർവ്വചരിത്രം ഏത് കഠോര ഹൃദയൻെറയും കരളലിയിക്കുന്നതാണ്.

പുരാതന ഭാരതീയ ഋഷിപുംഗവൻമാരുടെ ശാസ്ത്രീയ വ്യാഖ്യാനങ്ങളെ തെറ്റായി ചിത്രീകരിച്ച് വരേണ്യവർഗ്ഗം സ്ഥാപിച്ചെടുത്ത ചാതുർവർണ്ണ്യവ്യവസ്ഥയുടെ ഭാഗമായി നിലനിന്ന അയിത്തം, തീണ്ടൽ, തൊടീൽ എന്നിവ മൂലം പട്ടികജാതി - വർഗ്ഗക്കാർ അനുഭവിച്ചുപോന്ന മഹാദുരിതങ്ങളുടെ പട്ടിക നിരത്തണമെങ്കിൽ മറ്റൊരിതിഹാസം തന്നെ രചിക്കേണ്ടി വരും.

സമൂഹത്തെയാകെ തീറ്റിപ്പോറ്റുന്ന മണ്ണിൻെറ മക്കളെ എന്നും ശാപവചസ്സുകൾ കൊണ്ടഭിഷേകം ചെയ്തിരുന്ന ഉന്നത കുല ജാതരേയും സ്വന്തം വിധിയേയും കുറിച്ചോർത്ത് കണ്ണീർ പൊഴിച്ചിരുന്ന ഗതകാലത്തിൻെറ അപശബ്ദ നിമിഷങ്ങളിൽ നിന്ന് ഈ വിഭാഗത്തിന് മോചനം ഉണ്ടായത് കാലപ്രവാഹത്തിലൂടെയാണ്

അതിന് ആക്കം കൂട്ടുവാൻ നവോത്ഥാനപ്രസ്ഥാനവും സാമൂഹ്യ പരിഷ്ക്കരണപ്രസ്ഥാനവും തൊഴിലാളിവർഗ്ഗപ്രസ്ഥാനവും ദേശീയ പ്രസ്ഥാനവും നമ്മുടെ നാട്ടിലുയർന്നു വന്നു. വേനലുകളും വർഷങ്ങളും പമ്പാനദിക്ക് സൗമ്യരൗദ്രഭാവങ്ങൾ പകർന്ന് കൊണ്ട് ഒരു പാടു തവണ കടന്നുപോയപ്പോൾ നമ്മുടെ നാട്ടിലും ഈ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതനിലവാരത്തിൽ അവിശ്വസനീയമായ പരിണാമങ്ങൾ ദൃശ്യമായി. സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് സാവധാനം ഇവരും പ്രവേശിച്ചുതുടങ്ങി. എങ്കിലും സാമൂഹ്യസാംസ്ക്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിലേക്ക് മറ്റുള്ളവർക്കൊപ്പം അവർക്ക് ഒട്ടനവധി കാര്യങ്ങൾ ചെയ്യുവാനുണ്ട്.

പൊതുവിലുള്ള ഒട്ടുമിക്കപ്രശ്നങ്ങളോടുമൊപ്പം നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന റാന്നി പ്രദേശത്തിൻെറയും മദ്ധ്യതിരുവിതാംകൂറിൻെറയും മാത്രമായ ചില പ്രത്യേകപ്രശ്നങ്ങളും ഈ വിഭാഗക്കാർ നേരിടുന്നുണ്ട്.

അങ്ങാടി പഞ്ചായത്തിൽ 726 പട്ടികജാതിക്കാരും 3 പട്ടികവർഗ്ഗക്കാരുമാണ് ഇത്. ജനസംഖ്യയുടെ അഞ്ചുശതമാനം വരും ഈ സംഖ്യ. ക്രിസ്ത്യൻസഭകളുടെ നിരന്തരമായ പ്രവർത്തനംമൂലം മതപരിവർത്തനത്തിന് ഈ വിഭാഗക്കാർ ഏറെ വിധേയരായ പ്രദേശങ്ങളിലൊന്നാണിത്.

ഏതാണ്ട് മൂവായിരത്തോളം പട്ടികജാതിക്കാർ നമ്മുടെ പഞ്ചായത്തിൽ ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ട്. പുതുതായി ക്രിസ്തുമതം സ്വീകരിച്ച വിഭാഗക്കാരിൽ ഒരു നല്ല പങ്കും ഇപ്പോഴും പട്ടിക ജാതിക്കാരാണെന്ന ഒരു ധാരണ പലരിലും നിലനിൽക്കുന്നു. റേഷൻകാർഡ് അടക്കമുള്ള സർക്കാർ രേഖകളിലും മറ്റും പേരും ജാതിപ്പേരും തെറ്റായി രേഖപ്പെടുത്തിയ സംഭവങ്ങൾ അനേകമുണ്ട്.

## വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിന് പൊതുവിലുള്ള ഉയർച്ച ഈ വിഭാഗത്തിനും ഏറെക്കുറെ ലഭിച്ചിട്ടുണ്ട്. എന്നാലും നമ്മുടെ പഞ്ചായത്തിനും സമീപപ്രദേശങ്ങളിലും ലഭ്യമായ സൗകര്യങ്ങൾ വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല. പ്രാഥമീക വിദ്യാഭ്യാസത്തിന് ശേഷം പഠനം തുടരാനാവാതെ പോകുന്നവർ നിരവധിയാണ്. സ്കൂൾ വിദ്യാഭ്യാസഘട്ടങ്ങളിൽ പഠനം നിർത്തിപോകുന്നർക്കും പത്താം തരത്തിന് ശേഷം പഠനം തുടരാനാവാതെ വരുന്നവർക്കും ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവർക്കും ശരിയായ മാർഗ്ഗനിർദ്ദേശവും സാമ്പത്തീകസഹായവും ലഭിക്കുമെങ്കിൽ ഒരു തലമുറയുടെ ഭാവി ശോഭനമാക്കുവാൻ കഴിയും. സാങ്കേതീകവിദ്യാഭ്യാസരംഗത്ത് കാലാനുസൃതമായുള്ള ശ്രദ്ധ ഇനിയും പതിയേ

ണ്ടതുണ്ട്. തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ മിക്ക രക്ഷകർത്താക്കളും വേണ്ടത്ര ശ്രദ്ധിക്കാറില്ല.

### തൊഴിൽ

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ തൊഴിൽ മേഖല മുഖ്യമായും കാർഷീകരംഗവും പരമ്പരാഗതമേഖലയുമായിരുന്നു. ഈ മേഖലയ്ക്ക് സംഭവിച്ച പരിണാമങ്ങളിൽ ഇവരുടെതൊഴിൽസാദ്ധ്യതകളും അവസരങ്ങളും അഭിരുചികളും മാത്രമല്ല തൊഴിൽ സങ്കൽപ്പങ്ങളും അടിമുടി മാറിയിട്ടുണ്ട്. ഇതിൻെറയെല്ലാം ഫലമായി പാടത്തും പറമ്പത്തുമുള്ള വിവിധകൃഷിപ്പണിക്ക്തൊഴിലാളികളെ ലഭിക്കാതെവരുന്നുണ്ട്. അഥവാ ലഭിച്ചാൽ തന്നെ യഥാസമയം ഒരിക്കലും ലഭിക്കാറില്ല. നമ്മുടെ പ്രദേശത്ത്റബ്ബർ വ്യാപകമായികൃഷിചെയ്യാൻ തുടങ്ങിയതോടുകൂടി ഭക്ഷ്യോൽന്നങ്ങളും നാണ്യവിളകളും തീരെ കൃഷിചെയ്യാതെവന്നപ്പോൾ കർഷകത്തൊഴിലാളികൾക്ക് മറ്റ്തൊഴിൽമേഖലയിലേക്ക് തിരിയേണ്ടി വന്നത് മേൽസൂചിപ്പിച്ച പ്രശ്നത്തിനൊരു കാരണമാണ്.

തടി, വിറക്പണി, റബ്ബർടാപ്പിംഗ്, കെട്ടിടനിർമ്മാണം, പരമ്പരാഗതമേഖല എന്നീ രംഗങ്ങളിൽ ഒരു വിഭാഗം തൊഴിൽ ചെയ്യുന്നുണ്ട്. സർക്കാർ സർവ്വീസ്, ബാങ്കിംഗ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുമുണ്ട്. വ്യാപാരരംഗത്തും വിവിധ ഏജൻസികളിലും ചുരുക്കം ചിലർ പ്രവർത്തിക്കുന്നു.

പഞ്ചായത്തതിലെ വിവിധയിനം ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ വർഷങ്ങളായി മറ്റ്സ്ഥലങ്ങളിൽ നിന്നും വന്നവരാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർ നമ്മുടെ പഞ്ചായത്തിൽ ഏറെ ഉള്ളപ്പോഴാണ് ഈ പ്രതിഭാസം എന്നുള്ളത്സവിശേഷശ്രദ്ധയർഹിക്കുന്ന വിഷയമാണ്.. അതുപോലെ നല്ല കൂലി ലഭിക്കുന്ന പരമ്പരാഗതതൊഴിൽ മേഖലയിൽ ആഃളെ കിട്ടാനില്ലാത്തഅവസ്ഥയുമുണ്ട്.

### പാർപ്പിടം

പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ നിലവിലില്ലാത്ത ഈ പഞ്ചായത്തിൽ ലക്ഷം വീടു കോളനികളും നാല് സെൻറ് കോളനിയും സ്ഥാപിച്ചപ്പോൾ ഈ വിഭാഗത്തിന് മുൻഗണന നൽകുന്നതിന് ശ്രദ്ധിച്ചിരുന്നു. സർക്കാരിൻെറയും പഞ്ചായത്തിൻെറയും ആഭിമുഖ്യത്തിലുള്ള വിവിധ പദ്ധതികളിലൂടെ സാമ്പത്തീകസഹായം തേടി വീടുകൾ നിർമ്മിച്ചകുറെആളുകളുണ്ട്. ഇന്നാൽ ഇപ്പോഴും സ്വന്തമായി പാർപ്പിടം ഇല്ലാത്തവർ ധാരാളമുണ്ട്. സ്ഥലത്തിൻെറയും പണത്തിൻെറയും ദൗർലഭ്യമാണ് പ്രധാനപ്രശ്നം. പഞ്ചായത്തും സർക്കാരും കൊടുക്കുന്ന പണം തീരെ അപര്യാപ്തവുമാണ്. വർദ്ധിച്ച സാധനവിലയുമായി ഒരു പൊരുത്തവുമില്ലാത്തതാണ് സാമ്പത്തീകസഹായമായി ലഭിക്കുന്നത്. ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവരിൽ ഒരു നല്ലപങ്കിനും വീട്പണി പൂർത്തിയാക്കാൻ സാധിക്കാറില്ല. ഒരിക്കൽ ലഭിച്ചുകഴിഞ്ഞാൽ പിന്നീട് സഹായത്തിന് അവർക്ക് അർഹത നഷ്ടമാവുകയും ചെയ്യും.

### ആരോഗ്യം

ഈ വിഭാഗത്തിൽ താഴ്ന്ന വരുമാനക്കാർക്കിടയിൽ ആരോഗ്യ പരിപാലനത്തിനുമ രോഗപ്രതിരോധത്തിനും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. സാഹചര്യങ്ങളുടെ പ്രതികൂല ഭാവം മാത്രമല്ല അജ്ഞതയും അശ്രദ്ധയും കൂടി ഇതിന് കാരണമാണ്. ഒരു ആയുർവ്വേദ ഡിസ്പെൻസറിയും നാല് പ്രൈമറി ഹെൽത്ത് സബ് സെൻററുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും രോഗം വന്നാൽ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുകയേ ഗതിയുള്ളൂ. സ്വകാര്യ ആശുപത്രികളിലെ താങ്ങാനാവാത്ത ചികിൽസാ ചെലവുകൾ ഭയന്ന് ഒട്ടുമിക്കയാളുകളും പലതരം അസുഖങ്ങളാൽ ക്ലേശിച്ച് കാലം തള്ളിനീക്കുകയാണ്. ചെറിയ രോഗം ബാധിച്ച് ഔഷധവും പരിചരണവും ലഭിക്കാതെ മരണത്തിലെത്തിയ അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മരിച്ച്കഴിഞ്ഞാൽ മൃതദേഹം അടക്കം ചെയ്യാൻ ഭൂമി ഇല്ലാവരാണ് മഹാഭൂരിപക്ഷം പേരും. നമ്മുടെ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ലാത്തതിനാൽ മരിച്ച ആളിൻെറ മൃതദേഹവുമായി, മറവ്ചെയ്യാൻ ഇടവില്ലാതെ സ്വന്തം വിധിയെയും സമൂഹത്തെയും ഈ പ്രപഞ്ചത്തെ ആകെയും ശപിച്ച് കൊണ്ട് തപ്ത ബാഷ്പവുമായി വ്രണിത ഹൃദയത്തോടെ ബന്ധുക്കൾ ഉഴറി നടന്ന അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് കാൽകുത്തുന്ന ഈ അവസരത്തിലും ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ സാധിക്കാത്ത സമൂഹം ഈ വിഭാഗത്തിനോട് അക്ഷന്തവ്യമായ അപരാധമാണ് ചെയ്യുന്നത്.

### ശുചിത്വം

ശുചിത്വത്തെ സംബന്ധിച്ച അറിവു ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു കാലാവസ്ഥയുടെ വ്യതിയാനത്തിലൂടെയും പകർച്ചവ്യാധികലുടെയും പടരുന്ന മിക്ക രോഗങ്ങളും ഒരൽപ്പം ശ്രദ്ധയുണ്ടെങ്കിൽ തടഞ്ഞുനിർത്താൻ സാധിക്കുന്നവയാണ്. വീടുള്ള പല കുടുംബങ്ങളിലും കക്കൂസ് ഇല്ലാത്തഅവസ്ഥയുണ്ട്. ലക്ഷം വീട് കോളനികളിലും നാല്സെൻറ്കോളനിയിലും താമസിക്കുന്നവർക്ക് സാമ്പത്തിക സഹായം ലഭിച്ചാൽ തന്നെ കക്കൂസ് നിർമ്മിക്കാൻ സ്ഥലമില്ലാത്തത് വലിയ പ്രശ്നമാണ്. സ്ഥലമുള്ളവർക്കാകട്ടെ ലഭിക്കുന്ന സാമ്പത്തിക സഹായം കക്കൂസ്പണിയുന്നതിന് ഒട്ടും മതിയാവുകയുമില്ല.

## കുടിവെള്ളം

പണ്ടൊക്കെ വേനൽക്കാലത്ത്മാത്രം പ്രശ്നമായിരുന്ന ശുദ്ധജല ക്ഷാമം ഇപ്പോൾ വർഷം മുഴുവൻ ഒരുപോലെ രൂക്ഷമാണ്. ഭൂരിഭാഗം പേർക്കും സ്വന്തമായി കിണറില്ല. ഉള്ള കിണറുകൾ തന്നെ വേനൽക്കാലം തുടങ്ങുമ്പോൾ തന്നെ വറ്റിവരളുന്നു. അങ്ങാടി ശുദ്ധജലവിതരണത്തിന്റെ പ്രയോജനം ഇന്നു ഈ വിഭാഗക്കാർക്ക് ലഭിച്ചിട്ടില്ല. ഈ കുടുംബങ്ങളിലെ സ്ത്രീകൾ ജലസംഭരണത്തിനായി എല്ലാ ദിവസവും അതികഠിനമായി ക്ലേശിക്കുകയാണ്. ഇവരിൽ പലരുടേയും ആവാസകേന്ദ്രങ്ങൾ ജലം ലഭ്യമല്ലാത്ത ഉയർന്ന പ്രദേശങ്ങളിൽ ആയത് ജലലഭ്യതയുടെ പ്രധാന തടസ്സമാണ്.

## കലാകായിക സാംസ്ക്കാരിക രംഗം

കലാ കായിക സാംസ്ക്കാരിക രംഗത്തെ റാന്നിയുടെ ശോച്യാവസ്ഥ പട്ടികജാതി-വർഗ്ഗ വിഭാഗത്തിൽ ശരാശരിയേക്കാൾ കൂടുതലാണ്. നമ്മുടെ പുകൾപെറ്റ നാടൻ കലകളോടുള്ള അധികാരികളുടെയും പരിഷ്കൃത സമൂഹത്തിന്റെയും അവഗണനയും അവർക്കതിലുള്ള അജ്ഞതയും മൂലം സുന്ദരമായ പല കലാ രൂപങ്ങളും ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മിക്ക പരമ്പരാഗതന നാടൻ കലകളുടേയും പ്രയോക്താക്കളും പ്രചാരകരും പട്ടികജാതി-വർഗ്ഗ വിഭാഗക്കാരായിരുന്നു. ലോകത്തിന് മുമ്പിൽ സ്വാഭിമാനം കാഴ്ച വെക്കാവുന്ന അനേകം ദൃശ്യശ്രാവ്യകാലകളുടെ ഗതകാല സ്മരണ മാത്രം ഇന്ന് ബാക്കി നിൽക്കുന്നു. ഇതിന്റെ ഫലമോ ഇന്ന് വയലേൽകളിൽ ഞാറ്റു വേലപ്പാട്ടിന്റെയും കൊയ്ത്തുപാട്ടിന്റെയും ഈരടികൾ മുഴങ്ങാറില്ല.

ഓണനിലാവിന്റെ നടുമുറ്റങ്ങളിൽ പൂത്തുമ്പികൾ തുള്ളാറില്ല. പാണൻപാട്ടും പുള്ളുവൻപാട്ടും ഗ്രാമനിശ്ശബ്ദതയെ ഭജ്ഞിക്കാറില്ല- തെരുവോരങ്ങളിൽ കടുവാകളിയും വിട്ടുമുറ്റങ്ങളിൽ മുടിയാട്ടവും അരങ്ങേറാറില്ല. ഈ വിഭാഗത്തിൽ കലാരംഗങ്ങളിൽ പ്രാവീണ്യമുള്ളവരുണ്ടെങ്കിലും പരിശീലനത്തിന്റെയും പ്രോത്സാഹനത്തിന്റെയും അവസരങ്ങളുടേയും അഭാവത്തിൽ അവയൊന്നും നാമ്പ് മുളച്ച് വളർന്ന് വിടർന്ന് വികസിക്കാറില്ല.

ഇന്ന് നിലവിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങൾ ഒന്നും മതിയായ ആവശ്യത്തിനുതകുന്നതല്ല. പഞ്ചായത്തിന്റെ വകയായി ഒരു ഗ്രന്ഥശാലപോലും നിലവില്ലാത്ത നാടിണിത്. ഇതേനിലതന്നെയാണ് കായിക രംഗത്തു ഉള്ളത്. അഭിരുചി ഉള്ളവരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തുന്നതിനോ പരിപോഷിപ്പിക്കുന്നതിനോ ഒരു ശ്രമവും ആരും ഒരിടത്തും നടത്തുന്നില്ല. ആരെങ്കിലും സ്വന്തപരിശ്രമത്താലും സാമർത്ഥ്യത്താലും വല്ല വിധേനയും കഴിവുകൾ തെളിയിപ്പാൽ തന്നെ അവരെ അംഗീകരിക്കില്ലെന്നു മാത്രമല്ല അങ്ങെയറ്റം അവഗണിക്കുക കൂടി ചെയ്യുന്നു.

## നിർദ്ദേശങ്ങൾ

1. പൊതുശ്മ്ശാനം:- ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ വളരെ അത്യാവശ്യമായി ഒന്നോ അതിലധികമോ പൊതുശ്മശാന നിർമ്മിതിക്ക് പരമ പ്രാധാന്യം കൊടുക്കുക. അതിനാവശ്യമായ സ്ഥലമെടുക്കന്നതിന്റെ കാര്യത്തിലും സാമ്പത്തിക മുതൽ മുടക്കിന്റെ കാര്യത്തിലും നിയമപരമായ തടസ്സങ്ങൾ നീക്കുന്ന കാര്യത്തിലും ശ്രദ്ധിക്കുക.

2. ആരോഗ്യപരമായ അടിസ്ഥാന സൗകര്യങ്ങൾ മുഴുവൻ പരിപാടി ആവിഷ്കരിക്കുക. നിശ്ചിത സമയത്തിനുള്ളിൽ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി- വർഗ്ഗ വിഭാഗക്കാർക്കും കക്കൂസ്, കുടിവെള്ളം, വൈദ്യുതി മുതലായവ എത്തിക്കണം.

3. ചെട്ടിമുക്കിലുള്ള ആയൂർവ്വേദ ഡിസ്പെൻസറി താലൂക്ക് ആശുപത്രിയായി പുതുതായി ഉയർത്തുകയും പഞ്ചായത്തിൽ പുതിയ രണ്ട് ആയൂർവ്വേദ ഡിസ്പെൻസറിയും രണ്ട് ഹോമിയോപ്പതി ഡിസ്പെൻസറിയും ആരംഭിക്കുകയും ചെയ്യുക. അടിയന്തിരമായി ഒരു പി.എച്ച്. സെൻറർ പഞ്ചായത്തിൽ ആരംഭിക്കുക.

4. മദ്യപാനം മൂലം ഇന്ന് വളരെയേറെ കുടുംബങ്ങൾ ദുരിതതം അനുഭവിക്കുന്നുണ്ട്. മദ്യത്തിനും മയക്കുമരുന്നിനുമറ്റ് സാമൂഹ്യതിൻമകളും എതിരെ ശക്തമായ ബോധവൽക്കരണം മതിയായ പ്രാധാന്യത്തോടെ നടത്തുക.

5. ഭവന നിർമ്മാണം:- ഭൂമി ഇല്ലാവർക്ക് ഭൂമി വിലക്കെടുത്ത് നൽകണം. ഭൂരഹിത- ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായത്തിന്റെ പരിധി കാലോചിതമായി പരിഷ്കരിക്കണം. ഭൂമിവിലകൊടുക്കാനും വീട് പണിയുന്നതിനും കൂടി ഇന്ന് ആകെ ലഭിക്കന്ന 25000 രൂപ ഒന്നിനും മതിയാകാത്തതിനാൽ അടിയന്തിരമായി തുക വർദ്ധിപ്പിക്കണം. സംയോജിത ഭവന നിർമ്മാണ പദ്ധതി പ്രകാരം ഇന്ന് ലഭിക്കുന്ന 15000 രൂപയ്ക്കും തീരെ അപര്യാപ്തമാണ്. ഇതും ജെ. ആർ.വൈ പ്രകാരമുള്ള സാഹായവും വർദ്ധപ്പിക്കണം. ഭൂമികൊടുക്കുമ്പോൾ നാല് സെൻറിന് പകരണം ചുരുങ്ങിയത് 15 സെൻറങ്കിലും നൽകുക. വീട്‌വെയ്ക്കുവാനുള്ള പണം നേരിട്ട് നൽകുന്നതി പകരമായി ഏതെങ്കിലും നിർമ്മിതി പോലെയുള്ള ഏജൻസിയെ ക്കൊണ്ട് പണികഴിപ്പിക്കുക. വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.

6. വിവിധ ധനസഹായ പദ്ധതികൾ:- പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം, രോഗികൾക്കുള്ള ചികിൽസാധനസഹായം, മിശ്രവിവാഹധനസഹായം മുതലായവ ഇന്നത്തെ ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ തീരെ അപര്യാപ്തമാകയാൽ ഉടൻ തന്നെ അവയൊക്കെ ഗണ്യമായി വർദ്ധിപ്പിക്കുക.

7. വിദ്യാഭ്യാസം :- ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്നത് ഏതു വിധേനയും തടയണം. ഉച്ചക്കഞ്ഞി വിതരണം നടത്താത്ത സ്കൂളുകളിൽ അവ നടപ്പിലാക്കണം. നടത്തുന്ന സ്കൂളുകളിൽ കൂടുതൽ കാര്യക്ഷമമാക്കണം. ഇടയ്ക്ക് വെച്ച് കൊഴിഞ്ഞു പോകു

ന്നവിദ്യാർത്ഥികളുടെപഠനംതുടർന്ന്നടത്തുന്നതിന്ആവശ്യമായക്രമീകരണങ്ങൾക്ക്പഞ്ചായത്ത്തലത്തിൽഒരുസമിതിരൂപീകരിക്കണം. ആസമിതിക്ക്വിദഗ്ദ്ധോപദേശവുംസാമ്പത്തികസഹായവുംലഭ്യമാക്കണം. പ്രൊഫഷണൽസാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽകൊടുത്ത്കൊണ്ട് ഉന്നത വിദ്യാഭ്യാസത്തിന് പ്രേരണയുംഅവസരവുംസാഹചര്യവുംസൃഷ്ടിക്കണം.

8. വിദ്യാഭ്യാസ രംഗങ്ങളിൽ മികവ് പ്രദർശിപ്പിക്കുന്നവർക്ക് അംഗീകാരവുംപ്രോത്സാഹനവും സമ്മാനങ്ങളും നൽകുക.

9. സൗജന്യ ട്യൂഷനുകളും ഗുണനിലവാര ക്ലാസ്സുകളും സംഘടിപ്പിക്കുക.



10. കലാകായിക രംഗങ്ങളിൽ തൽപ്പരരായ വിദ്യാർത്ഥികൾക്ക് എല്ലാവിധമായ സഹായങ്ങളും സൗകര്യങ്ങളും നൽകുക.

11. ജന വിദ്യാകേന്ദ്രങ്ങളും അംഗൻവാടികളും വായനശാലകളും റേഡിയോ-ടി.വി. കേന്ദ്രങ്ങളും ആവശ്യമുള്ളിടങ്ങളിൽ സ്ഥാപിക്കുക.

12. തൊഴിൽ :- ഒരു പുതിയ തൊഴിൽ സംസ്ക്കാരം വളർത്തിയെടുക്കുക. എല്ലാ തൊഴിലിനെക്കുറിച്ചുള്ള ശാസ്ത്രീയമായ അവബോധം തൊഴിലാളികളിലും തൊഴില ന്വേഷകരിലും ഫലപ്രദമായി എത്തിക്കു. വിദഗ്ദ്ധരുടെ സേവനം ഇതിലേക്ക് പ്രയോജനപ്പെടുത്തണം. സാങ്കേതിക തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. തൊഴിലിൽ പരിശീലനം നൽകുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അവ ഫലപ്രദമായി വിനിയോഗിക്കുകയുംചെയ്യുക.

സഹകരണ തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കു. പഞ്ചായത്ത്ഷോപ്പിംഗ്കോപ്ലക്സിൽ ഒരു മുറി പട്ടിക ജാതികൾക്കായി സംവരണം ചെയ്യുക. അവിടെ സഹകരണാടിസ്ഥാനത്തിലുള്ള ഒരു തൊഴിൽ സ്ഥാപനം തുടങ്ങുക.

13. പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ:- നമ്മുടെപഞ്ചായത്ത് നിവാണസികൾക്കും പുറത്ത്നിന്ന് എത്തുന്നവർക്കും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യം ഇപ്പോൾ തീരെ ഇല്ല. പഞ്ചായത്തിൻെറ പ്രധാനപ്പെട്ട ഭാഗങ്ങളിൽ അടിയന്തിരമായി പബ്ലിക്ക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് ഇതിനൊരുപരിഹാരം കാണുന്നു.

14. ബസ്സ് കാത്ത് നിൽക്കുന്നവർക്ക് വെയിലും മഴയും കൊള്ളാതെ ഒന്ന് നിൽക്കുന്നതിനുള്ള സൗകര്യം ഇന്ന് തീരെ വിരളമാണ്. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കാത്തിരിപ്പ് പുരകൾ നിർമ്മിക്കുക.

15. പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ഇന്ന സർക്കാരിൽ നിന്നും വിവിധ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പലതരത്തിലുള്ള ആനുകൂല്യങ്ങളെ കുറിച്ചും സഹായങ്ങളെക്കുറിച്ചും ഉള്ള വ്യക്തമായ അറിവ് ഇന്ന് പലർക്കുമില്ല. എന്തൊക്കെ സഹായങ്ങൾ എവിടെ നിന്നൊക്കെ എങ്ങനെയെല്ലാം ലഭിക്കും എന്ന വിവരങ്ങൾ വിശദമായും കൃത്യമായും കലാകാലങ്ങളിൽ മുഴുവൻ ആളുകളെയും അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

വിവരങ്ങൾ അന്വേഷിച്ച് ചെല്ലുമ്പോൾ സഹായങ്ങൾക്കായി ബന്ധപ്പെടുമ്പോഴും അധികാരികളുടെ ഭാഗത്ത്നിന്നും പട്ടിക- ജാതി വർഗ്ഗക്കാർക്ക് നേരെയുള്ള സമീപനം ദയയുള്ളതും ഉദാരവും സഹായമനോഭാവത്തിലുള്ളതുമാകണം.

16. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് ഓഫീസ്വഴി ലഭ്യമാക്കാനുള്ള സൗകര്യം ചെയ്യണം.

ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥയ്ക്കും അഴിമതിക്കും കൈക്കൂലിയ്ക്കും ഏറ്റവുമധികം ബലിയാടുകൾ ആകാറുള്ള ഒരു വിഭാഗമാണിത്. സമൂഹത്തിനോട് യാതൊരുത്തരവാദിത്വവുമില്ലാത്ത നിലയിൽ പെരുമാറുന്ന ചില ഉദ്യോഗസ്ഥൻമാർ പാവപ്പെട്ടവരോട് വളരെ പരുഷമായും നിർദ്ദയമായും കഠോരമായും ക്രൂരമായും പെരുമാറുക എന്നത് സാധാരണമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ബോധവൽക്കരിച്ച് ഒരിക്കൽ അടിച്ചമർത്തലിൻെറയും അടിമച്ചങ്ങലകളുടേയും ബന്ധനത്തിലായിരുന്ന ഈ പാവപ്പെട്ടവരുടെ ജീവിതത്തിൽ പുരോഗതിയുടെ പുതിയ സൂര്യപ്രഭ ചൊരിയുന്നതിന് സമത്വസുന്ദരമായ ഒരു നവസംക്രമ മോക്ഷ:ത്തിന് വേണ്ടി സമൂഹത്തിനൊന്നായി പരിശ്രമിക്കാം.

# വിഭവ സമാഹരണം

വിഭവസമൃദ്ധമായ കലവറഃ ഐശ്വര്യ സമ്പന്നമായ തറവാടിന്റെ പ്രതീകമായ വിഭവങ്ങളുടെ ലബ്ധിയേയും അവയുടെ ശരിയായ വിനിയോഗത്തേയും ആശ്രയിച്ചിരിക്കുന്നു അസംസ്കൃത വിഭവങ്ങൾ സുലഭമായ നമ്മുടെ പഞ്ചായത്തിൽ. അവ വേണ്ട വിധം സംസ്കരിച്ച് വിപണിയിലെത്തിക്കാൻ പര്യാപ്തമായ പണിശാലകളില്ല. വ്യവസായീക വളർച്ച മുരടിച്ചു നിൽക്കുന്ന ഈ പഞ്ചായത്തിൽ സർക്കാർ സ്ഥാപനങ്ങളും വിരളമാണ്. അതുകൊണ്ടു തന്നെ മറ്റു പഞ്ചായത്തുകളോടു കിടപിടിക്കാൻ നമുക്കാവില്ല.

"ശ്രദ്ധാപൂർവ്വം കരുക്കൾ നീക്കിയ നമ്മുടെ പഞ്ചായത്ത് വരുമാനത്തിനൊപ്പം. വളർച്ച നേടിയിട്ടുണ്ട്" ഈ പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി/സർവ്വീസ് ചാർജ്ജ്, വിനോദ നികുതി, ലൈസൻസ്, ഫീ, ലേലം, പഞ്ചായത്തുവക കെട്ടിടങ്ങളുടെ വാടക, തൊഴിൽ നികുതി, ഗവൺമെന്റ് ഗ്രാന്റ് ആന്റ് കോൺട്രിബൂഷൻസ് മുതലായവയാണ്. കൂടാതെ 1996-97 സാമ്പത്തീക വർഷം മുതൽ വരവൂർ, പുല്ലൂപ്രം എന്നീ കടവുകളിൽ നിന്നും മണൽ പഞ്ചായത്തിന്റെ നേരിട്ടുള്ള ചുമതലയിൽ വിൽപന നടത്തുന്നു. തുടർന്നുള്ള വർഷങ്ങളിൽ പേട്ട കടവിൽ കൂടി മണൽ കടത്തി കൊണ്ടു പോകുന്നതിനും ബഹുമാനപ്പെട്ട സർക്കാരിൽ നിന്നുംനനുമതി തേടുന്നതാണ്. മാത്രമല്ല 3-ാം വാർഡിലുള്ള തെക്കേ മുറിക്കടവിയിൽ നിന്നു കൂടി മണൽവാരലിന് പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്തു റോഡുകളുടെ വികസനം, പൊതുജനാരോഗ്യം, സാമൂഹ്യക്ഷേമം, ലക്ഷംവീടുകളുടെ അറ്റകുറ്റപ്പണികൾ തെരുവുവിളക്കുകൾ എന്നിവയുടെ കാര്യത്തിൽ പഞ്ചായത്ത് കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുന്നുണ്ട്. പൊതുജനക്ഷേമം ലക്ഷ്യമാക്കിയുള്ള പഞ്ചായത്തിന്റെ എല്ലാ പുരോഗമന പ്രവർത്തനങ്ങളും വിഭവലബ്ധിയെ ആശ്രയിച്ചിരിക്കും.

## നിർദ്ദേശങ്ങളും പരിഹാരമാർഗങ്ങളും

1. പഞ്ചായത്തിന്റെ പരിധിയിൽ പഞ്ചായത്തു വക ഭൂമി ഉള്ളത് സർവ്വേ ചെയ്ത് വേർതിരിച്ച് പഞ്ചായത്ത് അധീനതയിലാക്കി പൊതു ആവശ്യങ്ങൾക്കോ, പഞ്ചായത്ത് ആവശ്യങ്ങൾക്കോ ഉപയോഗിക്കേണ്ടതാണ്.

പഞ്ചായത്തുവക വസ്തുവിൻ വിലയുള്ള വൃക്ഷങ്ങൾ വച്ച് പിടിപ്പിച്ച് വെട്ടി വിൽക്കുന്നതും, കായ് ഫലമുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതും, അതിൽ നിന്നുള്ള ആദായം പഞ്ചായത്തിന് മുതൽ കൂട്ടേണ്ടതുമാണ്.

2. മുഴുവൻ വിവാഹവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക. വിവാഹത്തിന്റെ ഭാഗമായി നടക്കുന്ന സൽക്കാരങ്ങൾക്ക് ചെലവാകുന്ന തുകയുടെ രണ്ട് ശതമാനം പഞ്ചായത്തിന് നൽകുക. ഈ തുക നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് ഉപയോഗിക്കേണ്ടതാണ്.

3. വാണിജ്യ-വ്യവസായ കോംപ്ളക്സിന് അനുകൂലമായ സ്ഥലം കണ്ടെത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ഉദാ: പബ്ളിക് മാർക്കറ്റ്, മത്സ്യ-മാംസ വിപണനം (അനുയോജ്യമായ പഞ്ചായത്തു വക സ്ഥലം ഉപയുക്തമാക്കുക).

4. വികസനസാദ്ധ്യതയുള്ള ജംക്ഷനുകളിൽ സ്ഥലം സമ്പാദിച്ച് ആദായകരമായ വ്യവസായം പഞ്ചായത്തിന്റെ ചുമതലയിൽ നടത്തുക.

5. കലാപരിപാടികൾ, പ്രദർശനങ്ങൾ, വ്യാപാരമേളകൾ, ചിൽഡ്രൽസ് ഷോ, കായികമത്സരങ്ങൾ, ഇവ ഏജൻസികൾ മുഖേന നടത്തി നികുതി പിരിക്കുക.

6. അംഗീകാരമില്ലാതെ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ ഇവരുടെ വാർഷീക ടേൺ ഓവറിന്റെ നിശ്ചിതശതമാനം സെസ്സ് ഏർപ്പെടുത്തുക

7. സ്വന്തം മക്കൾ അനന്തരാവകാശികളായി ഇല്ലാത്ത ദമ്പതികളുടെ സ്വത്തിന്റെ 20% പഞ്ചായത്തിന്റെ ക്ഷേമപ്രവർത്തനഫണ്ടിലേക്ക് മുതൽ കൂട്ടുക

8. പുറമ്പോക്ക് പാറമട പഞ്ചായത്തു സ്വന്തമാക്കുകയും തൊഴിലാളി സഹകരണത്തോടെ പാറ വ്യവസായം ആരംഭിക്കുകയും ചെയ്യുക. പ്രൈവറ്റ് പാറമടകൾക്ക് നികുതിയും ഏർപ്പെടുത്തുക. ഇവ പഞ്ചായത്തിന്റെ ചുമതലയിൽ നടത്തേണ്ടതാണ്.

9. വിദേശമലയാളികളുടെ സഹകരണത്തോടെ മൂലധനം സ്വരൂപിച്ചും, പഞ്ചായത്തിൽ ഉള്ള വിഭവങ്ങൾ ഉപയോഗിച്ചും വ്യവസായം ആരംഭിക്കേണ്ടതാണ്.

10. പൊതുജനങ്ങളിൽ നിന്നും സംഭാവനസ്വീകരിച്ചും ക്ഷേമപ്രവർത്തനവും എൻഡോവ്മെൻറുകളും നടപ്പിലാക്കുക.

11. കടകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവയുടെ ബിസിനസ് സ്വഭാവം അനുസരിച്ച് സെസ് ഏർപ്പെടുത്തുക.

12. റേഷൻ കാർഡ് ഒന്നിന് 5 രൂപാ ക്രമത്തിൽ വാർഷീക സെസ് ഏർപ്പെടുത്തുക. ഈ തുക പഞ്ചായത്തിലെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്.

13. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ ഇന്ദിരാ വികാസ്പത്രവഴി വിഭവസമാഹരണം നടത്തുക.

14. വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുകയും അല്ലാത്തവയെ പഞ്ചായത്തിൻെറ ചുമതലയിൽ നശിപ്പിക്കുകയും ചെയ്യുന്നു.

15. കടവുകളിലുള്ള കടകൾ പഞ്ചായത്ത് ലേലം ചെയ്ത് കൊടുക്കുക.

16. ആരാധനാലയങ്ങളുടെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് കൊടുക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഏർപ്പെടുത്തേണ്ടതാണ്.

17. കേബിൾ ടി.വി. ഏജൻസികളിൽ നിന്നും ടാക്സ് ഏർപ്പെടുത്തുക.

കുറിപ്പ്:-

അങ്ങാടി പഞ്ചായത്ത് എല്ലാ വർഷവും പൊതു ടാപ്പുകൾക്കുള്ള നികുതിയിനത്തിൽ 16800/- രൂപയാണ് വാട്ടർ അതോറിട്ടിയിൽ അടയ്ക്കേണ്ടത്. ഈ ഇനത്തിൽ നാം ഇതുവരെ 9,98857 രൂപാ അടച്ചു തീർക്കാനുണ്ട്. പൊതു ടാപ്പ് ഉപയോഗിക്കുന്നവരെ ഉൾപ്പെടുത്തി കമ്മിറ്റികളരൂപീകരിച്ച് വാട്ടർ ചാർജ്ജ് മെയിൻറനൻസ് തുടങ്ങിയ കാര്യങ്ങൾ നടത്തുകയും ചെയ്യുക. ഇതോടൊപ്പം തന്നെ ഗാർഹീക ഉപഭോക്താക്കളിൽ നിന്നും വാട്ടർ അതോറിറ്റി ഈടാക്കുന്ന തുക പഞ്ചായത്ത് നേരിട്ട് ഈടാക്കുക.
പ്രകൃതിവിഭവങ്ങൾ, മനുഷ്യപ്രയത്നം എന്നിവയുടെ ലഭ്യതയ്ക്കനുസൃതമായി പദ്ധതികൾ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയാണ് വസ്തു നിഷ്ഠ സമീപനം സ്വീകരിച്ചാൽ, ജനകീയസൂത്രണം ജനങ്ങൾക്കുപകാരപ്രദമായ ഒരു പ്രക്രിയയാവും, കക്ഷി രാഷ്ട്രീയ വർണ്ണവർഗ്ഗചിന്താഗതികൾക്കതീതമായി, വികസനപ്രവർത്തനങ്ങളിൽ നമുക്കൊത്തു കൂടാം.

## പഞ്ചായത്തിൻെറ ധനസ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ

### പട്ടിക- 1

### വരവ്

| | നികുതിയിനങ്ങൾ | - | 1995 - 96 |
|---|---|---|---|
| 1 | കെട്ടിട നികുതി | - | 3,20,037.00 |
| 2 | തൊഴിൽ നികുതി | - | 96,460.00 |
| 3 | വിനോദനികുതി | - | 29,126.00 |
| 4 | അധിക വിനോദ നികുതി | - | 17,288,64 |
| 5 | പ്രദർശന നികുതി | - | 2,870.00 |
| 6 | പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | - | 719.00 |
| 7 | ചന്ത വരവ് | - | |
| 8 | ലൈസൻസ് ഫീസ് | - | 10,301.00 |
| 9 | വസ്തു കൈമാറ്റ നികുതി | - | 50,451.00 |
| 10 | ഡെപ്പോസിറ്റ് | - | |
| 11 | ഇറച്ചിസ്റ്റാൾ | - | 125 501.0 |
| | ലൈബ്രറി സെസ് | - | 16408.55 |
| | ആകെ | - | 1387497.85 |

## പട്ടിക-2

| | ചെലവ് | | 1995-96 |
|---|---|---|---|
| 1 | ഭരണം | - | 512012.0 |
| 2 | പ്രസിഡൻറ്/മെമ്പറൻമാരുടെ അലവൻസുകൾ | - | 44433.0 |
| 3 | ഓഫീസ് വൈദ്യുതി | - | 1332.0 |
| 4 | ടെലഫോൺ ആൻറ് തപാൽ | - | 4168.0 |
| 5 | പ്രിൻറിംഗ് | - | 3672 |
| 6 | ഇലക്ഷൻ | - | 6572 |
| 7 | ആഫീസ് കണ്ടീജൻസി | - | 15491 |
| 8 | ആഫീസ് കണ്ടീജൻസി | - | 15491 |
| 9 | തെരുവ് വിളക്കുകൾ | - | 45048 |
| 10 | പൊതുമരാമത്ത് | - | 144758 |
| 11 | വിദ്യാഭ്യാസം | - | 2303 |
| 12 | പൊതുജനാരോഗ്യം | - | 10486.50 |
| 13. | സാമൂഹ്യക്ഷേമം | - | 10693 |
| 14 | Duies | - | |
| 15 | ഡെപ്പോസിറ്റ് ആൻറ് റീഫണ്ട് | - | 18910.0 |
| 16 | അനുറ്റൈഡ് | - | 297652.50 |
| 17 | ലക്ഷംവീടു കോളനികളുടെ അറ്റകുറ്റപണികൾ | - | 49266.0 |
| 18 | N.L.O ലിറ്ററേറ്റ് | - | 2012.00 |
| 19 | മറ്റുള്ളവ | - | 18647.0 |
| | ആകെ | - | 1187401 |

## പട്ടിക - 3

1995 -96 വർഷം ലഭിച്ച വിവിധയിനം ഗ്രാൻറുകളുടെ വിവരം

| VRM | MI | VTC | Basic Tax | 75%Tax | Untied Tax | JRY |
|---|---|---|---|---|---|---|
| 17433/- | 870/- | 193334/- | 28200/- | 51655/- | 229800/- | 119855/- |

പട്ടിക - 4

## 1995 - 96 വർഷത്തിലെ പൊതുമരാമത്ത് പണികളുടെ വിവരങ്ങൾ

| 1. പണിയുടെ സ്വഭാവം | ഗ്രാൻറ് തുക | പഞ്ചായത്ത് ഫണ്ട് | ആകെ |
| --- | --- | --- | --- |
| 2. റോഡ് | 17,433.00 | 78,651.00 | 96,084.00 |
| 3. കെട്ടിടം വീട് | 52,624 untied fund | - | 52,624.00 |
| 4. വണ്ടി പേട്ട നിർമ്മാണം | 67,500 | - | 67,500.00 |

## പഞ്ചായത്തു രാജ് നിയമപ്രകാരം മറ്റ് വകുപ്പിൽ നിന്ന് ലഭിച്ച ധനസഹായം

പട്ടിക-5

| നമ്പർ | ഡിപ്പാർട്ടുമെൻറ് | വരവ് | ചെലവ് | നീക്കിബാക്കി |
| --- | --- | --- | --- | --- |
| 1 | കൃഷിവകുപ്പ് | 2,62,440.00 | 89,453.00 | 1,72,957.00 |
| 2 | പട്ടികജാതി വികസന വകുപ്പ് | 1,28100.00 | 1,281.00 | - |
| 3 | ആയുർവ്വേദ ഹോസ്പിറ്റൽ | 9,988.00 | 6,649.00 | 3,339.00 |
| 4 | ക്ഷീരവികസന വകുപ്പ് | 7450.00 | 1850.00 | 5600.00 |
| 5 | റവന്യൂ വകുപ്പ് | 29899.00 | 2880.00 | 1015.00 |
| 6 | പൊതുമരാമത്തു വകുപ്പ് | 1,61,940 | - | 1,61,940 |
| 7 | മൃഗസംരക്ഷണ വകുപ്പ് | 1,750.00 | 1250.00 | 500.00 |

# ജനകീയ ആസൂത്രണം വിവിധ തലത്തിലൂടെ

1996 സെപ്റ്റംബർ 9

ജനകീയ ആസൂത്രണ പരിപാടികളെക്കുറിച്ചുള്ള ശ്രീ. ഐ. എസ്. ഗുലാത്തിയുടെ കത്ത് - പഞ്ചായത്ത് കമ്മറ്റി ചർച്ചയ്ക്കെടുത്തു പരിപാടി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിന് തീരുമാനിച്ചു.

1996 സെപ്റ്റംബർ 30, ഒക്ടോബർ 1,2

ഒന്നാംഘട്ടം ജില്ലാതല പരിശീലനം പി.ജെ.റ്റി. ഹാൾ അങ്ങാടി.

1996 ഒക്ടോബർ 8,9,10

സംഘാടക സമിതി 8,9,10 തീയതികളിൽ നടക്കുകയുണ്ടായി.

1996 ഒക്ടോബർ 11, 12, 13

തീയതികളിൽ വിശേഷാൽ ഗ്രാമസഭകൾ 9 വാർഡുകളിലും നടത്തി,

96 ഒക്ടോബർ 18

വിദഗ്ദ്ധ സമിതി രൂപീകരിച്ചു.

96 നവംബർ 2

ജനാധികാര കലാജാഥയ്ക്ക് വരവേൽപ്പ് പഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ

96 നവംബർ 8

രണ്ടാംഘട്ടം പരിശീലന പരിപാടി ദ്വിതീയ വിവരശേഖരണങ്ങൾ ആരംഭിച്ചു.

96 നവംബർ 9,10

രണ്ടാംഘട്ട ജില്ലാതല പരിശീലനം പി.ജെ.റ്റി ഹോൾ അങ്ങാടി.

96 നവംബർ 12.

ഉദ്യോഗസ്ഥൻമാരുടെ യോഗം.

96 നവംബർ 18

രണ്ടാംഘട്ട വികസന സമിതി പി.ജെ.റ്റി. ഹോൾ അങ്ങാടി.

96 ഡിസംബർ 16

വിദഗ്ദ്ധ സമിതി യോഗം.

1997 - ഫെബ്രുവരി 15

പഞ്ചായത്ത് വികസന സെമിനാർ

# വികസന രേഖ തയ്യാറാക്കാൻ സഹായിച്ചവർ

1. എം.എം. ഭാസ്കരൻ
2. എ.വി. ഗോപാലൻ
3. പി.കെ. വാസു
4. ബിനു ഉണ്ണിക്കുട്ടൻ
5. വി.ജി. തങ്കപ്പൻനായർ
6. രാജു ഫിലിപ്പ്
7. ഇ.എം. ഈശോ
8. പി. ചന്ദ്രമോഹൻ
9. സുമതിയമ്മ പി.എൻ.
10. ജസി ജോൺ
11. പി.വി. കുമാരൻ
12. പി. ആർ. സോമശേഖരൻനായർ
13. റ്റി,റ്റി, സൈമൺ
12. കെ.കെ. ലക്ഷ്മണൻ
13. രാജു കെ. എ
14. റവ: കെ. എസ്. ഏബ്രഹാം
15. എ. പി. ജോർജ്ജ്
16. മാത്യു വാര്യത്ത്
17. സുഗതൻ പുള്ളോലിൽ
18. മിസ്സസ്. സെലിൻ ജോർജ്ജ്
19. വറുഗീസ്സ് മാത്യൂ
20. റ്റി. എൻ. തമ്പി
21. എം.സി. ഉണ്ണിട്ടൻ
22. സി.എൻ. ഭാസ്കരൻ
23. സുരേന്ദ്രനാഥപണിക്കർ
24. പരമേശ്വരൻ കെ. എൻ
25. ഏബ്രഹാം സി. മാത്യൂ
26. പി. എ. ജോസഫ്
27. പി. എ. രാജൻ
28. സി. എൻ. പുരുഷോത്തമൻ
29. കെ. എൻ. സോമശേഖരൻനായർ
30. സാവിത്രി നായർ
31. ജോൺ ശമുവേൽ
32. ബാജി രാധാകൃഷ്ണൻ
33. മനോജ് ജോസഫ്
34. എം. പി. കേര
35. ഈപ്പൻ മാത്യൂ
36. വി. എസ്. മാത്യൂ
37. പി.ജെ. ജേക്കബ്
38. രാജു. വി. തോമസ്
39. എൻ. കെ. ചാക്കോ
40. സോമൻ റ്റി. എസ്.
41. സോണി മാത്യൂ

രാഘവൻനായർ
വി. എൻ. ശശീന്ദ്രൻ
പി.പി. മാത്യൂ
കെ.വി. ഗോപാലകൃഷ്ണൻ
പ്രസന്നകുമാർ
എം.സി. ചാക്കോച്ചൻ
സി.എം. തോമസ്
പി. ആർ. അനിൽകുമാർ
രാധാമണിയമ്മ
പി.കെ. ഭാർഗ്ഗവൻ
ഇ.സി. ശമുവേൽ
ജനാർദ്ദനൻ നായർ
കെ. എസ്. തോമസ്
കെ.ജെ. ജോർജ്ജ്
പി.വി ആന്റണി
എം. ജി. പ്രഭാകരൻ
പി.ജെ. മത്തായി
വൽസക്കുട്ടി
മത്തായി ശമുവേൽ
റബേക്കാ ലൂക്കോസ്
വിവിൻ മാത്യൂ
റ്റി.കെ. അച്ചുതൻ
ചാക്കോ അന്ത്രയോസ്
രാജശേഖരൻ നായർ
പി. എൻ. ശിവരാമൻ
എസ്. ചെല്ലമ്മ
സോമശേഖരൻനായർ
എം. ആർ. വിജയകുമാർ
ആനന്ദൻ
അജയൻ കെ. എസ്സ്
ജഗദമ്മ രാജൻ
സതീശൻ പിള്ള
ഷാജൻ തോമസ്
ഇ. പി. ഏബ്രഹാം
ജോജി മാത്യൂ
ജോർജ്ജ് കോരുത്
ഏബ്രഹാം വർഗ്ഗീസ്
രാജൻ പി. ഏ
പി.എ. ജോൺ
കെ.പി. രാമൻ
ബിജി വർഗ്ഗീസ്
ജെറിൻ ജോസഫ്
ജോർജ്ജ് ഫിലിപ്പ്

42. മേരിക്കുട്ടി ഏബ്രഹാം
43. കെ.കെ. ജോസഫ്
44. രാജു. ടി. ജോൺ
45. സി.ഐ. കുറിയാക്കോസ്
46. വി. കെ. ഉണ്ണിട്ടൻ
47. സി,.കെ. കുറിയാക്കോസ്
48. ജോൺ ബേബി
49. ഹാജി സാഹിബ് പി.കെ
50. ബൈജു മാത്യൂ
51. ജോർജ്ജ് മാത്യൂ
52. ഓമനമണി
53. കുഞ്ഞുമോൻ കെ. സ്റ്റീഫൻ
54. കെ. എ . വർഗ്ഗീസ്
59. കെ.എം ഏബ്രഹാം
55. തങ്കപ്പൻ കെ. എ.
57. വി.കെ. ഗോപിനാഥപണിക്കർ
58. എ.എസ്. മാത്യൂ
59. ഒ. റ്റി. ശമുവേൽ
60. തോമസ് വറുഗീസ്
61. ടി.കെ. ഉമ്മൻ
62. എ.ജെ. ജോൺ
63. മാമ്മൻ മത്തായി
64. അരുൺ കുമാർ ഡി
65. ജഗദമ്മ
66. പി.ടി. തോമസ്
67. കെ.ടി. ശശി
68. എ.എസ്. വറുഗീസ്
69. വി. എ. ഏബ്രഹാം
70. ജയിംസ് ഏബ്രഹാം
71. കെ. എ. ഇടിക്കുള
72. ഏബ്രഹാം ഫിലിപ്പ്
73. ഏബ്രഹാം മാത്യൂ
74. വി. എം മാത്യൂ
75. രാജു മത്തായി
76. സജി ജോർജ്ജ്
77. മറിയാമ്മ ടൈറ്റസ്
78. പ്രിൻസ് മാത്യൂ
79. രാജൻ മാത്യൂ
80. കെ. എ. ജോൺ
81. പി.എം. മുഹമ്മദ്
82. ജോർജ്ജ് വർഗ്ഗീസ്
83. റ്റി. എ. ജോർജ്ജ്
84. വി.എം. തോമസ്

ഒ.ടി. കേശവൻ
സി.വി. വർഗ്ഗീസ്
എം.ടി. തോമസ്
എം. എ. തോമസ
ജോസ് ഫിലിപ്പ്
കെ. എം. തോമസ്
എം. ഐ. ഇടിക്കുള
പി.എ. ഫിലിപ്പ്
അബ്ദുൾ സമദ്
മേരി എ. എ
സ്വർണ്ണമ്മ ഇടപ്പറമ്പിൽ
സാം.വി. ജോസഫ്

ജോയി
സി.കെ. ഫിലിപ്പ്
ദിവാകരൻ നായർ
സി.വി. രാജു
വി.വി. സൈമൺ
കെ. ഇ. മാത്യൂ
സി.സി. ഏബ്രഹാം
മത്തായി മത്തായി
റിയാസ് പി. ഐ
ഷേർളി ഗോപി
കെ. എ. തോമസ്സ്
മണിയമ്മ കെ.
കുര്യൻ മാത്യൂ
റ്റി.ജെ. അലക്സാണ്ടർ
കെ. ജോർജ്ജ് മാത്യൂ
ടി.ജെ. ഈശോ
സി.സി. വറുഗീസ്
ജോൺ തോമസ്
കെ. എം സാമുവേൽ
വി. എസ്സ് ജോർജ്ജ്
തോമസ് മാത്യൂ
കുഞ്ഞമ്മ ശമുവേൽ
ചെറിയാൻ മത്തായി
ഷാലി. എം. തങ്കപ്പൻ
മാത്യൂസ് ഏബ്രഹാം
ഏ.ടി. തോമസ്
സി എം. അബ്ദുൾ കരിം.
വി.കെ. മാത്യൂ
എം.എം. മുഹമ്മദ്ഖാൻ
എ. റ്റി. വറുഗീസ്

| | |
|---|---|
| 85. എം.എം. സുലൈമാൻ | അനിയൻ |
| 86. വിനോദ്കുമാർ | |
| 87. ടി. എസ്സ്. ചാക്കോ | എം.ജി. രവീന്ദ്രൻ |
| 88. കെ.റ്റി. മത്തായി | വി.ജെ. മാത്യൂ |
| 89. എം.എം. ഉസ്മാൻഖാൻ | റ്റി. എം. ഐഷാ |
| 90 ആനി വറുഗ്ഗീസ് | സി.വി. മുഹമ്മദ്കുഞ്ഞ് |
| 91. എം.ജി. ജോണിക്കുട്ടി | പി.സി. രാജൻ |
| 92. എം.ജെ. മാത്യൂ | എ. എം. ജോസഫ് |
| 93. എം.പി. ജോർജ്ജ് | കെ.എം. ഫിലിപ്പ് |
| 94. ജോർജ്ജ് ജോസഫ് | റ്റി. ആർ. സുരേഷ് |
| 95. ഫിലിപ്പോസ് ചാക്കോ | സി.ജെ. ശാമുവേൽ |
| 96. റ്റി.കെ. ചാക്കോ | എം.വി.. വർഗ്ഗീസ് |
| 97. റ്റി.പി. ജോർജ്ജ് | റ്റി.റ്റി.. രാജൻ |
| 98. വി.ജെ. പ്രഭാകരൻ | പുരുഷോത്തമദാസ് |
| 99. പി..എം. ജോർ ജ്ജ് | പി. എസ്. സതീഷ്കുമാർ |
| 100. പി.കെ. വിശ്വംഭരൻ തടത്തിൽ | തങ്കമ്മ ചരുവിൽ |
| 101. ബിനോയി | പി.കെ. ശാമുവേൽ |
| 102. ഗ്രേസികുട്ടി ജോർജ്ജ് | കെ. നാണു |
| 103. വി.സി.. മാത്യൂ | റ്റി.റ്റി. ചെറിയാൻ |
| 104. എം. രവീന്ദ്രൻ | എ.സി. ഫിലിപ്പ് |

# ഉപസംഹാരം

മലയോര ഗ്രാമങ്ങളുടെ നെറുകയിലെ തിലകമാകുന്ന റാന്നി- അങ്ങാടി പഞ്ചായത്ത് ഗ്രാമീണ കൗമാരത്തിൽ നിന്ന് നാഗരീക താരുണ്യത്തിലേക്ക് പാദമൂന്നാൻ വെമ്പിനിൽക്കുകയാണ്. പരവതാനി നെയ്യും പോലെ പലമാനങ്ങൾ നിലനിർത്തി നാടോടി സംസ്കൃതിയുടെ സങ്കീർത്തനം രചിക്കുവാൻ നമുക്കു കഴിയണം. ആത്മാർത്ഥതയുള്ള സാമൂഹ്യ-സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകർ കുറഞ്ഞുവരുന്ന ഇക്കാലഘട്ടത്തിൽ " അധികാരം ജനങ്ങളിലേക്ക് "എന്ന ആശയം ഈ നാട്ടിൽ ഒരു വലിയ ദീപം കൊളുത്തുകയാണ്. സമൂഹത്തിൽ അഴിമതിക്കും കുറ്റവാസനകൾക്കും ആക്കം കൂട്ടുന്ന ജാതി വർഗ്ഗ വിഭാഗീയതകളെ എന്തുവിലകൊടുത്തും നീക്കം ചെയ്യുവാനും മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത ഇന്ത്യ പടുത്തുയർത്തുവാനും നമുക്കു കഴിയണം.

സ്വപ്നങ്ങൾ തകർന്ന ആധുനികലോകം പരസ്പരമുള്ള കഴുത്തറപ്പിന്റേയും കൊള്ളയടിയുടേയും വേദിയായി മാറി. കണ്ണീരില്ലാത്ത മനുഷ്യരാണ് ഇന്നു ഭൂമിയിലുള്ളത്. ഭ്രാന്തമായ പ്രതിഷേധമാണ് ഇന്ന് ലോകത്തെ ഭരിക്കുന്നത്. കണ്ണീരിലൂടെയും പരസ്പര സ്നേഹത്തിലൂടെയും അദ്വൈതത്തെ പ്രാവർത്തികമാക്കേണ്ട സമയമാണിത്. ജാതിയുടേയും, മതത്തിന്റേയും, വർണ്ണത്തിന്റേയും അതിർ വരമ്പുകളില്ലാത്ത ഒരു ലോകത്തിന്റെസൃഷ്ടിയാണ് നമ്മുടെ സ്വപ്നം. സമൂഹത്തെയൊട്ടാകെ ഇത്തരം തിൻമകൾ കാർന്നുതിന്നുകയാണ്. എന്നാൽ ദിനം പ്രതി രാജ്യത്തെ ഗുരുതരമായൊരു സ്ഥിതിവിശേഷത്തിലേക്ക് നയിക്കുന്ന ഈ കറുത്ത ശക്തികളിൽ നിന്നും രക്ഷനേടുന്നതിൽ നാം പരാജയപ്പെടുന്നതായാണു കാണുന്നത്. ഗാന്ധിജിയുടെ വാക്കുകൾ നമുക്ക് വെളിച്ചമേകേണ്ട സമയമായെന്നു തോന്നുന്നു - ' ആദർശം നഷ്ടപ്പെട്ട രാഷ്ട്രീയം ' ; ജോലിയെടുക്കാതെയുള്ള സമ്പാദ്യം; മനസാക്ഷി പണയം വച്ചുള്ള സഖ്യം; വിശുദ്ധി നഷ്ടപ്പെടുന്ന വിദ്യാഭ്യാസം; മാനവീകതയ്ക്കു പ്രധാന്യം നൽകാത്ത ശാസ്ത്രം; ത്യാഗമില്ലാത്ത ഭക്തി; തത്വദീക്ഷയില്ലാത്ത വാണിജ്യം- ' തുടങ്ങിയ സാമൂഹ്യതിൻമകളെപ്പറ്റി ഗാന്ധിജി മുന്നറിയിപ്പു നൽകിയിരുന്നു.

ഇൻഡ്യ ഒരു ധാർമിക, നൈതിക നവോത്ഥാനത്തിനു കാതോർക്കുകയാണ്. ജനങ്ങളെ ഒന്നിപ്പിക്കുന്ന യഥാർത്ഥ ദേശിയോദ്ഗ്രഥനംസാധ്യമാകുന്നഒരു നവമൂല്യസംഹിതി തന്നെ ഉടലെടുക്കേണ്ടിയിരിക്കുന്നു. നാളെയിലേക്ക് ഉറ്റു നോക്കുമ്പോൾ രണ്ടു കാര്യങ്ങൾ നാം മനസ്സിൽ വയ്ക്കണം. ഭാവിയെപ്പറ്റിയുള്ള നമ്മുടെ സമീപനം തന്നെ മൂല്യാധിഷ്ഠിതവും ജനാധിപത്യപരവുമാകണം. അതിനു ഭരണകൂടവും നീതിന്യായ വ്യവസ്ഥിതിയും മാധ്യമങ്ങളും ജനങ്ങളും ഒറ്റക്കെട്ടായി വർത്തിക്കണം.അതിനുവേണ്ടി പ്രവർത്തിക്കും മുൻമ്പ് നാം ഓരോരുത്തരുംസ്വയം ധാർമികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ശ്രദ്ധിക്കണം. കക്ഷിരാഷ്ട്രീയത്തിന് അതീതമായി എല്ലാ വാർഡുകളേയും ഒരുപോലെ കാണുവാനും ദീർഘവും സൂക്ഷ്മവുമായ ചർച്ചകൾക്കു ശേഷമേ തീരുമാനങ്ങൾ എടുക്കുവാനും പാടുള്ളൂ. ' വാർഡുതല കമ്മിറ്റികളാണ് പഞ്ചായത്തീരാജ് ഭരണസമ്പ്രദായത്തിന്റെ ആണിക്കല്ല് '. ജനക്ഷേമകരവും ജനാധിപത്യപ്രസ്ഥാനങ്ങൾക്ക് സ്വീകാര്യക്ഷമമായും നടത്തുന്നതിലാണ് പഞ്ചായത്തീരാജിന്റെ വിജയം. പഞ്ചായത്തീരാജ് നിലവിൽ എന്നാൽ പരമ്പരാഗത രീതിയുലുള്ള ' ബ്രിട്ടീഷ് കരാർ സമ്പ്രദായത്തിന് ' അറുതി വരുകയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിൽ വരുത്താൻ കുറ്റമറ്റ സംവിധാനം ഉണ്ടാവുകയും വേണം.

ഇൻഡ്യ ഇനിയുമിനിയും വളരട്ടെ എന്നതാണ്നമ്മുടെ പ്രാർത്ഥന. ഇൻഡ്യയുടെ സാമൂഹിക- സാംസ്ക്കാരിക അഭിവൃദ്ധി അതാവട്ടെ- ൯-ാം പഞ്ചവത്സരപദ്ധതിയുടെ ജീവാത്മാവും പരമാത്മാവുമായയ''അധികാരം ജനങ്ങളിലേക്ക്'' എന്ന നൂതന ആശയവും! സ്വപ്നവും !! മുദ്രാവാക്യവും !!!

' ജയ് ഹിന്ദ് '

എഡിറ്റർ